# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2018 മേയ് വോള്യം: 6. ലക്കം: 10

6 വികസനം വരും ദൃഢനിശ്ചയമുണ്ടെങ്കിൽ
പിണറായി വിജയൻ, മുഖ്യമന്ത്രി





10 സിഐടിയു സംസ്ഥാന ജനറൽ കൗൺസിൽ




18 മതഭ്രാന്തന്മാരുടെയും കാമഭ്രാന്തന്മാരുടെയും ദുശാസന വാഴ്ച
കെ.ടി.കുഞ്ഞിക്കണ്ണൻ

സംഘടനാരേഖ 20

സെപ്റ്റംബർ 5 തൊഴിലാളി കർഷക മാർച്ച് 28
എ.കെ. പത്മനാഭൻ

കൊറിയൻ സമാധാന കരാറും അമേരിക്കയും 32
ജോസ് ടി. എബ്രഹാം

കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് 42
ടി.പി.രാമകൃഷ്ണൻ

ലോകരാഷ്ട്രങ്ങൾ പുതിയ സംഘർഷങ്ങളിലേക്ക് 44
എൻ. പത്മലോചനൻ

കൊച്ചിൻ ഷിപ്പ്യാർഡ് യൂണിയൻ 48
എ.ജി. ഉദയകുമാർ

മേയ്ദിന കായികമേള 54
കെ.എൻ.ഗോപിനാഥ്

സിവിൽസർവീസ് ജനകീയമാക്കാൻ 56

**എഡിറ്റോറിയൽ ബോർഡ്**

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

കെ.ഒ. ഹബീബ്
പി. നന്ദകുമാർ
കെ ചന്ദ്രൻപിള്ള

അച്ചടി
പി.കൃഷ്ണപിള്ള മെമ്മോറിയൽ പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി, തിരുവനന്തപുരം

എഡിറ്റോറിയൽ

# കാൾമാർക്സിന്റെ 200-ാം ജന്മവാർഷികം

കാൾ മാർക്സിന്റെ 200-ാം ജന്മ വാർഷികമാണ് 2018. ലോകമെമ്പാടും, മാർക്സിന്റെ 200-ാം ജന്മ വാർഷികം വിവിധ പരിപാടികളോടെ ആചരിക്കുന്നുണ്ട്. മാർക്സിസം ഇന്ന് ലോകത്ത് സജീവ ചർച്ചാ വിഷയമാണ്. അമേരിക്കയിലെ ഒരു പ്രസിദ്ധീകരണമായ 'ന്യൂ യോർക്കർ', ഏതാനും വർഷങ്ങൾക്കു മുമ്പ് "ദ നെക്സ്റ്റ് തിങ്കർ" എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിച്ച ലേഖനത്തിൽ ഇങ്ങനെ പറഞ്ഞു'- "21-ാം നൂറ്റാണ്ടിൽ ഏറ്റവും ചർച്ച ചെയ്യപ്പെടുകയും, പഠിക്കപ്പെടുകയും ചെയ്യുക കാൾ മാർക്സായിരിക്കും". വായനക്കാരെ അമ്പരപ്പിച്ച പ്രസ്താവനയായിരുന്നു അത്. ന്യൂയോർക്കർ മാസികയുടെ ധനകാര്യ ലേഖകൻ പറഞ്ഞത് ഇപ്രകാരമാണ്- "മാർക്സിനെ രാഷ്ട്രീയ പ്രവാചകനായി കണ്ടതാണ് തെറ്റ്. മാർക്സ് ഗംഭീരമായി ക്യാപിറ്റലിസം പഠിച്ച വിദ്യാർത്ഥിയാണ്. മുതലാളിത്തം നിലനിൽക്കുന്ന കാലത്തോളം മാർക്സിന് പ്രസക്തിയുണ്ട്". ലോകം സാമ്പത്തിക കുഴപ്പങ്ങളിൽ നിന്ന് കരകയറാനാവാതെ നട്ടം തിരിയുമ്പോൾ, മുതലാളിത്തത്തിന്റെ ദൗർബല്യങ്ങളെ പ്രവചിച്ച കാൾ മാർക്സിന്റെ ചിന്താലോകം വീണ്ടും ചർച്ചാ വിഷയമാവുകയാണ്.

20-ാം നൂറ്റാണ്ട് അവസാനിക്കുന്ന വർഷം സഹസ്രാബ്ദത്തിലെ ചിന്തകരിൽ ഒന്നാമനെ കണ്ടെത്താൻ ബിബിസി ലോക വ്യാപകമായ ഓൺലൈൻ സർവേ നടത്തിയിരുന്നു. ഫലം പലരെയും അമ്പരപ്പിച്ചു. എല്ലാ കണക്ക് കൂട്ടലുകളും തെറ്റിച്ച് കൊണ്ട് ഒന്നാം സ്ഥാനത്തെത്തിയത് മാർക്സ്. ഐൻസ്റ്റീൻ രണ്ടാമതും, ന്യൂട്ടനും ഡാർവിനും മൂന്നും നാലും സ്ഥാനങ്ങളും പങ്കിട്ടു.

ആ സമയത്ത് മാർക്സ് ശത്രുതയോടെ കണ്ട പഠന വിഷയം- മുതലാളിത്തം- സമൃദ്ധിയുടെ പാരമ്യത്തിലായിരുന്നു. വികസിത ലോകത്തെ വ്യവസായ ഉൽപന്നങ്ങൾ പിന്നോക്ക രാജ്യക്കാരനും കൈയെത്തും ദൂരത്തായി. ഉദാരമായ വായ്പകളും എളുപ്പം കിട്ടുന്ന ക്രഡിറ്റ് കാർഡുകളും ഉപഭോക്താക്കളെ തേടിവന്നു. സമ്പദ് വ്യവസ്ഥയുടെ മുഴുവൻ സൂചികയായ ഓഹരി വിപണികൾ നാളെയെന്നൊന്നില്ല എന്ന മട്ടിൽ അർമാദിക്കുകയായിരുന്നു. ആ കാലത്ത് നിസ്വനായി ജീവിച്ച് മരിച്ച പഴയ ജർമൻ ജൂതന്റെ "വരട്ടുതത്വവാദം" വായിക്കാൻ ആർക്കുണ്ട് നേരം!

ബലൂൺ പോലെ വീർത്ത മുതലാളിത്ത സമ്പദ് ഘടന 2007 ഒടുവിൽ കുമിള പോലെ പൊട്ടി. മോഹവിലയിട്ട കെട്ടിടങ്ങളും, വീടുകളും വാങ്ങുന്നവർക്ക് ബാങ്കുകൾ വാശിപിടിച്ച് സബ് പ്രൈം (തിരിച്ചടവ് ശേഷിനോക്കാതെ നൽകുന്ന വായ്പ) ലോണുകൾ നൽകുകയായിരുന്നു. വായ്പ വാങ്ങിയവർ അടവ് തെറ്റിക്കാൻ തുടങ്ങി. ആ കെട്ടിടങ്ങൾ കണ്ട്കെട്ടി വിൽക്കാൻ വെച്ചത് പാതി വിലക്ക് വാങ്ങാൻ പോലും ആളില്ലാത്ത സ്ഥിതിയുണ്ടായി.

വായ്പകൾ ഇൻഷ്വർ ചെയ്ത ഇൻഷുറൻസ് കമ്പനികൾ കൈമലർത്തി. ബാങ്കുകൾ പാപ്പരായി. ഇൻഷുറൻസ് കമ്പനികളും തകർന്നു. ഊഹക്കച്ചവടത്തിൽ കൊഴുത്ത അമേരിക്കൻ ധനകാര്യ വിപണി തകർന്നപ്പോൾ അതിന്റെ ആന്ദോളനങ്ങൾ ലോകത്തിന്റെ മുക്കിലും മൂലയിലും എത്തി.

വിപണിയിൽ വീടുകൾക്ക് മാത്രമല്ല ചെലവില്ലാതായത്. കാറുകൾക്കും, കമ്പ്യൂട്ടറുകൾക്കും കൺസ്യൂമർ ഉൽപന്നങ്ങൾക്കും ഇത് തന്നെയായി അവസ്ഥ. 1930 കളിലെ മഹാമാന്ദ്യം പോലെ, ഭീകരമായ സാമ്പത്തിക പ്രതിസന്ധിയാണിതെന്ന് പലരും പറയാൻ തുടങ്ങി. സാമ്പത്തിക ശാസ്ത്രത്തിന് നോബൽ സമ്മാനം നേടിയ അരഡസൻ 'ഇക്കണോമിസ്റ്റുകൾ' ജീവനോടെയിരിക്കുന്ന അമേരിക്കയിൽ ഒരു ധനതത്വ ശാസ്ത്രജ്ഞന് പോലും വരാൻ പോകുന്നത് മുൻകൂട്ടി കാണാൻ കഴിഞ്ഞില്ലെന്നത് മുതലാളിത്ത സാമ്പത്തിക വിദഗ്ദ്ധന്മാരുടെ വില കളഞ്ഞു.

ലാഭകരമായി ബിസിനസ് നടത്താൻ സ്വകാര്യ മേഖലക്കേ കഴിയൂ. (ബിസിനസ് നടത്തുകയല്ല ഗവൺമെന്റിന്റെ ബിസിനസ്) വിപണിക്ക് വേണ്ടതെല്ലാം വിപണി തന്നെ ചെയ്തുകൊള്ളും എന്നൊക്കെ വാദിച്ചിരുന്നവർ പോലും മാർക്കറ്റിൽ സർക്കാർ ഇടപെടണമെന്ന വാദവുമായി രംഗത്ത് വന്നു. നികുതിദായകരുടെ പണമെടുത്ത്, കമ്പനികളുടെ നഷ്ടം ദേശസാൽക്കരിക്കുക (ലാഭമുണ്ടെങ്കിൽ അത് സ്വകാര്യമേഖലയുടെ മേന്മ; ഭയന്നാണ് അതിന്റെ നികുതി പോലും സർക്കാരുകൾ ഊടാക്കുന്നത്") എന്ന തത്വമനുസരിച്ച് ശതകോടിക്കണക്കിന് ഡോളർ ബാങ്കുകൾക്കും കമ്പനികൾക്കുമായി അമേരിക്കൻ സർക്കാരിന് ചെലവഴിക്കേണ്ടി വന്നു.

ലാൻകാസ്റ്റർ യൂണിവേഴ്സിറ്റി പ്രൊഫസറും ബ്രിട്ടീഷ് ചിന്തകനുമായ 'ടെറി ഈഗിൾട്ടന്റെ "വൈ മാർക്സ് വാസ്റൈറ്റ്" എന്ന പുസ്തകം അടുത്തകാലത്ത് ലോക ശ്രദ്ധപിടിച്ചുപറ്റി. മാർക്സിന്റെ വ്യക്തി ജീവിതത്തിന്റെ കഥ പറയുന്ന "ലവ് ആന്റ് ക്യാപിറ്റലും" (മേരി ഗബ്രിയേൽ) ജനശ്രദ്ധ പിടിച്ച് പറ്റിയെന്ന് മാത്രമല്ല, ആ പുസ്തകം അമേരിക്കയിലെ അഭിജാതമായ നാഷണൽ ബുക്ക് അവാർഡിന് ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെടുകയും ചെയ്തു.

മാർക്സ് വീണ്ടും ലോകശ്രദ്ധയാകർഷിക്കാൻ തുടങ്ങി. 'ന്യൂയോർക്കറും' "അറ്റ്ലാന്റിക്കും" പോലെ വിദ്യാസമ്പന്നർ വായിക്കുന്ന പ്രസിദ്ധീകരണങ്ങളിൽ മാത്രമല്ല, "ന്യൂയോർക്ക് ടൈംസ്" പോലുള്ള ജനപ്രിയ ദിനപത്രങ്ങളിലും ഒന്നാം പേജിൽ തന്നെ മാർക്സ് സ്ഥലം പിടിക്കുന്നു. ചിലർ മാർക്സിനെ പുകഴ്ത്തുകയായിരിക്കും, ചിലർ വിമർശിക്കുകയായിരിക്കും. പക്ഷേ അമേരിക്കക്കാർക്ക് പോലും മാർക്സിനെ അവഗണിക്കാൻ പറ്റാത്ത അവസ്ഥ സംജാതമായിരിക്കുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യത്തിലാണ് മുപ്പതും ഇരുപത്തെട്ടും വയസ് പ്രായമുള്ള രണ്ട് ചെറുപ്പക്കാരുടെ പ്രഖ്യാപനം ലോകം ശ്രവിച്ചത്. മാർക്സും എംഗൽസുമായിരുന്നു അത്. ഫ്യൂഡലിസത്തെ തകർത്ത് മുതലാളിത്തം വളർന്ന് വരാൻ തുടങ്ങുന്ന കാലം- "മുതലാളി വർഗത്തിന്റെ നാശവും, തൊഴിലാളി വർഗത്തിന്റെ വിജയവും അനിവാര്യമാണ്" എന്ന് കമ്യൂണിസ്റ്റ് മാനിഫെസ്റ്റോയിലൂടെ മാർക്സും എംഗൽസും പ്രഖ്യാപിച്ചു. മുതലാളിത്ത രീതിയിലുള്ള ഉൽപാദന വ്യവസ്ഥയുടെ നിയമങ്ങളെ ആഴത്തിൽ പഠിച്ച ശേഷമാണ് അവർ ഇങ്ങനെ പറഞ്ഞത്. മുതലാളിത്ത സാമൂഹ്യ വ്യവസ്ഥക്കുള്ളിൽ ഒതുങ്ങി നിൽക്കാൻ കഴിയാത്ത വിധം ഉൽപാദന ശക്തികൾ വളർന്നിരിക്കുന്നുവെന്നും, ഉൽപാദന ശക്തികളും ഉൽപാദന ബന്ധങ്ങളും തമ്മിലുള്ള വൈരുദ്ധ്യം നിസംശയമായും മുതലാളിത്തത്തെ നാശത്തിലേക്ക് നയിക്കുമെന്നും മനസിലാക്കിക്കൊണ്ടാണ് സോഷ്യലിസത്തിന്റെ

വിജയം അനിവാര്യമാണെന്ന് അവർ പ്രഖ്യാപിച്ചത്. മുതലാളിത്ത വ്യവസ്ഥയെ അപഗ്രഥനം ചെയ്ത് കൊണ്ട് അവർ പറഞ്ഞു:- "ഉൽപാദന ഉപകരണങ്ങളുടെ കേന്ദ്രീകരണവും, അധ്വാനത്തിന്റെ സാമൂഹ്യ സ്വഭാവവും ഒടുവിൽ മുതലാളിത്തപരമായ പുറം തോടിനുള്ളിൽ ഒതുങ്ങി നിൽക്കാൻ കഴിയാത്ത ഒരു ഘട്ടത്തിലെത്തിച്ചേരുന്നു. ഈ പുറം തോട് പൊട്ടിത്തെറിപ്പിക്കപ്പെടുന്നു. മുതലാളിത്തപരമായ സ്വകാര്യ സ്വത്തുടമയുടെ മരണമണിയടിക്കുന്നു. തട്ടിപ്പറിക്കാർ തട്ടിപ്പറിക്കപ്പെടുന്നു."

മുതലാളിത്തത്തിന് ചരിത്രം മരണ ശിക്ഷ വിധിച്ചു കഴിഞ്ഞുവെന്ന് പ്രഖ്യാപിക്കുക മാത്രമല്ല, അവർ ചെയ്തത് ആ മരണ ശിക്ഷ നടപ്പിൽ വരുത്തുവാൻ കെല്പുള്ള ശക്തികൾ ഉദയം ചെയ്തിരിക്കുന്നുവെന്ന് ചൂണ്ടിക്കാണിക്കുക കൂടി ചെയ്തു.

"മുതലാളിത്ത വർഗം നാടുവാഴി വ്യവസ്ഥിതിയെ കടപുഴക്കിയെറിയാൻ ഉപയോഗിച്ച അതേ ആയുധങ്ങൾ ഇപ്പോൾ അവരുടെ നേർക്ക് തന്നെ തിരിഞ്ഞിരിക്കുന്നു. പക്ഷേ സ്വന്തം വിനാശത്തിനുള്ള ആയുധങ്ങളെ മാത്രമല്ല, മുതലാളി വർഗം ഊട്ടിയുണ്ടാക്കിയിട്ടുള്ളത്. ആയുധങ്ങൾ ഉപയോഗിക്കാനുള്ള ആളുകളെ കൂടി- കൂലിവേലക്കാരെ- ഇന്നത്തെ തൊഴിലാളി വർഗത്തെക്കൂടി- അത് സൃഷ്ടിച്ചിട്ടുണ്ട്".

എന്നിട്ടവർ തൊഴിലാളികളെ നോക്കി പറഞ്ഞു "തൊഴിലാളികൾക്ക് സ്വന്തം ചങ്ങലയല്ലാതെ മറ്റൊന്നും നഷ്ടപ്പെടാനില്ല. കിട്ടാനോ ലോകം മുഴുവനും! എല്ലാ രാജ്യത്തുമുള്ള തൊഴിലാളികളെ നിങ്ങൾ ഏകോപിക്കുവിൻ" മാർക്സിസത്തിന്റെ ആഹ്വാനമായിരുന്നു അത്.

എന്ത്? മുതലാളിത്തം നശിക്കുമെന്നോ? മുതലാളിയുടെ ദയയെ ആശ്രയിച്ച് ജീവിക്കുന്ന 'കൂലിക്കാർ' ഭരണാധികാരികളാവുമെന്നോ? തൊഴിലാളികൾക്ക് ലോകം മുഴുവൻ കിട്ടാൻ പോവുകയാണെന്നോ? പലരും അത് വിശ്വസിച്ചില്ല. അവർ പറഞ്ഞു- "മാർക്സിന് കിറുക്കാണ്".

പക്ഷെ തൊഴിലാളി വർഗം സടകുടഞ്ഞെടുന്നേൽക്കുന്നതവർ കണ്ടു. മുതലാളിമാരുടെ ചൊൽപടിക്ക് നിൽക്കാതെ, തൊഴിലാളികൾ സ്വേച്ഛാനുസ്യതം രാഷ്ട്രീയ പ്രവർത്തനങ്ങൾ നടത്തുന്നത് അവർ കണ്ടു. കമ്യൂണിസം പരന്ന് പിടിക്കാൻ പോവുകയാണെന്നവർക്ക് ബോധ്യമായി. അലറി വിളിച്ചു- "യൂറോപ്പിനെ ഒരു ഭൂതം പിടികൂടിയിരിക്കുന്നു. കമ്യൂണിസ്റ്റ് ദുർഭൂതം".

ഈ ഭൂതത്തെ ആട്ടിപ്പുറത്താക്കാൻ ലോകത്തിലെ സകല പിന്തിരിപ്പന്മാരും ഒന്നിച്ച് ശ്രമിച്ചു. കമ്യൂണിസ്റ്റ് വിരോധത്തിന്റെ മറവിൽ നിന്ന് കൊണ്ട് ജനങ്ങളുടെ വളർന്ന് വരുന്ന ജീവിത സമരങ്ങളുടെ നേരെ എല്ലാതരം മൃഗീയതകളുമുപയോഗിച്ചു. അവർ സത്യത്തിന്റെ ശബ്ദത്തെ വെടിയുണ്ടകളുടെ മുഴക്കത്തിൽ മുക്കിക്കൊല്ലാൻ ശ്രമിച്ചു. ജയിലുകളുടെയും തൂക്ക് മരങ്ങളുടെയും ഭീകരതകൾ കൊണ്ട് അവർ കമ്യൂണിസത്തെ നാമാവശേഷമാക്കാൻ ശ്രമിച്ചു.

പക്ഷേ, മാർക്സിസം തകരുകയല്ല വളരുകയാണ് ചെയ്തത്. അത് വളരുന്ന വർഗത്തിന്റെ തത്വശാസ്ത്രമായിരുന്നു. തൊഴിലാളി വർഗത്തിന്റെ ലോക വീക്ഷണ ഗതിയായിരുന്നു.

മാർക്സും എംഗൽസും സോഷ്യലിസത്തെ ഒരു സ്വപ്നമെന്ന നിലയിൽ നിന്ന് ഒരു ശാസ്ത്രമെന്ന നിലയിലേക്കുയർത്തി. മുതലാളിത്തത്തിന്റെ വൈരുദ്ധ്യങ്ങളിൽ നിന്നാണ് സോഷ്യലിസം ചരിത്രപരമായ ഒരനിവാര്യതയായി തീരുന്നതെന്ന് അവർ തെളിയിച്ചു. തൊഴിലാളി വർഗം നടത്തുന്ന വിട്ടുവീഴ്ചയില്ലാത്ത സമരങ്ങളിലൂടെയല്ലാതെ അത് നേടിയെടുക്കാൻ കഴിയില്ലെന്നവർ വ്യക്തമാക്കി.

തൊഴിലാളി വർഗം അധ്വാനിക്കുന്ന മറ്റെല്ലാ ജനവിഭാഗങ്ങളെയും അണിനിരത്തിക്കൊണ്ട് മുതലാളിത്ത വ്യവസ്ഥയെ തകർക്കുകയും പുതിയ ഉൽപാദന ബന്ധങ്ങൾക്കടിത്തറപാവുകയും ചെയ്യും. നഷ്ടപ്പെട്ട അധീശത്വത്തിനായി മുതലാളി വർഗവും എല്ലാ വിധ പരിശ്രമങ്ങളും നടത്തും. ആ എതിർപ്പുകളെ തകർത്ത് തരിപ്പണമാക്കി, സാമൂഹ്യ പുരോഗതിയെ ത്വരിതപ്പെടുത്താനുള്ള ഉപകരണമായി തൊഴിലാളി വർഗ സർവാധിപത്യം പ്രവർത്തിക്കും.

തൊഴിലാളി വർഗ സർവാധിപത്യം ഒരു ഇടക്കാല ഘട്ടം മാത്രമായിരിക്കും. തൊഴിലാളി വർഗത്തിന്റെ വിജയം, മനുഷ്യനെ മനുഷ്യൻ ചൂഷണം ചെയ്യാത്ത വർഗരഹിതമായ പുതിയൊരു സാമൂഹ്യ വ്യവസ്ഥയുടെ മുന്നോടിയായിരിക്കും. ഉൽപാദന ശക്തികളെ മേൽക്ക് മേൽ വളർത്തിക്കൊണ്ട്, സമുദായത്തിന്റെ ഭൗതികവും സാംസ്കാരികവുമായ എല്ലാ ആവശ്യങ്ങളെയും അങ്ങേഅറ്റം തൃപ്തിപ്പെടുത്തുകയും അങ്ങിനെ മനുഷ്യത്വത്തിന് പൂർണതയിലേക്കുള്ള വഴികാട്ടിയുമായ ഒരു സാമൂഹ്യ വ്യവസ്ഥയായിരിക്കുമത്.

ലെനിൻ ചൂണ്ടിക്കാണിച്ചു;- "ഏറ്റവും വിപ്ലവകാരിയായ വർഗത്തിന്റെ കോടിക്കണക്കിലുള്ള ചെവികളെ ആകർഷിക്കാൻ മാർക്സിന്റെ സിദ്ധാന്തങ്ങൾക്ക് സാധിച്ചത് എന്ത് കൊണ്ടാണെന്ന് ചോദിച്ചാൽ അതിന് ഒരു മറുപടി മാത്രമാണ് നിങ്ങൾക്ക് കിട്ടുക. മുതലാളിത്തത്തിന് കീഴിൽ സമാർജിക്കപ്പെട്ട മനുഷ്യ ജ്ഞാനത്തിന്റെ കെട്ടുറപ്പുള്ള അടിത്തറയിന്മേലാണ് അദ്ദേഹം നിലയുറപ്പിച്ചത്. മുൻകാലങ്ങളിൽ ശാസ്ത്രം നിർമിച്ച എല്ലാറ്റിനെയും അദ്ദേഹം തികച്ചും ഉപയോഗപ്പെടുത്തി. മനുഷ്യ സമുദായം സൃഷ്ടിച്ച എല്ലാറ്റിനെയും യാതൊന്നും വിടാതെ അദ്ദേഹം വിമർശനപരമായി പരിശോധിച്ചു. മനുഷ്യചിന്ത സൃഷ്ടിച്ച എല്ലാറ്റിനെയും വിമർശിക്കുകയും തൊഴിലാളി പ്രസ്ഥാനത്തെ ഉരകല്ലിന്മേൽ മാറ്റുരച്ച് നോക്കുകയും, രൂപാന്തരപ്പെടുത്തുകയും ചെയ്തുകൊണ്ട് ബൂർഷ്വാ പരിമിതികളാലും വ്യാമോഹങ്ങളാലും നിയന്ത്രിക്കപ്പെടുന്ന ജനങ്ങൾക്കാർക്കും കഴിയാത്ത വിധത്തിൽ പുതിയ നിഗമനങ്ങൾ കണ്ടുപിടിച്ചു. ഇതിലാണ് മാർക്സിസത്തിന്റെ മാഹാത്മ്യം കുടുകൊള്ളുന്നത്. ഇതിൽ നിന്നാണ്, മാർക്സിന്റെ ശാസ്ത്രീയമായ കണ്ടു പിടുത്തങ്ങളും വിപ്ലവകരമായ നേട്ടങ്ങളും ഉടലെടുത്തത്.

1871 ൽ പാരീസിലും (ഏതാനും ദിവസങ്ങൾ മാത്രം) 1917 ൽ റഷ്യയിലും പിന്നീട് മറ്റ് കുറെ രാജ്യങ്ങളിലും തൊഴിലാളി വർഗം അധികാരം പിടിച്ചെടുത്തു. 1971 ൽ രൂപം കൊണ്ട സോവിയറ്റ് യൂണിയനിലും കിഴക്കൻ യൂറോപ്പിലെ സോഷ്യലിസ്റ്റ് രാജ്യങ്ങളിലും തിരിച്ചടിയുണ്ടാക്കി. അതിൽ നിന്ന് പാഠം ഉൾക്കൊണ്ട് കൊണ്ട് ലോകത്തിലെ തൊഴിലാളി വർഗം മുതലാളിത്ത വ്യവസ്ഥക്കെതിരെ പോരാട്ടം തുടരുകയാണ്. മാർക്സിന്റെ 200-ാം ജന്മ വാർഷികം, ഈ പോരാട്ടങ്ങൾക്കിടയിലെ ജ്വലിക്കുന്ന ഒരനുഭവമായിരിക്കും.

# വികസനം വരും ദൃഢനിശ്ചയമുണ്ടെങ്കിൽ



**പിണറായി വിജയൻ**
**കേരള മുഖ്യമന്ത്രി**

**കേരളത്തിൽ ഒന്നും നടക്കില്ലെന്ന ധാരണ മാറ്റാനും വികസനരംഗത്തെ മുരടിപ്പ് ഒഴിവാക്കാനും രണ്ടു വർഷത്തെ എൽ.ഡി.എഫ് ഭരണം കൊണ്ട് കഴിഞ്ഞിട്ടുണ്ട്. ജനങ്ങളുടെ പ്രതീക്ഷയ്ക്കനുസരിച്ച് പ്രവർത്തിക്കാനും ഉയരാനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. 2011-16 കാലഘട്ടത്തിലുണ്ടായിരുന്ന അപമാനകരമായിരുന്ന അന്തരീക്ഷം മാറ്റി പുതിയ രാഷ്ട്രീയ സംസ്കാരം കൊണ്ടുവരാൻ സർക്കാരിന് കഴിഞ്ഞു. അഴിമതി നിയന്ത്രിക്കുന്നതിൽ സർക്കാർ വലിയ വിജയം നേടി. ഉയർന്ന തലങ്ങളിൽ അഴിമതി തീർത്തും ഇല്ലാതാക്കാനായത് വലിയ കാര്യമാണ്.**





കേരളത്തിൽ ഒന്നും നടക്കില്ലെന്ന ധാരണ മാറ്റാനും വികസനരംഗത്തെ മുരടിപ്പ് ഒഴിവാക്കാനും രണ്ടുവർഷത്തെ എൽ.ഡി.എഫ് ഭരണം കൊണ്ട് കഴിഞ്ഞിട്ടുണ്ട്. ജനങ്ങളുടെ പ്രതീക്ഷയ്ക്കനുസരിച്ച് പ്രവർത്തിക്കാനും ഉയരാനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. 2011–16 കാലഘട്ടത്തിലുണ്ടായിരുന്ന അപമാനകരമായിരുന്ന അന്തരീക്ഷം മാറ്റി പുതിയ രാഷ്ട്രീയ സംസ്കാരം കൊണ്ടുവരാൻ സർക്കാരിന് കഴിഞ്ഞു. അഴിമതി നിയന്ത്രിക്കുന്നതിൽ സർക്കാർ വലിയ വിജയം നേടി. ഉയർന്ന തലങ്ങളിൽ അഴിമതി തീർത്തും ഇല്ലാതാക്കാനായത് വലിയ കാര്യമാണ്.

രണ്ടുവർഷം പൂർത്തിയാക്കുമ്പോൾ സർക്കാരിന്റെ പ്രവർത്തനം സ്വഭാവികമായും ജനങ്ങൾ വിലയിരുത്തും. ഓരോ മേഖലയിലെയും ജനങ്ങൾ എങ്ങനെ സർക്കാരിനെ വിലയിരുത്തുന്നു എന്ന് മനസ്സിലാക്കാനാണ് രണ്ടാം വാർഷികത്തിന്റെ ഭാഗമായി വിവിധ വിഭാഗം സംഘടനകളുടെ പ്രതിനിധികളുമായി സർക്കാർ ചർച്ച നടത്തിയത്. മാധ്യമങ്ങളടക്കം മിക്കവാറും എല്ലാ പ്രധാന മേഖലകളേയും സ്പർശിച്ചുകൊണ്ടാണ് സർക്കാർ ഈ ആശയവിനിമയം നടത്തിയത്. പൊതുവിൽ സർക്കാരിന്റെ പ്രവർത്തനത്തിന് ജനങ്ങളിൽ നിന്ന് നല്ല പിന്തുണ ലഭിക്കുന്നു എന്നാണ് ഈ ചർച്ചകളിൽ നിന്ന് മനസ്സിലായത്. എന്നാൽ സർക്കാരിന്റെ പോരായ്മകളും അവർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സർക്കാരിന്റെ മുന്നോട്ടുള്ള പ്രവർത്തനത്തിന് സഹായകരമായ വിലപ്പെട്ട നിർദ്ദേശങ്ങളും ഈ ചർച്ചയിൽ ഉയർന്നുവന്നു. ഇതെല്ലാം കണക്കിലെടുത്താണ് സർക്കാർ മുന്നോട്ട് പോവുക. ഇതിന് മുമ്പൊരിക്കലും ഒരു സർക്കാരും ഇത്തരത്തിലുള്ള തുറന്ന ചർച്ചയ്ക്ക് വേദിയൊരുക്കിയിട്ടില്ല എന്നതാണ് വസ്തുത. സർക്കാർ ഒരു വർഷം പൂർത്തിയായപ്പോൾ പ്രോഗ്രസ് റിപ്പോർട്ടുമായാണ് ജനങ്ങളെ സമീപിച്ചത്. ഈ വർഷവും പ്രോഗ്രസ് റിപ്പോർട്ട് തയ്യാറായിക്കഴിഞ്ഞു. പ്രകടനപത്രികയിൽ ജനങ്ങൾക്ക് എന്തൊക്കെ വാഗ്ദാനങ്ങൾ നൽകി, എന്തൊക്കെ പാലിച്ചു എന്നതിന്റെ സത്യസന്ധമായ റിപ്പോർട്ടാണ് സർക്കാർ അവതരിപ്പിക്കുന്നത്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാന സർക്കാരും പ്രോഗ്രസ് റിപ്പോർട്ട് പുറത്തിറക്കാനുള്ള ആർജ്ജവം കാണിച്ചിട്ടില്ല.

കേന്ദ്രസർക്കാരിന്റെ പ്രതികൂലമായ സാമ്പത്തികനയങ്ങൾ സൃഷ്ടിക്കുന്ന പ്രയാസങ്ങൾക്ക് നടുവിലാണ് സർക്കാർ പ്രവർത്തിക്കുന്നതെന്ന് പ്രത്യേകം പറയേണ്ടതില്ല. നോട്ടുനിരോധനവും ജി.എസ്.ടിയും കടുത്ത പ്രതിസന്ധിയാണ് രാജ്യത്ത് ഉണ്ടാക്കിയത്. നോട്ടുനിരോധനത്തിന്റെ ഘട്ടത്തിൽ സഹകരണ മേഖലയെ തകർക്കാനുള്ള ശ്രമങ്ങളുമുണ്ടായി. ജനങ്ങളുടെ പിന്തുണയോടെ സർക്കാർ അതിനെയെല്ലാം അതിജീവിച്ചു. പതിനഞ്ചാം ധനകാര്യകമ്മീഷന്റെ പരിഗണനാവിഷയങ്ങളിലെ നിർദേശങ്ങൾ സംസ്ഥാന താൽപര്യത്തിന് അങ്ങേയറ്റം ദോഷകരമാണ്. 2011–ലെ സെൻസസ് അടിസ്ഥാനമാക്കി നികുതിവിഭജനം നടപ്പാക്കണമെന്ന നിർദേശമാണ് കമ്മീഷൻ മുന്നോട്ടുവെച്ചത്. ഈ നിർദേശം നടപ്പാക്കിയാൽ ജനസംഖ്യാനിയന്ത്രണ

ത്തിൽ വലിയ മുന്നേറ്റമുണ്ടാക്കിയ കേരളത്തിന് വലിയ നഷ്ടമുണ്ടാകും. അതുകൊണ്ടാണ് മുൻകാലത്തെപ്പോലെ 1971-ലെ സെൻസസ് പ്രകാരം നികുതി വിഭജനം നടത്തണമെന്ന് സർക്കാർ ആവശ്യപ്പെടുന്നത്. ഇത് മാത്രമല്ല വേറെയും ഒരുപാട് ദ്രോഹകരമായ നിർദേശങ്ങൾ പരിഗണനാ വിഷയങ്ങളിലുണ്ട്. സംസ്ഥാനങ്ങൾക്ക് വിഭജിച്ചുനൽകുന്ന കേന്ദ്രനികുതി വിഹിതം 42 ശതമാനത്തിൽ നിന്ന് 50 ശതമാനമായി ഉയർത്തണമെന്നാണ് കേരളം ആവശ്യപ്പെടുന്നത്.

മുകളിൽ വിശദീകരിച്ച സാമ്പത്തിക ചുറ്റുപാടിലാണ് പശ്ചാത്തല വികസനത്തിന് കിഫ്ബി (കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്) വഴി പണം കണ്ടെത്താൻ സർക്കാർ തീരുമാനിച്ചത്. അഞ്ചുവർഷം കൊണ്ട് 50,000 കോടി രൂപയുടെ വികസനമാണ് ഇതുവഴി നടപ്പാക്കുക. ഇതിനകം 20,000 കോടി രൂപയുടെ പ്രവൃത്തികൾക്ക് അനുമതി നൽകിക്കഴിഞ്ഞു.

പശ്ചാത്തല വികസനത്തിന്റെ കാര്യത്തിൽ വളരെയധികം മുന്നോട്ടുപോകാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ദേശീയപാത 45 മീറ്ററിൽ വികസിപ്പിക്കുന്ന പ്രവൃത്തി ജനങ്ങളുടെ സഹകരണത്തോടെ പുരോഗമിക്കുകയാണ്. സ്ഥലമെടുക്കുന്നതിലുള്ള ചെറിയ പ്രശ്നങ്ങൾ ഒറ്റപ്പെട്ടതാണ്. നിശ്ചിത സമയത്ത് തന്നെ ദേശീയപാത വികസനം പൂർത്തിയാക്കാൻ കഴിയും. ഗെയിൽ പ്രകൃതിവാതക പൈപ്പ്ലൈൻ പദ്ധതി ഈ വർഷം തന്നെ പൂർത്തിയാകും. ജൂൺ മുതൽ എറണാകുളം, തൃശ്ശൂർ ജില്ലകളിലെ വ്യവസായ രംഗത്ത് പ്രകൃതിവാതകം ലഭ്യമാകും.

കോവളം-കാസർകോട് ദേശീയ ജലപാത 2020-ൽ പൂർത്തിയാകും. ഇതുവഴി സംസ്ഥാനത്ത് ടൂറിസം രംഗത്ത് വലിയ കുതിച്ചുച്ചാട്ടമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. 1267 കി.മീറ്ററിൽ മലയോര ഹൈവെയും 656 കി.മീറ്ററിൽ തീരദേശ ഹൈവെയും 2020-ൽ തന്നെ പൂർത്തിയാകും. രണ്ടു ഹൈവെകൾക്കും കൂടി 10,000 കോടി രൂപയാണ് ചെലവ്.

സാമൂഹികനീതിയിൽ അധിഷ്ഠിതമായ സമഗ്ര വികസനം എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. അതിനുവേണ്ടിയാണ് നാല് മിഷനുകൾ രൂപീകരിച്ചത്. നമ്മുടെ വൃത്തിയും ജലശുദ്ധിയും വീണ്ടെടുക്കുന്നതിനുള്ള ഹരിതകേരളം മിഷൻ നല്ലനിലയിൽ മുന്നോട്ടുപോകുന്നു. വിദ്യാഭ്യാസ രംഗത്ത് കാലാനുസൃതമായ മുന്നേറ്റമുണ്ടാക്കാനും എല്ലാ പൊതു വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കാനും ലക്ഷ്യമിട്ടാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ മിഷൻ രൂപീകരിച്ചത്. ആർദ്രം മിഷനിലൂടെ ആരോഗ്യമേഖലയിൽ കുടുംബ ഡോക്ടറെന്ന സങ്കൽപം യാഥാർത്ഥ്യമാവുകയാണ്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങളായി മാറുന്നു. അതോടൊപ്പം സർക്കാർ ആശുപത്രികളിൽ വിദഗ്ധ ചികിത്സയ്ക്കുള്ള സംവിധാനമുണ്ടാക്കുകയും ചെയ്യും. വീടില്ലാത്ത മുഴുവൻ പേർക്കും വീട് ലഭ്യമാക്കുന്നതിനാണ് ലൈഫ് മിഷൻ രൂപീകരിച്ചത്. അഞ്ചുലക്ഷം വീടുകളാണ് ഈ പദ്ധതിയിലൂടെ പണിയുന്നത്. മുടങ്ങിക്കിടന്ന 28,000 വീടുകളുടെ നിർമ്മാണം ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്.

ക്രമസമാധാനനില മെച്ചപ്പെടുത്താനും കുറ്റാന്വേഷണം കാര്യക്ഷമമാക്കാനും ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്. രാജ്യത്ത് ഏറ്റവും മികച്ച ക്രമസമാധാനപാലനമുള്ള സംസ്ഥാനമാണ് കേരളം. തെളിയിക്കപ്പെടാത്ത ഒട്ടേറെ കേസുകൾ പൊലീസ് തെളിയിച്ചു. സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിലും പൊലീസ് മികവ് തെളിയിച്ചു. സ്ത്രീസുരക്ഷയുടെ കാര്യത്തിൽ പൊലീസ് മികച്ച പ്രവർത്തനമാണ് നടത്തുന്നത്. അതേ സമയം ചില പൊലീസുകാരുടെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ സേനയ്ക്ക് കളങ്കമുണ്ടാക്കുന്നുണ്ട്. ഇത്തരക്കാർക്കെതിരെ നിർദാക്ഷിണ്യം നടപടിയെടുക്കും. വാരാപ്പുഴയിൽ കസ്റ്റഡി മരണമുണ്ടായപ്പോൾ സർക്കാർ എടുത്ത നടപടി ഇതിന് തെളിവാണ്. പരാതിയുയർന്ന ഉടനെ അന്വേഷണം നടത്തി പൊലീസുകാർക്കെതിരെ കൊലക്കുറ്റത്തിന് കേസെടുത്തു. കസ്റ്റഡി മരണങ്ങൾ കേരളത്തിൽ മുമ്പും ഉണ്ടായിട്ടുണ്ട്. എന്നാൽ ഇത്രയും ശക്തമായ നടപടി ഒരിക്കലും ഉണ്ടായിട്ടില്ല. മറ്റേതെങ്കിലും ഏജൻസികളുടെ ഇടപെടലോ സമ്മർദ്ദമോ ഇല്ലാതെയാണ് സർക്കാർ നടപടി സ്വീകരിച്ചത്.

പൊലീസിന്റെ പലിശീലന പദ്ധതി മെച്ചപ്പെടുത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പൊലീസിന് മാനുഷിക മുഖം നൽകുന്ന പരിശീലനമാണ് ആവശ്യം.

കേരളത്തിന്റെ മതസൗഹാർദ-മതനിരപേക്ഷ പാരമ്പര്യത്തിന് പോറലേൽപ്പിക്കാനും വർഗ്ഗീയ സംഘർഷമുണ്ടാക്കാനും ബോധപൂർവ്വമായ ശ്രമങ്ങൾ സംസ്ഥാനത്ത് നടക്കുന്നുണ്ട്. ജമ്മുവിൽ കൊച്ചു പെൺകുട്ടി പിച്ചിച്ചീന്തപ്പെട്ടപ്പോൾ രാജ്യമെങ്ങും പ്രതിഷേധമുണ്ടായി. കേരളത്തിലും വലിയ പ്രതിഷേധമുയർന്നുവന്നു. എന്നാൽ ചിലയാളുകൾ ഈ പ്രതിഷേധത്തെ വഴിതിരിച്ചുവിടാനും കലാപമുണ്ടാക്കാനും ശ്രമിച്ചു. വാട്ട്സാപ്പിലൂടെ ആഹ്വാനം ചെയ്ത ഹർത്താൽ ഇതിന്റെ ഭാഗമായിരുന്നു. ജമ്മുവിലെ പെൺകുട്ടിയുടെ ഘാതകരെ രക്ഷപ്പെടുത്താൻ രംഗത്തുവന്നവരുടെ ആളുകൾ തന്നെയാണ് ഇവിടെ ഈ ഹർത്താലിന് പിന്നിൽ പ്രവർത്തിച്ചെതെന്ന് പൊലീസ് കണ്ടെത്തി. സംസ്ഥാനത്ത് വലിയ കലാപമുണ്ടാക്കാനുള്ള ശ്രമത്തിനാണ് പൊലീസ് തടയിട്ടത്. ഈ ഹർത്താലിനു പിന്നിൽ വലിയ ഗൂഢാലോചനയുണ്ടോ എന്ന സംശയമുണ്ട്.

കേരളത്തെ നിക്ഷേപ സൗഹൃദമാക്കുന്നതിന് ആത്മാർത്ഥമായ ശ്രമങ്ങളാണ് സർക്കാർ നടത്തിവരുന്നത്. വ്യവസായങ്ങൾക്ക് തടസ്സമില്ലാതെ ലൈസൻസ് ലഭ്യമാക്കുന്നതിന് പുതിയ നിയമം നിർമ്മിച്ചു. ഏഴു നിയമങ്ങൾ ഭേദഗതി ചെയ്താണ് നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പുതിയ നിയമം കൊണ്ടുവന്നത്. മറ്റെല്ലാ മേഖലകളിലും

**രണ്ടുവർഷം പൂർത്തിയാക്കുമ്പോൾ ജനങ്ങളിൽ നിന്ന് ലഭിക്കുന്ന വർദ്ധിച്ച പിന്തുണ സർക്കാരിന് ആത്മവിശ്വാസവും പ്രചോദനവും നൽകുന്നുണ്ട്. പ്രതിബന്ധങ്ങൾ മുറിച്ചുകടന്ന് കേരളത്തിന്റെ സമഗ്രവികസനം ഉറപ്പാക്കുക എന്ന ദൃഢനിശ്ചയത്തിലാണ് സർക്കാർ പ്രവർത്തിക്കുന്നത്. പോരായ്മകൾ ചൂണ്ടികാണിച്ചാൽ തിരുത്തും. എന്നാൽ അനാവശ്യ വിവാദങ്ങളുടെ പേരിൽ വികസന പദ്ധതികളോ ജനക്ഷേമ പരിപാടികളോ മാറ്റിവെയ്ക്കാൻ സർക്കാർ തയ്യാറല്ല.**

കേരളം മുൻപന്തിയിലാണെങ്കിലും ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ കാര്യത്തിൽ കേരളം പിറകിലാണ്. പുതിയ നിയമം പ്രാവർത്തികമാകുന്നതോടെ കേരളത്തിന്റെ റാങ്ക് ഉയരും. വ്യവസായങ്ങളെ ബാധിക്കുന്ന തൊഴിൽ പ്രശ്നങ്ങൾ കേരളത്തിൽ ഇല്ലെന്ന് വ്യവസായികൾ തന്നെ തുറന്ന് സമ്മതിക്കുന്നുണ്ട്. നോക്കുകൂലി സമ്പ്രദായം കേരളത്തിന്റെ പ്രതിച്ഛായയെ മോശമായി ബാധിച്ചിരുന്നു. തൊഴിലാളി സംഘടനകളൊന്നും നോക്കുകൂലി അംഗീകരിക്കുന്നില്ലെങ്കിലും അത് തുടർന്നുപോന്നു. മെയ് ഒന്നു മുതൽ നോക്കുകൂലി അവസാനിപ്പിച്ചിരിക്കുകയാണ്. ഇനിയുമെന്തെങ്കിലും പരാതി വന്നാൽ ശക്തമായ നടപടിയുണ്ടാകും. തൊഴിലുടമകൾക്ക് തൊഴിലാളികളെ സംഘടനകൾ വിതരണം ചെയ്യുന്ന രീതിയും ഇതോടൊപ്പം അവസാനിക്കും.

പൊതുമേഖലാ വ്യവസായങ്ങളെ സംരക്ഷിക്കുകയും പിന്തുണ നൽകി അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുക എന്നതാണ് എൽ.ഡി.എഫിന്റെ നയം. പ്രകടനപത്രികയിൽ പ്രഖ്യാപിച്ച ഈ നയം ആത്മാർത്ഥമായി നടപ്പാക്കുകയാണ് സർക്കാർ. ഒരു കാരണവശാലും ഒരു പൊതുമേഖലാ വ്യവസായവും സ്വകാര്യവൽക്കരിക്കില്ല എന്നതാണ് സർക്കാരിന്റെ നയം. കയർ, കശുവണ്ടി, കൈത്തറി മുതലായ പരമ്പരാഗത വ്യവസായ മേഖലകളെ സംരക്ഷിക്കാനും അഭിവൃദ്ധിപ്പെടുത്താനുമുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകും.

പൊതുമേഖലാ വ്യവസായങ്ങൾക്കുള്ള ബജറ്റ് വിഹിതം സർക്കാർ ഗണ്യമായി വർദ്ധിപ്പിച്ചു. നേരത്തെ 100 കോടി രൂപയായിരുന്ന വിഹിതം ആദ്യ വർഷം 283 കോടി രൂപയായി ഉയർത്തി. രണ്ടാമത്തെ വർഷം 305 കോടി രൂപ ബജറ്റിൽ നീക്കിവെച്ചു. സർക്കാർ അധികാരത്തിൽ വരുമ്പോൾ 6 വ്യവസായങ്ങൾ മാത്രമായിരുന്നു ലാഭത്തിൽ. 36 എണ്ണം നഷ്ടത്തിലായിരുന്നു. ഈ സർക്കാരിന്റെ ഇടപെടൽ മൂലം 14 കമ്പനികൾ ലാഭത്തിലേക്ക് വന്നു. വ്യവസായങ്ങളുടെ മൊത്തം ലാഭം 100 കോടി രൂപയായി ഉയർന്നു. സർക്കാർ അധികാരത്തിൽ വരുമ്പോൾ മൊത്തം 132 കോടി രൂപ നഷ്ടമായിരുന്നു. വ്യവസായങ്ങളുടെ വിറ്റുവരവ് 7 ശതമാനം വർദ്ധിച്ചു.

കേന്ദ്രസർക്കാർ സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ച കേരളത്തിലെ കേന്ദ്രപൊതുമേഖലാ വ്യവസായങ്ങൾ സംരക്ഷിക്കാനുള്ള ശ്രമങ്ങളും സർക്കാർ ഇതോടൊപ്പം നടത്തുന്നുണ്ട്. കേന്ദ്രം വിൽപ്പനയ്ക്ക് വെച്ച പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡും കാസർകോട്ടെ ബി.എച്ച്.ഇ.എൽ - ഇ.എം.എൽ ഉം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പം എച്ച്.എൻ.എൽ പോലുള്ള കേന്ദ്രവ്യവസായങ്ങൾ പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനുള്ള സമ്മർദ്ദവും സർക്കാർ നടത്തുന്നുണ്ട്. പൊതുമേഖലയുടെ കാര്യത്തിലും എൽ.ഡി.എഫ് സർക്കാർ ബദൽ നയമാണ് നടപ്പാക്കുന്നതെന്ന് ഇതിൽ നിന്ന് കാണാവുന്നതാണ്. ഈ ബദൽ നയം ദേശീയതലത്തിൽ തന്നെ അംഗീകാരം നേടിയിട്ടുണ്ട്.

ഏതു പ്രശ്നത്തിലും ജനങ്ങളോടൊപ്പം നിൽക്കുക എന്നതാണ് സർക്കാരിന്റെ നയം. നഴ്സുമാരുടെ വേതനം 20,000 രൂപയായി വർധിപ്പിച്ചത് ഇതിന് തെളിവാണ്.

സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ രംഗം ഉടച്ചുവാർക്കണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ശാസ്ത്ര-ഗവേഷണ രംഗം വികസിക്കണം. നിലവിലുള്ള ഭരണനിർവ്വഹണ സംവിധാനം സർവ്വകലാശാലകൾക്ക് ഗുണകരമാണോ എന്നും പരിശോധിക്കേണ്ടതുണ്ട്. ഇക്കാര്യം ചർച്ച ചെയ്യും.

വിശപ്പ് രഹിത കേരളം പദ്ധതി എല്ലായിടത്തേക്കും വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പം ചെലവ് കുറഞ്ഞ രീതിയിൽ ഭക്ഷണം വിതരണം ചെയ്യുന്ന കേന്ദ്രങ്ങളും സ്ഥാപിക്കും. സാധാരണക്കാർക്ക് ചികിത്സ ഉറപ്പാക്കുന്നതിന് പൊതു ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിനെ കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ട്. ചികിത്സയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് സഹായം നൽകുന്നതിനുള്ള നടപടികൾ സുതാര്യമാക്കി. ഇപ്പോൾ ഓൺലൈൻ സംവിധാനത്തിലൂടെയാണ് അപേക്ഷകൾ കൈകാര്യം ചെയ്യുന്നത്. അതുകൊണ്ട് വേഗതത്തിൽ സഹായം ലഭിക്കുന്നു. ഇതിനകം 393 കോടി രൂപ ചികിത്സാ സഹായമായി വിതരണം ചെയ്തു.

രണ്ടുവർഷം പൂർത്തിയാക്കുമ്പോൾ ജനങ്ങളിൽ നിന്ന് ലഭിക്കുന്ന വർദ്ധിച്ച പിന്തുണ സർക്കാരിന് ആത്മവിശ്വാസവും പ്രചോദനവും നൽകുന്നുണ്ട്. പ്രതിബന്ധങ്ങൾ മുറിച്ചുകടന്ന് കേരളത്തിന്റെ സമഗ്രവികസനം ഉറപ്പാക്കുക എന്ന ദൃഢനിശ്ചയത്തിലാണ് സർക്കാർ പ്രവർത്തിക്കുന്നത്. ന്യായമായ വിമർശനങ്ങളെ ഏതു ഭാഗത്തുനിന്നായാലും സർക്കാർ സ്വാഗതം ചെയ്യും. പോരായ്മകൾ ചൂണ്ടികാണിച്ചാൽ തിരുത്തും. എന്നാൽ അനാവശ്യ വിവാദങ്ങളുടെ പേരിൽ വികസന പദ്ധതികളോ ജനക്ഷേമ പരിപാടികളോ മാറ്റിവെയ്ക്കാൻ സർക്കാർ തയ്യാറല്ല. ഈ തുറന്ന സമീപനം ജനങ്ങൾ അംഗീകരിക്കുമെന്നുറപ്പാണ്. ■

# സിഐടിയു സംസ്ഥാന ജനറൽ കൗൺസിൽ

**പത്തനംതിട്ട മെയ് 4, 5, 6**




സിഐടിയു സംസ്ഥാന ജനറൽ കൗൺസിൽ മെയ് 4, 5, 6 തീയതികളിൽ പത്തനംതിട്ടയിൽ നടന്നു. വി എസ് ചന്ദ്രശേകരപിള്ള നഗറിൽ (ജില്ലാ സ്റ്റേഡിയം) ആയിരക്കണക്കിന് തൊഴിലാളികളും കുടുംബാംഗങ്ങളും പങ്കെടുത്ത റാലിയോടെയാണ് പൊതുസമ്മേളനം ആരംഭിച്ചത്. പൊതുസമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉത്ഘാടനം ചെയ്തു. സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ അധ്യക്ഷനായി. സംഘാടക സമിതി ചെയർമാൻ അഡ്വ. കെ അനന്തഗോപൻ സ്വാഗതം പറഞ്ഞു. സിഐടിയു അഖിലേന്ത്യാ ജനറൽ സെക്രട്ടറി തപൻസെൻ, വൈസ് പ്രസിഡന്റ് എ കെ പത്മനാഭൻ, സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരീം എന്നിവർ സംസാരിച്ചു. പത്തനംതിട്ട ജില്ലാ പ്രസിഡന്റ് കെ സി രാജഗോപാലൻ നന്ദി പറഞ്ഞു.

### വർഗീയ കലാപങ്ങൾ തൊഴിലാളികളെയും ജനങ്ങളെയും ഭിന്നിപ്പിക്കാൻ- മുഖ്യമന്ത്രി

എച്ച് എൻ എൽ സ്വകാര്യവൽക്കരണത്തെ സർക്കാർ എതിർക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കഴിഞ്ഞ ദിവസം ഒരു കുത്തക കമ്പനിയുടെ പ്രതിനിധികൾ ഓഫീസിൽ വന്നു. പൊതുമേഖലാ സ്ഥാപനമായ എച്ച് എൻഎൽ വിൽപനക്കു വച്ചത് ഏറ്റെടുത്തു നടത്താൻ താല്പര്യമുണ്ടെന്നും അതിന് സംസ്ഥാന സർക്കാരിന്റെ പിന്തുണ വേണമെന്നും പറഞ്ഞാണ് അവർ എത്തിയത്. ഒട്ടും ആലോചിക്കാനില്ലാത്തതുകൊണ്ട്, സ്വകാ

ര്യവൽക്കരണത്തിന് പിന്തുണയില്ല എന്ന കാര്യം അപ്പോൾ തന്നെ പറഞ്ഞു. സംസ്ഥാന സർക്കാർ കൊടുത്ത ഭൂമിയിൽ പ്രവർത്തിക്കുന്നതാണ് സ്ഥാപനം. ഇതിനുവേണ്ട അസംസ്കൃത വസ്തുക്കൾ ചെറിയ വിലയ്ക്ക് കൊടുക്കുന്നതും ഞങ്ങളാണ്. അത് സ്വകാര്യവൽക്കരിക്കുന്നതിന് ഞങ്ങളുടെ പിന്തുണയില്ല. നിങ്ങൾ ഇവിടെ വ്യവസായം നടത്താൻ വന്നാൽ പിന്തുണ നൽകും. ഏറ്റെടുക്കാൻ വന്നാൽ എതിർക്കും എന്നു പറഞ്ഞു.

പൊതുമേഖലയെ രാജ്യത്തിന്റെ ശത്രു എന്ന നിലയ്ക്കാണ് കേന്ദ്രസർക്കാർ കാണുന്നത്. കോർപറേറ്റുകൾക്ക് ആനുകൂല്യങ്ങൾ നൽകി പാവപ്പെട്ടവന്റെ വയറ്റത്തടിക്കുന്ന നയമാണ് അവർ സ്വീകരിക്കുന്നത്. ബദൽ നയം മുന്നോട്ടുവച്ച് പ്രവർത്തിക്കാനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്. രണ്ടു വർഷം മുമ്പ് നഷ്ടത്തിന്റെ കഥ പറഞ്ഞ പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലായി. പരമ്പരാഗത വ്യവസായ മേഖല വലിയ ഉണർവിലാണ്. തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചു. നടപടികളിലേക്ക് കടക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

തൊഴിലാളികൾക്കെതിരെ അപവാദ പ്രചരണത്തിന് ചിലരുടെ ഭാഗത്തുനിന്ന് ശ്രമം നടക്കുന്നുണ്ട്. ഒറ്റപ്പെട്ട ചില സംഭവങ്ങളാണ് തൊഴിലാളികൾക്ക് ദുഷ്പേരുണ്ടാക്കുന്നത്. അതിൽ ഒന്നായ നോക്കുകൂലി അവസാനിപ്പിക്കാൻ തീരുമാനിച്ചു. അതുപോലെ തൊഴിൽ സ്ഥാപനം ആരംഭിക്കുമ്പോൾ തങ്ങളുടെ ഇത്രപേരെ നിയമിക്കണമെന്ന് യൂണിയനുകൾ ആവശ്യപ്പെടുന്നതും പൂർണമായി ഒഴിവാക്കും. തൊഴിലാളികളെ സപ്ലൈ ചെയ്യുന്നത് യൂണിയന്റെ പണിയല്ല. ഈ തീരുമാനങ്ങൾക്ക് വ്യത്യസ്തമായി പ്രവർത്തിച്ചാൽ നിയമം അതിന്റെ വഴിക്ക് പോകും.

തൊഴിലാളിയുടെ അവകാശ സംരക്ഷണത്തിന് കേരള സർക്കാർ ഒപ്പമുണ്ടാകും.

രാജ്യത്തെ തൊഴിലാളികൾ നേടിയതെല്ലാം കവർന്നെടുക്കാൻ കേന്ദ്ര സർക്കാർ സംഘടിത ശ്രമം നടത്തുകയാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. തൊഴിലാളികൾ ദീർഘമായ സമരങ്ങളിലൂടെ നേടിയ ജോലി സ്ഥിരത, ജോലി ക്ലിപ്തത എന്നിവയിലും വൻതോതിൽ അട്ടിമറി സംഘടിപ്പിക്കാനാണ് ശ്രമിക്കുന്നത്.

നരേന്ദ്രമോഡി നടപ്പാക്കിയ പരിഷ്കാരങ്ങളിൽ ഏറ്റവും ഹീനമായതാണ് തൊഴിൽ സ്ഥിരത ഉണ്ടായിരിക്കില്ല എന്ന തീരുമാനം. അതിനെതിരെ എല്ലാ തൊഴിലാളി സംഘടനകളും ഒറ്റക്കെട്ടായാണ് പ്രവർത്തിക്കുന്നത്. കേന്ദ്ര ട്രേഡ് യൂണിയനുകളുടെ നേതൃത്വത്തിൽ ശക്തമായ സമരങ്ങളും പ്രതിഷേധങ്ങളും ഉയർന്നുവരുന്നു. അതിനു മുന്നിൽ തൊഴിലാളി വർഗതാല്പര്യം ഉയർത്തി സിഐടിയു നിൽക്കുന്നത് നാം കാണുന്നുണ്ട്.





പ്രക്ഷോഭങ്ങളെ ഭിന്നിപ്പിക്കാനും പല ചേരിയാക്കാനുമുള്ള ശ്രമത്തിന്റെ ഭാഗമാണ് വർഗീയ കലാപങ്ങളും വർഗീയ സംഘർഷങ്ങളും. ഇതിനൊക്കെ നേതൃത്വം കൊടുക്കുന്നത് രാജ്യം ഭരിക്കുന്ന ബിജെപിയും അവർക്ക് നേതൃത്വം കൊടുക്കുന്ന ആർഎസ്എസുമാണ്. വർഗീയ സംഘർഷങ്ങളിലൂടെ ശക്തി വർധിപ്പിക്കാമെന്നാണ് രാജ്യം ഭരിക്കുന്ന ബിജെപിയും അവരെ ഭരിക്കുന്ന ആർഎസ്എസും കരുതുന്നത്. മുഖ്യമന്ത്രി പറഞ്ഞു.

**മെയ് 5- ജനറൽ കൗൺസിൽ മീറ്റിംഗ്**

രക്തസാക്ഷി മണ്ഡപത്തിൽ പുഷ്പാർച്ചനക്ക് ശേഷം സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ പതാക ഉയർത്തി.

എൻ പത്മലോചനൻ രക്തസാക്ഷി പ്രമേയവും പി നന്ദകുമാർ അനുശോചന പ്രമേയവും അവതരിപ്പിച്ചു. സെന്റ് സ്റ്റീഫൻസ് ഓഡിറ്റോറിയത്തിൽ സിഐടിയു അഖിലേന്ത്യാ ജനറൽ സെക്രട്ടറി തപൻസെൻ ഉത്ഘാടനം ചെയ്തു. ആനത്തലവട്ടം ആനന്ദൻ അധ്യക്ഷനായി.

സംഘാടക സമിതി ജനറൽ കൺവീനർ പി ജെ അജയകുമാർ സ്വാഗതം പറഞ്ഞു. സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരീം പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.

ഉച്ചക്കു ശേഷം ഗ്രൂപ്പ് ചർച്ചയും പൊതു ചർച്ചയും നടന്നു. കെ എൻ ഗോപിനാഥ് (കൺവീനർ), കെ മനോഹരൻ, യു പി ജോസഫ്, എസ് സുദേവൻ, കെ എസ് സുനിൽകുമാർ, സി കെ ഹരികൃഷ്ണൻ, പി പി പ്രേമ എന്നിവരാണ് പ്രമേയ കമ്മിറ്റികളിൽ പ്രവർത്തിച്ചത്. നെടുവത്തൂർ സുന്ദരേശൻ (കൺവീനർ), കെ ജയപ്രകാശ്, എസ് ബി രാജു, മേരി ജോബ് എന്നിവരാണ് മിനിട്സ് കമ്മിറ്റി അംഗങ്ങൾ.

**ഇനി ശക്തമായ സമരങ്ങളുടെ നാളുകൾ-തപൻസെൻ**

രാജ്യത്തെ തൊഴിലില്ലായ്മയുടെ രൂക്ഷത മറയ്ക്കാൻ ചില മാധ്യമങ്ങളെ കൂട്ടുപിടിച്ച് കേന്ദ്ര സർക്കാർ കള്ളം പ്രചരിപ്പിക്കുകയാണെന്ന് സിഐടിയു ദേശീയ ജനറൽ സെക്രട്ടറി തപൻസെൻ ജനറൽ കൗൺസിൽ ഉത്ഘാടനം ചെയ്തുകൊണ്ടു പറഞ്ഞു.

രാജ്യത്തെ ഭൂരിഭാഗം ജനങ്ങളും അസംതൃപ്തരാണ്. അതിനുള്ള പ്രധാന കാരണം വരുമാനത്തിലുള്ള കുറവും സ്ഥിര ജോലി ഇല്ലാതാകലും ആണ്. ജിഡിപി ഉയർന്നുകൊണ്ടിരിക്കുന്നുവെന്നാണ് അവകാശവാദം. നാനാ ഭാഗത്ത് ലാഭം വർധിപ്പിക്കുന്നതിന്റെയും സമ്പത്ത് ഒരു ഭാഗത്ത് കേന്ദ്രീകരിക്കുന്നതിന്റെയും ഭാഗമായാണ് ജിഡിപി നിരക്ക് ഉയരുന്നത്.

2014 ൽ അധികാരത്തിലെത്തിയ മോഡിക്ക് വാഗ്ദാനങ്ങൾ ഒന്നും പാലിക്കാനായില്ല. രണ്ട് കോടി തൊഴിലുകളാണ് പ്രഖ്യാപിച്ചത്. എന്നാൽ വിവിധ മേഖലകളിൽ തൊഴിലുകൾ കുറഞ്ഞു.

ബാങ്കുകളിൽ നിന്ന് ലോണെടുത്ത കോർപറേറ്റുകൾ തുക തിരിച്ചടക്കാത്തത് മൂലം

പതിനൊന്നര ലക്ഷം കോടി രൂപയാണ് രാജ്യത്തിന് നഷ്ടം വന്നത്.

ഇത്തരത്തിൽ വന്ന കടങ്ങൾ ആകെ ചേർത്ത് ലേലത്തിൽ വയ്ക്കാനാണ് പുതിയ പദ്ധതി. ഇതിനായി രൂപം കൊടുത്തിരിക്കുന്ന സമിതിയാണ് നാഷണൽ കമ്പനി ലോൺ ട്രിബ്യൂണൽ. പതിനായിരം കോടി രൂപയുടെ കടമുള്ള കമ്പനി 2500 കോടി രൂപയ്ക്കാവും ആസ്തി കിഴിച്ച് ലേലത്തിൽ വയ്ക്കുക. ഇത് പകൽ കൊള്ളയാണ്. രാജ്യത്ത് വലിയ തോതിലുള്ള പ്രക്ഷോഭങ്ങളാവും വരും നാളുകളിൽ സിഐടിയുവിന്റെ ആഭിമുഖ്യത്തിൽ നടക്കുക, തുറമുഖ തൊഴിലാളികളുടെ നേതൃത്വത്തിൽ ദേശീയ പ്രക്ഷോഭത്തിന് സംഘടന ഒരുങ്ങുകയാണ്. കൽക്കരി മേഖലയിലെ തൊഴിലാളികളും പണിമുടക്കിന് തയാറെടുക്കുകയാണ്. കേന്ദ്ര- പൊതുമേഖല ജീവനക്കാരും പണിമുടക്കിന്റെ പാതയിലാണ്. സിഐടിയു സ്വതന്ത്രമായി മുന്നോട്ട് വയ്ക്കുന്ന മുദ്രാവാക്യങ്ങൾ തന്നെ സംയുക്തമായി മറ്റ് തൊഴിൽ സംഘടനകൾക്കും ഏറ്റെടുക്കാവുന്ന സ്ഥിതിയാണ്.

ഒപ്പം മുൻപില്ലാത്ത വിധത്തിൽ കർഷകർക്ക് ഇടയിലും സമരസന്നദ്ധത ഉടലെടുത്തതും നല്ല അന്തരീക്ഷമാണ്. നാല് വർഷക്കാലം മോഡി സർക്കാർ എന്തെല്ലാം വാഗ്ദാനം ചെയ്തുവെന്നും അവയിലെ പൊള്ളത്തരവും തട്ടിപ്പും സംസ്ഥാനങ്ങളിലും ജില്ലാ അടിസ്ഥാനത്തിലും ജനങ്ങളെ ബോധിപ്പിക്കുകയും ജനങ്ങളെ അണിനിരത്തുകയും ചെയ്യുകയെന്ന പ്രചാരവേലയാണ് സമരത്തിന്റെ ലക്ഷ്യം. ഇതിന്റെ ഭാഗമായി ആഗസ്ത് 9 ന് ക്വിറ്റ് ഇന്ത്യാ ദിനത്തിൽ കിസാൻ സഭ ജില്ലാടിസ്ഥാനത്തിൽ നടത്തുന്ന ജയിൽ നിറയ്ക്കൽ സമരവുമായി സിഐടിയു സഹകരിക്കും. ഇന്ത്യൻ ഭരണഘടന തന്നെ അവതാളത്തിലാക്കുന്ന മോഡി സർക്കാരിന്റെ നയങ്ങളെ തുറന്നുകാട്ടുന്ന പ്രക്ഷോഭ പരിപാടികൾ ആഗസ്ത് 14 ന് സ്വാതന്ത്ര്യ ദിനത്തിന്റെ തലേ രാത്രി സംഘടിപ്പിക്കും. സെപ്തംബർ അഞ്ചിന് ഡൽഹിയിൽ കർഷക സംഘം, കർഷക തൊഴിലാളി യൂണിയൻ, അഖിലേന്ത്യാ കിസാൻ സഭ എന്നിവയുടെ ആഭിമുഖ്യത്തിൽ വമ്പിച്ച പ്രക്ഷോഭം നടത്തുമെന്നും തപൻസെൻ പറഞ്ഞു.

**ന്യൂജൻ സ്ഥാപനങ്ങളിൽ അടിമത്തത്തിന്റെ പുതുരൂപം- എകെപി**

അടിമത്തത്തിന്റെ പുതിയ രൂപങ്ങളാണ് ന്യൂജൻ സ്ഥാപനങ്ങളിലെ തൊഴിലാളികൾ നേരിടുന്നതെന്നും അവയെ സിഐടിയു എന്ന നിലയിൽ അഭിമുഖീകരിക്കുകയും അവരുടെ അവകാശങ്ങൾ നേടിയെടുക്കാൻ ഇടപെടുകയും വേണമെന്ന് സിഐടിയു അഖിലേന്ത്യാ വൈസ് പ്രസിഡന്റ് എ കെ പത്മനാഭൻ പറഞ്ഞു. ജനറൽ കൗൺസിലിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

മനുഷ്യത്വരഹിതമായ ഇടപെടലുകളാണ് ഇവിടങ്ങളിൽ തൊഴിലാളികൾക്കെതിരെ നടക്കുന്നത്. അതിൽ ഇടപെടാൻ തൊഴിലാളികളെ പ്രാപ്തരാക്കണം. വിവിധ സംഘടനകളെ ഏകോപിപ്പിച്ച് ജനകീയ ഇടപെടലുകൾ നടത്താൻ സിഐടിയു നേതൃത്വപരമായ പങ്കുവഹിക്കണം.

ബഹുജന സംഘടനകളെ ശക്തിപ്പെടുത്തി അവരുടെ സമരത്തിലൂടെ സമൂഹത്തിന് ആവശ്യമായ കാര്യങ്ങൾ നേടിയെടുക്കുകയാണ് വേണ്ടത്.





ഇക്കാര്യത്തിൽ സിഐടിയുവിന് പ്രധാന കടമയുണ്ട്. പല പുതിയ മേഖലകളിലും കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. പുതിയ പ്രവണതക്കനുസരിച്ച് ഇടപെടാൻ കഴിയണം. അതിനുള്ള ബോധവൽക്കരണം ഉണ്ടാകണം. നവലിബറൽ കാലഘട്ടത്തിൽ സമൂഹത്തിന്റെ ചിന്താധാരയിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾക്ക് അനുയോജ്യമായി ഇടപെടുകയെന്നത് പ്രധാനമാണ്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ അവകാശത്തിനായുള്ള സമരങ്ങൾ വിജയിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ആ നേട്ടങ്ങൾ സംഘടനയുടെ വളർച്ചക്ക് ഉപകരിച്ചിട്ടില്ല. തൊഴിലാളി വർഗത്തിന്റെ വിശാലമായ ഐക്യമെന്ന പരമോന്നത ലക്ഷ്യത്തോടൊപ്പം സ്വന്തം ശക്തി വർധിപ്പിക്കാനും ശ്രമിക്കണം. അടിസ്ഥാനപരമായ നിലപാടുകൾ നിലനിർത്തിക്കൊണ്ടുള്ള ഐക്യത്തിലൂടെ വർഗ സമരത്തെ ശക്തിപ്പെടുത്തുകയും പതിന്മടങ്ങ് ശേഷി വർധിപ്പിക്കുകയുമാണ് സിഐടിയു ലക്ഷ്യം.

വർഗീയമായും ജാതീയമായും തൊഴിലാളികളെ സംഘടിപ്പിക്കുന്ന വിഭാഗങ്ങളുണ്ട്. ആർഎസ്എസിന്റെ വർഗീയ നിലപാടുകൾക്കെതിരെ താത്വികമായ പ്രചാരണം ഒരു ഭാഗത്ത് നടത്തുമ്പോൾ തന്നെ തൊഴിലാളികളുടെ അവകാശങ്ങൾ നേടിയെടുക്കാനുള്ള പ്രവർത്തനങ്ങളിൽ അവരോടൊപ്പം ഉണ്ടാകണം. ട്രേഡ് യൂണിയനുകളിലെ ജാതീയമായ അടിയൊഴുക്കുകൾ ശ്രദ്ധിക്കണം. ഇക്കാര്യത്തിൽ കേരളത്തിൽ വലിയ പ്രശ്നങ്ങൾ ഇല്ലെങ്കിലും തമിഴ്നാട്, ഗുജറാത്ത്, ബീഹാർ, മധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ ഇത് ഗൗരവതരമാണ്.

സംസ്ഥാന സർക്കാരിന്റെ പ്രവർത്തനം രാജ്യത്തൊട്ടാകെയുള്ള തൊഴിലാളികളുടെയും സാധാരണക്കാരുടെയും ശ്രദ്ധപിടിച്ചുപറ്റിയിട്ടുണ്ട്.

കേരളത്തിലെ ദളിത് പൂജാരി നിയമം തമിഴ്നാട്ടിലെ ജനങ്ങളെയാകെ ആവേശഭരിതരാക്കിയിട്ടുണ്ട്. അവിടെ ദളിതരെ പൂജ പഠിപ്പിച്ചിട്ടുണ്ടെങ്കിലും ഒരാളെ പോലും നിയമിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ലെന്നും എ കെ പത്മനാഭൻ പറഞ്ഞു.

### നാല് വർഷവും മോഡി പണിയെടുത്തത് കോർപറേറ്റുകൾക്കു വേണ്ടി– ആനത്തലവട്ടം ആനന്ദൻ

കഴിഞ്ഞ നാല് വർഷവും കേന്ദ്രത്തിൽ അധികാരത്തിലുണ്ടായിരുന്ന മോഡി ഗവണ്മെന്റ് പണിയെടുത്തത് കോർപറേറ്റുകൾക്ക് വേണ്ടി മാത്രമാണെന്ന് സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ. നാല് വർഷമായി അധികാരത്തിൽ തുടരുന്ന മോഡി ഗവണ്മെന്റ് നടപ്പാക്കുന്ന തൊഴിലാളി വിരുദ്ധ നയങ്ങൾ മറികടക്കാനാണ് സിഐടിയു ശ്രമിക്കുന്നത്. കേന്ദ്ര ഗവണ്മെന്റിന്റെ നയങ്ങൾക്കെതിരെയുള്ള ബദലാണ് എൽഡിഎഫ് നേതൃത്വത്തിലുള്ള കേരള ഗവണ്മെന്റ് നടപ്പിലാക്കുന്നത്. നാല് വർഷം കൊണ്ട് 800 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നാണ് ബിജെപി സർക്കാർ അധികാരത്തിലെത്തുമ്പോൾ നൽകിയ വാഗ്ദാനം. എന്നാൽ കണക്കുകൾ പുറത്തുവന്നപ്പോൾ വെറും ഒരു ലക്ഷത്തി മുപ്പതിനായിരം തൊഴിലവസരങ്ങൾ മാത്രമാണ് സർക്കാരിന് സൃഷ്ടിക്കാനായത്, എന്നാൽ നോട്ട് നിരോധനവും ജിഎസ്ടിയും 70 ലക്ഷം തൊഴിലവസരങ്ങളാണ് രാജ്യത്ത് കവർന്നെടുത്തത്. സ്വയം തൊഴിലുകളുടെയും ചെറുകിട വ്യവസായങ്ങളുടെയും തകർച്ച കൂടാതെയുള്ള കണക്കാണിത്. രാജ്യത്ത് തൊഴിലന്വേഷകരായ യുവതീയുവാക്കൾക്ക് വലിയ തിരിച്ചടിയാണ് കേന്ദ്ര ഭരണം വരുത്തി വച്ചിരിക്കുന്നത്. നാക്കെടുത്താൽ താൻ പാവങ്ങൾക്ക് വേണ്ടിയാണ് പ്രവർത്തിക്കുന്നതെന്നാണ് മോഡി പറയുന്നത്. അച്ഛേദിൻ വരുമെന്ന് പറയുന്നു. എന്നാൽ നാല് വർഷത്തെ പ്രവർത്തനം കൊണ്ട് മനസിലാക്കാം അദ്ദേഹം ആർക്ക് വേണ്ടിയാണ് പണിയെടുത്തതെന്ന്. അത് കോർപറേറ്റുകൾക്ക് വേണ്ടി മാത്രമാണ്. ഒരു ശതമാനമായിരുന്ന രാജ്യത്തെ ശതകോടീശ്വരന്മാരുടെ വിഹിതം 49 ശതമാനമായി ബിജെപി ഭരണത്തിൽ ഉയർന്നുവെന്നതാണ് മറ്റൊരു നേട്ടം. ■

# സിഐടിയു സംസ്ഥാന ജനറൽ കൗൺസിൽ യോഗത്തിൽ ജനറൽ സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ടിൽ നിന്ന്



പ്രിയപ്പെട്ട പ്രതിനിധി സഖാക്കളെ,

2016 ഒക്ടോബർ 29, 30, 31 തീയതികളിലാണ് 13–ാം സംസ്ഥാന സമ്മേളനം പാലക്കാട് ചേർന്നത്. കഴിഞ്ഞ സംസ്ഥാന സമ്മേളനത്തിനു ശേഷമുള്ള 18 മാസക്കാലത്തെ പ്രവർത്തനങ്ങളിലേക്ക് ഒരെത്തിനോട്ടം നടത്താൻ ഈ റിപ്പോർട്ടിൽ ശ്രമിച്ചിട്ടുണ്ട്. ലോക സാമ്പത്തിക – രാഷ്ട്രീയ സ്ഥിതിഗതികളിൽ ഈ കാലത്ത് വന്ന മാറ്റങ്ങൾ ചുരുക്കി റിപ്പോർട്ടിൽ കൊടുത്തിട്ടുണ്ട്.

**സാർവദേശീയ സ്ഥിതി**

അഭൂതപൂർവമായ സാമ്പത്തിക അസമത്വം മാനവരാശിക്കുമേൽ വിനാശകരമായി അടിച്ചേൽപ്പിച്ച ലോകമുതലാളിത്തത്തിന്റെ ലാഭാർത്തിയുടെ ഒരു കാലയളവാണ് കഴിഞ്ഞ കൗൺസിലിനു ശേഷം ഈ കൗൺസിലിലേക്കെത്തുമ്പോൾ നാം പിന്നിടുന്നത്. നവ ലിബറൽ മുതലാളത്തത്തിന്റെ 3 പതിറ്റാണ്ടിലെ അനുഭവങ്ങൾ സാമ്പത്തിക, രാഷ്ട്രീയ, സാമൂഹിക മണ്ഡലങ്ങളിൽ ആഗോളവത്കരണ നയങ്ങൾ ഇനിയും തുടരാനാവാത്ത പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. ഗവണ്മെന്റുകളുടെ ചിലവ് ചുരുക്കുന്ന, ബഡ്ജറ്റ് വിഹിതം വെട്ടി ചുരുക്കുന്ന, ശമ്പളവും പെൻഷനും മരവിപ്പിക്കുന്ന പൊതുമേഖലാതൊഴിലുകൾ വെട്ടിക്കുറക്കുന്ന ഈ നയങ്ങൾക്കെതിരെ ലോക വ്യാപകമായി ജനങ്ങളുടെ പ്രതിഷേധവും അമർഷവും ശക്തിപ്പെടുകയാണ്. വികസിത മുതലാളിത്ത രാജ്യങ്ങളായ അമേരിക്ക, ഇംഗ്ലണ്ട്, ഫ്രാൻസ് , ജർമനി എന്നിവിടങ്ങളിലും തൊഴിലെടുക്കുന്നവരുടെ പ്രക്ഷോഭം ശക്തിപ്പെടുകയാണ്. ആഗോള നയങ്ങൾ സൃ ഷ്ടിച്ച അമർഷം പ്രയോജനപ്പെടുത്തി നേട്ടമുണ്ടാക്കാനുള്ള വലതുപക്ഷ രാഷ്ട്രീയ ശക്തികളുടെ പരിശ്രമങ്ങൾക്ക് വികസിത രാജ്യങ്ങളിൽ പൊതുവിൽ അംഗീകാരം ലഭിക്കുന്ന പ്രവണത ശക്തിപ്പെടുകയാണ്. അമേരിക്കയിലെ ട്രംപിന്റെ വിജയവും ഫ്രഞ്ച് ജർമൻ തിരഞ്ഞെടുപ്പുകളിലെ തീവ്രവലതുപക്ഷത്തിന്റെ നേട്ടങ്ങളും ഈ പ്രവണതയെ ബലപ്പെടുത്തുന്നതാണ്. തൊഴിലാളി വർഗത്തിന്റെ അതി ശക്തമായ പ്രക്ഷോഭങ്ങളും ഇടതുപക്ഷത്തിന്റെ മുന്നേറ്റങ്ങളും സമാന്തരമായി ശക്തിപ്പെടുന്നുമുണ്ട്.

**ദേശീയ രംഗം**

കേന്ദ്രത്തിൽ ബി ജെ പി സർക്കാർ അധികാരത്തിൽ വന്ന ശേഷം വലതുപക്ഷ ശക്തികളുടെ ആക്രമണോത്സുകമായ കൂടിച്ചേരൽ ഇവിടെ സംഭവിച്ചുകൊണ്ടിരിക്കുന്നു എന്ന് സിംല വർക്കിംങ് കമ്മിറ്റിയുടെ നിരീക്ഷണം ശരിയാണന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു. നവലിബറലിസത്തിന്റെ ആക്രമണാത്മക മുന്നേറ്റം, വർഗീയ വിഭജനത്തിലെ തീവ്രത, ഏകാധിപത്യ രീതികൾ, അമേരിക്കൻ സാമ്രാജ്യത്തത്തിന്റെ തന്ത്രപരമായ ജൂനിയർ പങ്കാളിത്തത്തിലേക്കെത്തുന്ന വിദേശനയം എന്നീ നാലു അടിസ്ഥാനഘടകങ്ങളാണ് വലതുപക്ഷ ആക്രമണത്തിന്റെ ആണിക്കല്ലുകൾ. ഇരുപതിലധികം സംസ്ഥാനങ്ങളിൽ അധികാരം ലഭ്യമായതോടെ കേന്ദ്രത്തിലെ ബിജെപി സർക്കാരിന്റെ ധാർഷ്ഠ്യം അതിന്റെ ഉച്ചസ്ഥായിലാണ്

രാജ്യത്ത്, പ്രത്യേകിച്ചും ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ, സർക്കാരിന്റെ എല്ലാവിധ പിന്തുണയോടെ ആർ എസ്സ് എസ്സിന്റെ വിവിധ അവാന്തര വിഭാഗങ്ങൾ സമാന്തര അധികാരികളായി അവതരിച്ച് ജനങ്ങളുടെ ദൈനം ദിന ജീവിതത്തെ നിയന്ത്രിക്കാൻ ശ്രമിച്ചു വരികയാണ്. പിന്തിരിപ്പൻ ഹിന്ദുത്വ സിദ്ധാന്തത്തിന്റെ പകർന്നാട്ടം ദളിതുകൾക്കും ന്യൂനപക്ഷങ്ങൾക്കും സ്ത്രീകൾക്കും സാമൂഹ്യമായി അടിച്ചമർത്തപ്പെട്ടവർക്കുമെതിരെ പൈശാചികമായ ആക്രമണങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നു

**കേരളം**

ആഗോളവൽക്കരണ നയങ്ങൾ രാജ്യത്ത് നടപ്പാക്കപ്പെട്ടതോടെ, കേരളം കടുത്ത പ്രതിസന്ധിയിലേക്ക് നീങ്ങാനാരംഭിച്ചു. അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ് പോലുള്ള വേദികളിൽ ഇത്തരം പ്രശ്നങ്ങൾ സജീവമായി ചർച്ച ചെയ്യപ്പെട്ടു. 2016 ൽ അധികാരത്തിൽ വന്ന എൽഡിഎഫ് സർക്കാർ,

മുൻ എൽഡിഎഫ് സർക്കാരുകളെ പോലെ കേന്ദ്ര നയങ്ങൾക്ക് ജനപക്ഷ ബദൽ നയം ഉയർത്തിപിടിച്ചാണ് പ്രവർത്തിക്കുന്നത്.

പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റു തുലയ്ക്കുക, കാർഷിക മേഖലയിലെ നിക്ഷേപം ഇല്ലാതാക്കുക, സാമൂഹ്യ സുരക്ഷാ - സേവന മേഖലകളിൽ നിന്ന് സർക്കാർ പിൻമാറുക, ആരോഗ്യ- വിദ്യാഭ്യാസ മേഖലയെ സ്വകാര്യവൽക്കരിക്കുക തുടങ്ങിയ നവ ഉദാരവൽക്കരണ നയങ്ങളാണ് കേന്ദ്ര സർക്കാർ മുന്നോട്ടു വയ്ക്കുന്നത്. ഇത്തരം നയങ്ങൾക്ക് ബദലില്ല എന്ന കാഴ്ചപ്പാട് പ്രചരിക്കപ്പെടുന്ന കാലത്ത് അവയ്ക്ക് ബദൽ മുന്നോട്ടുവച്ച് അതിനു പിന്നിൽ ജനങ്ങളെ അണിനിരത്തി ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ പ്രവർത്തിക്കുന്നു. ഫെഡറൽ സംവിധാനങ്ങളെ ദുർബലമാക്കുന്ന നയങ്ങളും, നവ- ഉദാരവൽക്കരണ നയങ്ങൾ സൃഷ്ടിക്കുന്ന പ്രതിസന്ധികളും മറികടന്നു വേണം എൽഡിഎഫ് സർക്കാരുകൾക്ക് പ്രവർത്തിക്കാൻ.

വർത്തമാന കാലത്ത് നോട്ടു നിരോധനവും, ജിഎസ്ടിയും സംസ്ഥാനത്തിന്റെ സാമ്പത്തിക നിലക്ക് വലിയ ആഘാതം സൃഷ്ടിച്ചു. ഈ രണ്ട് നടപടികളും സംസ്ഥാനത്തെ തൊഴിൽ മേഖലകളെ ഏറെ ദോഷകരമായി ബാധിച്ചു. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നുള്ള വിഹിതം കുറഞ്ഞു വരുന്നു. പുതിയ ഭക്ഷ്യ സുരക്ഷാ പദ്ധതി സംസ്ഥാനത്തെ നിലവിലുണ്ടായിരുന്ന റേഷൻ വിതരണത്തെ അവതാളത്തിലാക്കി. പെട്രോളിയം ഉൽപന്നങ്ങളുടെ അടിക്കടിയുള്ള വിലക്കയറ്റം ജനജീവിതത്തെ കാര്യമായി ബാധിച്ചു.

ഈ സങ്കീർണമായ സാഹചര്യത്തിലാണ് ജനങ്ങളുടെ താല്പര്യം സംരക്ഷിക്കുന്ന നടപടികൾ എൽഡിഎഫ് സർക്കാർ സ്വീകരിച്ചുവരുന്നത്. പൊതുമേഖലാ വ്യവസായങ്ങളെ പുനരുദ്ധരിക്കാനും സംരക്ഷിക്കാനും സർക്കാർ ശ്രമിച്ചുവരുന്നു. യുഡിഎഫ് സർക്കാരിന്റെ കാലത്ത് നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പല പൊതുമേഖലാ വ്യവസായങ്ങളും ലാഭത്തിലായി. യുഡിഎഫ് സർക്കാർ തകർത്ത കെഎസ്ആർടിസിയെ പുനരുദ്ധരിക്കാനുള്ള നടപടി സർക്കാർ നടപ്പാക്കി വരികയാണ്. കാർഷിക മേഖലയിലെ നിക്ഷേപം ഉയർത്തിയും, ഹരിത കേരളം പോലുള്ള പദ്ധതികൾ നടപ്പാക്കിയും കാർഷിക ഉത്പാദനം വർധിപ്പിക്കാനുള്ള നടപടികൾ ആരംഭിച്ചു.

സംസ്ഥാനത്തെ മതന്യൂനപക്ഷങ്ങൾ എൽഡിഎഫ് ഉയർത്തുന്ന നയങ്ങളോട് പൊതുവിൽ താല്പര്യം പുലർത്തുന്നുണ്ട്. ഈ അവസ്ഥ തകർക്കാനാണ് മുസ്ലീം ലീഗ്, മുസ്ലീം തീവ്രവാദ സംഘടനകൾ എന്നിവർ ശ്രമിക്കുന്നത്. ഈ വസ്തുത നല്ല നിലയിൽ ജനങ്ങളെ ബോധ്യപ്പെടുത്താനാവണം.

ബിജെപി നേതൃത്വം നൽകുന്ന കേന്ദ്ര സർക്കാരിന്റെ നയങ്ങൾക്കെതിരായ പോരാട്ടത്തിൽ തൊഴിലാളികളെ ആകെ അണിനിരത്താനാവണം. തൊഴിലാളി- കർഷക ജനതയുടെ യോജിച്ച പോരാട്ടത്തിലൂടെ ഇടതുപക്ഷ ജനാധിപത്യ ബദൽ ഉയർത്തിക്കൊണ്ട് വരാൻ സാധിക്കണം. അതിന് ഏറ്റവും അനുയോജ്യമായ രാഷ്ട്രീയ സാഹചര്യമാണ് ഇന്ന് സംസ്ഥാനത്ത് നിലനിൽക്കുന്നത്. ഈ രാഷ്ട്രീയ ചുമതല ഏറ്റെടുക്കാൻ സിഐടിയു സംഘടനകളും പ്രവർത്തകരും സന്നദ്ധമാവണം.

### ഭാവി പ്രവർത്തനങ്ങൾ

കോഴിക്കോട് ദേശീയ കൗൺസിൽ അംഗീകരിച്ച തീരുമാനങ്ങൾ നടപ്പാക്കലാണ് നമ്മുടെ അടിയന്തിര കടമ. താഴെ പറയുന്ന പ്രവർത്തന പരിപാടികൾ നടപ്പാക്കണം.

**സെപ്തംബർ 5 ന്റെ ഡൽഹി ചലോ-** സിഐടിയു, കിസാൻസഭ സംഘടനകളുടെ നേതൃത്വത്തിൽ തൊഴിലാളികളും കർഷകരും അണിനിരക്കുന്ന വമ്പിച്ച പ്രകടനം- ഈ പരിപാടി വിജയിപ്പിക്കാൻ മുഴുവൻ യൂണിയനുകളും സിഐടിയു കമ്മിറ്റികളും സജീവമായി രംഗത്തിറങ്ങണം. താഴെ പറയുന്ന പ്രവർത്തന പരിപാടികൾ വിജയിപ്പിക്കണം.

a) യൂണിയൻ കമ്മിറ്റികൾ/ജനറൽ ബോഡികൾ- മെയ് 10 നും 20 നും ഇടയിൽ
b) ജില്ലാ കമ്മിറ്റി യോഗങ്ങൾ- മെയ് 10 നും 15 നും ഇടയിൽ.
c) ജില്ലാ കൗൺസിലുകൾ - മെയ് 21 നും 31 നും ഇടയിൽ
d) ഏരിയാ/ ഡിവിഷൻ കമ്മിറ്റികൾ- ജൂൺ 10 നകം
e) പഞ്ചായത്ത്/ മുനിസിപ്പൽ തല പ്രവർത്തക യോഗങ്ങൾ- ജൂൺ 15 നും 25 നും ഇടയിൽ
f) ഹൗസ് സ്ക്വാഡ് പ്രവർത്തനം - ജൂലൈ മാസത്തിൽ
g) ജില്ലകളിൽ പരസ്യ ക്യാമ്പെയിൻ- ജൂലൈ മാസത്തിൽ
h) ഗേറ്റ് മീറ്റിംങ്ങുകൾ, കുടുംബയോഗങ്ങൾ- ജൂലൈ മാസത്തിൽ
i) സംസ്ഥാനതല പ്രചരണ ജാഥ- ആഗസ്റ്റ് മാസം ആദ്യ വാരം.
J) മേഖലാ പ്രചരണ ജാഥകൾ - ആഗസ്റ്റ് മാസം

**2.** കഴിഞ്ഞ സംസ്ഥാന സമ്മേളനം തീരുമാനിച്ച മെമ്പർഷിപ്പ് ടാർജറ്റ് പൂർത്തിയാക്കുക.

3. സിഐടിയു സന്ദേശം എല്ലാ യൂണിയനുകളും വരിക്കാരെ ചേർത്ത് നിശ്ചയിച്ച എണ്ണം പൂർത്തിയാക്കണം.

4. ദേശീയ കൗൺസിൽ അംഗീകരിച്ച സംഘടനാ രേഖ നടപ്പാക്കൽ, 2018 ആഗസ്റ്റ് മാസം സംസ്ഥാന ശില്പശാല സംഘടിപ്പിക്കണം.

5. സോഷ്യൽ മീഡിയ- സംസ്ഥാന കേന്ദ്രത്തിൽ സജീവമായി പ്രവർത്തിക്കുന്ന ഒരു ഗ്രൂപ്പ് രൂപീകരിക്കും.

**പ്രമേയങ്ങൾ**

1. സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ വ്യവസായങ്ങളുടെ ഓഹരി വിൽപനയിൽ നിന്നും കേന്ദ്രം പിൻമാറണം.
2. ഫിക്സഡ് ടേം ഉൾപ്പെടെയുള്ള എല്ലാ തൊഴിലാളി വിരുദ്ധ തൊഴിൽ നിയമ ഭേദഗതികളും പിൻവലിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു
3. എൽഡിഎഫ് സർക്കാരിനെ സംരക്ഷിക്കുക
4. സംഘപരിവാർ സംഘടനകൾ രാജ്യ തലസ്ഥാനത്ത് നടത്തിയ അഴിഞ്ഞാട്ടത്തെയും അവർ ഉയർത്തുന്ന തീവ്ര വർഗീയതയെയും അപലപിക്കുക
5. ഗതാഗത മേഖലയെ തകർക്കുന്ന കേന്ദ്ര മോട്ടോർ വാഹന നിയമ ഭേദഗതി ബിൽ പിൻവലിക്കുക.
6 . പെട്രോൾ ജിസൽ – വില വർധനവ് തടയുക
7. റബർ മേഖലാ പ്രതിസന്ധിക്ക് പരിഹാരം കാണുക
8. ന്യൂജൻ സ്ഥാപന മാനേജ്മെന്റുകളുടെ പ്രവർത്തനം രാജ്യത്തെ തൊഴിൽ വ്യവസ്ഥകൾ പാലിച്ചുകൊണ്ടുള്ളതാകണം
9. പൊതുമേഖലാ ബാങ്കുകളെ സംരക്ഷിക്കുക, ബാങ്ക് തട്ടിപ്പുകാർക്കെതിരെ നടപടി സ്വീകരിക്കുക
10. കശുവണ്ടി വ്യവസായത്തിലെ പ്രതിസന്ധിക്കു പരിഹാരം കാണുക, കേന്ദ്ര സർക്കാരിന്റെ തെറ്റായ നയങ്ങൾ തിരുത്തുക
11. റെയിൽവെ സ്വകാര്യവൽക്കരണം അവസാനിപ്പിക്കുക
12. ദളിത് വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ
13. സ്കീം വർക്കേഴ്സിന് തൊഴിലാളികളുടെ എല്ലാ ആനുകൂല്യങ്ങളും നൽകി അംഗീകരിക്കുക
14. ഹിന്ദുസ്ഥാൻ ലാറ്റക്സ് സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തിൽ നിന്ന് കേന്ദ്ര സർക്കാർ പിൻമാറുക
15. നിർമാണ തൊഴിലാളി ക്ഷേമനിധിയെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുക
16. നിർമാണ മേഖലയെ സംരക്ഷിക്കുക, നിർമാണ തൊഴിലാളികളുടെ തൊഴിലും സംരക്ഷിക്കുവാൻ കേന്ദ്ര- സംസ്ഥാന സർക്കാരുകൾ നടപടി സ്വീകരിക്കുക

**സഖാക്കളെ,**

2019 ൽ ലോകസഭാ തെരഞ്ഞെടുപ്പ് നടക്കാൻ പോകുകയാണ്. 2014 ൽ അധികാരത്തിൽ വന്ന ബിജെപി സർക്കാരിന്റെ ജനവിരുദ്ധ- തൊഴിലാളി വിരുദ്ധ നയങ്ങൾക്കെതിരെ നാം നിരന്തരമായി പോരാടുകയായിരുന്നു. ജനങ്ങളുടെ ശബ്ദവും പ്രതിഷേധവും തെല്ലും വകവയ്ക്കാതെ നവ- ഉദാരവൽക്കരണ നയങ്ങൾ നടപ്പാക്കുകയായിരുന്നു മോഡി സർക്കാർ. അതോടൊപ്പം നമ്മുടെ രാഷ്ട്രത്തിന്റെ മതനിരപേക്ഷ-ജനാധിപത്യ പാരമ്പര്യത്തെ തകർക്കാനും കേന്ദ്ര ഭരണാധികാരത്തെ ഉപയോഗിച്ച് സംഘപരിവാർ ശ്രമിക്കുന്നു. അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ഇംഗിതങ്ങൾക്കു വഴങ്ങി ചേരി-ചേരാ നയങ്ങൾ ഉപേക്ഷിച്ചു. രാഷ്ട്ര താല്പര്യം ബലികഴിച്ച ബിജെപിയെ അധികാരത്തിൽ നിന്ന് നിഷ്കാസനം ചെയ്യുക എന്നത് ഈ സാഹചര്യത്തിൽ നമ്മുടെ മുഖ്യ കടമായാണ്.

* വരാൻ പോകുന്ന ലോകസഭാ തെരഞ്ഞെടുപ്പിൽ ബിജെപിയെ പരാജയപ്പെടുത്താൻ സംസ്ഥാനത്തെ മുഴുവൻ തൊഴിലാളികളെയും സജ്ജമാക്കണം.
* സിഐടിയു അംഗങ്ങളെയും അവരുടെ മുഴുവൻ കുടുംബാംഗങ്ങളെയും ഈ കാര്യങ്ങൾ ബോധ്യപ്പെടുത്തി രംഗത്തിറക്കണം.
* ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ ശക്തിപ്പെടുത്താനും പാർലമെന്റ് തെരഞ്ഞെടുപ്പിൽ വിജയിപ്പിക്കാനും മുഴുവൻ തൊഴിലാളികളും രംഗത്തിറങ്ങണം.
* അധ്വാനിക്കുന്ന വർഗത്തിന്റെ ജീവിതം തകർത്ത മോഡി സർക്കാർ ജനങ്ങളുടെ പ്രതിഷേധം ചെവിക്കൊണ്ടില്ല; ജനവിരുദ്ധ നയങ്ങൾ മാറ്റാൻ സന്നദ്ധമായില്ല; നയങ്ങൾക്കെതിരായി നടത്തിയ സമരത്തിന്റെ പതിന്മടങ്ങ് ശക്തിയോടെ സർക്കാരിനെ മാറ്റാനുള്ള പോരാട്ടത്തിൽ ഏർപ്പെടാൻ തൊഴിലാളി വർഗത്തെ ഐക്യപ്പെടുത്തണം.

പത്തനംതിട്ടയിൽ ചേരുന്ന സിഐടിയു സംസ്ഥാന ജനറൽ കൗൺസിലിന്റെ ഈ സന്ദേശം എല്ലാ തൊഴിലാളികളിലും കുടുംബങ്ങളിലും എത്തിക്കാൻ എല്ലാവരും സജ്ജമാവണം. ■

# മതഭ്രാന്തന്മാരുടെയും കാമഭ്രാന്തന്മാരുടെയും ദുശ്ശാസന വാഴ്ച

കെ.ടി.കുഞ്ഞിക്കണ്ണൻ




**കടുത്ത മുസ്ലീം വിരുദ്ധത പ്രചരിപ്പിച്ച് കത്വയിൽ നടന്ന ക്രൂരകൃത്യത്തെ ന്യായീകരിക്കാനും അതിലെ പ്രതികളെ സംരക്ഷിക്കാനുമാണ് സംഘപരിവാർ സംഘടനകൾ ശ്രമിക്കുന്നത്. അവരുടെ യഥാർത്ഥ മുഖമാണ് പുറത്തുവന്നിരിക്കുന്നത്. ധർമ്മബോധവും നീതിബോധവും നഷ്ടപ്പെട്ട ദുശ്ശാസന്മാരുടെ പിൻമുറക്കാരാണ് ബി.ജെ.പി നേതാക്കളെന്ന കാര്യമാണ് ഈ സംഭവം വെളിവാക്കുന്നത്. കുറ്റവാളികളെ രക്ഷിക്കാനുള്ള ജമ്മുകാശ്മീരിലെ ബി.ജെ.പി നേതാക്കളുടെയും മന്ത്രിമാരുടെയും നീക്കത്തിനെതിരെ ശക്തമായ പ്രതിഷേധമാണ് ഉയർന്നുവന്നിരിക്കുന്നത്.**

ഇന്ത്യ നരേന്ദ്രമോഡി ഭരണത്തിനുകീഴിൽ മതഭ്രാന്തന്മാരുടെയും കാമഭ്രാന്തന്മാരുടെയും ദുശ്ശാസന വാഴ്ചയിലാണ്. ജമ്മുകാശ്മീരിലെ കത്തുവായിൽ നിന്നും ഉത്തർപ്രദേശിലെ ഉന്നാവയിൽ നിന്നും വരുന്ന റിപ്പോർട്ടുകൾ അതാണ് സൂചിപ്പിക്കുന്നത്. ഹിന്ദുത്വവാദികളുടെ ഭരണത്തിൽ ഇന്ത്യ ബലാത്സംഗക്കാരുടെ റിപ്പബ്ലിക്കായി അധഃപതിക്കുകയാണ്. തങ്ങൾക്ക് അനഭിമതരായ ജനസമൂഹങ്ങളെ ഗുണ്ടാസംഘങ്ങളെ അഴിച്ചുവിട്ടും അവരുടെ സ്ത്രീകളെ ബലാത്സംഗത്തിലൂടെ കീഴ്പ്പെടുത്തുക എന്ന തന്ത്രമാണ് സംഘപരിവാർ അത്യന്തം നീചമായ രീതിയിൽ പരീക്ഷിച്ചുകൊണ്ടിരിക്കുന്നത്. ഹിന്ദുരാഷ്ട്രവാദികൾ സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ അഴിച്ചുവിട്ട വർഗീയ കലാപങ്ങളും ക്രൂരമായ ബലാത്സംഗ ശ്രമങ്ങളും നിരവധി അന്വേഷണ കമ്മീഷനുകൾ തന്നെ പുറത്തുകൊണ്ടുവന്നിട്ടുള്ളതാണ്. തങ്ങൾക്കനഭിമതരായ സമൂഹങ്ങളെയും അവരുടെ സ്ത്രീകളെയും ബലാത്സംഗങ്ങളിലൂടെ കീഴ്പ്പെടുത്തുകയാണവർ.

ഉത്തർപ്രദേശിൽ ബി.ജെ.പി എം.എൽ.എ കുൽദീപ്സിംഗ് സെംഗറുടെ ബലാത്സംഗത്തിനിരയായ പെൺകുട്ടിയെയും കുടുംബത്തെയും യോഗി ആദിത്യനാഥിന്റെ പോലീസ് തടങ്കലിലാക്കിയിരിക്കുന്നു. പെൺകുട്ടിയുടെ പിതാവ് പോലീസ് കസ്റ്റഡിയിൽ കൊലചെയ്യപ്പെടുകയാണുണ്ടായത്. ഉന്നാവയിലെ പെൺകുട്ടിയെ പീഢിപ്പിച്ച എം.എൽ.എയെ ഇതുവരെ അറസ്റ്റുചെയ്യാൻ തയ്യാറായിട്ടില്ലെന്നു മാത്രമല്ല സർവവിധ ഭരണ സന്നാഹങ്ങളുപയോഗിച്ച് പെൺകുട്ടിയെയും കുടുംബത്തെയും വേട്ടയാടുകയാണ്. ഉത്തർപ്രദേശിലും ഡൽഹിയിലും രാജ്യമാസകലം പ്രതിഷേധമുയർന്നുവന്നതോടെ എം.എൽ.എയുടെ സഹോദരനെ അറസ്റ്റുചെയ്യാൻ യു.പി പോലീസ് നിർബന്ധിതമായി. അത് മുഖം രക്ഷിക്കാനുള്ള കളിമാത്രമാണ്.

അലഹബാദ് ഹൈക്കോടതി ഇടപെട്ടാണ് പെൺകുട്ടിയുടെ പിതാവ് പപ്പുസിംഗിന്റെ മൃതദേഹം സംസ്കരിക്കരുതെന്ന് നിർദ്ദേശം നൽകിയത്. ഇപ്പോൾ പുറത്തുവന്നിരിക്കുന്ന പോസ്റ്റ്മാർട്ടം റിപ്പോർട്ടിൽ പോലീസ് കസ്റ്റഡിയിലെ പീഢനമാണ് പപ്പുസിംഗിന്റെ ജീവനെടുത്തതെന്ന് വ്യക്തമാക്കുന്നതാണ്. ബി.ജെ.പി സർക്കാരിന്റെ ഒത്താശയോടെ നടന്ന ആസൂത്രിതമായ പപ്പുസിംഗിന്റെ കൊലപാതകത്തിനെതിരെ ഹൈക്കോടതിയിലെ മുതിർന്ന അഭിഭാഷകർ തന്നെ രംഗത്തുവന്നിരിക്കുകയാണ്.

നമ്മുടെ മനസ്സാക്ഷിയെ മരവിപ്പിക്കുന്ന സംഭവമാണ് ഇപ്പോൾ ജമ്മുകാശ്മീരിലെ കത്തുവയിൽ നിന്ന് പുറത്തുവന്നത്. ദിവസങ്ങളോളം ഒരു കൊച്ചു പെൺകുട്ടിയെ ഒരാരാധനാലയത്തിനുള്ളിൽ തടങ്കലിൽവെച്ച് കൂട്ടബലാത്സംഗത്തിനിരയാക്കി ക്രൂരമായി കൊലപ്പെടുത്തിയ സംഭവത്തിലെ പ്രതികളെ സംരക്ഷിക്കാൻ ബി.ജെ.പിയും തീവ്രഹിന്ദുത്വ സംഘടനകളും രംഗത്തിറങ്ങിയിരിക്കുകയാണ്. എന്താണ് കത്തുവായിലെ രസന ഗ്രാമത്തിൽ സംഭവിച്ചത്.

അവിടെ 8 വയസ്സുള്ള ആസിഫബാനു എന്ന പെൺകുട്ടിക്ക് ബ്രാഹ്മണ മതബോധത്തിന്റെയും കാമാന്ധതയുടെയും ഇരയായി ജീവിതം അവസാനിപ്പിക്കേണ്ടിവന്നു. നിഷ്കളങ്കയായ ഒരു പെൺകുട്ടിയെ കഴിഞ്ഞ ജനുവരി മാസത്തിലാണ് കൂട്ടബലാത്സംഗം ചെയ്ത് ബ്രാഹ്മണ ജാതി ഭ്രാന്തന്മാർ കൊലചെയ്യുകയായിരുന്നു. ഈ സംഭവം കടുത്ത വംശീയ വിദ്വേഷപ്രേരിതമായ വംശഹത്യാനീക്കമാണെന്ന യാഥാർത്ഥ്യം ഓരോ ഇന്ത്യക്കാരനെയും ഞെട്ടിപ്പിക്കുന്നതാണ്.

ബ്രാഹ്മണ ജാതിക്കാർ താമസിക്കുന്ന പ്രദേശത്ത് ആട്ടിടയന്മാരായ മുസ്ലീം കുടുംബങ്ങൾ സ്ഥലം വാങ്ങി വീട് വെച്ച് താമസിക്കുന്നതിലോടുള്ള അസഹിഷ്ണുതയാണു പോലും ഈ കുട്ടിയെ തട്ടിക്കൊണ്ടുപോകാനും കൊലചെയ്യാനും കാരണമായത്. ക്ഷേത്രത്തിലെ ദേവസ്ഥാനത്ത് 8 ദിവസങ്ങളായി ഒളിപ്പിച്ചുവെച്ചാണ് ബലാത്സംഗത്തിന് പെൺകുട്ടിയെ ഇരയാക്കിയത്. മയക്കുമരുന്ന് നൽകി നിഷ്കളങ്കയായ ഒരു പെൺകുട്ടിയെ കാമവെറിയന്മാർ മാറിമാറി ബലാത്സംഗം ചെയ്യുകയായിരുന്നു.

സംഭവമന്വേഷിച്ച പോലീസും ഒന്നര ലക്ഷം രൂപ കൈക്കൂലി വാങ്ങി ഈ മഹാപാതകത്തിന് കൂട്ടുനിന്നു. കഴിഞ്ഞ ദിവസങ്ങളിലായി ജമ്മുകാശ്മീർ സംസ്ഥാനത്ത് നടന്ന ശക്തമായ പ്രക്ഷോഭത്തെ തുടർന്നാണ് കേസന്വേഷണം കുറ്റവാളികളെ കണ്ടെത്തുന്നതിലേക്കും നിയമത്തിന്റെ പിടിയിൽ കൊണ്ടുവരുന്നതിലേക്കും എത്തിയത്. അപ്പോഴേക്കും പ്രതികളെ രക്ഷിക്കാനായി ബി.ജെ.പി മന്ത്രിമാർ തന്നെ രംഗത്തിറങ്ങി.

ഹിന്ദുഏകതാമഞ്ച് എന്ന സംഘടന പ്രതികൾക്കുവേണ്ടി റാലിതന്നെ സംഘടിപ്പിച്ചു. റാലിയിൽ വനം മന്ത്രി ചൗധരിലാൽസിംഗും വ്യവസായ മന്ത്രി ചന്ദ്രപ്രകാശ്ഗംഗയും പങ്കെടുത്തു. കടുത്ത മുസ്ലീം വിരുദ്ധത പ്രചരിപ്പിച്ച് ഈ ക്രൂരകൃത്യത്തെ ന്യായീകരിക്കാനും അതിലെ പ്രതികളെ സംരക്ഷിക്കാനുമാണ് സംഘപരിവാർ സംഘടനകൾ ശ്രമിക്കുന്നത്. അവരുടെ യഥാർത്ഥ മുഖമാണ് പുറത്തുവന്നിരിക്കുന്നത്. ധർമ്മബോധവും നീതിബോധവും നഷ്ടപ്പെട്ട ദുശ്ശാസനന്മാരുടെ പിൻമുറക്കാരാണ് ബി.ജെ.പി നേതാക്കളെന്ന കാര്യമാണ് ഈ സംഭവം വെളിവാക്കുന്നത്. കുറ്റവാളികളെ രക്ഷിക്കാനുള്ള ജമ്മുകാശ്മീരിലെ ബി.ജെ.പി നേതാക്കളുടെയും മന്ത്രിമാരുടെയും നീക്കത്തിനെതിരെ ശക്തമായ പ്രതിഷേധമാണ് ഉയർന്നുവന്നിരിക്കുന്നത്. ■

# സംഘടനാരേഖ

**2018 മാർച്ച് 23-26, കോഴിക്കോട്**
**ദേശീയ ജനറൽ കൗൺസിൽ**
**അംഗീകരിച്ചത്**
**ചുരുക്കിയ ചില ഭാഗങ്ങൾ**

**ഭുവനേശ്വർ രേഖയിലെ അടിസ്ഥാനപരമായ കണ്ടെത്തലുകളും മാർഗനിർദേശങ്ങളും ഇന്നും പ്രസക്തമാണ്. എങ്കിലും ഈ മാർഗനിർദേശങ്ങൾ നടപ്പാക്കുന്നതിൽ കഴിഞ്ഞ കാൽനൂറ്റാണ്ടു കാലത്തോളം നമുക്കുണ്ടായ പുരോഗതി നാം പരിശോധിക്കേണ്ടതുണ്ട്. മാറിയ ആഗോള സാഹചര്യം മുൻനിർത്തി നമ്മുടെ സംഘടനയെ നവീകരിക്കേണ്ടതുണ്ട്. നമ്മുടെ രാജ്യത്തെ തൊഴിലാളിവർഗത്തിനും മറ്റ് അധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കും മേൽ നവലിബറൽ നയങ്ങൾ സൃഷ്ടിച്ച ആഘാതങ്ങളുമായി ബന്ധപ്പെട്ട പ്രത്യേക വിഷയങ്ങളുമായി ബന്ധപ്പെട്ടാണ് നാമിത് ചെയ്യുന്നത്. പൊരുതി നേടിയ അവകാശങ്ങൾക്കുമേലും രാജ്യത്തെ ജനങ്ങളുടെ ജീവനോപാധിക്കുമേലും നവലിബറൽ നയങ്ങളുടെ കടന്നാക്രമണവും നമ്മുടെ ജനങ്ങളുടെ ഐക്യത്തിനും സാമൂഹിക ഗാത്രത്തിനും വർഗീയത സൃഷ്ടിക്കുന്ന ഭീഷണിയും അനുപൂരകമാണ്. ആർഎസ്എസ്സും അതിന്റെ അനുബന്ധ സംഘടനകളും വിവിധ സാമൂഹിക- വിദ്യാഭ്യാസ സാംസ്കാരിക സ്ഥാപനങ്ങൾ ഉപയോഗിച്ച്, സാധാരണ മനുഷ്യരുടെ ജീവിതത്തിന്റെ വിവിധ തലങ്ങളിൽ ആധിപത്യമുറപ്പിക്കുകയാണ്.**

കാൽനൂറ്റാണ്ട് മുമ്പ് 1993ലാണ് സിഐടിയു പ്രവർത്തക സമിതി ഭുവനേശ്വറിൽ ചേർന്ന് സംഘടന സംബന്ധിച്ച് ഒരു രേഖ അംഗീകരിച്ചത്. ഭുവനേശ്വർ രേഖ എന്ന പേരിലാണ് അത് അറിയപ്പെടുന്നത്. നമ്മുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്റെ ഭാഗമായി നമ്മൾക്കുണ്ടായ വളർച്ചയെ വിലയിരുത്തുകയും സ്വയം വിമർശനമായി പരിശോധിക്കുകയും ചെയ്യുക എന്നതാണ് രേഖയുടെ ലക്ഷ്യം. നമ്മുടെ വേഗത്തിലുള്ള വളർച്ചയ്ക്ക് പ്രതിബന്ധമായി നിൽക്കുന്ന സംഘടനാപരമായ ചില പോരായ്മകളും ദൗർബല്യങ്ങളും അത് കണ്ടെത്തുകയും എത്രയും പെട്ടെന്ന് ഈ പോരായ്മകളെ മറികടക്കാനും നമ്മുടെ പ്രവർത്തനം കുടുതൽ നവീകരിക്കാനും ലക്ഷ്യമിട്ടുള്ള നിരവധി കാര്യങ്ങൾക്ക് രൂപം നൽകുകയും ചെയ്തു.

ഭുവനേശ്വർ രേഖയുടെ പുതുക്കൽ നടപടി സിഐടിയു സെക്രട്ടറിയേറ്റ് നടത്തിയത് എല്ലാ സംസ്ഥാന കമ്മിറ്റികളുടെയും വ്യാവസായിക ഫെഡറേഷനുകളുടെയും പങ്കാളിത്തത്തോടെയാണ് മാർച്ച് 23-26 തീയതികളിൽ കോഴിക്കോട് ചേർന്ന സിഐടിയു ജനറൽ കൗൺസിൽ "പുതുക്കിയ സംഘടനാ രേഖ" ഏകകണ്ഠമായി അംഗീകരിച്ചു. ഈ "പുതുക്കിയ സംഘടനാരേഖ" "ഭുവനേശ്വർ രേഖ" യെ തള്ളിക്കളയുകയോ പകരം വയ്ക്കുകയോ ചെയ്യുന്നില്ല.

**അന്നത്തെയും ഇന്നത്തെയും സാഹചര്യം**

കോൺഗ്രസ് സർക്കാർ നവലിബറൽ സാമ്പത്തിക നയങ്ങൾ ഔദ്യോഗികമായി നടപ്പാക്കി രണ്ടുവർഷത്തിനുള്ളിലാണ് ഭുവനേശ്വർ രേഖ നമ്മൾ അംഗീകരിച്ചത്. ഈ നയങ്ങൾ തൊഴിലാളികളുടെയും അധ്വാനിക്കുന്ന മറ്റ് ജനവിഭാഗങ്ങളുടെയും ജീവിതത്തിൽ സൃഷ്ടിക്കുന്ന ആഘാതത്തെക്കുറിച്ച് ഇനിയും മനസ്സിലാക്കാത്തവരുണ്ട്. ഈ നയങ്ങൾ തൊഴിലാളിവർഗത്തിനും രാജ്യത്തെ ജനങ്ങൾക്ക് പൊതുവിലും ഒരു സ്വാശ്രയ-പരമാധികാര സമ്പദ്ഘടനയ്ക്ക് എത്ര കണ്ട് പ്രതിലോമകരമാകുമെന്ന് ഒരു വർഗാധിഷ്ഠിത തൊഴിലാളി സംഘടന എന്ന നിലയ്ക്ക് സിഐടിയുവിന് പെട്ടെന്ന് ബോധ്യപ്പെട്ടു. തുടക്കത്തിൽ കേന്ദ്ര ട്രേഡ് യൂണിയനുകൾ ഉൾപ്പെടെ വലിയൊരു വിഭാഗം ജനങ്ങൾ നവലിബറൽ നയങ്ങളുടെ 'മായികമായ നേട്ട'ങ്ങളെ വാചാലമായി പ്രോത്സാഹിപ്പി

ച്ചുകൊണ്ടിരുന്നു. ഇതല്ലാതെ മറ്റ് ബദലുകളില്ല(ദേർ ഇസ് നോ ആൾട്ടർനേറ്റീവ്) എന്ന സിദ്ധാന്തത്തിൽ പലരും ഉറച്ചു നിന്നു. എന്നാൽ ഈ നയങ്ങൾ തൊഴിലാളി വിരുദ്ധവും ജനവിരുദ്ധവും ദേശീയതാൽപര്യങ്ങൾക്ക് വിരുദ്ധവുമാണെന്ന സുചിന്തിതവും സുസ്ഥിരവുമായ കാഴ്ചപ്പാടാണ് സിഐടിയു തുടക്കം മുതൽ സ്വീകരിച്ചത്. ഈ നയങ്ങൾക്കെതിരെ അധ്വാനിക്കുന്ന ജനങ്ങൾ അടക്കമുള്ള എല്ലാ വിഭാഗത്തിന്റെ സമരം ഉയർന്നുവരണമെന്നും സിഐടിയു തുടക്കം മുതൽ ആവശ്യപ്പെട്ടു. നിരന്തരമായ സമരങ്ങളിലൂടെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ ഐക്യം വിപുലമാക്കുന്നതിൽ ഇക്കാലയളവിൽ സിഐടിയു നിർണായക പങ്കാണ് വഹിച്ചത്. സിഐടിയുവിന്റെ ഭരണഘടനയിൽ മുന്നോട്ടുവച്ച ലക്ഷ്യങ്ങൾ തന്നെയാണ് ഈ ശ്രമങ്ങൾക്ക് പിന്നിലെ പ്രതിബദ്ധതയുടെ ചാലകശക്തി. സംയുക്ത ട്രേഡ് യൂണിയൻ പ്രസ്ഥാനം വളർത്തിയെടുക്കുന്നതിൽ സിഐടിയു വഹിച്ച പങ്ക് രാജ്യമാകെ അംഗീകരിക്കപ്പെട്ടതാണ്.

തൊഴിലാളികളുടെ ഐക്യത്തിന്റെ ചക്രവാളം വിപുലമാക്കാനും ഐക്യത്തോടെയുള്ള പ്രക്ഷോഭങ്ങളുടെ സന്ദേശം രാജ്യത്തെങ്ങുമുള്ള സെക്ടറുകളിലെ അസംതൃപ്തരായ തൊഴിലാളികളിൽ എത്തിക്കാനുള്ള നമ്മുടെ നിരന്തരവും ശക്തവുമായ ശ്രമങ്ങളാണ് 2009ൽ ഐക്യപ്രക്ഷോഭത്തിന്റെ വേദിയിലേക്ക് ഐഎൻടിയുസിയെയും ബിഎംഎസ്സിനെയും കൊണ്ടുവരുന്നതിന് സഹായിച്ചത്. ഈ ഐക്യ സമര വേദി രാജ്യവ്യാപകമായി രണ്ടുവട്ടം ദേശീയ പണിമുടക്ക് നടത്തി. 2013 ഫെബ്രുവരിയിലെ ദേശീയ പണിമുടക്ക് ഇതിലുൾപ്പെടും. ഈ സംയുക്ത വേദി 2009ൽ അഞ്ചിന അവകാശ പത്രികക്ക് രൂപം നൽകി. പിന്നീടത് 12ഇന അവകാശ പത്രികയായി വിപുലപ്പെടുത്തുകയും നിരവധി പ്രക്ഷോഭ പ്രചാരണ പരിപാടികൾ നടത്തുകയും ചെയ്തു.

കേന്ദ്രത്തിൽ ബിജെപി അധികാരത്തിൽ വന്നതോടെ ബിഎംഎസ് സംയുക്ത സമരവേദിയിൽനിന്ന് പിന്മാറി. 2015ലെ അഖിലേന്ത്യ പണിമുടക്കിന്റെ തൊട്ടുതലേന്നായിരുന്നു ബിഎംഎസിന്റെ പിന്മാറ്റം. എന്നാൽ ഇത് തൊഴിലാളികളിൽ കാര്യമായ ചലനമൊന്നും ഉണ്ടാക്കിയില്ല. വലിയ പ്രാതിനിധ്യത്തോടെ 2015ലും 2016ലും നടന്ന പണിമുടക്കുകളിൽ ട്രാൻസ്പോർട്- വ്യവസായ മേഖലകളിലേതടക്കം നിരവധി യൂണിയനുകളും തൊഴിലാളി യൂണിയനുകളിൽ അംഗങ്ങളല്ലാത്ത നിരവധി തൊഴിലാളികളും ബിഎംഎസിന്റെ പോലും ആയിരക്കണക്കിന് പ്രവർത്തകരും പങ്കെടുത്തു. സംസ്ഥാന- ജില്ലാ തല സംയുക്ത പ്രക്ഷോഭങ്ങളിലും അറസ്റ്റുവരിക്കലുകളിലും സംഘടിത- അസംഘടിത മേഖലകളിലെ ഒട്ടനേകം തൊഴിലാളികൾ ആകൃഷ്ടരായി പങ്കെടുത്തു. രാജ്യത്തെ തൊഴിലാളികളുടെ പ്രക്ഷോഭങ്ങളിലൂടെ തൊഴിലാളികളുടെ ഐക്യം വിപുലമാക്കുന്നതിന്റെ ചാലകശക്തിയായി സിഐടിയു മാറി.

## മാറിയ സാഹചര്യങ്ങൾ-പ്രതിസന്ധിയും തൊഴിലാളികൾക്കും കർഷകർക്കും ജനങ്ങൾക്കും സമൂഹത്തിനും മേലുള്ള കടന്നാക്രമണവും രൂക്ഷമാകുന്നു

2007–2008 കാലത്ത് തുടങ്ങിയ ആഗോള മാന്ദ്യത്തിന്റെ കാലത്ത് ശക്തിപ്പെട്ട നവലിബറൽ നയങ്ങളുടെ ക്രൂരവും രൂക്ഷവുമായ കടന്നാക്രമണം ഇപ്പോഴും തുടരുകയാണ്. ആഗോളമായി തന്നെ ഭരണവർഗം തൊഴിലാളികൾക്കും അധ്വാനിക്കുന്ന വർഗത്തിനുമെതിരെയുള്ള ആക്രമണം ശക്തിപ്പെടുത്തിയിരിക്കയാണ്. സമഗ്രമായ പ്രതിസന്ധിയിൽനിന്ന് കരകയറാനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് ഈ ആക്രമണം. തൊഴിലാളികൾ പൊരുതിനേടിയ അവകാശങ്ങളായ വേതനം, തൊഴിൽ സമയം, സാമൂഹിക സുരക്ഷാ ആനുകൂല്യങ്ങൾ, സംഘടിക്കാനുള്ള അടിസ്ഥാനപരമായ അവകാശം എന്നിവയ്ക്കു നേരെയാണ് ആക്രമണം നടക്കുന്നത്. തൊഴിൽ ബന്ധങ്ങളുടെ നിലവാരത്തിന്റെ അടിസ്ഥാന സ്വഭാവം തന്നെ തൊഴിലുടമകളുടെ താൽപര്യത്തിന് അനുസൃതമായി മാറിക്കഴിഞ്ഞിരിക്കുന്നു. വാസ്തവത്തിൽ മുതലാളിത്ത വ്യവസ്ഥ നേരിടുന്ന രൂക്ഷമായ പ്രതിസന്ധിയുടെ പശ്ചാത്തലത്തിലാണ് ലോകമാകെ തൊഴിൽ ബന്ധങ്ങൾ അങ്ങേയറ്റം ദുർബലമാക്കുന്നതിന് പ്രേരിപ്പിക്കുന്നത്. വൻതോതിലുള്ള കരാർ വൽക്കരണം, കാഷ്വൽവൽക്കരണം, താൽക്കാലിക തൊഴിലാളി നിയമനം തുടങ്ങിയവ പ്രോത്സാഹിപ്പിച്ചുകൊണ്ടാണ് സാഹചര്യങ്ങളെ തൊഴിലുടമകൾ തങ്ങൾക്കനുകൂലമാക്കുന്നത്.

ജനങ്ങളുടെ ജീവനും ജീവനോപാധികൾക്കും നേരെ നടക്കുന്ന ഗുരുതമായ ആക്രമണങ്ങൾക്കെതിരെ ജനകീയമായ എതിർപ്പുകൾ ആഗോളമായി തന്നെ വ്യാപകമാകുകയാണ്. പല രാജ്യങ്ങളിലും തൊഴിലാളികൾ വലിയ പങ്കാളിത്തമുള്ള പണിമുടക്കുകൾ ഉൾപ്പെടെ വിവിധ തരത്തിലുള്ള സമരങ്ങളുമായി മുന്നോട്ടുവരികയാണ്. ലോകമെമ്പാടുമുള്ള വലതുപക്ഷ ശക്തികൾ ഈ എതിർപ്പുകളെ തങ്ങളുടെ ലക്ഷ്യങ്ങൾക്കായി വനിയോഗിക്കുകയാണ്. ഒരു വശത്ത് വലതുപക്ഷ ശക്തികൾ നവലിബറൽ നയങ്ങളെ പിന്തുണയ്ക്കുമ്പോൾ മറുവശത്ത് നവലിബറൽ നയങ്ങൾക്കെതിരെ പൊരുതുന്നവരെ ഭിന്നിപ്പിക്കാനും ജനങ്ങളുടെ ശ്രദ്ധ തിരിച്ചുവിടാനുമാണ് അവർ ശ്രമിക്കുന്നത്. ഇതു വഴി ഈ നയങ്ങൾ തന്നെ ശക്തമായി നടപ്പിൽ വരുത്താനാണ് വലതുപക്ഷം ശ്രമിക്കുന്നത്. ഇത്തരം വിഭാഗീയ, വിഘടന തന്ത്രങ്ങൾ മുതലാളിത്ത വർഗത്തിന്റെ നയങ്ങളുടെ അവിഭാജ്യ ഘടകമായി തീർന്നിരിക്കുന്നു. അന്താരാഷ്ട്ര ധനമൂലധനത്തിന്റെയും വൻകിട ബിസിനസുകാരുടെയും കോർപറേറ്റ് ഭീമന്മാരുടെയും താൽപര്യമാണ് അവർ സംരക്ഷിക്കുന്നത്. ലോകമാകെതന്നെ ഇത്തരം വിഭാഗീയ വിഘടന

**ആഭ്യന്തരവും വൈദേശികവുമായ കോർപറേറ്റ് ഭീമന്മാരുടെയും കോർപറേറ്റ് നിയന്ത്രണത്തിലുള്ള മാധ്യമങ്ങളുടെയും പിന്തുണയോടെയാണ് ഇന്ത്യയിൽ ബിജെപി അധികാരത്തിലെത്തിയത്. ബിജെപിക്ക് തൊഴിലാളികൾ ഉൾപ്പെടെ വലിയൊരു വിഭാഗം ജനങ്ങളെ പൊള്ളയായ വാഗ്ദാനം നൽകി മായയിലാക്കാൻ കഴിഞ്ഞു. അധികാരത്തിലെത്തിയ ശേഷം നവലിബറൽ നയങ്ങളുടെ നടത്തിപ്പ് ബിജെപി തീവ്രമാക്കി. സാമ്പത്തിക-രാഷ്ട്രീയ- സാമൂഹിക-പ്രത്യയശാസ്ത്ര- സാംസ്കാരിക മേഖലയികളിലാകെ ശക്തമായ ആക്രമണം അഴിച്ചുവിട്ടിരിക്കയാണ്.**

ശക്തികളെ പ്രോത്സാഹിപ്പിക്കുന്നത് അന്താരാഷ്ട്ര ഫിനാൻസ് മൂലധനവും കോർപറേറ്റ് ഭീമന്മാരുമാണ്.

ആഭ്യന്തരവും വൈദേശികവുമായ കോർപറേറ്റ് ഭീമന്മാരുടെയും കോർപറേറ്റ് നിയന്ത്രണത്തിലുള്ള മാധ്യമങ്ങളുടെയും പിന്തുണയോടെയാണ് ഇന്ത്യയിൽ ബിജെപി അധികാരത്തിലെത്തിയത്. ഒരു ആഗോള പ്രതിഭാസത്തിന്റെ തുടർച്ചയാണിത്. ആകർഷകമായ മുദ്രാവാക്യങ്ങൾ കൊണ്ടും ജനങ്ങളെ ആകർഷിച്ച ബിജെപിക്ക് തൊഴിലാളികൾ ഉൾപ്പെടെ വലിയൊരു വിഭാഗം ജനങ്ങളെ പൊള്ളയായ വാഗ്ദാനം നൽകി മായയിലാക്കാൻ കഴിഞ്ഞു. അതേ നയങ്ങൾ നടപ്പാക്കിയ യുപിഎക്കെതിരെയുണ്ടായിരുന്ന ജനവികാരം മുതലെടുത്ത് വലിയ ജനവിഭാഗങ്ങൾക്കിടയിൽ വ്യാമോഹം സൃഷ്ടിക്കാൻ ബിജെപിക്കു കഴിഞ്ഞു.

അധികാരത്തിലെത്തിയ ശേഷം നവലിബറൽ നയങ്ങളുടെ നടത്തിപ്പ് ബിജെപി തീവ്രമാക്കി. സാമ്പത്തിക-രാഷ്ട്രീയ- സാമൂഹിക-പ്രത്യയശാസ്ത്ര- സാംസ്കാരിക മേഖലയികളിലാകെ ശക്തമായ ആക്രമണം അഴിച്ചുവിട്ടിരിക്കയാണ്.

പാർലമെന്റിനെയും ഭരണഘടനാ സംവിധാനങ്ങളെയും നോക്കുകുത്തിയാക്കി ഏകാധിപത്യ നടപടികൾക്കാണ് ബിജെപി മുതിരുന്നത്. നവലിബറൽ നയങ്ങളുടെയും വർഗീയതയുടെയും മിശ്രിതവും ഏകാധിപത്യ സംവിധാനങ്ങളും ഇന്ന് തൊഴിലാളിവർഗത്തിന് വലിയ വെല്ലുവിളിയാണ് ഉയർത്തുന്നത്. തൊഴിലാളിവർഗത്തിൽനിന്നുള്ള അതിശക്തമായ ചെറുത്തുനിൽപ്പ് ഈ ഘട്ടത്തിൽ അനിവാര്യമായിരിക്കയാണ്.

മറുവശത്ത് ലോകത്തിന്റെ പല ഭാഗങ്ങളിലും നമ്മുടെ രാജ്യത്തും തൊഴിലാളികളുടെ ജീവനും ജീവനോപാധിക്കും എതിരെയുള്ള ആക്രമണങ്ങൾക്കെതിരെയുള്ള പ്രക്ഷോഭം ശക്തിപ്പെടുകയാണ്. 1991 മുതൽ നടത്തിയ 17 ദേശവ്യാപക പണിമുടക്കുകളിലും തൊഴിലാളികളുടെ വർധിച്ച പങ്കാളിത്തം ദൃശ്യമാണ്. ഇതിനൊപ്പം എല്ലാ വിഭാഗം തൊഴിലാളികളും ജീവനക്കാരും സെക്ടർ തലങ്ങളിൽ പണിമുടക്ക് ഉൾപ്പെടെ അതിശക്തമായ സമരങ്ങൾ നടത്തി. ഇവയ്ക്കെല്ലാം വിവിധ സംസ്ഥാനങ്ങളിലും ഇന്ത്യയിലാകെത്തന്നെയും വർധിച്ച പിന്തുണയാണ് ലഭിച്ചത്.2009 മുതൽ 2015 വരെയുള്ള കാലത്ത് രാജ്യത്തെ തൊഴിലാളിവർഗത്തിൽ മുമ്പെങ്ങുമില്ലാത്ത വിധത്തിലുള്ള ഐക്യമാണ് കാണാനായത്. സംയുക്ത ട്രേഡ് യൂണിയൻ സമരവേദിയിൽ ഐഎൻടിയുസിയും ബിഎംഎസും ഭാഗഭാക്കായി. എന്നാൽ 2015 സപ്തംബർ 2ന്റെ രാജ്യവ്യാപക പണിമുടക്കിന്റെ തലേന്ന് ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ ആവശ്യങ്ങളോട് ബിജെപി സർക്കാർ ക്രിയാത്മകമായി പ്രതികരിക്കുന്നുണ്ടെന്ന് അവകാശപ്പെട്ട് ബിഎംഎസ് ഈ പ്രസ്ഥാനത്തിൽനിന്ന് പിന്മാറി. എന്നാൽ സർക്കാർ നടപടികൾക്കെതിരെ തൊഴിലാളിവർഗത്തിന്റെ ഐക്യവും സമരവും ശക്തമാവണമെന്ന ആവശ്യത്തിന്റെ പ്രതിഫലനമായി ഈ പ്രക്ഷോഭങ്ങളിലും പണിമുടക്കുകളിലും ബിഎംഎസ് പ്രവർത്തകരുടെ പങ്കാളിത്തം.

സിഐടിയുവിന്റെ 14, 15 സമ്മേളനങ്ങൾ ചൂണ്ടിക്കാട്ടിയപോലെ ഈ സ്ഥിതിവിശേഷം തൊഴിലാളി വർഗ പ്രസ്ഥാനത്തിനുനേരെ ഗുരുതരമായ വെല്ലുവിളി ഉയർത്തിയ സാഹചര്യത്തിൽ നമ്മുടെ പ്രസ്ഥാനത്തിന്റെ ദൗത്യങ്ങൾ മുൻനിർത്തി പ്രാസ്ഥാനികമായ മുൻകൈകളെ നവീകരിക്കേണ്ടതുണ്ട്. അതേസമയം ഈ സാഹചര്യം തൊഴിലാളി വിരുദ്ധ നയങ്ങൾക്കെതിരായ സമരങ്ങൾ തീവ്രമാക്കാനുള്ള സ്ഥിതിവിശേഷവും കൂടി സൃഷ്ടിച്ചിരിക്കുന്നു.സമൂഹത്തിലെ ചൂഷണം അവസാനിപ്പിക്കുന്നതിനെക്കുറിച്ചും എല്ലാ ചൂഷണങ്ങളും അവസാനിപ്പിക്കുന്നതിൽ തൊഴിലാളിവർഗത്തിന്റെ പങ്കിനെക്കുറിച്ചും സുനിശ്ചിതമായ കാഴ്ചപ്പാടുള്ള സിഐടിയു ഈ വെല്ലുവിളി ഏറ്റെടുക്കണം. 'വർഗ ഐക്യം ഉറപ്പിക്കാനും സമരം ശക്തിപ്പെടുത്താനും' ഉള്ള അവസരങ്ങൾ വിനിയോഗിക്കാൻ സംഘടന സ്വയം സുസജ്ജമാകണം. അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി ഇതുവരെ പ്രതിരോധാത്മക സമരങ്ങളെ കൂടുതൽ രണോത്സുകമായ സമരങ്ങളായി മാറ്റിയെടുത്ത് എല്ലാ ചൂഷണങ്ങളും ഇല്ലാതാക്കാനുള്ള അന്തിമ സമരത്തിന് വഴിയൊരുക്കണം.

ഈ വെല്ലുവിളി ഏറ്റെടുക്കുമ്പോൾ തന്നെ തൊഴിലാളി വർഗം മൊത്തം സാഹചര്യത്തിൽ വന്ന സവിശേഷമായ മാറ്റങ്ങളെക്കുറിച്ചും തൊഴിലെടുക്കുന്ന മനുഷ്യരെ ഇത്തരം രണോത്സുകമായ സമരങ്ങളിൽ അണിനിരത്തുന്നതിനുവേണ്ടി അവരുടെ തൊഴിൽ ബന്ധങ്ങളിൽ വന്ന മാറ്റവും അതിന്റെ ഘടകങ്ങളെക്കുറിച്ചും ഗൗരവപൂർണമായി കണക്കിലെടുക്കേണ്ടതുണ്ട്.

സിഐടിയുവിന്റെ പതിനഞ്ചാം സമ്മേളനം ഈ സാഹചര്യത്തിലാണ് സംഘടന സംബന്ധിച്ച ഭുവനേശ്വർ രേഖ പുതുക്കാൻ തീരുമാനിച്ചത്. സാമ്രാജ്യത്വാനുകൂലമായ നവലിബറൽ നയങ്ങളും വർഗീയ വിഘടന ശക്തികളും കേന്ദ്രത്തിലെ ബിജെപി സർക്കാരിന്റെ ഏകാധിപത്യ പ്രവണതകളും അടങ്ങുന്ന പുതിയ വെല്ലുവിളികൾ ഫലപ്രദമായി ഏറ്റെടുക്കാൻ സംഘടനയെ പ്രാപ്തമാക്കാനുള്ള ശ്രമങ്ങളുടെ ഭാഗമാണിത്.

### സംഘടനാപരമായ പരിപ്രേക്ഷ്യം

ഭുവനേശ്വർ രേഖ അംഗീകരിച്ചതു മുതലുള്ള 25 വർഷം സിഐടിയു സംഘടനാപരമായും രാജ്യമൊട്ടുക്ക് വിവിധ പ്രശ്നങ്ങളിൽ ഇടപെട്ടുകൊണ്ടും ശക്തമായാണ് വളർന്നത്. പുതിയ മേഖലകളിലേക്കും വ്യവസായങ്ങളുടെ പുതിയ സെക്ടറുകളിലേക്കും പുതിയ വിഭാഗം തൊഴിലാളികളിലേക്കും കടന്നു ചെല്ലാൻ നമുക്ക് സാധിച്ചു. നാം അഭിസംബോധന ചെയ്യുന്ന പ്രശ്നങ്ങളുടെയും ഇടങ്ങളുടെയും സെക്ടറുകളുടെയും വൈവിധ്യം മൂലവും അവയിൽ അടിസ്ഥാനമാക്കി നമ്മുടെ പ്രവർത്തനങ്ങൾ വിപുലമായി. നിലവിൽ സിഐടിയുവിന് 26 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി പൊതു- സ്വകാര്യ മേഖലകളിലും അസംഘടിത മേഖലയിലും സ്കീം തൊഴിലാളികളിലുമായി അഫിലിയേറ്റഡ് യൂണിയനുകളുണ്ട്.

എന്നാൽ നമ്മുടെ ഭരണഘടന വരച്ചു കാട്ടുന്ന ലക്ഷ്യങ്ങളുമായും അവ മുൻനിർത്തി നമ്മൾ നമുക്കു തന്നെ നിശ്ചയിച്ച ദൗത്യങ്ങളുമായും താരതമ്യപ്പെടുത്തുമ്പോൾ ഈ വളർച്ച പൂർണമായും പര്യാപ്തമല്ല. നമ്മുക്ക് തൊഴിലാളികൾക്കിടയിലുള്ള സ്വാധീനവും മാന്യതയും പൂർണമായി സംഘടനാശേഷിക്കായി ഉപയോഗപ്പെടുത്താനും നമുക്കായിട്ടില്ല.

സിഐടിയുവിന്റെ ഭരണഘടനയിൽ പറയുന്ന കാര്യങ്ങളാണ് നമ്മെ മറ്റു ട്രേഡ് യൂണിയനുകളിൽ നിന്നും വേറിട്ടുനിർത്തുന്നത്. ദിനേനയുള്ള പ്രക്ഷോഭങ്ങളും പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നതിനൊപ്പം സാമൂഹ്യമാറ്റത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് പ്രവർത്തകരെ സജ്ജരാക്കാൻ ഇത് നമുക്ക് അനിവാര്യമായി വരുന്നു. ഇതിനനുസൃതമായ പ്രക്ഷോഭങ്ങളും സംഘടനാപ്രവർത്തനങ്ങളും നാം സംഘടിപ്പിക്കേണ്ടിയിരിക്കുന്നു.

തൊഴിലാളികളുടെ ഐക്യം, പ്രക്ഷോഭങ്ങളുടെ വിപുലീകരണം, തങ്ങളുടെ ജീവിത നിലവാരം തകർത്തതിന്റെ മൂലകാരണം നയങ്ങളാണെന്ന വിധം യഥാർഥ ശക്തികളെ തിരിച്ചറിയാനുള്ള തൊഴിലാളികളുടെ ബോധം ഉയർത്തൽ എന്നിവ അടിയന്തര ദൗത്യങ്ങളായി കാണണം. നമ്മൾ ചർച്ച ചെയ്യുന്ന ബോധ്യം ചൂഷകവ്യവസ്ഥയുടെ പ്രവർത്തനത്തെക്കുറിച്ചും അത് ജനങ്ങൾക്കും സമൂഹത്തിനുമേലും ചെലുത്തുന്ന ആഘാതത്തെക്കുറിച്ചുമുള്ള കൂട്ടായ ഗ്രാഹ്യമാണ്. നമ്മുടെ സംഘടനാപരമായ പ്രവർത്തനങ്ങൾ ഇ ദിശയിൽ കേന്ദ്രീകരിക്കണം.

### തൊഴിലാളി വർഗത്തെ സംഘടിപ്പിക്കലും ഏകോപിപ്പിക്കലും

സിഐടിയു രൂപീകരിച്ച കാലം തൊട്ടേ തൊഴിലാളി വർഗ പ്രസ്ഥാനത്തെ ഏകോപിപ്പിക്കാനാണ് ശ്രമിച്ചുവരുന്നത്. എന്നാലും ഈ ലക്ഷ്യത്തിൽനിന്ന് നമ്മൾ ഇപ്പോഴും അകലെയാണ്. വർഗത്തെ ഐക്യപ്പെടുത്താവുന്ന ദൗത്യം തീർച്ചയായും തൊഴിലാളികളെ യൂണിയനുകളിൽ സംഘടിപ്പിക്കുന്നതിന്റെ ദൗത്യത്തിന്റെ അവിഭാജ്യമായ ആദ്യപടിയാണ്. അതാണ് അവരിൽ ബോധ്യമുണ്ടാക്കുന്നതിന്റെ പ്രഥമഘട്ടം. കൂട്ടായ്മ ഇതിന് അനിവാര്യമാണ്. ഇന്ത്യയെ പോലെ വിശാലമായ

**'വർഗ ഐക്യം ഉറപ്പിക്കാനും സമരം ശക്തിപ്പെടുത്താനും' ഉള്ള അവസരങ്ങൾ വിനിയോഗിക്കാൻ സംഘടന സ്വയം സുസജ്ജമാകണം. അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി ഇതുവരെ പ്രതിരോധാത്മക സമരങ്ങളെ കൂടുതൽ രണോത്സുകമായ സമരങ്ങളായി മാറ്റിയെടുത്ത് എല്ലാ ചൂഷണങ്ങളും ഇല്ലാതാക്കാനുള്ള അന്തിമ സമരത്തിന് വഴിയൊരുക്കണം. സിഐടിയുവിന്റെ പതിനഞ്ചാം സമ്മേളനം ഈ സാഹചര്യത്തിലാണ് സംഘടന സംബന്ധിച്ച ഭുവനേശ്വർ രേഖ പുതുക്കാൻ തീരുമാനിച്ചത്.സാമ്രാജ്യത്വാനുകൂലമായ നവലിബറൽ നയങ്ങളും വർഗീയ വിഘടന ശക്തികളും കേന്ദ്രത്തിലെ ബിജെപി സർക്കാരിന്റെ ഏകാധിപത്യ പ്രവണതകളും അടങ്ങുന്ന പുതിയ വെല്ലുവിളികൾ ഫലപ്രദമായി ഏറ്റെടുക്കാൻ സംഘടനയെ പ്രാപ്തമാക്കാനുള്ള ശ്രമങ്ങളുടെ ഭാഗമാണിത്.**

ഒരു രാജ്യത്തെ വളരെ വലിയ തൊഴിലാളികളുടെ എണ്ണവും അവരുടെ ജീവിത സാഹചര്യങ്ങളിലെയും തൊഴിലിന്റെ വൈവിധ്യവും ആയി നമ്മുടെ അംഗസംഖ്യയും പ്രവർത്തനങ്ങളും താരതമ്യപ്പെടുത്തുമ്പോൾ മനസിലാകും നമുക്കിനിയും വളരെ ദൂരം സഞ്ചരിക്കാനുണ്ടെന്ന്.

ഒരു പതിറ്റാണ്ടായി ട്രേഡ് യൂണിയനുകൾ നയിക്കുന്ന പ്രക്ഷോഭങ്ങളിൽ യൂണിയനുകളിലില്ലാത്ത തൊഴിലാളികൾ വൻതോതിൽ പങ്കെടുക്കുന്നുണ്ട്. എന്നിട്ടും അവരിൽ ചെറിയ ഒരു വിഭാഗത്തെ മാത്രമേ ട്രേഡ് യൂണിയനുകളിൽ ചേർത്തുകൊണ്ട് ഔപചാരികമായി സംഘടിപ്പിക്കാൻ സാധിച്ചിട്ടുള്ളൂ. ചൂഷണാധിഷ്ഠിത വ്യവസ്ഥതിക്കെതിരെ കൂടുതൽ രണോത്സുകമായ പോരാട്ടം നടത്തുന്നതിനും തങ്ങളുടെ ചൂഷണ ഭരണകൂടത്തെ നിലനിർത്തുന്നതിന് ഭരണവർഗം നടത്തുന്ന വിഭാഗീയ വിഘടന പദ്ധതികൾ പരാജയപ്പെടുത്തി ജനങ്ങളുടെ ഐക്യം കാത്തു സൂക്ഷിക്കുന്നതിനും സംഘടിത- അംസംഘടിത മേഖലകളിൽ യൂണിയനുകളിൽ പെടാത്ത ഈ വലിയ വിഭാഗത്തെ സംഘടനാവൽക്കരിക്കേണ്ടത് നമ്മുടെ ദൗത്യങ്ങളുടെ മുന്നുപാധിയായി കണക്കാക്കണം.

**ചൂഷണാധിഷ്ഠിത വ്യവസ്ഥതിക്കെതിരെ കൂടുതൽ രണോത്സുകമായ പോരാട്ടം നടത്തുന്നതിനും തങ്ങളുടെ ചൂഷണ ഭരണകൂടത്തെ നിലനിർത്തുന്നതിന് ഭരണവർഗം നടത്തുന്ന വിഭാഗീയ വിഘടന പദ്ധതികൾ പരാജയപ്പെടുത്തി ജനങ്ങളുടെ ഐക്യം കാത്തു സൂക്ഷിക്കുന്നതിനും സംഘടിത- അംസംഘടിത മേഖലകളിൽ യൂണിയനുകളിൽ പെടാത്ത ഈ വലിയ വിഭാഗത്തെ സംഘടനാവൽക്കരിക്കേണ്ടത് നമ്മുടെ ദൗത്യങ്ങളുടെ മുന്നുപാധിയായി കണക്കാക്കണം.**

## സിഐടിയുവിന്റെ അംഗത്വം

### മുൻഗണന നിശ്ചയിക്കൽ

തൊഴിലാളികളുടെ എല്ലാ വിഭാഗത്തെയും സംഘടിപ്പിക്കാനും തൊഴിലാളവർഗത്തെ ഐക്യപ്പെടുത്താനും ശ്രമിക്കുമ്പോൾ നമ്മുടെ മനുഷ്യശേഷിയുടെയും സാമ്പത്തിക ശേഷിയുടെയും പരിമിതികൾക്കകത്തുനിന്നുകൊണ്ട് പ്രവർത്തനങ്ങളുടെ മുൻഗണന നിശ്ചയിക്കേണ്ടതുണ്ട്. സമ്പദ്ഘടനയിലും ജനങ്ങളിലും വൻ സ്വാധീനം ചെലുത്താവുന്ന മേഖലകൾക്കാണ് നാം മുൻഗണന നൽകേണ്ടത്. ഓരോ ചുമതലയും നിശ്ചയിക്കപ്പെട്ട കേഡർമാരെ മറ്റു മേഖലകളിലേക്ക് വഴി തിരിച്ചു വിടാതിരിക്കുന്നത് സംഘടനയെ ഏകോപിപ്പിച്ച് ലക്ഷ്യം നേടുന്നതിനു സഹായിക്കും.

### സംഘടിത മേഖല

രാജ്യത്തിന്റെ സമ്പദ്ഘടനയിൽ സംഘടിത മേഖലയ്ക്ക് സുപ്രധാന സ്ഥാനമുണ്ട്. സംഘടിത മേഖലയിലെ തൊഴിലിന്റെയും രാജ്യത്തെ തന്ത്രപരമായ സ്ഥാപനങ്ങളുടെയും കാര്യത്തിൽ പൊതുമേഖലക്ക് പ്രധാന്യമേറെയാണ്. മുതലാളിത്ത ഉൽപ്പാദന വ്യവസ്ഥയുടെ ജീവനാഡിയാണ് സംഘടിത മേഖല. ഏറ്റവും ആധുനികമായ തൊഴിലാളിവർഗം തൊഴിലെടുക്കുന്നത് ഈ മേഖലയിലായതുകൊണ്ടു തന്നെ ഈ വിഭാഗത്തെ ഒഴിവാക്കിക്കൊണ്ട് മുതലാളിത്ത വ്യവസ്ഥയ്ക്കെതിരായ പോരാട്ടങ്ങളെ മനസ്സിലാക്കാൻ പോലുമാകില്ല.

### അസംഘടിത മേഖല

രാജ്യത്തെ തൊഴിൽശേഷിയുടെ 93 ശതമാനവും അസംഘടിത മേഖലയിലാണ്. അസംഘടിത മേഖലയിൽ സിഐടിയുവിന്റെ അംഗത്വവും പ്രവർത്തനവും ഗണ്യമായി വർധിച്ചിട്ടുണ്ട്. എന്നാൽ ഈ മേഖലയുടെ വൈപുല്യം വച്ചുനോക്കുമ്പോൾ നമ്മൾ ഇപ്പോൾ ഗണ്യമായ ഒരു ശക്തിയല്ല. നമ്മുടെ അംഗത്വം പൂർണമായും അസംഘടിത മേഖലയിൽനിന്ന് മാത്രമായ സംസ്ഥാനങ്ങളിൽപ്പോലും നമുക്ക് പ്രകടമായ സ്വാധീനം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. അസംഘടിത മേഖലയിലെ ചില സെക്ടറുകൾ കണ്ടെത്തി പ്രവർത്തിച്ചാൽ നിർബന്ധമായും സ്റ്റേറ്റിലെ സമ്പദ്ഘടനയിൽ ചലനങ്ങളുണ്ടാക്കാനാകും. അതിനായി മനുഷ്യശേഷിയും പണവും വിനിയോഗിക്കേണ്ടതുണ്ട്. സ്വകാര്യ റോഡ് ട്രാൻസ്പോർട് മേഖലയാണ് റോഡ് ഗതാഗതസേവനത്തിന്റെ വലിയൊരു ഭാഗവും നിർവഹിക്കുന്നത്. കെട്ടിട നിർമാണ തൊഴിലാളികൾ, കയറ്റിറക്ക് തൊഴിലാളികൾ, കടകളിലെ ജീവനക്കാർ, സ്വകാര്യ ആശുപത്രി ജീവനക്കാർ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നിവർ അസംഘടിത മേഖലയിലെ പ്രധാനഘടകങ്ങളാണ്. ഇതു കൂടാതെ ബീഡി, ഗാർമെന്റ്, അനുബന്ധ മേഖലകൾ തുടങ്ങിയവയിൽ ലക്ഷക്കണക്കിന് തൊഴിലാളികൾ പ്രവർത്തിക്കുന്നുണ്ട്. ഓരോ സംസ്ഥാനത്തെയും പ്രത്യേകമായ അവസ്ഥകളും സാഹചര്യങ്ങളും മുൻനിർത്തി മുൻഗണന നിശ്ചയിക്കേണ്ടതുണ്ട്.

### കുടിയേറ്റ തൊഴിലാളികൾ

വ്യവസായ മാന്ദ്യത്തിന്റെ ഫലമായി സംസ്ഥാനങ്ങൾക്കകത്തുള്ള കുടിയേറ്റത്തിനും ഗ്രാമത്തിൽ നിന്ന് നഗരത്തിലേക്കുള്ള കുടിയേറ്റത്തിനും പുറമെ സംസ്ഥാനാന്തര കുടിയേറ്റം കഴിഞ്ഞ ദശകങ്ങളിൽ ഗണ്യമായി വർധിച്ചു. കുടിയേറ്റ തൊഴിലാളികൾ തൊഴിലാളി വർഗത്തിൽ ഏറ്റവും മോശമായി ചൂഷണം ചെയ്യപ്പെടുന്ന വിഭാഗമാണ്. അവർക്ക് അടിസ്ഥാന ആവശ്യമായ തിരിച്ചറിയൽ രേഖകൾ, റേഷൻ കാർഡ്, ആധാർ കാർഡ്, വോട്ടർ ഐഡി

എന്നിവ ആവശ്യമാണ്. വേതനത്തിന്റെയും തൊഴിലിടങ്ങളിലെ മറ്റ് സൗകര്യങ്ങളുടെയും കാര്യത്തിൽ അവർ വിവേചനത്തിന് ഇരയാകുന്നു. ഭാഷാപ്രശ്നം കാരണം അവർക്ക് പ്രാദേശികമായ പിന്തുണയും ലഭിക്കുന്നില്ല. അവർക്ക് ജോലി സ്ഥിരതയുമില്ല. അവർക്ക് പണം പലപ്പോഴും മുൻകൂറായി നൽകുന്ന ഇടനിലക്കാരും കരാറുകാരുമായുമുള്ള ബന്ധം മൂലം അവർക്ക് സംഘടിക്കാൻ കഴിയാതെ വരുന്നു. മറ്റു പലവിധ പ്രശ്നങ്ങളും അവർ നേരിടുന്നു.

കുടിയേറ്റ തൊഴിലാളികളെ സംഘടിപ്പിക്കാനും ഇതിനുവേണ്ട തന്ത്രം രൂപപ്പെടുത്താനും സിഐടിയു സംസ്ഥാനകമ്മിറ്റികൾക്ക് കഴിയേണ്ടതുണ്ട്; പ്രത്യേകിച്ചും വ്യാവസായിക, നിർമാണ, റോഡ് ട്രാൻസ്പോർട് മേഖലകളിൽ. കുടിയേറ്റ തൊഴിലാളികൾ നേരിടുന്ന സാമൂഹ്യവും തൊഴിൽപരവുമായ വിഷയങ്ങളിൽ പ്രത്യേക താൽപര്യമെടുക്കുകയും അതുവഴി ഇത്തരം തൊഴിലാളികളുടെ വിശ്വാസം നേടിയെടുക്കാനും കഴിയണം.

### സ്കീം തൊഴിലാളികൾ

കേന്ദ്രസർക്കാരിന്റെ വിവിധ സ്കീമുകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾ ഇന്ന് തൊഴിലാളി വർഗത്തിലെ പ്രധാന വിഭാഗമാണ്. അവരിൽ പലരും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലും വിദൂരസ്ഥ പ്രദേശങ്ങളിലുമാണ് തൊഴിലെടുക്കുന്നത്. ഗ്രാമീണ മേഖലയിലെ ജനങ്ങളുമായി അടുത്ത ബന്ധം പുലർത്തുന്ന ഈ തൊഴിലാളികൾക്ക് അവരിൽ ഗണ്യമായ സ്വാധീനവും പുലർത്താൻ കഴിയുന്നു. ഇവരിൽ ബഹുഭൂരിപക്ഷവും സ്ത്രീകൾ ആണ്. എല്ലാ സംസ്ഥാനങ്ങളിലും അവരുടെ ആവശ്യങ്ങൾ മുൻനിർത്തിയുള്ള പ്രക്ഷോഭങ്ങളിൽ അവർ പങ്കാളികളാണ്. അവരെ സംഘടിപ്പിക്കുകയും രാഷ്ട്രീയമായും പ്രത്യയശാസ്ത്രപരമായും അവരെ കാഡർമാരാക്കി ഉയർത്തുകയും ചെയ്യുന്നതോടെ സിഐടിയുവിന്റെ പ്രത്യയശാസ്ത്രം രാജ്യത്തിന്റെ വിദൂരസ്ഥ പ്രദേശങ്ങളിൽ എത്തിക്കാൻ കഴിയും. നമുക്ക് പല സംസ്ഥാനങ്ങളിലും സ്കീംവർക്കേഴ്സിന്റെ ശക്തമായ സംഘടനയുണ്ട്. എന്നാൽ പലരും പ്രവർത്തിക്കുന്നത് ഈ ഒരു കാഴ്ചപ്പാടോടു കൂടിയല്ല. സിഐടിയുവിന്റെ പ്രവർത്തന പരിപാടികളിൽ ആളെ കൂട്ടാൻ മാത്രമായുള്ള വിഭാഗമായാണ് പല സംസ്ഥാന കമ്മിറ്റികളും ഇവരെ പരിഗണിക്കുന്നത്. അവരെ വളർത്തിയെടുക്കുന്നതിൽ ശ്രദ്ധ കുറവാണ്. ചില സംസ്ഥാന കമ്മിറ്റികളാകട്ടെ സ്കീം വർക്കേഴ്സിനെ സംഘടിപ്പിക്കുന്നതിലും ശ്രദ്ധിക്കുന്നില്ല. സിഐടിയുവിന്റെ സന്ദേശം വ്യാപിപ്പിക്കുന്നതിൽ ഈ സ്ത്രീ തൊഴിലാളികൾക്കുള്ള പങ്കിനെക്കുറിച്ച് ധാരണയില്ലാത്തതും അവരെ രാഷ്ട്രീയവും പ്രത്യയശാസ്ത്രപരവുമായ കാഴ്ചപ്പാടുള്ള കേഡർമാരാക്കി വളർത്തുന്നതിലുള്ള വൈമുഖ്യവും ഈ മേഖലയിലെ പ്രധാന പോരായ്മകളാണ്. ഇത് മറികടക്കാനാകണം. അംഗൻവാടി ജീവനക്കാർ, ആഷവർക്കേഴ്സ്, മിഡ്ഡേ മീൽ തൊഴിലാളികൾ, തുടങ്ങിയവരിൽ കണ്ണുവച്ച് പ്രവർത്തിച്ചാൽ അവരെ മികച്ച കേഡർമാരാക്കി മാറ്റാനാവുമെന്നാണ് നമ്മുടെ അനുഭവം.

### ജില്ലാകമ്മിറ്റികൾ

ദേശീയതലത്തിൽ കൈക്കൊള്ളുന്ന തീരുമാനങ്ങൾ താഴേത്തട്ടിലെ പ്രവർത്തകരുമായി കൂട്ടിയോജിപ്പിക്കുന്നതിലും തീരുമാനങ്ങൾ നടപ്പാക്കുന്നതിലും സുപ്രധാന പങ്കാണ് ജില്ലാകമ്മിറ്റികൾക്കുള്ളതെന്ന് ഭുവനേശ്വർ ഡോക്യുമെന്റ് വ്യക്തമാക്കുന്നു. എല്ലാ സംസ്ഥാന ഘടകങ്ങൾക്ക് കീഴിലും ജില്ലാകമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സാധ്യമായ ഇടങ്ങളിൽ ജില്ലാകമ്മിറ്റികൾ രൂപീകരിക്കാൻ ചില സസ്ഥാനകമ്മിറ്റികൾ മുൻകൈയെടുത്തിട്ടുമുണ്ട്. കോഴിക്കോട് ചേർന്ന സിഐടിയു ജനറൽ കൗൺസിൽ അംഗീകരിച്ച ഭരണഘടനാ ഭേദഗതിയനുസരിച്ച് മറ്റു സംസ്ഥാനങ്ങളും സാധ്യമായിടത്തെല്ലാം ജില്ലാ കമ്മിറ്റികൾ രൂപീകരിക്കണം.

**സ്കീം തൊഴിലാളികളെ സംഘടിപ്പിക്കുകയും രാഷ്ട്രീയമായും പ്രത്യയശാസ്ത്രപരമായും അവരെ കാഡർമാരാക്കി ഉയർത്തുകയും ചെയ്യേണ്ടതുണ്ട്. സിഐടിയുവിന്റെ സന്ദേശം വ്യാപിപ്പിക്കുന്നതിൽ ഈ സ്ത്രീ തൊഴിലാളികൾക്കുള്ള പങ്കിനെക്കുറിച്ച് ധാരണയില്ലാത്തതും അവരെ രാഷ്ട്രീയവും പ്രത്യയശാസ്ത്രപരവുമായ കാഴ്ചപ്പാടുള്ള കേഡർമാരാക്കി വളർത്തുന്നതിലുള്ള വൈമുഖ്യവും ഈ മേഖലയിലെ പ്രധാന പോരായ്മകളാണ്. ഇത് മറികടക്കാനാകണം.**

സിഐടിയുവിൽ അഫിലിയേറ്റ് ചെയ്യപ്പെട്ട സംഘടനകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനൊപ്പം ഇത്തരം സംഘടനകളുടെ പ്രവർത്തനങ്ങൾ യഥാസമയം വിലയിരുത്താനും യഥാസമയം അഫിലിയേഷൻ ഫീസ് ഒടുക്കുന്നുവെന്ന് ഉറപ്പുവരുത്താനും കഴിയണം. സമ്മേളനങ്ങൾക്ക് തൊട്ടുമുമ്പ് അഫിലിയേഷൻ ഫീസ് ഒടുക്കുന്നതിൽനിന്നും വിഭിന്നമായി സമയബന്ധിതമായി ഇത് ഉറപ്പുവരുത്താൻ കഴിയേണ്ടതുണ്ട്. സിഐടിയുവിന് കീഴിൽ നിരവധി സംഘടനകളുണ്ടെങ്കിലും ഇവയൊന്നും അഫിലിയേഷൻ ഫീസ് ഒടുക്കുന്നില്ല. ഇത്തരം സംഘടനകളെല്ലാം അഫിലിയേഷൻ ഫീസ് അടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ജില്ലാ കമ്മിറ്റികൾക്ക് കഴിയണം. സിഐടിയുവിന്റെ എല്ലാ പരിപാടികൾക്കും ഒപ്പം നിൽക്കുന്ന, അനു

**ഇപ്പോഴുള്ള ചില സംഘടനാപരമായ പ്രവർത്തന രീതികളും പ്രവണതകളും മാറ്റി യൂണിയന്റെ എല്ലാ തലങ്ങളിലും അർത്ഥപൂർണമായ ജനാധിപത്യ പ്രവർത്തനം ഉറപ്പാക്കാൻ നാം ഗൗരവ പൂർണമായ പരിശ്രമം നടത്തണം. മുകളിൽ നിന്ന് മറ്റിടപെടലോ അടിച്ചേൽപിക്കലോ ഇല്ലാതെ പ്രത്യേകിച്ചും നേതൃത്വം തീരുമാനിക്കുന്നതിലോ നേതാക്കളെ തെരഞ്ഞെടുക്കുന്നതിലോ ജനാധിപത്യപരമായ രീതി തുടരുമെന്ന് ഉറപ്പുവരുത്തേണ്ടതിനെപ്പറ്റി നമുക്ക് ധാരണയുണ്ടാവണം. യൂണിയൻ തല കമ്മിറ്റിയുടെ സുപ്രധാന സ്ഥാനങ്ങളിൽ ബന്ധപ്പെട്ട യൂണിറ്റിലോ സ്ഥാപനത്തിലോ ജോലിയെടുക്കുന്ന തൊഴിലാളികൾ തന്നെയായിരിക്കണമെന്നും അത്തരം യൂണിറ്റുകളിലും സ്ഥാപനങ്ങളിലും അവർ പൂർണമായും ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെടുമെന്ന് ഉറപ്പാക്കേണ്ടതുമാണ്.**

ഭാവികളായ ചില സംഘടനകൾ പക്ഷേ പലപ്പോഴും സ്വതന്ത്ര സ്വഭാവമാണ് പുലർത്തുന്നത്. ഇത്തരം സഘടനകളെ കൃത്യമായി വിലയിരുത്തി അവയെ സിഐടിയുവിൽ അഫിലിയേറ്റ് ചെയ്യിക്കാൻ ജില്ലാകമ്മിറ്റികൾക്ക് കഴിയണം.

### കീഴ്ഘടകങ്ങൾ

മിക്ക സംസ്ഥാനങ്ങളിലും ബ്ലോക്ക്, മണ്ഡലം, പഞ്ചായത്ത് കമ്മിറ്റികളുണ്ട്. ഗ്രാമീണമേഖലകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും വ്യാപിപ്പിക്കാനും കീഴ്ഘടകങ്ങൾ സജീവമാകേണ്ടതുണ്ട്. ചില സംസ്ഥാനങ്ങളിൽ സിറ്റി/ടൗൺ കമ്മിറ്റികൾ ഏറെക്കാലമായി നിലവിലുണ്ട്. സിഐടിയു ആഹ്വാനം ചെയ്യുന്ന പ്രക്ഷോഭങ്ങളും ക്യാമ്പയിൻ പ്രവർത്തനങ്ങളും താഴേത്തട്ടിലും തൊഴിലാളികളിലും പ്രവർത്തകരിലും എത്തിക്കുന്നത് കീഴ്ഘടകങ്ങൾ തന്നെയാണ്. നമ്മുടെ സംഘടന എത്തിപ്പെടാത്ത മേഖലകളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കാനും കൂടുതൽ കേഡർമാരെ കണ്ടെത്താനും കീഴ്ഘടകങ്ങൾ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം.

### ജനാധിപത്യ പ്രവർത്തനരീതി

പ്രവർത്തകരെ കാര്യക്ഷമമാക്കുന്നതിനും സംഘടന പ്രവർത്തനം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിലും ജനാധിപത്യരീതിയിൽ പ്രവർത്തിക്കുകയെന്നതാണ് സുപ്രധാനം. തൊഴിലാളി വർഗത്തിന്റെ കൂട്ടായ്മ വളർത്തിയെടുക്കാനും വർഗശത്രുക്കളുടെ പ്രചാരണം തുറന്നുകാട്ടാനും ഇത്തരം പ്രവർത്തനം അനിവാര്യമാണ്.

ജനാധിപത്യ രീതിയിലുള്ള പ്രവർത്തനങ്ങൾക്കാണ് സിഐടിയു ഭരണഘടനയിൽ ഊന്നൽ നൽകുന്നത്. മറ്റു തൊഴിലാളി സംഘടനകളിൽനിന്നും സിഐടിയുവിനെ വ്യതിരിക്തമാക്കുന്നതും ഇതുതന്നെയാണ്. ഭരണഘടനയിൽ ഇക്കാര്യം താഴെപ്പറയുംവിധം വ്യക്തമാക്കുന്നു.

(ബി): എല്ലാ ഘടകങ്ങളിലും ജനാധിപത്യ രീതിയിലുള്ള പ്രവർത്തനം അനിവാര്യമാണ്. ലക്ഷ്യം കൈവരിക്കാനുള്ള ഇത് അനിവാര്യഘടകമാണ്.

(സി): ഭരണഘടനയിലെ കൂട്ടായ പ്രവർത്തനം, സംഘടനകളിലെ കൂട്ടായ പ്രവർത്തനം എന്നിവയും അവയുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിനും കാലാകാലങ്ങളിൽ ഭരണഘടനകൾക്ക് അനുസൃതമായി നിറവേറ്റേണ്ടതുണ്ട്.

(ഇ): സംസ്ഥാനകമ്മിറ്റികളും മറ്റ് കീഴ്ഘടകങ്ങൾക്കും ജനാധിപത്യരീതിയിലും ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഘടകങ്ങൾ പ്രവർത്തിക്കുന്നുവെന്ന് സിഐടിയു സെന്റർ ഉറപ്പുവരുത്തുന്നു.

സിഐടിയുവിൽ ജനാധിപത്യരീതിയെക്കുറിച്ചും അതിന്റെ പുനരാവിഷ്കരണത്തെപ്പറ്റിയും ഊന്നിപ്പറയുന്നുവെങ്കിലും ഇത് വേണ്ട രീതിയിൽ ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് പരിശോധിക്കപ്പെടണം. സിഐടിയുവിന്റെ എല്ലാ തലങ്ങളിലും ജനാധിപത്യരീതിയിലുള്ള പ്രവർത്തനങ്ങൾക്ക് പുരോഗതിയുണ്ടെങ്കിലും ഇത് പലപ്പോഴും ഔപചാരികവും യാന്ത്രികവുമായി മാറുകയാണ്.

ജനാധിപത്യ പ്രവർത്തനരീതി നിരുത്സാഹപ്പെടുത്തുന്നത് ഉദ്യോഗസ്ഥ പ്രവണതയ്ക്ക് ആക്കം കൂട്ടും. ഇത്തരം പ്രവണത സിഐടിയുവിന്റെ ഘടകങ്ങളിലും വ്യാപിക്കുന്നുവെന്നത് സത്യമാണ്. വ്യക്തിപരവും പ്രവർത്തകരെ ആജ്ഞാവിധേയനാക്കാനുമുള്ള ശ്രമം പല യൂണിയനുകളിലും നടന്നുവരുന്നു. ഇത്തരം സംഭവങ്ങൾക്ക് നിരവധി ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടാനാകും.

ഇപ്പോഴുള്ള ചില സംഘടനാപരമായ പ്രവർത്തന രീതികളും പ്രവണതകളും മാറ്റി യൂണിയന്റെ എല്ലാ തലങ്ങളിലും അർത്ഥപൂർണമായ ജനാധിപത്യ പ്രവർത്തനം ഉറപ്പാക്കാൻ നാം ഗൗരവ പൂർണമായ പരിശ്രമം നടത്തണം. മുകളിൽ നിന്ന് മറ്റിടപെടലോ അടിച്ചേൽപിക്കലോ ഇല്ലാതെ പ്രത്യേകിച്ചും നേതൃത്വം തീരുമാനിക്കുന്നതിലോ നേതാക്കളെ തെരഞ്ഞെടുക്കുന്നതിലോ ജനാധിപത്യപരമായ രീതി തുടരുമെന്ന് ഉറപ്പുവരുത്തേണ്ടതിനെപ്പറ്റി നമുക്ക് ധാരണയുണ്ടാവണം. യൂണിയൻ തല കമ്മിറ്റിയുടെ സുപ്രധാന സ്ഥാനങ്ങളിൽ ബന്ധപ്പെട്ട യൂണിറ്റിലോ സ്ഥാപനത്തിലോ ജോലിയെടുക്കുന്ന തൊഴിലാളികൾ

തന്നെയായിരിക്കണമെന്നും അത്തരം യൂണിറ്റുക ളിലും സ്ഥാപനങ്ങളിലും അവർ പൂർണമായും ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെടുമെന്ന് ഉറപ്പാക്കേണ്ടതുമാണ്.

**അവലോകനവും മേൽനോട്ടവും**

സംഘടനാപരവും പ്രവർത്തനം സംബ ന്ധിച്ചും സിഐടിയു സംഘടനകളുടെ എല്ലാ തല ത്തിലും കൈക്കൊണ്ട തീരുമാനങ്ങളുടെ മേൽനോ ട്ടവും അവലോകനവും ശത്രുക്കളുടെ പ്രവർത്ത നത്തെ നേരിടുന്നതിലും നാം മുന്നോട്ടു പോകു ന്നതിലും നിർണായകമാണ്. നമ്മുടെ എല്ലാ തല ത്തിലുമുള്ള കേഡറുകളുടെ ബോധനിലവാരം ഉയർത്തുന്നതിനും ഇതു സഹായിക്കും.

സിഐടിയു സെന്റർ സംസ്ഥാന കമ്മിറ്റികൾ, ഫെഡറേഷനകൾ, യൂണിയനുകൾ തുടങ്ങി നമ്മുടെ സംഘടനയുടെ എല്ലാ ഘടകങ്ങളും ഏറ്റവും ഗൗരവമേറിയ ഈ സംഘടനാ പ്രവർത്തനം തികഞ്ഞ ഗൗരവത്തോടെ ഏറ്റെടു ക്കണം. സമയമില്ല എന്ന കാരണം നിരത്തി ഈ ദൗത്യം മാറ്റിവച്ചുകൂടാ.

സിഐടിയുവിന്റെ ഓരോ തലത്തിലും അതിലെ അംഗങ്ങൾ ഏറ്റെടുത്ത ഉത്തരവാദിത്ത ങ്ങൾ പരിശോധിക്കയും പ്രസ്ഥാനപരമായും സംഘടനാപരമായും കീഴ്ക്കമ്മിറ്റികളുടെ പരിപാ ടികൾ ചടുലതയോടെ മുന്നോട്ടു കൊണ്ടു പോവു കയും വേണം. സിഐടിയു കമ്മിറ്റിയുടെ ഓരോ തലവും ഈ മേൽനോട്ട പ്രക്രിയയോട് പ്രതികരി ക്കയും സഹകരിക്കയും വേണം. ഇത് തീർച്ച യായും സംഘടനാപരവും പ്രസ്ഥാനപരവുമായ തീരുമാനങ്ങളുടെ ഗുണമേന്മയിൽ വൻപുരോഗതി യുണ്ടാക്കും.

സംഘടനാപരവും പ്രസ്ഥാനപരവുമായ എല്ലാ പ്രവർത്തനങ്ങളുടെയും മേൽനോട്ടവും അവലോ കനവും അവിഭാജ്യ ഘടകമാക്കി മാറ്റാൻ ബോധ പൂർവ്വം പരിശ്രമിക്കണം.

**കേഡർ പ്രശ്നം**

കേഡർമാരുടെ കുറവാണ് എല്ലാ തലത്തിലും നമ്മൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും ദേശീയ തലത്തിലും ഈ കുറവ് കാണാം. ഹിന്ദി മേഖലയി ലെ സംസ്ഥാനങ്ങളിൽ ഇത് പ്രകടമാണ്. എന്നാൽ ഈ പ്രശ്നത്തെ നമ്മൾ ഇതുവരെ ഗൗരവമായി കൈക്കാര്യം ചെയ്തിട്ടില്ല. പകുതി സംസ്ഥാ നങ്ങൾ, ഒരു കേഡർ പോളിസിയും ഉണ്ടാക്കിയിട്ടി ല്ലെന്ന് പത്ത് സംസ്ഥാനങ്ങൾ റിപ്പോർട്ട് ചെയ്തി ട്ടുണ്ട്. നാം ഉയർത്തുന്ന ക്യാമ്പയിൻ പ്രവർ ത്തനങ്ങൾക്കൊപ്പം തൊഴിലാളി വർഗം നേരിടുന്ന സവിശേഷ പ്രശ്നങ്ങളിലും കൂടുതൽ ശ്രദ്ധ പതി പ്പിക്കണം മുതലാളിത്ത സമൂഹം തുടരുന്ന ചൂ ഷണം അവസാനിപ്പിക്കാൻ പ്രവർത്തകരെ കൂ ടുതൽ രാഷ്ട്രീയ വിദ്യാഭ്യാസമുള്ളവരായി മാ റ്റണം. നിരന്തര ട്രേഡ് യൂണിയൻ ക്ലാസുകൾ ലഘുലേഖകൾ ബുക്ക്ലെറ്റുകൾ എന്നിവയിലൂടെ രാഷ്ട്രീയ വിദ്യാഭ്യാസം പകർന്ന് നൽകാൻ കഴി യണം. എന്നാൽ ഇത് ഏറ്റെടുത്ത് നടപ്പാ ക്കുന്നതിൽ പലപ്പോഴും നമ്മുടെ ഭാഗത്ത് വീഴ്ച സംഭവിക്കുന്നു.

**സാമൂഹ്യപ്രശ്നങ്ങൾ**

സാമൂഹ്യമായി അടിച്ചമർത്തപ്പെട്ട ദളിതർ, ആദിവാസി, ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട തൊ ഴിലാളികളുടെയും സ്ത്രീ തൊഴിലാളികളുടെയും പ്രശ്നങ്ങൾ ഏറ്റെടുക്കേണ്ടതിന്റെ ആവശ്യ കതയെ കുറിച്ച് ഭുവനേശ്വർ ഡോക്യുമെന്റ് വിശദീ കരിക്കുന്നുണ്ട്.

**വർക്കിങ് വിമൺ**

തൊഴിലാളി സ്ത്രീകളുടെ പ്രശ്നങ്ങൾ മനസി ലാക്കുകയും അവരുടെ ന്യായമായ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് അവരെ ഒരു കുടക്കീഴിൽ കൊ ണ്ടുവരികയും ചെയ്ത ആദ്യ ട്രേഡ് യൂണിയൻ സിഐടിയുവാണ്. ഈ തീരുമാനത്തിന്റെ അടി സ്ഥാനം വർഗങ്ങളെ തിരിച്ചറിഞ്ഞ് അവയെ ഒന്നി പ്പിക്കുകയും തൊഴിലാളി വർഗ ചൂഷണം അവസാ നിപ്പിക്കുകയും അതിനുള്ള ചരിത്രപരമായ ദൗ ത്യത്തിന് അവരെ തയ്യാറാക്കുകയും ചെയ്യുക എന്നതാണ്.

■ ശേഷം പേജ് 36

**തൊഴിലാളി സ്ത്രീകളുടെ പ്രശ്നങ്ങൾ മനസിലാക്കുകയും അവരുടെ ന്യായമായ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് അവരെ ഒരു കുടക്കീഴിൽ കൊണ്ടുവരികയും ചെയ്ത ആദ്യ ട്രേഡ് യൂണിയൻ സിഐടിയുവാണ്. ഈ തീരുമാനത്തിന്റെ അടിസ്ഥാനം വർഗങ്ങളെ തിരിച്ചറിഞ്ഞ് അവയെ ഒന്നിപ്പിക്കുകയും തൊഴിലാളി വർഗ ചൂഷണം അവസാനിപ്പിക്കുകയും അതിനുള്ള ചരിത്രപരമായ ദൗത്യത്തിന് അവരെ തയ്യാറാക്കുകയും ചെയ്യുക എന്നതാണ്. ട്രേഡ്യൂണിയൻ മേഖലയിൽ സാമുഹ്യമായി അടിച്ചമർത്തപ്പെട്ട വിഭാഗങ്ങളുടെ കൂടെ നിന്ന് കൃത്യമായ വിഷയങ്ങളിൽ ഇടപെട്ടുകൊണ്ട് തൊഴിലാളി വർഗ ഐക്യം രൂപപ്പെടുത്തി വർഗ ചൂഷണത്തിനെതിരെയും ജാതീതമായ അടിച്ചമർത്തലിനെതിരെയുമുള്ള പോരാട്ടങ്ങൾ ശക്തിപ്പെടുത്തണം. എന്നാൽ നമ്മൾ ഇതുവരെ ഈ പ്രശ്നത്തെ ഗൗരവമായി എടുത്തിട്ടില്ല.**

# സെപ്തംബർ 5 തൊഴിലാളി കർഷക മാർച്ച്



എ കെ പത്മനാഭൻ

# അധ്വാനിക്കുന്ന ജനങ്ങൾ ചരിത്രപരമായ പോരാട്ടങ്ങൾക്ക് തയാറാകുക

**അധ്വാനിക്കുന്ന ജനവിഭാഗങ്ങളെ അവർക്കുമേൽ അടിച്ചേല്പിക്കപ്പെടുന്ന അനീതികൾക്കെതിരെ തങ്ങളുടെ ഐക്യം കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ട് ഒറ്റക്കെട്ടായി നിന്ന് പോരാടുന്നതിന് നിർബന്ധിക്കുകയാണ് ഇന്നത്തെ സാഹചര്യങ്ങൾ. ഈ ചെറുത്തുനിൽപ്പിനെ ദുർബലപ്പെടുത്തുന്നതിനും തൊഴിലാളികളുടെ ഐക്യത്തെ ഭിന്നിപ്പിക്കാനും കേന്ദ്ര സർക്കാരും അതിനെ നയിക്കുന്ന സംഘപരിവാറും വർഗീയതയുടെ അജണ്ട പുറത്തിറക്കുകയാണ്. തൊഴിലാളികൾക്ക് നേരെയുള്ള ആക്രമണങ്ങൾ തുടരുകയാണ്. "വ്യാപാരം നടത്തുന്നത് സുഗമമാക്കാൻ" എന്ന പേരിൽ കൊണ്ടുവരപ്പെടുന്ന തൊഴിൽ നിയമ ഭേദഗതികൾ, സംഘടനാ രൂപീകരണം ഉൾപ്പെടെയുള്ള നിരവധി ക്ലേശങ്ങൾ സഹിച്ച് നേടിയ തൊഴിലാളികളുടെ അവകാശങ്ങളെ പോലും കവർന്നെടുക്കുകയാണ്.**

ദേശീയ തലസ്ഥാനമായ ഡൽഹി വരുന്ന സെപ്തംബർ 5 തൊഴിലാളികളുടെയും കർഷകരുടെയും കാർഷിക തൊഴിലാളികളുടെയും ഒരു വലിയ മാർച്ചിന് സാക്ഷ്യം വഹിക്കുവാൻ പോകുകയാണ്. ഇത് ഒരു ചരിത്ര സംഭവമാക്കിത്തീർക്കാനുള്ള തയാറെടുപ്പുകൾ രാജ്യത്താകെ നടക്കുകയാണ്.

മാർച്ചിന് മുന്നോടിയായി ദേശവ്യാപകമായി പ്രചരണ പരിപാടികളും യോഗങ്ങളും ജാഥകളും സംഘടിപ്പിക്കപ്പെടും.

കോഴിക്കോട് നടന്ന സിഐടിയുവിന്റെ ജനറൽ കൗൺസിലിൽ മാർച്ചുമായും അതിനു മുന്നോടിയായുള്ള പ്രചാരണ പരിപാടികളുമായും ബന്ധപ്പെട്ട കാര്യങ്ങളിൽ അന്തിമ തീരുമാനമായി.

ഡൽഹിയിൽ തൊഴിലാളികളുടെ ഒരു റാലി സംഘടിപ്പിക്കണമെന്നാണ് സിഐടിയുവിന്റെ നേരത്തെ കൂടിയ പ്രവർത്തന സമിതി യോഗത്തിൽ തീരുമാനിച്ചിരുന്നത്.

എന്നാൽ ഇന്ത്യയിലൊട്ടാകെ അലയടിക്കുന്ന കർഷകരുടെ പ്രതിഷേധങ്ങളുടെയും വിവിധ സംസ്ഥാനങ്ങളിൽ ഉയർന്നുവരുന്ന വലിയ തോതിലുള്ള കർഷക പ്രക്ഷോഭങ്ങളുടെയും പശ്ചാത്തലത്തിൽ സിഐടിയു കൃഷിക്കാരുടെയും കാർഷിക തൊഴിലാളികളുടെയും തൊഴിലാളി വർഗത്തിന്റെയും ഒരുമിച്ചുള്ള മാർച്ച് നടത്തണം എന്ന നിർദേശം മുന്നോട്ടു വച്ചു. ഇതിനോട് ഓൾ ഇന്ത്യാ കിസാൻ സഭയും, ഓൾ ഇന്ത്യാ അഗ്രിക്കൾച്ചറൽ വർക്കേഴ്സ് യൂണിയനും അനുകൂലമായി പ്രതികരിക്കുകയും ചെയ്തു.

ഈ സാഹചര്യത്തിലാണ് കോഴിക്കോട് ചേർന്ന സിഐടിയുവിന്റെ ജനറൽ കൗൺസിലിൽ വിശദമായ പ്രചരണ പരിപാടികൾക്ക് അന്തിമരൂപം നൽകിയത്. രാജ്യമൊട്ടാകെ നടക്കുവാൻ പോകുന്ന ഈ പ്രചരണ പരിപാടികൾ ഡൽഹിമാർച്ചിൽ പര്യവസാനിക്കും.

നാലുകൊല്ലത്തെ എൻഡിഎ സർക്കാരിന്റെ ഭരണം ജനങ്ങളുടെ ഉപജീവനത്തിനു നേർക്ക് നിശിതമായ ആക്രമണമാണ് അഴിച്ചുവിട്ടിരിക്കുന്നത്. ഫാസിസത്തിന്റെ പാത പിന്തുടരുന്ന ആർഎസ്എസിനാൽ നിയന്ത്രിക്കപ്പെടുന്ന കേന്ദ്ര സർക്കാർ രാജ്യത്തിനകത്തും പുറത്തുമുള്ള കുത്തകകളുടെ ലാഭക്കൊതിയെ തൃപ്തിപ്പെടുത്തുന്നതിനാണ് ജനങ്ങൾക്കുമേൽ അക്രമണം അഴിച്ചുവിടുന്നത്.

ഈ നാലു വർഷങ്ങളിൽ ചൂഷണത്തിനും അടിച്ചമർത്തലിനും വിധേയമാകുന്ന വിഭാഗങ്ങളുടെ വലിയ ചെറുത്തുനിൽപ്പുകൾ ഉയർന്നുവരുന്നതും നമുക്ക് കാണുവാനാകുന്നുണ്ട്. ചെറുത്തുനിൽപ്പുകളെ ബലപ്രയോഗത്തിലൂടെ നിശബ്ദമാക്കാനാണ് കേന്ദ്ര സർക്കാരും ബിജെപി ഭരിക്കുന്ന സംസ്ഥാന സർക്കാരുകളും ശ്രമിക്കുന്നത്.

ആർഎസ്എസിനാൽ നയിക്കപ്പെടുന്ന ബിഎംഎസ് ഒഴികെയുള്ള കേന്ദ്ര തൊഴിലാളി സംഘടനകളും നിരവധി സ്വതന്ത്ര ഫെഡറേഷനുകളും യോജിച്ച് 2015 ലും 2016 ലും സെപ്തംബർ 2 ന് ദേശീയ പണിമുടക്കുകൾ നടത്തുകയുണ്ടായി. ചരിത്രം സൃഷ്ടിച്ചുകൊണ്ട് പാർലമെന്റിനു മുന്നിൽ സംഘടിപ്പിക്കപ്പെട്ട മഹാധർണയിൽ സംഘടിത- അസംഘടിത, സ്വകാര്യ, പൊതു മേഖല, സഹകരണ സർക്കാർ മേഖലകളിലെ പുരുഷ- സ്ത്രീ തൊഴിലാളികളുടെയും അതേപോലെ തന്നെ പദ്ധതി തൊഴിലാളികളുടെയും അഭൂതപൂർവമായ പങ്കാളിത്തമാണുണ്ടായത്. മറ്റൊരു ദേശീയ പണിമുടക്കിനായി തയാറെടുക്കണമെന്ന് തൊഴിലാളികൾ ആഹ്വാനം ചെയ്യപ്പെടുകയുമുണ്ടായി.

ഈ കാലഘട്ടത്തിൽ ഏകദേശം എല്ലാ മേഖലകളിലെയും തൊഴിലാളികളുടെ തനതു പോരാട്ടങ്ങൾക്കും ഡൽഹി വേദിയാകുകയുണ്ടായി. പ്രാദേശികവും മേഖലാടിസ്ഥാനത്തിലുള്ളതും ദേശീയവുമായ അസംഖ്യം പോരാട്ടങ്ങളാണ് തൊഴിലാളികൾ നടത്തിയത്. പല അവസരങ്ങളിലും വിവിധ സംഘടനകളുടെ സംയുക്ത സമര സമിതിയുടെ നേതൃത്വത്തിലാണ് പ്രക്ഷോഭങ്ങൾ നടന്നത്.

നിരവധി വർഷങ്ങളുടെ ഇടവേളക്കുശേഷം ആയിരക്കണക്കിനു കൃഷിക്കാരാണ് വിവിധ സംസ്ഥാനങ്ങളിൽ നീണ്ട പോരാട്ടങ്ങൾക്കായി മുന്നോട്ടു വന്നത്. ചില കർഷക ചെറുത്തു നിൽപ്പുകൾ ജാതീയമായ അടിച്ചമർത്തലുകൾക്കും ഭക്ഷണം, തൊഴിൽ, സംസ്കാരം, എന്നിവയുടെ പേരിൽ കർഷകരെ വകവരുത്തുന്നതിനും എതിരെയുള്ളവയായിരുന്നു. പല സംസ്ഥാനങ്ങളിലും ഇക്കാലത്ത് നടന്ന പോരാട്ടങ്ങൾ വിജയിപ്പിക്കുകയും അതിനെ തുടർന്ന് തൊഴിലാളികളുടെയും കർഷകരുടെയും ചില ആവശ്യങ്ങളെങ്കിലും അംഗീകരിക്കുന്നതിന് സർക്കാരുകൾ നിർബന്ധിതമായി എന്നത് നമ്മുടെ ശ്രദ്ധയിൽ വരേണ്ട ഏറെ പ്രധാനമായ ഒരു കാര്യമാണ്.

തൊഴിലാളികൾക്ക് നേരെയുള്ള ആക്രമണങ്ങൾ തുടരുകയാണ്. "വ്യാപാരം നടത്തുന്നത് സുഗമമാക്കാൻ" എന്ന പേരിൽ കൊണ്ടുവരപ്പെടുന്ന തൊഴിൽ നിയമ ഭേദഗതികൾ, സംഘടനാ രൂപീകരണം ഉൾപ്പെടെയുള്ള നിരവധി ക്ലേശങ്ങൾ സഹിച്ച് നേടിയ തൊഴിലാളികളുടെ അവകാശങ്ങളെ പോലും കവർന്നെടുക്കുകയാണ്. ആയിരക്കണക്കിന് തൊഴിലാളികൾ ശിക്ഷാ നടപടികൾക്ക് വിധേയമാക്കപ്പെടുന്നു. ഈ ആക്രമണ പരമ്പരയിലെ ഏറ്റവും ഒടുവിലത്തേത്, നിശ്ചിത കാലാവധി തൊഴിൽ സമ്പ്രദായം അനുവദിച്ചുകൊണ്ട് മാർച്ച് മാസം പുറത്തിറക്കിയ ഓർഡിനൻസായിരുന്നു. മോദി സർക്കാർ ഇത്തരം ഒരു സമ്മാനം കനിഞ്ഞു നൽകിയതിന് തൊഴിലുടമകൾ ആഘോഷിക്കുകയാണ്. തൊഴിൽ സുരക്ഷക്ക് അന്ത്യം കുറിച്ചുകൊണ്ട് സ്ഥിരം തൊഴിലുകളായി പരസ്യം ചെയ്യപ്പെട്ടിരുന്ന ജോലികൾ പോലും നിശ്ചിത കാലഘട്ടത്തൊഴിലുകളായി പരിവർത്തനം ചെയ്യപ്പെടുകയാണ്.

സ്വകാര്യവൽക്കരണം, ഓഹരി വിറ്റഴിക്കൽ, പ്രത്യക്ഷ വിദേശ നിക്ഷേപം തുടങ്ങിയ തന്ത്രപരമായവ ഉൾപ്പെടെയുള്ള സമസ്ത മേഖലകളിലേക്കും വ്യാപിപ്പിക്കുകയാണ്. പൊതുമേഖലയെ പൂർണമായും നശിപ്പിക്കുന്നതിനുള്ള നടപടികളുമായി കേന്ദ്ര സർക്കാർ അതിവേഗം മുന്നോട്ടു പോകുകയാണ്. ഇതി



നെതിരെ പൊതുമേഖലയിലെ തൊഴിലാളി
കളെ സംഘടനകളുടെയും കേന്ദ്ര തൊഴി
ലാളി സംഘടനകളുടെയും സ്വതന്ത്ര തൊഴി
ലാളി സംഘടനകളുടെയും സംയുക്ത സമര
സമിതി വലിയ പോരാട്ടങ്ങൾക്ക് തയാറെടു
ക്കുകയാണ്.

സാമൂഹ്യ സുരക്ഷാ പദ്ധതികളും അട്ടിമ
റിക്കപ്പെടുകയാണ്. മിച്ചവേതനം എന്ന നില
യിൽ പെൻഷൻ നൽകിയിരുന്നതിനു പകരം
തൊഴിലാളികളുടെ സംഭാവനയിൽ നിന്ന്
സ്വരൂപിക്കപ്പെടുന്ന ഫണ്ടിൽ നിന്ന് പെൻഷൻ
അനുവദിക്കുന്ന രീതിയിലേക്കുള്ള മാറ്റം
പെൻഷന്റെ അടിസ്ഥാന തത്വത്തിന്റെ തന്നെ
ലംഘനമാണ്. പുതിയ പെൻഷൻ പദ്ധതിക്കു
കീഴിൽ നിർബന്ധിതമായി കൊണ്ടുവരപ്പെട്ടി
രിക്കുന്ന സർക്കാർ ജീവനക്കാർ അസംതൃ
പ്തരും രോഷാകുലരുമാണ്.

എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്,
എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് എന്നീ
പദ്ധതികളും കേന്ദ്ര സർക്കാരിന്റെ അവഗണ
കാരണം അവതാളത്തിലാണ്. ഈ സാമൂഹ്യ
സുരക്ഷാ പദ്ധതികളെയും പൊതു സ്വകാര്യ
പങ്കാളിത്തത്തിനു കീഴിൽ കൊണ്ടു വരുന്ന
തിന് സർക്കാർ തയാറെടുക്കുകയാ
ണെന്നാണ് സമീപകാല മാധ്യമ റിപ്പോർട്ടു
കൾ സൂചിപ്പിക്കുന്നത്. സാമൂഹ്യ സുരക്ഷയു
മായി ബന്ധപ്പെട്ട എല്ലാ നിയമങ്ങളെയും ഒരു
ചട്ടത്തിന് കീഴിൽ കൊണ്ടുവരുന്നതിനുള്ള
പിന്തിരിപ്പൻ തീരുമാനവും തൊഴിലാളി
സംഘടനകളുടെ സാർവത്രികമായ
എതിർപ്പിനെ നേരിടുകയാണ്.

ഇപിഎഫ്ഒയിൽ നിന്ന് പേരിനു മാത്ര
മാണ് വളരെ തുച്ഛമായ ഒരു തുക പെൻഷ
നായി ലഭിക്കുന്നത്. ഉപഭോക്തൃ വിലസൂചിക
യുമായി ബന്ധിപ്പിക്കപ്പെടുകയോ കാലോചിത
മായി പരിഷ്കരിക്കപ്പെടുകയോ ചെയ്യുന്നില്ല.
പെൻഷന്റെ കാര്യത്തിൽ ഒരു വിഭാഗം തൊഴി
ലാളികൾക്ക് ഗുണകരമാകുന്ന സുപ്രീം കോട
തിയുടെ വിധി നടപ്പിലാക്കുന്നതിന് ഇപിഎഫ്ഒ
വിസമ്മതിക്കുകയാണ്.

ചില മാസങ്ങളിൽ മാത്രം തൊഴിൽ ലഭി
ക്കുന്ന തൊഴിലാളികൾക്ക് ഇഎസ്ഐ ആനു
കൂല്യം നിഷേധിക്കപ്പെടുകയാണ്. ഇൻഷു
റൻസ് പോളിസിയുമായി ഇഎസ്ഐയെ
ബന്ധിപ്പിക്കുവാനും നീക്കങ്ങൾ നടക്കുകയാ
ണ്. ഇത് പാവപ്പെട്ട തൊഴിലാളികളുടെ താല്പ
ര്യങ്ങളെ സംരക്ഷിക്കുന്നതിന് വേണ്ടിയല്ല.
മറിച്ച് അന്താരാഷ്ട്ര കുത്തക കമ്പനികളുടെ
ലാഭക്കൊതിയെ പൂർത്തീകരിക്കുന്നതിനാണ്.
പൊതുമേഖലാ സ്ഥാപനങ്ങൾ സർക്കാർ
ഓഫീസുകൾ ഉൾപ്പെടെ കരാർ സമ്പ്രദായം
അതിവേഗം വ്യാപകമാവുകയാണ്.

അനൗപചാരിക, പരമ്പരാഗത മേഖലക
ളിൽ സ്ഥിതിഗതികൾ അതീവ ഗുരുതരമാണ്.
നോട്ടു നിരോധനവും ജിഎസ്ടിയുടെ നടപ്പിലാ
ക്കലും ഈ മേഖലകളിലും വിനാശം വിതച്ചിരി
ക്കുകയാണ്.

സംസ്ഥാനങ്ങളിലെ വിവിധ ക്ഷേമനിധി
ബോർഡുകൾ ഇന്നു നിർജീവമാണ്. കെട്ടിട
നിർമാണ തൊഴിലാളി ക്ഷേമനിധി ബോർഡുക



ളുടെ നിരുത്തരവാദപരമായ പ്രവർത്തനങ്ങൾ കേന്ദ്രസർക്കാരിനെയും നിരവധി സംസ്ഥാന സർക്കാരുകളെയും സുപ്രീം കോടതി നിശിതമായി ശാസിക്കുന്നതിലേക്ക് നയിച്ചിരിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിക്കുന്ന കേരളത്തിൽ മാത്രമാണ് ക്ഷേമനിധി ബോർഡുകൾ നല്ലരീതിയിൽ പ്രവർത്തിക്കുന്നത്. അവിടെ ക്ഷേമപെൻഷൻ ആനുകൂല്യങ്ങൾ കൃത്യമായി വിതരണം ചെയ്യപ്പെടുന്നു എന്നതു മാത്രമല്ല ആനുകൂല്യങ്ങളിൽ വർധനവുണ്ടാവുകയും ചെയ്യുന്നുണ്ട്.

ഒരു കോടിയിലധികം വരുന്ന പദ്ധതി തൊഴിലാളികളുണ്ട്. ഇവരിൽ മഹാ ഭൂരിപക്ഷവും സ്ത്രീകളാണ്. സ്ഥിതി വളരെ ദയനീയമാണ്, ഇവരെ തൊഴിലാളികളായി അംഗീകരിക്കുക ഇവർക്ക് മിനിമം കൂലിയും സാമൂഹ്യ സുരക്ഷയും ഉറപ്പാക്കുക തുടങ്ങിയ വർഷങ്ങളായി മുന്നോട്ടു വയ്ക്കപ്പെടുന്ന ആവശ്യങ്ങൾ പരിഹരിക്കുന്നതിന് കേന്ദ്രസർക്കാർ സന്നദ്ധമാവുന്നില്ല. സാമൂഹ്യ സുരക്ഷക്ക് നിർണായകമായ ഈ പദ്ധതികളെ, അവയുടെ ദരിദ്രരായ ഗുണഭോക്താക്കളെ പാടെ അവഗണിച്ചുകൊണ്ട് സ്വകാര്യ കോർപറേറ്റ് ഏജൻസികൾക്ക് കൈമാറാൻ അടുത്തിടെയായി സർക്കാർ തിടുക്കം കാട്ടുകയാണ്.

നിലവിലുള്ള തൊഴിലുകൾ പോലും രാജ്യത്ത് അപ്രത്യക്ഷമാകുകയാണ്. ഏറെ കൊട്ടിഘോഷിക്കപ്പെട്ട ബിജെപി സർക്കാരിന്റെ വളർച്ച യഥാർത്ഥത്തിൽ തൊഴിൽ സൃഷ്ടിക്കാത്ത വളർച്ചയാണെന്ന് ഇപ്പോൾ തെളിയിക്കപ്പെട്ടിരിക്കുകയാണ്. വ്യവസായ മേഖലയും സേവന മേഖലയും കൂടി പ്രതിസന്ധിയുടെ പിടിയിലായതോടുകൂടി പുതിയ തൊഴിലുകൾ ഉണ്ടാവുന്നില്ല എന്നതുമാത്രമല്ല നിലവിലുള്ളവ പോലും നഷ്ടപ്പെടുകയാണ്. ഔപചാരികമേഖലയിൽ പണിയെടുക്കുന്നവരിൽ 90% നും പതിനയ്യായിരത്തിൽ താഴെയാണ് മാസ വരുമാനമെന്ന് 2018 ലെ ഇക്കണോമിക് സർവേയിൽ പറഞ്ഞിരിക്കുന്ന കണക്കിൽ തന്നെ ഇന്ത്യയിലെ പണിയെടുക്കുന്നവരുടെ അവസ്ഥ വ്യക്തമാണ്. ഈ വസ്തുത മറച്ചുവച്ചുകൊണ്ട് അടിസ്ഥാനരഹിതവും സത്യവുമായി തെല്ലും ബന്ധമില്ലാത്തതും ആയ അവകാശവാദങ്ങളാണ് തൊഴിൽ വളർച്ചയുടെ കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത്.

അധ്വാനിക്കുന്ന ജനവിഭാഗങ്ങളെ അവർക്കുമേൽ അടിച്ചേല്പിക്കപ്പെടുന്ന അനീതികൾക്കെതിരെ തങ്ങളുടെ ഐക്യം കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ട് ഒറ്റക്കെട്ടായി നിന്ന് പോരാടുന്നതിന് നിർബന്ധിക്കുകയാണ് ഈ സാഹചര്യങ്ങൾ. ഈ ചെറുത്തുനിൽപ്പിനെ ദുർബലപ്പെടുത്തുന്നതിനും തൊഴിലാളികളുടെ ഐക്യത്തെ ഭിന്നിപ്പിക്കാനും കേന്ദ്ര സർക്കാരും അതിനെ നയിക്കുന്ന സംഘപരിവാറും വർഗീയതയുടെ അജണ്ട പുറത്തിറക്കുകയാണ്. സർക്കാരിന്റെ തെറ്റായ നയങ്ങൾക്കെതിരെ ഒന്നിച്ചു പോരാടുന്ന ജനങ്ങളെ മതത്തിന്റെ പേരിൽ തമ്മിലടിപ്പിക്കാനുള്ള എല്ലാ ശ്രമങ്ങളും നടക്കുകയാണ്. രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ ന്യൂനപക്ഷങ്ങൾക്കു നേരെയുള്ള ആക്രമണം വർധിക്കുകയാണ്.

ന്യൂനപക്ഷങ്ങൾക്കൊപ്പം ദളിതർ ആദിവാസികൾ തുടങ്ങിയ അടിച്ചമർത്തലുകൾക്ക് വിധേയമാക്കപ്പെട്ടുകൊണ്ടിരിക്കുന്ന വിഭാഗങ്ങളും രൂക്ഷമായ ആക്രമണത്തെ നേരിടുകയാണ്. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളും വർധിക്കുകയാണ്. ഇതെല്ലാം ചേർന്ന് രാജ്യത്തെ അതീവ ഗുരുതരമായ ഒരവസ്ഥയിൽ കൊണ്ടെത്തിച്ചിരിക്കുകയാണ്.

ഈ അനീതികളെയും ചൂഷണങ്ങളെയും എതിർക്കുന്നതിനുള്ള ചരിത്രപരമായ ചുമതല തൊഴിലാളി വർഗത്തിന്റെ ചുമലിലാണ് നിക്ഷിപ്തമായിരിക്കുന്നത്. തൊഴിലാളികളുടെയും കർഷകരുടെയും കർഷക തൊഴിലാളികളുടെയും, അതുപോലെ തന്നെ ഈ തെറ്റായ നയങ്ങൾ കാരണം ദുരിതമനുഭവിക്കുന്ന എല്ലാ ജനവിഭാഗങ്ങളുടെയും ഐക്യം ശക്തിപ്പെടുത്തിക്കൊണ്ട് പോരാട്ടങ്ങൾക്ക് കൂടുതൽ കരുത്ത് പകരേണ്ടതുണ്ട്.

സിഐടിയു, എഐകെഎസ്, എഐഡബ്ല്യൂയു എന്നിവയുടെ നേതൃത്വത്തിൽ മറ്റ് സഹോദര തൊഴിലാളി സംഘടനകളുടെ പിന്തുണയോടെ ഇപ്പോൾ നടക്കുന്ന പ്രക്ഷോഭത്തിന്റെ ഘട്ടം വരാനിരിക്കുന്ന തീവ്രവായ പോരാട്ടങ്ങൾക്കായി സജ്ജമാക്കപ്പെടുന്ന നിരവധി വേദികളിൽ ഒന്നുമാത്രമാണ്.

പാർലമെന്റ് മാർച്ചും അതിനു മുന്നോടിയായുള്ള പ്രചരണങ്ങളും ഏറ്റെടുക്കുമ്പോഴും സിഐടിയു കേന്ദ്ര തൊഴിലാളി സംഘടനകളുമായും ദേശീയ തൊഴിലാളി ഫെഡറേഷനുകളുമായി ജനകീയ പ്രസ്ഥാനങ്ങളുമായും ജൻ ഏകതാ ജൻ അധികാർ ആന്ദോളൻ (ജെവിഎഎഎക്സ്) പോലുള്ള സാമൂഹിക പ്രസ്ഥാനങ്ങളുമായും ഐക്യപ്പെട്ടുകൊണ്ടുള്ള പോരാട്ടങ്ങളും മുന്നോട്ട് കൊണ്ടുപോകും.

നമുക്ക് ഓരോ തൊഴിലാളിയുമായും ഓരോ കർഷകനുമായും ഓരോ കാർഷിക തൊഴിലാളിയുമായും ബന്ധപ്പെടാം. തൊഴിലാളി വർഗ രാഷ്ട്രീയത്തിന്റെയും ഭരണവർഗ രാഷ്ട്രീയത്തിന്റെയും വ്യത്യാസങ്ങൾ തുറന്നുകാട്ടാം. ജനങ്ങളെ ഭിന്നിപ്പിക്കുന്ന മതമൗലിക ശക്തികളെ ഒറ്റപ്പെടുത്തി പരാജയപ്പെടുത്താം.

സെപ്തംബർ 5 ലെ തൊഴിലാളി കർഷക മാർച്ചും അതിന്റെ മുന്നോടിയായുള്ള പ്രചരണ പരിപാടികളും നമുക്ക് ചരിത്ര സംഭവമാക്കി തീർക്കാം. ■

# കൊറിയൻ സമാധാന കരാറും അമേരിക്കയും

ജോസ് ടി എബ്രഹാം



കൊറിയൻ മുനമ്പിൽ സമ്പൂർണ ആണവ നിരായുധീകരണം നടപ്പാക്കുമെന്നും മേഖലയിൽ സ്ഥിരമായ സമാധാനം പുനഃസ്ഥാപിക്കുമെന്നും ഏപ്രിൽ 2 ന് നടന്ന ഉത്തര- ദക്ഷിണ കൊറിയൻ നേതാക്കളുടെ ഉച്ചകോടി പ്രഖ്യാപിച്ചു. ലോകത്തെ സമാധാനകാംക്ഷികളായ ജനങ്ങൾക്കാകെ സന്തോഷം പകരുന്ന ഒരു സംഭവമായി ഉത്തര- ദക്ഷിണ കൊറിയൻ നേതാക്കളുടെ കൂടിക്കാഴ്ചയും ധാരണയും.

'ദൗർഭാഗ്യകരമായ ഇന്നലെകൾ' ആവർത്തിക്കാതിരിക്കാൻ യോജിച്ചു പ്രവർത്തിക്കുമെന്നും ഉത്തര കൊറിയൻ പ്രസിഡന്റ് കിം ജോങ് ഉന്നും ദക്ഷിണ കൊറിയൻ പ്രസിഡന്റ് മൂൻ ജേ ഉന്നും കൂടിക്കാഴ്ചക്കു ശേഷം പറഞ്ഞു. കൊറിയൻ യുദ്ധം ഔദ്യോഗികമായി അവസാനിപ്പിക്കുമെന്നും ഇരുവരും പറഞ്ഞു. 1950 ൽ കൊറിയകൾ തമ്മിൽ ആരംഭിച്ച യുദ്ധം 1953 ൽ അവസാനിപ്പിച്ചെങ്കിലും സമാധാന കരാറിൽ ഒപ്പു വയ്ക്കാത്തതിനാൽ സാങ്കേതികമായി ഇരു രാജ്യങ്ങളും യുദ്ധാവസ്ഥയിലാണ്. കൊറിയൻ അതിർത്തിയിലെ സൈനികരഹിത മേഖലയിലാണ് കിം ജോങ് ഉന്നും- മൂൻ ജേ ഉന്നും കണ്ടുമുട്ടി ചർച്ച നടത്തിയത്.

ഏഷ്യൻ ഗെയിംസ് ഉൾപ്പെടെയുള്ള കായിക മത്സര വേദികളിൽ ദക്ഷിണ- ഉത്തര കൊറിയകൾ ഒന്നിച്ചു പങ്കെടുക്കും. ദക്ഷിണ കൊറിയൻ പ്രസിഡന്റ് മൂൻ ജേ ഉൻ ഈ വർഷം ഉത്തര കൊറിയ സന്ദർശിക്കും. അതിർത്തിയിലെ സൈനിക രഹിത മേഖല ഇനി "സമാധാന മേഖല" എന്നറിയപ്പെടും. സൈനികരുടെ പക്കലുള്ള ആയുധങ്ങൾ കുറക്കും. ഇരു രാജ്യങ്ങളെയും ബന്ധിപ്പിച്ചുകൊണ്ട് കൂടുതൽ റോഡുകളും റെയിൽപാതകളും നിർമ്മിക്കും. പരസ്പരം ശത്രുത വർധിപ്പിക്കുന്ന ആശയ പ്രചാരണ രീതികൾ അവസാനിപ്പിക്കും തുടങ്ങിയവയാണ് രണ്ടു പ്രസിഡന്റുമാരും എത്തിചേർന്ന ചില ധാരണകൾ.

ഉച്ചകോടിക്കു പിന്നാലെ ദക്ഷിണ കൊറിയ അതിർത്തിയിൽ നടത്തി വന്ന ഉച്ചഭാഷിണി പ്രചാരണം അവസാനിപ്പിക്കുമെന്ന് അറിയിച്ചു. അതിനൊടൊപ്പം ഉത്തര കൊറിയ തെക്കൻ കൊറിയൻ സമയക്രമവുമായി താങ്കളുടെ സമയം തുലനപ്പെടുത്തുന്നതിനും തീരുമാനിച്ചു.

ഉത്തര കൊറിയൻ ഭരണത്തെ വിമർശിക്കു



**അമേരിക്കയുടെ പ്രത്യേകിച്ച് ട്രംമ്പ് പ്രസിഡന്റായ ശേഷമുള്ള കൊറിയൻ പ്രദേശത്തെ ഇടപെടൽ മൂലം യുദ്ധത്തിന്റെ വക്കോളമെത്തിയ വാക്പോറിനും സൈനിക നീക്കത്തിനും ഒടുവിലാണ് ഐക്യത്തിന്റെ പാതയിലേക്ക് കൊറിയകൾ എത്തിയത്. പ്രത്യക്ഷത്തിൽ പറയുന്നത് മറിച്ചാണെങ്കിലും കൊറിയയിലായാലും ലോകത്ത് എവിടെയായാലും യുദ്ധമോ യുദ്ധത്തിന്റെ അന്തരീക്ഷമോ ആണ് ആ മേഖലയിൽ അമേരിക്കൻ താല്പര്യത്തിനും ഇടപെടലിനും നല്ലത്. യുദ്ധാന്തരീക്ഷം നിലനിന്നു കാണാനാണ് അമേരിക്കയുടെ ആഗ്രഹം. എന്നാൽ ഉത്തര- ദക്ഷിണ കൊറിയകളുടെ സമാധാനത്തിനുള്ള സന്നദ്ധത അമേരിക്കൻ താല്പര്യങ്ങൾക്കു തിരിച്ചടിയായിരിക്കുകയാണ്.**

ന്നതും കൊറിയൻ പോപ് സംഗീതം പ്രക്ഷേപണം ചെയ്യുന്നതും വാർത്താ പ്രക്ഷേപണങ്ങൾ നടത്തുന്നതും മറ്റുമാണ് ദക്ഷിണ കൊറിയ ഉച്ചഭാഷിണിയിലൂടെ നടത്തിയിരുന്നു. ഈ പരിപാടിയാണ് മെയ് ഒന്നു മുതൽ നിർത്തലാക്കിയത്. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം ജപ്പാനിൽ നിന്നുള്ള കൊറിയയുടെ സ്വാതന്ത്ര്യം പ്രഖ്യാപിച്ചതിന്റെ 70-ാം വാർഷികത്തിൽ 2015 ൽ "പ്രോയ്ങ്യാങ്" സമയ മേഖല എന്ന പേരിൽ ദക്ഷിണ കൊറിയൻ സമയക്രമത്തിൽ നിന്നും അരമണിക്കൂർ വ്യത്യാസം വരുത്തിയ ഒരു സമയക്രമം ഉത്തര കൊറിയ വരുത്തി. കൊറിയൻ നേതാക്കളുടെ ഉച്ചകോടിക്കിടെ വേദിയിൽ ഇരു രാജ്യങ്ങളുടെയും വ്യത്യസ്ഥ സമയക്രമം കാണിക്കുന്ന ക്ലോക്കുകൾ കണ്ട വിഷമത്തിൽ നിന്നാണ് സമയക്രമം ഏകീകരിക്കാൻ തീരുമാനമെടുത്ത തെന്ന് ഉത്തര കൊറിയൻ അധികൃതർ അറിയിച്ചു.

ഉത്തര കൊറിയ ആണവ മിസൈൽ പരീക്ഷണങ്ങൾ നടത്തുകയും സൈനിക ശക്തിപ്രകടനങ്ങൾ നടത്തുകയും ചെയ്തെന്ന പേരിൽ അമേരിക്കയുടെ നേതൃത്വത്തിൽ നടത്തിയ സൈനിക നീക്കങ്ങളും പ്രകോപനങ്ങളും കൊറിയൻ പ്രദേശത്തെയാകെ ഒരു യുദ്ധ സമാനമായ അന്തരീക്ഷത്തിൽ എത്തിച്ചിരുന്നു. ഉത്തര കൊറിയൻ പ്രസിഡന്റ് കിം ജോങ് ഉൻ പക്വതയില്ലാത്ത നിലവാരമില്ലാത്ത വ്യക്തിയാണെന്ന് പല പാശ്ചാത്യ മാധ്യമങ്ങളും പ്രചരിപ്പിച്ചു. എന്നാൽ ദക്ഷിണ കൊറിയയുമായി തുറന്ന ചർച്ചക്ക് തയാറാണെന്ന കിമ്മിന്റെ പ്രഖ്യാപനമാണ് നിർണായകമായ ഉച്ചകോടിക്ക് വഴി തുറന്നതെന്നതാണ് വസ്തുത. കൊറിയൻ സമാധാനത്തിനു വിലങ്ങുതടി കിം ജോങ് ഉന്നിന്റെ യുദ്ധ ഭ്രാന്താണെന്നും പാശ്ചാത്യ മാധ്യമങ്ങൾ പ്രചരിപ്പിച്ചു വരുകയായിരുന്നു. എന്നാൽ ശൈത്യകാല ഒളിമ്പിക്സിൽ ദക്ഷിണ കൊറിയൻ സംഘത്തിനൊപ്പം മത്സരങ്ങളിൽ പങ്കെടുക്കാൻ ഉത്തര കൊറിയ തയാറായതോടെ ഈ പ്രചാരണങ്ങൾക്കു തിരിച്ചടിയേറ്റു.

അമേരിക്കൻ പ്രസിഡന്റ് ട്രംമ്പിന്റെ ഭീഷണികളും ശക്തമായ നിലപാടുകളുമാണ് ഉത്തര കൊറിയൻ പ്രസിഡന്റ് കിം ജോങ് ഉന്നിനെ ചർച്ചക്കു പ്രേരിപ്പിച്ചതെന്നാണ് അമേരിക്ക ഇപ്പോൾ നടത്തി വരുന്ന മറ്റൊരു പൊള്ളയായ പ്രചാരണം. യഥാർത്ഥത്തിൽ അമേരിക്കൻ ഐക്യനാടുകളെ ആകെ പ്രഹരവലയത്തിലാക്കുന്ന മിസൈൽ ഉത്തര കൊറിയ വിജയകരമായി പരീക്ഷിച്ചതോടെയാണ് അമേരിക്കയെ മാറിചിന്തിക്കാൻ പ്രേരിപ്പിച്ചത്. ദക്ഷിണ കൊറിയയെ തങ്ങൾക്കൊപ്പം നിറുത്തി ഉത്തര കൊറിയയെ പ്രകോപിപ്പിക്കുന്ന രീതി ഏറെ കാലമായി അമേരിക്ക നടത്തി വരികയാണ്. ദക്ഷിണ കൊറിയയിൽ അമേരിക്കയുടെ വളരെ വലിയ സൈനിക സാന്നിധ്യമാണുള്ളത്. 1970 കളിൽ 50,000 ത്തിലിധികം അമേരിക്കയുടെ പട്ടാളം ദക്ഷിണ കൊറിയയിലുണ്ടായിരുന്നു. ഇപ്പോഴും 28,500 ലധികം അമേരിക്കൻ പട്ടാളം ദക്ഷിണ കൊറിയയിൽ തമ്പടിച്ചിട്ടുണ്ട്. ഇതു കൂടാതെ വലിയ തോതിൽ ആണവായുധങ്ങൾ ഉൾപ്പെടെയുള്ളവ ഉത്തര കൊറിയക്കെതിരെ നിയോഗിക്കാന് അമേരിക്ക തയാറിക്കി ദക്ഷിണ കൊറിയൻ പ്രദേശത്ത് വിന്യസിപ്പിച്ചിട്ടുണ്ട്.

അമേരിക്കയുടെ പ്രത്യേകിച്ച് ട്രംമ്പ് പ്രസിഡന്റായ ശേഷമുള്ള കൊറിയൻ പ്രദേശത്തെ ഇടപെടൽ മൂലം യുദ്ധത്തിന്റെ വക്കോളമെത്തിയ വാക്പോറിനും സൈനിക നീക്കത്തിനും ഒടുവിലാണ് ഐക്യത്തിന്റെ പാതയിലേക്ക് കൊറിയകൾ എത്തിയത്. പ്രത്യക്ഷത്തിൽ പറയുന്നത് മറിച്ചാണെങ്കിലും കൊറിയയിലായാലും ലോകത്ത് എവിടെയായാലും യുദ്ധമോ യുദ്ധത്തിന്റെ അന്തരീക്ഷമോ ആണ് ആ മേഖലയിൽ അമേരിക്കൻ

താല്പര്യത്തിനും ഇടപെടലിനും നല്ലത്. യുദ്ധാന്തരീക്ഷം നിലനിന്നു കാണാനാണ് അമേരിക്കയുടെ ആഗ്രഹം. എന്നാൽ ഉത്തര- ദക്ഷിണ കൊറിയകളുടെ സമാധാനത്തിനുള്ള സന്നദ്ധത അമേരിക്കൻ താല്പര്യങ്ങൾക്കു തിരിച്ചടിയായിരിക്കുകയാണ്.

ഉദ്യോഗസ്ഥതലത്തിലും മന്ത്രിമാരുടെ തലത്തിലും പലവട്ടം ചർച്ചകൾ നടത്തി വ്യക്തമായ മുന്നൊരുക്കങ്ങൾക്കൊടുവിലാണ് ഇരു രാഷ്ട്രത്തലവന്മാരും ഉച്ചകോടിക്കെത്തിയത്. ആണവ നിരായുധീകരണത്തിന് കിം ഒരു കാരണവശാലും വഴങ്ങില്ല എന്ന പാശ്ചാത്യ ചേരിയുടെ പ്രചരണവും സമാധാന ചർച്ചയോടെ പൊളിഞ്ഞു. ഞങ്ങൾക്കെതിരെ ഭീഷണിയില്ലെങ്കിൽ എന്താണ് ആണവായുധത്തിന്റെ ആവശ്യം എന്നാണ് കിം ചോദിച്ചത്.

ഉച്ചകോടിക്കു ശേഷമുള്ള ഉത്തര കൊറിയൻ പ്രസിഡന്റ് കിമ്മിന്റെ വാക്കുകൾ വലിയ പ്രതീക്ഷ നൽകുന്നതാണ്. അദ്ദേഹം പറഞ്ഞു "ഇവിടെ നിൽക്കുമ്പോൾ എനിക്കു കാണാം രണ്ടു കൊറിയകളിലെയും ജനങ്ങൾ ഒന്നു തന്നെയാണ്. അവരെ വേർപിരിക്കാനാവില്ല. നമ്മൾ ഒന്നാണ്. നമ്മൾ ഐക്യത്തോടെ കഴിയണം. സമീപഭാവിയിൽ തന്നെ നമുക്ക് ഏറ്റവും സമാധാനത്തോടെ ജീവിക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കാം. പോണ്യാങ്ങിൽ നിന്നും പൻമുൻജോങിലേക്കു ഞാൻ വന്ന വഴി രണ്ടു രാജ്യങ്ങളിലെയും സാധാരണക്കാർക്ക് ഉപയോഗിക്കാൻ കഴിയുന്ന കാലം വരും".

യഥാർത്ഥ യുദ്ധക്കൊതിയൻ ആരാണെന്ന് കിമ്മിന്റെ വാക്കുകൾ വ്യക്തമാക്കുന്നു. ഉത്തര-ദക്ഷിണ കൊറിയൻ ഉച്ചകോടിയോടെ ലോക സമാധാനത്തിനു ഭീഷണി അമേരിക്കൻ സാമ്രാജ്യത്വമാണെന്ന് കൂടുതൽ വ്യക്തമായിരിക്കുകയാണ്.

ട്രംമ്പിന്റെയും ട്രംമ്പിന്റെ സുരക്ഷ ഉപദേഷ്ടാവ് ജോൺ ബോൾട്ടന്റെയും യുദ്ധ ഭ്രാന്തിന് ഏറ്റവും അവസാനത്തെ ഉദാഹരണം ഒബാമയുടെ കാലത്ത് ഇറാനുമായി ഒപ്പുവച്ച ആണവ കരാറിൽ നിന്നും പിൻമാറാനുള്ള തീരുമാനം. യുഎൻ സെക്രട്ടറി ജനറലും യൂറോപ്പിലെ അമേരിക്കയുടെ കൂട്ടാളികളും ഇറാൻ ആണവ കരാറിൽ നിന്നും പിൻമാറരുത് എന്നാവശ്യപ്പെട്ടിട്ടും അമേരിക്ക കരാറിൽ നിന്നും പിൻമാറി. ഇത് പുതിയ സംഘർഷങ്ങളിലേക്ക് പശ്ചിമേഷ്യയെ നയിക്കുന്നു. ലോക സമാധാനത്തിന് ഏറ്റവും വലിയ ഭീഷണി അമേരിക്കൻ സാമ്രാജ്യത്വമാണ് എന്ന് വ്യക്തം. അതിനാൽ അമേരിക്കൻ സാമ്രാജ്യത്വത്തിനെതിരായ പ്രചരണവും പ്രക്ഷോഭവും ലോക സമാധാനത്തിനു വേണ്ടിത്തന്നെയെന്ന് നമുക്കു കാണാം.■

# ടെലികോം മേഖലയിൽ തൊഴിൽ നഷ്ടം വർധിക്കും




രാജ്യത്ത് ടെലികോം മേഖലയിൽ തൊഴിൽ നഷ്ടം ഗണ്യമായി വർധിക്കുന്നതായി റിപ്പോർട്ട്. ടെലികോം കമ്പനികളുടെ എണ്ണത്തിലുണ്ടായ കുറവും കമ്പനികളുടെ ലയനവുമാണ് തൊഴിൽ നഷ്ടത്തിന് വഴിയൊരുക്കുന്നത്. 2018 ൽ ടെലികോം മേഖലയിൽ ഒരു ലക്ഷത്തോളം പേർക്ക് തൊഴിൽ നഷ്ടപ്പെടുമെന്ന് റിക്രൂട്ട്മെന്റ് സ്ഥാപനമായ സിഐഇഎൽഎച്ച്ആർ തയാറാക്കിയ റിപ്പോർട്ടിൽ പറയുന്നു. 2017 ൽ നാൽപതിനായിരത്തോളം പേർക്ക് ജോലി നഷ്ടപ്പെട്ടിരുന്നു.

രാജ്യത്ത് ടെലികോം ഓപ്പറേറ്റിംഗ് കമ്പനികളുടെ എണ്ണത്തിലുണ്ടായ കുറവാണ് മുഖ്യ കാരണമായി ചൂണ്ടിക്കാട്ടുന്നത്. രണ്ടു വർഷം മുമ്പ് ഓരോ ടെലികോം സർക്കിളുകളിലും ശരാശരി പത്ത് ടെലികോം കമ്പനികൾ പ്രവർത്തിച്ചിരുന്നു. എന്നാൽ നിലവിൽ ഓരോ ടെലികോം സർക്കിളുകളിലും ശരാശരി ആറ് കമ്പനികളാണുള്ളത്. ചെറു കമ്പനികളെ ഏറ്റെടുക്കുന്നതും ബിസിനസ് തന്ത്രത്തിന്റെയും മത്സരത്തിന്റെയും ഭാഗമായി കമ്പനികൾ ലയിക്കുന്നതും ജീവനക്കാരുടെ തൊഴിൽ സുരക്ഷയെ കാര്യമായി ബാധിക്കുന്നുണ്ട്. രാജ്യത്തെ രണ്ടാമത് വലിയ മൊബൈൽ ഓപ്പറേറ്ററായ വോഡഫോണും മൂന്നാമത്തെ കമ്പനിയായ ഐഡിയയും ലയിച്ച് പുതിയ കമ്പനിയാകുമ്പോൾ ചുരുങ്ങിയത് അയ്യായിരത്തോളം പേർക്കു ജോലി നഷ്ടപ്പെടും.

ടെലിനോർ ഇന്ത്യ, ടാറ്റ ടെലിസർവീസസ് എന്നീ കമ്പനികളെ ഏറ്റെടുക്കാനുള്ള ഒരുക്കത്തിലാണ് രാജ്യത്ത് ടെലികോം രംഗത്ത് മുന്നിലുള്ള ഭാരതി എയർടെൽ. ഇതും വ്യാപക തൊഴിൽ നഷ്ടത്തിന് ഇടയാക്കും.

# ബാങ്കു തട്ടിപ്പുകൾ 23,866, നഷ്ടം ലക്ഷം കോടി

രാജ്യത്തു കഴിഞ്ഞ അഞ്ചു വർഷത്തിനിടെ രജിസ്റ്റർ ചെയ്തത് 23,866 ബാങ്ക് തട്ടിപ്പു കേസുകൾ. ഇതുമൂലം 1,00,718 കോടി രൂപ ബാങ്കുകൾക്കു നഷ്ടമായെന്നു റിസർവ് ബാങ്ക് വെളിപ്പെടുത്തി.

2017 ഏപ്രിൽ മുതൽ 2018 മാർച്ച് വരെ മാത്രം 28,459 കോടിയുടെ തട്ടിപ്പാണ് നടന്നത്. നീരവ് മോദിയും മെഹുൽ ചോക്സിയും ഉൾപ്പെട്ട 13,000 കോടിയുടെ പഞ്ചാബ് നാഷണൽ ബാങ്ക് തട്ടിപ്പാണ് ഏറ്റവും വലുത്

വ്യവസായ പ്രമുഖർ ഉൾപ്പെട്ടിട്ടുള്ള വിവിധ തട്ടിപ്പു കേസുകളിൽ സിബിഐയും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെയും അന്വേഷണം പുരോഗമിക്കുകയാണെന്നു റിസർവ് ബാങ്ക് അറിയിച്ചു.

അതേസമയം രാജ്യത്തെ ബാങ്കുകളുടെ നിഷ്ക്രിയ ആസ്തി 8,40,958 കോടിയായതായി സർക്കാർ ലോക്സഭയിൽ അവതരിപ്പിച്ച കണക്ക് വ്യക്തമാക്കുന്നു.

2,01,560 കോടിയുമായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയാണു നിഷ്ക്രിയ ആസ്തിയിൽ മുന്നിൽ. 55,200 കോടിയുമായി പഞ്ചാബ് നാഷണൽ ബാങ്കും, 44,542 കോടിയുമായി ബാങ്ക് ഓഫ് ഇന്ത്യയുമാണ് രണ്ടും മൂന്നും സ്ഥാനങ്ങളിലെന്നു ധനകാര്യ സഹമന്ത്രി ശിവ് പ്രതാപ് ശുക്ല വ്യക്തമാക്കിയിരുന്നു.

തട്ടിപ്പ് ഇങ്ങനെ

| വർഷം | കേസുകളുടെ എണ്ണം | തുക കോടിയിൽ |
|---|---|---|
| 2013- 14 | 4,306 | 10,170 |
| 2014- 15 | 4,639 | 19,455 |
| 2015- 16 | 4,693 | 18,698 |
| 2016- 17 | 5,076 | 23,933 |
| 2017- 18 | 5,152 | 28,459 |

## കിട്ടാക്കടങ്ങളുടെ തീർപ്പാക്കൽ- ഒരു തട്ടിപ്പ്

രാജ്യത്തെ കിട്ടാക്കടങ്ങളുടെ 25% 12 കമ്പനികളുടേതാണ്. ഇൻസോൾവൻസി ആന്റ് ബാങ്ക റപ്സി കോഡിന്റെ (ഐബിസി) നടപടിക്രമങ്ങൾ പ്രകാരം ഈ കമ്പനിയുടെ കിട്ടാക്കടങ്ങൾ വസൂലാക്കാൻ നടപടികൾ എടുത്തുവരികയാണ്. കമ്പനികളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നം | ലോൺ വീഴ്ചവരുത്തിയ കമ്പനികളുടെ പേര് | കുടിശിക (കോടി രൂപ യിൽ) |
|---|---|---|
| 1 | ഭൂഷൻ സ്റ്റീൽ ലിമിറ്റഡ് | 44,478 |
| 2 | ലാൻകോ ഇൻഫ്രാടെക് ലിമിറ്റഡ് | 44,368 |
| 3 | എസ്സാർ സ്റ്റീൽ ലിമിറ്റഡ് | 37,284 |
| 4 | ഭൂഷൻ പവർ & സ്റ്റീൽ ലിമിറ്റഡ് | 37248 |
| 5 | അലോക് ഇൻഡസ്ട്രീസ് | 22,075 |
| 6 | ആംടെക് ഓട്ടോ ലിമിറ്റഡ് | 14,074 |
| 7 | മോനെറ്റ് ഇസ്പാറ്റ് & എനർജി ലിമിറ്റഡ് | 12,115 |
| 8 | ഇലക്ട്രോസ്റ്റീൽ സ്റ്റീൽസ് ലിമിറ്റഡ് | 10,065 |
| 9 | ഇറ ഇൻഫ്രാ ഇൻജിനീയറിംഗ് ലിമിറ്റഡ് | 10,065 |
| 10 | ജെപീ ഇൻഫ്രാടെക് ലിമിറ്റഡ് | 9635 |
| 11 | എബിജി ഷിപ്പ്യാർഡ് ലിമിറ്റഡ് | 6953 |
| 12 | ജ്യോതി സ്ട്രക്ചേഴ്സ് ലിമിറ്റഡ് | 5165 |
| | **ആകെ** | **2,53,733** |

മേൽ ലിസ്റ്റിലെ ഏഴാമത്തെ കമ്പനിയായ മൊനൈറ്റ് ഇസ്പാറ്റ് ആന്റ് എനർജി എന്ന കമ്പനിയുടെ കിട്ടാക്കടം 12115 കോടി രൂപയാണ്. എന്നാൽ നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ ഇടപെട്ട് നടപ്പാക്കുന്ന ധാരണ പ്രകാരം ബാങ്കുകൾക്കു ലഭിക്കുന്നത് 2700 കോടി രൂപ മാത്രമാണ്. അതായത് കിട്ടാക്കടത്തിന്റെ 25% മാത്രം. കിട്ടാക്കടത്തിന്റെ 75% വും എഴുതിത്തള്ളപ്പെടുന്നു എന്നർത്ഥം. ഇത്തരത്തിൽ ബാങ്കുകൾക്ക് ഭീമമായ നഷ്ടവും കടം വരുത്തിയ കമ്പനികൾക്ക് കൊള്ള ലാഭവും ലഭിക്കുന്ന തരത്തിലാണ് നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ കിട്ടാക്കടങ്ങളുടെ കണക്കു തീർക്കുന്നത്. ബാങ്കുകളുടെ നഷ്ടം എന്നു പറഞ്ഞാൽ സാധാരണ നിക്ഷേപകർക്കും ഇന്ത്യൻ സമ്പദ് വ്യവസ്ഥക്കുമാണ് നഷ്ടം. സാധാരണക്കാരന്റെ സമ്പത്ത് കൊള്ളയടിക്കാനുള്ള മാർഗമായിത്തീർന്നിരിക്കുകയാണ് കിട്ടാക്കടങ്ങളുടെ തീർപ്പാക്കലും.

# സംഘടനാരേഖ

പേജ് 27-ൽ നിന്ന്

**ദളിതരും ആദിവാസികളും ന്യൂനപക്ഷങ്ങളും**

ട്രേഡ് യൂണിയൻ മേഖലയിൽ ദളിതരും ആദിവാസികളും ന്യൂനപക്ഷ സമൂഹവും നേരിടുന്ന സാമൂഹ്യ അടിച്ചമർത്തലിനെ കുറിച്ച് സിഐടിയു സമ്മേളനങ്ങളിലും സ്പെഷ്യൽ കമീഷണുകളിലും പലവട്ടം ചർച്ച ചെയ്തതാണ്. എന്നാൽ സിഐടിയു സെന്റർ ഈ വിഷയത്തിൽ നടത്തിയ ഇടപെടലുകൾ ഏറ്റെടുത്ത് തുടർ പ്രവർത്തനങ്ങൾ നടത്താൻ സംസ്ഥാനഘടകങ്ങൾക്ക് സാധിച്ചില്ല. ഫലപ്രദമായി രീതിയിൽ ഇത് നടപ്പിൽവരുത്താൻ സിഐടിയു സെന്ററിനും കഴിഞ്ഞിട്ടില്ല. അവകാശസമരങ്ങൾ വർധിച്ച് വരുന്നത് ഈ മേഖലയിലെ നല്ല പുരോഗതിയാണ്. പ്രാതിനിധ്യ രാഷ്ട്രീയം ഉയർത്തിപ്പിടിച്ച് ജാതി മത ശക്തികൾ ഇത്തരം നീക്കങ്ങളെ വിഭജിക്കാൻ ശ്രമിക്കുന്നുണ്ട്. ട്രേഡ്യൂണിയൻ മേഖലയിൽ സാമൂഹ്യമായി അടിച്ചമർത്തപ്പെട്ട വിഭാഗങ്ങളുടെ കൂടെ നിന്ന് കൃത്യമായ വിഷയങ്ങളിൽ ഇടപെട്ടുകൊണ്ട് തൊഴിലാളി വർഗ ഐക്യം രൂപപ്പെടുത്തി വർഗ ചൂഷണത്തിനെതിരെയും ജാതീതമായ അടിച്ചമർത്തലിനെതിരെയുമുള്ള പോരാട്ടങ്ങൾ ശക്തിപ്പെടുത്തണം. എന്നാൽ നമ്മൾ ഇതുവരെ ഈ പ്രശ്നത്തെ ഗൗരവമായി എടുത്തിട്ടില്ല. സിഐടിയുവിന്റെ എല്ലാ കമ്മിറ്റികളും സാമൂഹ്യ അടിച്ചമർത്തലിനെതിരെ ഉടൻ പ്രതീകരിച്ച് നമ്മുടെ അംഗത്വം വ്യാപിപ്പിക്കണം. ഒരു പ്രത്യേക വിഭാഗത്തിൽ മാത്രമല്ല എല്ലാ അടിച്ചമർത്തലിനെതിരെയും പ്രക്ഷോഭങ്ങൾ എല്ലായിടത്തും സംഘടിപ്പിക്കണം. 14-ാം സമ്മേളനം മുതലിങ്ങോട്ട് സിഐടിയുവിന്റെ എല്ലാ വേദികളിലും നാം ഇക്കാര്യം ഊന്നി പറയുന്നുണ്ടെങ്കിലും സംഘടനയുടെ എല്ലാ തലങ്ങളിലും ഈ ഉദ്യമത്തിന്റെ പിന്നിലുള്ള ലക്ഷ്യം ബോധ്യപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. റിപ്പോർട്ടുകളിലും ചിലപ്പോഴൊക്കെ നടത്തുന്ന സെമിനാർ പ്രഭാഷണങ്ങളിലും കമ്മിറ്റിയോഗങ്ങളിലുമായി മിക്കവാറും അധരവ്യായാമമായി ഇത് തുടരുകയാണ്.

**യുവ തൊഴിലാളികൾ**

നവഉദാരവത്കരണകാലത്ത് യുവാക്കൾ തൊഴിൽ സുരക്ഷയും സാമൂഹ്യ സുരക്ഷയുമില്ലാത്ത ജോലികളിലാണ് ഏർപ്പെടുന്നത്. സ്ഥിരമായ തൊഴിൽ സേന കുറഞ്ഞുവരികയും ഇതിന് ആനുപാതികമായി അനൗപചാരിക തൊഴിലാളികളുടെ എണ്ണം കൂടി വരികയും ചെയ്യുന്നു. പല യുവാക്കളും ദിവസവേതനം, കരാർ, താൽക്കാലിക തൊഴിലുകളിലാണ് ഏർപ്പെട്ടിരിക്കുന്നത്. സ്ഥിരം തൊഴിലാളികളോടൊപ്പംഇത്തരം തൊഴിലാളികളെ സംഘടിപ്പിക്കാൻ സിഐടിയുവിന്റെ കീഴിലുള്ള യൂണിയനുകൾ തയ്യാറാകേണ്ടതിനെ കുറിച്ച് നമ്മൾ വിശകലനം ചെയ്തിട്ടുണ്ട്. ചില യൂണിയനുകൾ ഇത് നല്ല രീതിയിൽ ചെയ്യുമ്പോൾ മറ്റുള്ളവർ ഈ നിർദേശത്തെ അവഗണിച്ചു.

കൂടാതെ പുതുതായി ഉയർന്നു വരുന്ന സാങ്കേതിക വിദ്യയിലധിഷ്ഠിതമായ സ്വകാര്യ മേഖലയിലെ ഉല്പാദന മേഖലയിലെയും സേവനമേഖലയിലെയും തൊഴിൽ ശക്തി ചെറുപ്പക്കാരാണ്. അവർക്കിടയിൽ പ്രവർത്തിക്കുമ്പോൾ സമീപനത്തിലും നിലപാടിലും തലമുറയുടെ വിടവുണ്ടെന്ന ബോധ്യമുണ്ടാവണം. അവരുടെ തൊഴിൽ സ്ഥലത്തെ പ്രശ്നങ്ങളെ വീക്ഷിക്കുന്നതിലും അതിനോട് പ്രതികരിക്കുന്നതിലും ഇക്കാര്യം ഓർമയിൽ വക്കണം.

**പെൻഷനർമാരുടെയും റിട്ടയർ ചെയ്തവരുടെയും സംഘടനകളെ സംഘടിപ്പിക്കുന്നതും സംയോജിപ്പിക്കുന്നതും.**

സർവീസ് ജീവിതകാലത്ത് സംഘടിത തൊഴിലാളി പ്രസ്ഥാനവുമായി ഗാഢബന്ധം പുലർത്തിയ പശ്ചാത്തലമുള്ള ഒരു പ്രധാന വിഭാഗമാണ് ഇപിഎഫ് പെൻഷൻകാരടക്കമുള്ള പെൻഷൻ പറ്റിയവരും റിട്ടയർ ചെയ്തവരും ലൈഫ് എക്സ്പെറ്റൻസിയിലെ പുരോഗതിയോടെ അവരുടെ എണ്ണം വർധിച്ചുവരികയാണ്. അവരിൽ വലിയ വിഭാഗം സംഘടനയിലെ അത്തരം മറ്റു വേദികളിലോ സംഘടിതരാണ്. അതിൽ അധികമെണ്ണത്തിലും സിഐടിയു അല്ലെങ്കിൽ അവരുമായി സൗഹൃദമുള്ള സംഘടനകൾ നേതൃത്വപരമായ പങ്കുവഹിക്കുന്നുണ്ട്.

നവലിബറൽ നയത്തിന്റെ കാലത്ത് റിട്ടയർ ചെയ്തവരും പെൻഷൻ പറ്റിയവരും അനേകം പ്രയാസങ്ങൾ നേരിടുന്നുണ്ട്. സേവിംഗ് നിക്ഷേപത്തിലെ പലിശയിലെ കുറവ് മെഡിക്കൽ ചികിത്സയുടെയും മെഡിക്ലയിമിന്റെയും ചിലവിലെ വർധനവ് എന്നിവ അവരെ നേരിൽ ബാധിക്കുന്നതാണ്. ഓരോ സംഘടനകളുടെയും ആഭിമുഖ്യത്തിൽ നടന്ന പ്രക്ഷോഭങ്ങളിൽ പെൻഷനർമാർ വൻതോതിൽ പങ്കെടുത്തുവരുന്നു. ഈ സംഘടനകളുടെ നേതാക്കളിൽ മിക്കവരും അവരുടെ സർവീസ് ജീവിതകാലത്ത് ട്രേഡ് യൂണിയൻ സംഘടനകളുടെ മുൻനിര നേതാക്കളായിരുന്നു. ഈ പ്രസ്ഥാനങ്ങൾ ഇന്ന് പ്രധാനവും ശക്തവുമായ സാമൂഹ്യ ശക്തികളാണ്.

**തൊഴിലില്ലായ്മക്കെതിരെ മുൻകൈ എടുക്കേണ്ടതിന്റെ അടിയന്തിര പ്രാധാന്യം**

തൊഴിലില്ലായ്മ സാമൂഹ്യ പൊട്ടിത്തെറിയിലേക്ക് എത്തിനിൽക്കുന്നു. അത് നമ്മുടെ രാജ്യത്തെ

സമൂഹത്തിലെ ഭൂരിപക്ഷം വിഭാഗങ്ങളെയും വിഴുങ്ങുന്ന ഈ ഘട്ടത്തിൽ തൊഴിലുള്ളവരും തൊഴിലില്ലാത്തവരും നഗരത്തിലും ഗ്രാമത്തിലും വസിക്കുന്നവരും സ്ത്രീയും പുരുഷനും തൊഴിലാളി വർഗവും കർഷരും വിദ്യാർത്ഥികളും യുവാക്കളും ചേർന്ന പ്രതിരോധം ഉയർത്താനുള്ള ചരിത്രപരമായ കടമ; ഫണ്ട്- ബാങ്ക് പ്രഭൃതികൾ ചേർന്ന് സൃഷ്ടിക്കുന്ന തൊഴിൽ രഹിത വളർച്ചക്കെതിരെ പ്രക്ഷോഭത്തിന് ഒന്നിപ്പിക്കുന്ന കടമ തൊഴിലാളി വർഗത്തിന്റേതാണ്. ഇത് തൊഴിലാളി വർഗവും പൊതുജനാധിപത്യപ്രസ്ഥാനവുമായുള്ള ജൈവ ബന്ധം ശക്തിപ്പെടുത്തുകയും വർഗബന്ധങ്ങളിലെ മാറ്റം നമുക്കനുകൂലമായി മാറ്റിയെടുക്കാനുള്ള നീക്കം മുന്നോട്ടു കൊണ്ടുപോകാനും സഹായകമാകും. അതിനൊപ്പം അതിനകം ഡബ്ല്യൂഎഫ്ടിയു ഉയർത്തിക്കഴിഞ്ഞ ആഴ്ചയിൽ 35 മണിക്കൂർ ജോലിയും നാലുഷിഫ്റ്റ് ദിവസവും (6 മണിക്കൂർ ഷിഫ്റ്റ്) എന്ന ഡിമാന്റ് നല്ല നിലയിൽ പ്രചരിപ്പിക്കണം. ഇത് സിഐടിയുവിന്റെ 14 ഉം 15 ഉം സമ്മേളനങ്ങൾ അംഗീകരിച്ച ഡിമാന്റാണ്. ഈ ഡിമാന്റ് ഉയർത്തുന്നതിലൂടെ ഇന്നത്തെ തൊഴിൽ രഹിത വളർച്ചയെ സൈദ്ധാന്തികമായും സംഘടനാപരമായും വെല്ലുവിളിക്കാനും തൊഴിൽ കമ്പോളം കൂടുതൽ 'ഫ്ളക്സിബിൾ' ആക്കി 'ഹയർ ആന്റ് ഫയർ' നടപ്പിലാക്കി മാത്രമേ തൊഴിൽ വർധിപ്പിക്കാൻ കഴിയൂ എന്ന വാദത്തെ നേരിടാനും കഴിയും.

വൻതോതിൽ വർധിക്കുന്ന തൊഴിലില്ലായ്മയും തൊഴിൽ നഷ്ടവും അതു സൃഷ്ടിക്കുന്ന അസ്വസ്ഥതയും വിവിധ രീതികളിൽ പ്രതിഫലിക്കുന്നു. പലപ്പോഴും അത് വിഭാഗീയ പ്രതികൂല പ്രവണതകളായി മാറുന്നതും നാം കാണാതിരുന്നുകൂടാ. ഭരണവർഗങ്ങൾ അത്തരം പ്രവണതകൾ ജനങ്ങളുടെ ശ്രദ്ധയിൽ നിന്ന് അതിന്റെ യഥാർത്ഥകാരണം വഴിതിരിച്ചുവിടാനാണ് ഉപയോഗിക്കുക. ഈ സ്ഥിതിയിൽ നാം തൊഴിലില്ലായ്മ മുഖ്യ പ്രശ്നമായി ഉയർത്തി എല്ലാ പുരോഗമന ജനാധിപത്യ വിഭാഗങ്ങളെയും അടിച്ചമർത്തപ്പെട്ടവരെയും ഒന്നിപ്പിക്കണം തൊഴിലാളി വർഗ പ്രസ്ഥാനം സ്വന്തം വർഗത്തെ അവരുടെ അവകാശങ്ങൾക്കും ആവശ്യങ്ങൾക്കും വേണ്ടി ഒന്നിപ്പിക്കുന്നതിനൊപ്പം എല്ലാവർക്കും തൊഴിൽ എന്ന മുദ്രാവാക്യം ബോധപൂർവം ഉയർത്തുകയും ജനങ്ങളെ പ്രത്യേകിച്ചും തൊഴിൽ രഹിതരായ യുവാക്കളെ ഈ ഡിമാന്റിനു കീഴിൽ സംയുക്ത പ്രക്ഷോഭത്തിനായി അണിനിരത്തുകയും വേണം.

തൊഴിലില്ലായ്മയുമായി ബന്ധപ്പെട്ട സംയുക്ത പ്രചാരണവും പ്രക്ഷോഭവും നമ്മുടെ മറ്റു സഖ്യ വിഭാഗങ്ങളുമായി, അതായത് തൊഴിലില്ലാത്തവരും സമൂഹത്തിലെ ഇതര തൊഴിൽ രഹിത വിഭാഗങ്ങളുമായി സംയുക്തമാക്കാനും മുൻകൈ എടുക്കണം. ഈ മുൻകൈ കേന്ദ്രത്തിലും സംസ്ഥാന തലത്തിലും സെക്ടർ തലത്തിലും വളർത്തിക്കൊണ്ടുവരേണ്ടതാണ്.

### സ്വതന്ത്രവും സംയുക്തവുമായ മുന്നേറ്റങ്ങൾ

സംയുക്ത സമരങ്ങളിലും ക്യാമ്പയിനുകളിലും സജീവ സാന്നിധ്യമാകുന്നതിനോടൊപ്പം നമ്മൾ സ്വതന്ത്രമായി നടത്തുന്ന സമരങ്ങളും ക്യാമ്പയിനുകളും ശക്തിപ്പെടുത്തണം. അത് നമ്മുടെ സംഘടനയെ ശക്തിപ്പെടുത്തുകയും സംയുക്ത സമരങ്ങൾ താഴെത്തട്ടിൽ നല്ല രീതിയിൽ വിജയിപ്പിക്കാൻ സഹായിക്കുകയും ചെയ്യും. പൊതുവായ ആവശ്യങ്ങൾക്കും ലക്ഷ്യങ്ങൾക്കും വേണ്ടിയുള്ള സംയുക്ത മുന്നേറ്റങ്ങൾ ദേശീയതലത്തിലുള്ള ഐക്യത്തോടെ മാത്രം ആരംഭിക്കുക. സംയുക്ത ആവശ്യങ്ങളും പ്രശ്നങ്ങളിലും നമ്മുടെ ക്യാമ്പയിൻ പ്രവർത്തനം താഴെതട്ടിൽ തൊഴിലാളി ഐക്യം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാകണം. ആ കാഴ്ചപ്പാടെയാണ് നമ്മൾ സ്വതന്ത്രമുന്നേറ്റങ്ങൾ ആദ്യമുണ്ടാക്കി പിന്നീട് അവ സംയുക്ത മുന്നേറ്റങ്ങളും പ്രതിഷേധങ്ങളുമാക്കി വിജയിപ്പിക്കുന്നത്. ഇത് കൃത്യമായി നടപ്പാക്കിയ ഇടങ്ങളിലെല്ലാം തന്നെ നമ്മുടെ സ്വാധീനവും ശക്തിയും വിപുലീകരിക്കാനും വർധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്.

### അടിയന്തിര ദൗത്യങ്ങൾ

രാജ്യത്താകെ പൊരുതുന്ന തൊഴിലാളി വർഗത്തിന്റെ ശക്തനായ പോരാളിയായി സിഐടിയുവിനെ മാറ്റാനും നമ്മുടെ ഭരണഘടനയിൽ പറഞ്ഞ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുവാനുമായി നാം അടിയന്തിരമായി താഴെ പറയുന്ന ഉത്തരാവാദിത്തങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്.

1. അനുഭവജ്ഞാനമുള്ള സഖാക്കളെതും യുവാക്കളായ പ്രവർത്തകരെയുമുൾപ്പെടുത്തി സിഐടിയു സെന്റർ ശക്തിപ്പെടുത്തുക. സംഘടന ശക്തമായ സംസ്ഥാനങ്ങൾ സിഐടിയു സെന്ററിന്റെ ഭാഗമായി പ്രവർത്തിക്കാൻ പ്രവർത്തകരെ നൽകുക. തങ്ങളുടെ സംസ്ഥാനം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സിഐടിയു ഭാരവാഹികൾ സിഐടിയു സെന്റർ നൽകുന്ന കുറച്ച് ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുക.
2. സിഐടിയു ഭാരവാഹികളുടെ യോഗങ്ങളിൽ കുറഞ്ഞത് വർഷത്തിൽ രണ്ടുതവണയെങ്കിലും ആവശ്യമായ സമയം മാറ്റിവെച്ച് സംഘടനയുടെ വിവിധ ലക്ഷ്യങ്ങൾ ദേശീയതലത്തിലുള്ള ഫെഡറേഷനുകളുടെ പ്രവർത്തനമുൾപ്പെയുള്ള കാര്യങ്ങൾ കൃത്യമായി വിലയിരുത്തുക. ശേഷം ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്താനും ബലഹീനതകൾ ഉള്ളവയുടെ പ്രശ്നങ്ങൾ പരിഹരിക്കാനും മാർഗങ്ങൾ നിർദേശിക്കുക
3. രണ്ടു സമ്മേളനങ്ങൾക്കിടയിൽ സിഐടിയു സെക്രട്ടറിയേറ്റ് അതിന്റെ ജോലികൾ സംബന്ധിച്ച് ഇടക്കാല അവലോകനം നടത്തണം.

വേണ്ടത്ര തയാറെടുപ്പും ഗൃഹപാഠവും നടത്തി എല്ലാ സംസ്ഥാന കമ്മിറ്റികളും ഫെഡറേഷനുകളും ഇതു പോലെ രണ്ടു സമ്മേളനങ്ങൾക്കിടയിൽ ഇടക്കാല അവലോകനം നടത്തേണ്ടതാണ്.

4. യൂണിയൻ തലം തൊട്ട് ആക്ടിവിസ്റ്റുകളെ നേതൃത്വത്തിലേക്ക് കൊണ്ട് വന്ന് സംഘടനയുടെ ജനാധിപത്യപരമായ പ്രവർത്തനവും സ്വഭാവവും ശക്തിപ്പെടുത്തുക

5. സിഐടിയു സെന്ററുമായി ആലോചിച്ച് സിഐടിയു സംസ്ഥാന കമ്മിറ്റികൾ മുൻഗണന നൽകേണ്ട മേഖലകളും വ്യവസായിക പ്രശ്നങ്ങളും മനസിലാക്കി അത്തരം ഇടങ്ങളിൽ സിഐടിയു ശക്തിപ്പെടുത്താനുതകുന്ന കൃത്യമായ പദ്ധതി തയ്യാറാക്കുക. ആ മേഖലയിലെ നിലവിലെ സംഘടന ശക്തികൂടി പരിഗണിക്കണം. അതിനുള്ള സാമ്പത്തിക-മാനവശേഷി കണ്ടെത്താൻ മികച്ച പ്രവർത്തനം നടത്തേണ്ടതുണ്ട്. ഹിന്ദി മേഖലയിലെ സംസ്ഥാനങ്ങൾക്ക് പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടത്താൻ സിഐടിയു സെന്റർ കൂടുതൽ പിന്തുണ നൽകണം. നടപ്പിലാക്കിയ എല്ലാ പ്രവർത്തനങ്ങളെയും കുറിച്ച് സിഐടിയു സെന്റർ കൃത്യമായ വിലയിരുത്തൽ നടത്തുകയും വേണം. വർക്കിങ് കമ്മിറ്റിയും ജനറൽ കൗൺസിലും നടപ്പാക്കിയ പ്രവർത്തനങ്ങളെ കുറിച്ചും അതിന്റെ പുരോഗതിയെ കുറിച്ചും കൃത്യമായ വിലയിരുത്തണം

6. വർക്കിങ് കമ്മിറ്റികളിലും ജനറൽ കൗൺസിലുകളിലും എടുക്കുന്ന തീരുമാനങ്ങളും അവയുടെ ആസൂത്രണവും കൃത്യമായ കുറിപ്പുകൾ തയ്യാറാക്കി ആക്ടിവിസ്റ്റുകളും അംഗങ്ങളും തൊഴിലാളികളുമടങ്ങുന്ന സംഘടനയുടെ എല്ലാ കമ്മിറ്റികളിലും റിപ്പോർട്ട് ചെയ്യണം. കാരണം ആ തീരുമാനങ്ങൾ സിഐടിയുവിന് വേണ്ടിയുള്ളതാണ് എല്ലാ തൊഴിലാളികൾക്കും വേണ്ടിയുള്ളതാണ്. അത്തരം റിപ്പോർട്ടിങ്ങും വിശകലനവും സംഘടനയുടെ എല്ലാ തലങ്ങളിലും നടക്കുന്നുണ്ടെന്ന് സംസ്ഥാന കമ്മിറ്റികളും ഫെഡറേഷനുകളും ഉറപ്പുവരുത്തണം. സിഐടിയു സെന്ററിൽ നിന്ന് ഇത്തരം റിപ്പോർട്ടുകളും സർക്കുലറുകളും ക്യാമ്പയിൻ മെറ്റീരിയലുകളും കൃത്യമായി ജില്ലാ കമ്മിറ്റികളിലേക്കും അംഗീകൃത യൂണിയനുകളിലേക്കും തുടങ്ങി ഓരോ തലത്തിലും എത്തിക്കാൻ കൃത്യമായ സംഘടനാ സംവിധാനം ഉണ്ടാക്കിയെടുക്കണം.

7. പ്രധാനമേഖലകളിലെയും ആധുനിക തൊഴിൽമേഖലകളിലെയും പ്രത്യേക തൊഴിൽ മേഖലകളിലെയും സംഘാടനത്തിന് കൂടുതൽ ശ്രദ്ധ നൽകേണ്ടതുണ്ട്. റോഡ് ഗതാഗതം, വൈദ്യുതി, ഖനികൾ, ഉരുക്ക്, തുറമുഖം, ഊർജ മേഖല എന്നിവക്കാണ് നമ്മൾ പ്രഥമ പ്രാധാന്യം നൽകേണ്ടതുണ്ട്. ദേശീയതലത്തിലും വ്യവസായിക തലത്തിലും ഐക്യമുണ്ടാക്കാനുള്ള പ്രവർത്തനങ്ങളും നടത്തണം.

8. അസംഘടിത മേഖലകളായ റോഡ് ഗതാഗതം, നിർമാണമേഖല, തൊഴിലുറപ്പ്, കടകളിലെ തൊഴിലാളികൾ, സ്വകാര്യ ആശുപത്രികളിലെ തൊഴിലാളികൾ, സ്വാകര്യ സ്കൂളുകളിലെ തൊഴിലാളികൾ എന്നിവർക്കിടയിലും സംഘടനാ പ്രവർത്തനം നടത്താൻ പ്രാമുഖ്യം നൽകണം.

9. അന്യസംസ്ഥാന തൊഴിലാളികളെ അവരുടെ പ്രശ്നങ്ങൾ മനസിലാക്കി സംഘടിപ്പിക്കണം

10. വ്യത്യസ്ത ഓർഗനൈസേഷനിലും മേഖലയിലും പെട്ട പെൻഷൻകാരെയും ഇപിഎഫ് പെൻഷൻകാരുടെ സംഘടനകളെയും ബന്ധിപ്പിക്കാൻ ശ്രമം നടത്തണം.

11. എല്ലാ സംസ്ഥാനങ്ങളിലെയും പദ്ധതിതൊഴിലാളികൾക്കിടയിലെ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തണം

12. രാഷ്ട്രീയവത്കരിക്കപ്പെട്ടവരും ആശയവൽകരിക്കപ്പെട്ടവരുമായ പ്രവർത്തകരെ വളർത്തിയെടുക്കുന്നതിനും യുവാക്കൾ, വനിതകൾ, ദളിതർ, ആദിവാസികൾ, ന്യൂനപക്ഷങ്ങൾ എന്നവയിൽ പ്പെട്ട തൊഴിലാളികളെ സംഘടനയിലെ സജീവ പ്രവർത്തകരാക്കാനും ശ്രമിക്കണം

13. പിആർ ട്രേഡ്‌യൂണിയൻ എഡ്യുക്കേഷണൽ ആൻഡ് റിസർച്ച് സെന്റർ സിഐടിയുവിന്റെ പ്രവർത്തകരെ വാർത്തെടുക്കുന്നതിനായി ഉപയോഗിക്കണം. പിആർ സെന്ററിന്റെ സജീവ പ്രവർത്തനങ്ങൾക്കായി പ്രവർത്തന ഫണ്ട് സ്വരൂപിക്കണം. പിആർ ഭവനിൽ സ്ഥിരമായ പഠനസ്കൂൾ നടത്താനായി സിഐടിയു സെന്ററും ആൾ ഇന്ത്യ ഇൻഡസ്ട്രിയൽ ഫെഡറേഷനും സിഐടിയുവിൽ അഫിലിയേറ്റ് ചെയ്ത പ്രധാനയൂണിയനുകളും, സംസ്ഥാന കമ്മിറ്റികളും കൃത്യമായപദ്ധതി ആസൂത്രണം ചെയ്യണം.

14. ട്രേഡ്‌യൂണിയൻ വിദ്യാഭ്യാസം നൽകാനായി പ്രധാനപ്രശ്നങ്ങൾ ഉൾപ്പെടുത്തി ഒരു സിലബസ് സിഐടിയു സെന്റർ തയ്യാറാക്കണം. സിലബസിൽ ഉൾപ്പെടുത്തേണ്ടുന്ന കാര്യങ്ങളെ സംബന്ധിച്ച് സംസ്ഥാന കമ്മിറ്റികൾക്കും സംസ്ഥാനത്തിലെ വിവിധ ഫെഡറേഷനുകൾക്കും നിർദ്ദേശങ്ങൾ വെയ്ക്കാം.

15. ട്രേഡ് യൂണിയൻ പഠന ക്ലാസുകൾ ഒരു വർഷത്തിൽ രണ്ടു തവണയെങ്കിലും സിഐടിയു സംസ്ഥാന കമ്മിറ്റികളും ആൾ ഇന്ത്യ ഫെഡറേഷനുകളും സംഘടിപ്പിക്കണം. യൂണിയൻ തലത്തിലുള്ള നേതാക്കളെയും ആക്ടിവിസ്റ്റുകളെയും പങ്കെടുപ്പിച്ച് ജില്ലാ

തലങ്ങളിൽ വർഷത്തിൽ ഒരിക്കല്ലെങ്കിലും വിപുലമായ പഠനക്ലാസുകൾ സംഘടിപ്പിക്കണം

16. സാംസ്കാരിക സംഘങ്ങൾ രൂപീകരിക്കാൻ ശ്രമിക്കണം

17. അംഗത്വ വിതരണം നമ്മുടെ പതിവ് പ്രവർത്തനമാക്കി മാറ്റണം-ബഹുജന ക്യാമ്പനിലൂടെ അംഗത്വ വിതരണം വർഷം മുഴുവൻ നടത്താൻ കഴിയണം. ഓരോ പ്രതിഷേധത്തിനും സമരത്തിനും ശേഷം മെമ്പർഷിപ്പ് പ്രവർത്തനം നടത്തണം. നമ്മുടെ അംഗങ്ങളെല്ലാം ഓരോ വർഷവും മെമ്പർഷിപ്പ് പുതുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. അസംഘടിത മേഖലകളിൽ നമ്മുടെ യൂണിയനുകൾ മാത്രമാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ട് തന്നെ എല്ലാവരെയും അംഗങ്ങളാക്കി എന്നുറപ്പുവരുത്തണം. എല്ലാ തൊഴിലാളികളെയും നമ്മുടെ ക്യാമ്പയിനുകളും സമരങ്ങളുമായി ബന്ധപ്പെട്ട് സമീപിക്കുകയും നമ്മുടെ നിലപാടുകൾ വ്യക്തമാക്കുകയും പ്രവർത്തനരീതി മനസിലാക്കിപ്പിക്കുകയും അവരെ സംഘടനയിലേക്ക് ആകർഷിക്കുകയും ചെയ്യുക. അസംഘടിത മേഖലയിലെ യൂണിയനുകൾക്ക് അംഗത്വം പുതുക്കാൻ ഏറെ പരിശ്രമിക്കേണ്ടിവരും. ഓരോ വർഷവും ഓരോ സെക്ഷനിലും തുടരുന്ന തൊഴിലാളികളുടെ കൃത്യമായ ലിസ്റ്റ് തയ്യാറാക്കണം. അതിനായി അത്തരം യൂണിയനുകളിലെ നേതൃത്വം അത്തരം ഇടങ്ങളിലെ തൊഴിലാളികൾക്കിടയിൽ നിന്നു തന്നെ കണ്ടെത്തണം.
സംഘടിത മേഖലയിൽ കരാർത്തൊഴിലാളികളെ സംഘടിപ്പിക്കുന്നതിന് വേണ്ടി പ്രത്യേക മുൻകൈ എടുക്കണം. ബന്ധപ്പെട്ട വ്യവസായ സ്ഥാപനത്തിലെ സ്ഥിരം തൊഴിലാളികളുടെ സംഘടനകൾ ബോധപൂർവം ഇതിന് മുൻകൈ എടുക്കണം.
കൂടുതൽ മേഖലകളിലേക്ക് പ്രവർത്തനം വ്യാപിക്കുന്നതിനോടൊപ്പം നമ്മുടെ മെമ്പർഷിപ്പും കൂടുതൽ വ്യാപിപ്പിക്കണം. തൊഴിലാളി വർഗത്തിന്റെ കൂടുതൽ ദൈനംദിന പ്രശ്നങ്ങളിൽ ഇടപെടണം

18. 2018 ജൂൺ അവസാനത്തോടെ സംസ്ഥാനതലത്തിൽ സംഘടനയുടെ എല്ലാ മേഖലകളിലും വർക്കിങ് വിമൺ കോർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കണം. തുടർന്ന് ജില്ലാ തലത്തിലും ഇത്തരം കമ്മിറ്റികൾ രൂപീകരിക്കണം. ആവശ്യത്തിന് സ്ത്രീ അംഗങ്ങളിലുള്ള എല്ലാ യൂണിയനുകളിലും വനിതാ സബ്കമ്മിറ്റികൾ രൂപീകരിക്കണം. സ്ത്രീകളുടെ വേതന പ്രശ്നം, പ്രസവ അനുകല്യങ്ങൾ, ലൈംഗികചൂഷണം തുടങ്ങി വിവിധ പ്രശ്നങ്ങൾ യൂണിയനുകൾ ഏറ്റെടുക്കണം.

19. അംഗങ്ങളിലേക്ക് കൂടുതൽ വേഗത്തിൽ വിവരങ്ങളെലെത്തിക്കാനായി സോഷ്യൽ മീഡിയ അടക്കമുള്ള നൂതന വിവര സങ്കേതങ്ങൾ ഉപയോഗിക്കണം. ഇംഗ്ലീഷിനു പുറമേ ഹിന്ദിയിലും സർക്കുലർ അയക്കുന്നത് സിഐടിയു സെന്റർ വിപുലപ്പെടുത്തിയിട്ടുണ്ട്. സിഐടിയു സെന്ററിൽ നിന്നുള്ള സർക്കുലറുകൾ താഴെ തട്ടിൽ അവരുടെ പ്രാദേശിക ഭാഷയിൽ തന്നെ എത്തുന്നുണ്ടെന്ന് സംസ്ഥാന കമ്മിറ്റികളും ഫെഡറേഷനുകളും ഉറപ്പുവരുത്തണം. സർക്കുലറിൽ പറഞ്ഞ നിർദേശിച്ച കാര്യങ്ങൾ നടപ്പിൽ വരുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സംസ്ഥാന കമ്മിറ്റികൾ തയ്യാറാകണം.

20. വേഗത കൂടിയ ആശയ വിനിമയത്തിനും ആകർഷകമായി പ്രചാരണം കഴിയുന്നിടത്തോളം വിപുലമായ തൊഴിലാളി വിഭാഗങ്ങളിൽ എത്തിക്കുന്നതിനും സാമൂഹ്യ മാധ്യമ വേദികൾ ഉപയോഗിക്കാൻ നമുക്കാവണം. സിഐടിയു സെന്ററിലും സംസ്ഥാനങ്ങളിലും ഫെഡറേഷൻ തലത്തിലും സംഘടനയുടെ ഓരോ തട്ടിലും ഫലപ്രദമായി സാമൂഹ്യ മാധ്യമം ഉപയോഗിക്കാൻ ആസൂത്രിതമായ പരിശ്രമം നടത്തണം. അതിനൊപ്പം എല്ലാ കമ്മിറ്റികളും സംഘടനാ പ്രശ്നങ്ങൾ അതിലുന്നയിച്ച് ഈ മാധ്യമം ദുരുപയോഗം ചെയ്യില്ലെന്ന് ജാഗ്രത പുലർത്തുകയും വേണം. തെറ്റായി എന്തെങ്കിലും പ്രവണതകൾ കണ്ടാൽ അത് കർശനമായി കൈകാര്യം ചെയ്യുകയും വേണം.

21. എല്ലാ യൂണിയനുകളെയും ഉൾപ്പെടുത്തി പ്രത്യേക പ്രവർത്തനങ്ങളിലൂടെ പ്രവർത്തന ഫണ്ട് കണ്ടെത്താൻ സംസ്ഥാന കമ്മിറ്റികളും ഫെഡറേഷനുകളും എല്ലാ വർഷവും കാര്യമായ ഇടപെടൽ നടത്തണം. മുഴുവൻ സമയ പ്രവർത്തകരുടെ തെരഞ്ഞെടുപ്പ്, അലെവൻസ്, നിയമനം, പുരോഗതി തുടങ്ങി എല്ലാ കാര്യങ്ങളും സിഐടിയു സംസ്ഥാന കമ്മിറ്റികളുടെ ചുമതലയാണ്. യൂണിയനുകൾ തൊഴിലാളികളായി മുഴുവൻ സമയപ്രവർത്തകരെ ഏർപ്പെടുത്തുന്നത് പ്രോത്സാഹിപ്പിക്കരുത്. മുഴുവൻസമയ പ്രവർത്തകരുടെ അലെവൻസ് തുടങ്ങി എല്ലാകാര്യങ്ങളും സംഘടനയുടെ നയത്തിന് അനുസൃതമായി നടപ്പിലാക്കേണ്ടത് സംസ്ഥാന കമ്മിറ്റികളുടെ ഉത്തരവാദിത്തമാണ്.

22. ഒരു മുതിർന്ന നേതാവ് തന്നെ പല യൂണിയനുകൾക്ക് നേതൃത്വം നൽകുന്നത് ഇപ്പോഴും പല സംസ്ഥാനങ്ങളിലും തുടരുന്നുണ്ട് ഇത് ഒരു കാരണവശാലും അനുവദനീയമല്ല. യുവതൊഴിലാളികളെയും ജോലിയിലുള്ള തൊഴിലാളികളെയും പ്രവർത്തനങ്ങളിൽ സജീവമാക്കാനും അവരെ നേതൃത്വത്തിലേക്കെത്തിക്കാനുമുള്ള ശ്രമങ്ങൾ നടക്കണം

23. കൃഷിക്കാരും കർഷക തൊഴിലാളികളും ഗ്രാമീണരും നടത്തുന്ന സമരങ്ങൾക്കും ക്യാമ്പയി

**അടിയന്തിര ദൗത്യങ്ങളെ കുറിച്ച് പറയുമ്പോൾ തന്നെ ഭുവനേശ്വർ ഡോക്യുമെന്റ് ഇത് എങ്ങനെ വേഗത്തിൽ നടപ്പാക്കും എന്ന ചോദ്യത്തിനും മറുപടി നൽകുന്നുണ്ട്. 'ഇത് നടപ്പാക്കാൻ നമ്മുടെ നേതൃത്വം എത്രമാത്രം ഗൗരവം കാണിക്കുന്നു എന്നതിലാണ് ഇത് എത്ര വേഗത്തിൽ നടപ്പാക്കും എന്നുള്ള ഉറപ്പ് ബന്ധപ്പെട്ടിരിക്കുന്നത്. കൂടാതെ താഴെ തട്ട്വരെ ഓരോ കമ്മിറ്റിയിലും ഈ കാര്യങ്ങൾ അവതരിപ്പിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്യുന്നതിനെയും നമ്മൾ നൽകുന്ന ഉറപ്പ് ബന്ധപ്പെട്ടിരിക്കുന്നു.**

നുകൾക്കും എല്ലാതരത്തിലുള്ള പിന്തുണയും സഹായവും നൽകണം. താഴെത്തട്ടിൽ ഇവരുമായി സഹകരിച്ച് സംയുക്ത ക്യാമ്പയിനുകളും സമരങ്ങളും നടത്താനുള്ള സാധ്യതകൾ പരിശോധിക്കണം

24. രാജ്യത്തെ എല്ലാ മേഖലയിലും ജനങ്ങൾക്ക് നേരെ നടക്കുന്ന ചൂഷണങ്ങൾക്കെതിരെയുമുള്ള സമരം ശക്തിപ്പെടുത്താനും ഒന്നിപ്പിക്കാനുമായി ജൻ ഏകത ജൻ അധികാർ അന്തോളന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ മുൻകൈ എടുക്കണം. അത്തരം സഖ്യങ്ങൾ താഴെതട്ടുവരെ എത്തിക്കാൻ സാധിക്കുന്ന പ്രവർത്തനങ്ങൾ നടത്തണം

## ഉപസംഹാരം

അടിയന്തിര ദൗത്യങ്ങളെ കുറിച്ച് പറയുമ്പോൾ തന്നെ ഭുവനേശ്വർ ഡോക്യുമെന്റ് ഇത് എങ്ങനെ വേഗത്തിൽ നടപ്പാക്കും എന്ന ചോദ്യത്തിനും മറുപടി നൽകുന്നുണ്ട്. 'ഇത് നടപ്പാക്കാൻ നമ്മുടെ നേതൃത്വം എത്രമാത്രം ഗൗരവം കാണിക്കുന്നു എന്നതിലാണ് ഇത് എത്ര വേഗത്തിൽ നടപ്പാക്കും എന്നുള്ള ഉറപ്പ് ബന്ധപ്പെട്ടിരിക്കുന്നത്. കൂടാതെ താഴെ തട്ട്വരെ ഓരോ കമ്മിറ്റിയിലും ഈ കാര്യങ്ങൾ അവതരിപ്പിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്യുന്നതിനെയും നമ്മൾ നൽകുന്ന ഉറപ്പ് ബന്ധപ്പെട്ടിരിക്കുന്നു. നിർദ്ദേശ പ്രകാരം എല്ലാം നടപ്പിൽ വരുത്തിയോ എന്ന് ഓരോരുത്തരും ഇഴകീറി പരിശോധിക്കണം. ഈ കാര്യങ്ങൾ വിജയകരമായി നടപ്പിൽ വരുത്താൻ എല്ലാ തലത്തിലുമുള്ള ഓരോ സഖാവും എന്ത് ചെയ്തു എന്ന് ഓരോരുത്തരും സ്വയംവിലയിരുത്തണം. എന്നിട്ട് ഇവ പ്രയോഗത്തിൽ വരുത്താൻ തന്നാലാവുന്ന എല്ലാ കാര്യങ്ങളും ചെയ്യണം. ഈയൊരു കർത്തവ്യത്തിൽ നമ്മൾ പരാജയപ്പെട്ടാൽ അത് നമ്മുടെ ആത്യന്തിക ലക്ഷ്യത്തെ ബാധിക്കുകയും അത് ഒരു ദിവാസ്വപ്നമായി മാറുകയും ചെയ്യും. അതുകൊണ്ട് നമ്മുടെ ഭരണഘടനാ ലക്ഷ്യം നിറവേറ്റുന്നതിനായി സംഘടനയുടെ എല്ലാതലത്തിലുമുള്ളവരും ഒരേപോലെ അർപ്പിതമനോഭാവത്തോടെ പ്രവർത്തിക്കണം. അതാണ് നമ്മുടെ ഉറപ്പിനെ നിർണയിക്കുന്നത്.

അത് തന്നെയാണ് ഈ രേഖക്കും ബാധകമാവുന്നത്. സംഘടനയും താഴെ തട്ട് മുതൽ മുകൾ തട്ട്വരെയുള്ള എല്ലാ അംഗങ്ങളും ഒരുമിച്ച് ഈ രേഖ ഏറ്റെടുത്തെങ്കിൽ മാത്രമേ ലക്ഷ്യം സാധ്യമാകൂ. ചോദ്യവലിക്കുള്ള ഉത്തരങ്ങൾ തെളിയിക്കുന്നത് ചില സംസ്ഥാനങ്ങൾ മാത്രമാണ് ഭുവനേശ്വർ ഡോക്യമെന്റ് പരിഭാഷപ്പെടുത്തി അംഗങ്ങളിലേക്കെത്തിച്ചത് എന്നുള്ളതാണ്. കുറച്ച് വർഷങ്ങൾക്ക് മുമ്പുവരെ ചില സംസ്ഥാനങ്ങൾ ഇത് പരിഭാഷപ്പെടുത്തുകയോ പ്രസിദ്ധീകരിക്കുകയോ ചെയ്തിട്ടില്ല. മറ്റുചില സംസ്ഥാനങ്ങൾ കുറേ വർഷങ്ങൾക്ക് മുമ്പ് ഇത് പ്രസീദ്ധീകരിച്ചിരുന്നു. എന്നാൽ ഇപ്പോൾ അവിടങ്ങളിലെ പുതിയ പ്രവർത്തകർക്കോ ആക്ടിവിസ്റ്റുകൾക്കോ ഇതിനെ കുറിച്ച് ഒരറിവുമില്ല. ചില സംസ്ഥാനങ്ങൾ വളരെ കുറച്ച് കോപ്പികൾ മാത്രമാണ് പ്രസിദ്ധീകരിച്ചത്. അതുകാരണം മുഴുവൻ യൂണിയൻ കമ്മിറ്റി അംഗങ്ങളിലേക്ക് പോലും ഇതിന്റെ കോപ്പികൾ എത്തിയില്ല. എന്നാൽ ഇന്ന് നമ്മൾ ഏറെ മുന്നേറികഴിഞ്ഞു അതിനാൽ നമുക്ക് മനസിലായ നമ്മുടെ വീഴ്ചകളും ബലഹീനതകളും പരിഹരിക്കാനും മികച്ച പ്രവർത്തനം കാഴ്ചവെക്കാനും നമുക്ക് സാധിക്കും. സിഐടിയുവിന്റെ ശക്തിപ്പെടുത്തണമെന്ന് നമ്മൾ അതിയായി ആഗ്രഹിക്കുന്നുണ്ടെങ്കിൽ തീർച്ചയായും ഈ ഡോക്യുമെന്റിന്റെ കോപ്പി എല്ലാ ആക്ടിവിസ്റ്റിന്റെയും പ്രവർത്തകരുടെയും കൈയിലേക്കെത്തിക്കണം. അതുകൊണ്ട് എല്ലാ സംസ്ഥാന കമ്മിറ്റികളും ഈ ഡോക്യുമെന്റ് പരിഭാഷപ്പെടുത്തി ആവശ്യമായ എണ്ണം പ്രസിദ്ധീകരിച്ച് പുതിയ അംഗങ്ങൾക്ക് ആവശ്യമായി വരുമ്പോൾ പുനഃപ്രസിദ്ധീകരിക്കുകയും ചെയ്യണം.

സർക്കാർ നടപ്പിലാക്കുന്ന നയങ്ങൾക്കെതിരായ രോഷം തൊഴിലാളി വർഗത്തിൽ വർധിച്ച് വരികയാണ്. പണിമുടക്കടക്കമുള്ള സമരമാർഗങ്ങളിൽ കൂടുതൽ തൊഴിലാളികൾ പങ്കാളികളാകുന്നു. അത്തരം സമരങ്ങൾ സംഘടിപ്പിക്കുകയും നേതൃത്വം നൽകുന്നത് നമ്മളാണ്. അവരെ രാഷ്ട്രീയപരമായും ആശയപരമായും പ്രാപ്തരാക്കി അത്തരം സമരങ്ങൾക്ക് നേതൃത്വം നൽകി ശരിയായ മാർഗത്തിൽ ചൂഷണം അവസാനിപ്പിക്കാനുള്ള പോരാട്ടത്തിലേക്ക നയിക്കേണ്ടത് നമ്മുടെ കടമയാണ്. നമ്മൾക്ക് ഇതിന് തടസമായി നിൽക്കുന്ന വീഴ്ചകൾ മനസിലാക്കി അവ പരിഹരിച്ച് മുന്നേറാൻ നമുക്ക് കൃത്യമായ പദ്ധതിയും രേഖയും തയ്യാറാക്കേണ്ടതുണ്ട്. എത്രയും വേഗത്തിൽ വീഴ്ചകളും തടസങ്ങളും പരിഹരിച്ച് നമ്മുടെ ഭരണഘടനാ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ വൻകുതിച്ചു ചാട്ടം ആവശ്യമാണ്. ഇത് നടപ്പാക്കുന്നതിൽ നമ്മൾ പരാജയപ്പെട്ടാൽ അത് തൊഴിലാളി വർഗത്തെ നമ്മൾ പരാജയപ്പെടുത്തലാണ്. ■

# പൊതുമേഖല വില്പന തുടരുന്നു




രാജ്യത്തിന്റെ അഭിമാനമായ 11 കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെക്കൂടി സ്വകാര്യവൽക്കരിക്കാൻ മോദി സർക്കാർ നീക്കം തുടങ്ങി. 29, 647 കോടി രൂപയുടെ വിപണി മുല്യമുള്ള ഭാരത് ഹെവി ഇലക്ട്രിക്കൽസും (ഭെൽ) ടെലിക്കോം സേവന ദാതാവായ എംടിഎൻഎല്ലുമടക്കമുള്ള നിർണായക സ്ഥാപനങ്ങൾ വിറ്റഴിക്കാൻ നീതി ആയോഗ് കേന്ദ്ര സർക്കാരിനോട് നിർദേശിച്ചു.

എയർ ഇന്ത്യ ഉൾപ്പെടെ 40 പൊതുമേഖലാ സ്ഥാപനങ്ങളുടെ പട്ടിക നീതി ആയോഗ് നേരത്തെ കേന്ദ്രത്തിന് കൈമാറിയിരുന്നു. ഇവയുടെ സ്വകാര്യവൽക്കരണ നടപടികൾ ഊർജിതമായി മുന്നോട്ടു പോകവെയാണ് നീതി ആയോഗ് രണ്ടാം പട്ടിക കൈമാറിയത്. 11 പൊതുമേഖലാ സ്ഥാപനങ്ങളുടെയും എത്ര ശതമാനം ഓഹരി വീതം വിറ്റഴിക്കണമെന്ന് ക്യാബിനറ്റ് സെക്രട്ടറിയുടെ നേതൃത്വത്തിൽ രൂപീകരിച്ച സെക്രട്ടറിതല സമിതി ഉടൻ വിലയിരുത്തും.

ശതകോടികളുടെ ആസ്തിയും ലാഭവുമുള്ള തന്ത്രപ്രധാന പൊതുമേഖലാ സ്ഥാപനങ്ങളാണ് വിറ്റഴിക്കുന്നത്. രാജ്യത്തെ ഊർജ നിലയങ്ങൾക്കുള്ള ഉൽപന്നങ്ങൾ നിർമിക്കുന്ന ഭെല്ലിന്റെ 2017 സാമ്പത്തിക വർഷത്തിലെ വിറ്റുവരവ് 29,475 കോടി രൂപയും ലാഭം 496 കോടിയുമാണ്. വിറ്റഴിക്കൽ പട്ടികയിലുള്ള ഹിന്ദുസ്ഥാൻ കോപ്പറിന്റെ വിറ്റുവരവ് 12200 കോടി രൂപയിലേറെയാണ്.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 62 കോടി രൂപ ലാഭം നേടി. മെക്കോൺ (മെറ്റലർജിക്കൽ ആൻഡ് എൻഡിനിയറിംഗ് കൺസൾട്ടന്റ്സ്), ടെലികമ്യൂണിക്കേഷൻസ് കൺസൾട്ടന്റ്സ് ഇന്ത്യ തുടങ്ങിയവയും പുതിയ വിറ്റഴിക്കൻ പട്ടികയിലുണ്ട്.

ബിഎസ്എൻഎല്ലിന് സമാനമായി ഡൽഹിയിലും മുംബൈയിലും മൊബൈൽ-ലാൻഡ്‌ലൈൻ സേവനം നടത്തുന്ന തന്ത്രപ്രധാന പൊതുമേഖലാ സ്ഥാപമായ എംടിഎൻഎല്ലിന്റെ ടവറുകൾ, ഭൂമി, കെട്ടിടങ്ങൾ തുടങ്ങി സ്വത്തുവകകളടക്കമാവും വിറ്റഴിക്കുക. ഡൽഹിയിലും മുംബൈയിലുമായി പ്രവർത്തിക്കുന്ന എംടിഎൻഎല്ലിൽ ഏകദേശം 2800 ജീവനക്കാരുണ്ട്. കമ്പനി വിറ്റഴിക്കുന്നതോടെ ജീവനക്കാരുടെ ഭാവി അനിശ്ചിതത്വത്തിലാകും.

എംടിഎൻഎല്ലിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുമെന്നും ലാഭത്തിലാക്കുമെന്നും ടെലികോം മന്ത്രി രവിശങ്കർ പ്രസാദ് പലവട്ടം പാർലമെന്റിൽ ഉറപ്പുനൽകിയിരുന്നു. എംടിഎൻഎൽ കൂടി ഇല്ലാതാകുന്നതോടെ ടെലികോം മേഖലയിലെ പൊതുമേഖലാ സാന്നിധ്യമെന്നത് ബിഎസ്എൻഎൽ മാത്രമാകും. കുത്തകവൽക്കരണം വർധിച്ചുവരുന്ന ടെലികോം രംഗത്ത് റിലയൻസ് ഏറെക്കുറെ പിടിമുറുക്കിയിരിക്കുകയാണ്.

ലാഭത്തിൽ പ്രവർത്തിക്കുന്ന നവരത്ന കമ്പനികളുടെ അടക്കം ഓഹരികളാണ് വിറ്റുതുലക്കുന്നത്. നേരത്തെ നൽകിയ 40 പൊതുമേഖലാ സ്ഥാപനങ്ങളുടെ പട്ടികയിൽ എയർ ഇന്ത്യ, പവൻഹൻസ്, ഹിന്ദുസ്ഥാൻ പ്രിഫാബ്, ഹോസ്പിറ്റൽ സർവീസസ് കൺസൾട്ടൻസി കോർപറേഷൻ, ബ്രിഡ്ജ് ആൻഡ് റൂഫ് കൊ, നാഷണൽ പ്രോജക്ട്സ് കൺസ്ട്രക്ഷൻ കോർപറേഷൻ, എൻജിനിയറിംഗ് പ്രോജക്ട്സ് ഇന്ത്യ, ഭാരത് പമ്പ്സ് ആൻഡ് കംപ്രസേഴ്സ് തുടങ്ങി 10 സ്ഥാപനത്തിന്റെ ഓഹരി വിറ്റഴിക്കലിനായി കേന്ദ്രം താൽപര്യപത്രം ക്ഷണിച്ചിട്ടുണ്ട്.

വാജ്പെയി പ്രധനമന്ത്രിയായിരുന്ന കാലത്താണ് പൊതുമേഖലാ സ്ഥാനങ്ങളുടെ വിറ്റഴിക്കൽ തീവ്രമാക്കിയത്. ഇന്ത്യൻ പെട്രോകെമിക്കൽസ് കോർപറേഷന്റെ (കെപിസിഎൽ) ഓഹരികൾ റിലയൻസിന് കൈമാറിക്കൊണ്ടായിരുന്നു തുടക്കം, തൊട്ടുപിന്നാലെ ഭാരത് അലൂമിനിയം, ഹിന്ദുസ്ഥാൻ സിങ്ക് എന്നീ സ്ഥാപനങ്ങൾ വേദാന്ത ഗ്രൂപ്പിന് വിറ്റു. ഒന്നാം എൻഡിഎ സർക്കാരിന്റെ പാതയിൽ തന്നെയാണ് മോഡി സർക്കാരിന്റെയും നീക്കം.

# കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്



ടി. പി. രാമകൃഷ്ണൻ

**10442 തൊഴിലാളികൾ മാത്രമാണ് നിലവിൽ കൃത്യമായി അംശദായം അടയ്ക്കുന്നവരായുള്ളത്. ഇത് ക്ഷേമനിധി ബോർഡിന്റെ ദൈനംദിന പ്രവർത്തനങ്ങളെ പ്രതിസന്ധിയിലാഴ്ത്തുന്നു. ബീഡിയുടെ വിപണനം തുടർന്നും ഗണ്യമായി കുറയുന്ന സാഹചര്യമാണ് ഇന്നുള്ളത്. ഈ സാഹചര്യം തിരിച്ചറിഞ്ഞുകൊണ്ട് വിവിധ ബീഡി വ്യവസായസ്ഥാപന ങ്ങൾ വൈവിദ്ധ്യവൽക്കരണത്തിലൂടെ തങ്ങളുടെ സ്ഥാപനത്തെ ശക്തിപ്പെടുത്തി തൊഴിലാളികളുടെ താൽപര്യ വും ക്ഷേമവും സംര ക്ഷിക്കാൻ ശ്രമിച്ചുവരുന്നുണ്ട്. ഇക്കാര്യത്തിൽ അനുകരണീയമായ മാതൃകയാണ് കേരള ദിനേശ് ബീഡിയുടേത്. ഭക്ഷ്യസംസ്കരണം, സോഫ്റ്റ്‌വെയർ ഡവലപ്മെന്റ്, കുടനിർമ്മാണം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം തുടങ്ങി വിവിധ മേഖലകളിൽ ദിനേശ് ബീഡി കമ്പനി ഇന്ന് ശക്തമായ സാന്നിദ്ധ്യമായി നിലനിൽക്കുന്നു.**

സംസ്ഥാനത്തെ സുപ്രധാനമായ പരമ്പരാഗത വ്യവസായ മേഖലകളിലൊന്നാണ് ബീഡി വ്യവസായ മേഖല. ലക്ഷക്കണക്കിന് കുടുംബാംഗങ്ങൾ ആശ്രയിച്ചിരുന്ന ഈ മേഖല ഇന്ന് തകർച്ചയുടെ വക്കിലാണ്. കേന്ദ്ര ഭരണാധികാരികൾ തുടർന്ന് വരുന്ന നയങ്ങൾ മറ്റ് പരമ്പരാഗത തൊഴിൽ മേഖലകളെന്ന പോലെ തന്നെ ബീഡി വ്യവസായ മേഖലയെയും പ്രതിസന്ധിയിലാഴ്ത്തിയിരിക്കുന്നു.

ബീഡി-ചുരുട്ട് വ്യവസായ മേഖലയിൽ തൊഴിലെടുക്കുന്നവരുടെ ക്ഷേമം ലക്ഷ്യമാക്കിയാണ് 1995 -ൽ ബീഡി തൊഴിലാളി ക്ഷേമനിധി നിയമം നിലവിൽ വന്നത്. ഈ നിയമമനുസരിച്ചാണ് 1996-ൽ ബീഡി-ചുരുട്ട് തൊഴിലാളികളുടെ ക്ഷേമനിധി പദ്ധതി നിലവിൽ വന്നത്.

ബീഡി-ചുരുട്ട് വ്യവസായ മേഖലയിൽ 3 മാസത്തെ സേവനം പൂർത്തിയാക്കിയ തൊഴിലാളികൾ പദ്ധതിയിൽ അംഗത്വമെടുക്കേണ്ടതുണ്ട്. അർഹരായ തൊഴിലാളികൾ 2 പാസ്പോർട്ട് സൈസ് ഫോട്ടോ, വയസ് തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം, തൊഴിൽ പരിചയ സാക്ഷ്യപത്രം എന്നിവ സഹിതം ഫോറം 1-ൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ ഫോറം നമ്പർ 1 എ -യിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ മുമ്പാകെയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ മുമ്പാകെയോ സമർപ്പിക്കാവുന്നതാണ്. പദ്ധതിയിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന എല്ലാ തൊഴിലാളികൾക്കും ക്ഷേമനിധി ബോർഡ് തിരിച്ചറിയൽ കാർഡ് നൽകും.

ഏതെങ്കിലും സ്ഥാപനത്തിലോ ജോലി ചെയ്യുന്ന തൊഴിലാളിയുടെ ക്ഷേമനിധി അംഗത്വം അയാൾ തൊഴിലാളി അല്ലാതാകുന്നതുവരെ നിലനിൽക്കുന്നതാണ്. എന്നാൽ സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഒരാളുടെ അംഗത്വം അയാൾ ഒരു വർഷം തുടർച്ചയായി വിഹിതമടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം ഇല്ലാതാകുന്നതാണ്. ഇപ്രകാരം അംഗത്വം നഷ്ടപ്പെടുന്ന തൊഴിലാളി മതിയായ കാരണം സൂചിപ്പിച്ച് അപേക്ഷ സമർപ്പിക്കുകയും മൊത്തം കുടിശ്ശിക ബോർഡ് നിശ്ചയിക്കുന്ന പിഴ സഹിതം അടയ്ക്കാൻ തയ്യാറാവുകയും ചെയ്താൽ അംഗത്വം പുന:സ്ഥാപിച്ച് നൽകാൻ വ്യവസ്ഥയുണ്ട്.

തെറ്റിദ്ധരിപ്പിച്ചോ കളവായ വസ്തുതകളുടെ അടിസ്ഥാനത്തിലോ ക്ഷേമനിധി അംഗത്വം സമ്പാദിച്ചതായി ബോദ്ധ്യപ്പെട്ടാൽ രജിസ്ട്രേഷൻ റദ്ദ് ചെയ്യാൻ ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർക്ക് അധികാരമുണ്ട്. ഇക്കാര്യത്തിൽ ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറുടെ തീരുമാനത്തിൽ ക്ഷേമനിധി ബോർഡ് മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

പ്രതിമാസം ഒരു തൊഴിലാളിക്ക് 6 രൂപ നിരക്കിലുള്ള തൊഴിലുടമാ അംശദായ വിഹിതം 3 രൂപ നിരക്കിലുള്ള തൊഴിലാളി വിഹിതം തൊഴിലാളി അംശദായത്തിന് തുല്യമായ സർക്കാർ വിഹിതം എന്നിവയാണ് ബോർഡിന്റെ പ്രധാന വരുമാന മാർഗ്ഗം. സ്വയംതൊഴിൽ ചെയ്യുന്നവർ പ്രതിമാസം 9 രൂപ നിരക്കിലാണ് അംശദായം ഒടുക്കേണ്ടത്. ഇത് കൂടാതെ സർക്കാർ അംശദായ ഗ്രാന്റായും ബീഡി തൊഴിലാളി പെൻഷൻ ഗ്രാന്റായും ചുരുട്ട് തൊഴിലാളി പെൻഷൻ ഗ്രാന്റായും സർക്കാർ സഹായം ക്ഷേമനിധി ബോർഡിന് ലഭ്യമാക്കു

ന്നുണ്ട്. എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നശേഷം ഇതര ക്ഷേമനിധി ബോർഡു കൾക്കൊപ്പം ബീഡി തൊഴിലാളി ക്ഷേമനിധി ബോർഡിലും പെൻഷൻ തുക 600 രൂപയിൽ നിന്ന് 1100 രൂപയായി വർദ്ധിപ്പിക്കുകയുണ്ടായി. 2480 ബീഡി തൊഴിലാളി ക്ഷേമനിധി ബോർഡ് പെൻഷൻകാർക്ക് 2018 മാർച്ച് മാസം വരെയുള്ള പെൻഷൻ തുക ഇക്കഴിഞ്ഞ വിഷുവിന് പൂർണ മായും വിതരണം ചെയ്തുകഴിഞ്ഞു. ക്ഷേമനിധി പദ്ധതി നിലവിൽ വരുന്നതിനുമുമ്പ് 3 വർഷത്തിൽ കുറയാതെ ജോലിചെയ്യുകയും 58 വയസ് പൂർത്തീ കരിച്ച് വിരമിക്കുകയും ചെയ്ത തൊഴിലാളി കൾക്കും ക്ഷേമനിധി ബോർഡ് പെൻഷൻ നൽകി വരുന്നുണ്ട്. കണ്ണൂർ ജില്ലയിലെ 60 വയസ് പൂർത്തിയായ പരമ്പരാഗത ചുരുട്ട് തൊഴിലാളി കൾക്ക് പെൻഷൻ നൽകുന്നതിനുവേണ്ടി ആവി ഷ്കരിച്ച് 1977-ലെ പരമ്പരാഗത ചുരുട്ട് തൊഴിലാ ളിയായി പെൻഷൻ പദ്ധതിയും ബീഡി - ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേ നെയാണ് നടപ്പിലാക്കിവരുന്നത്. ഈ വിഭാഗത്തി ലുള്ള 162 തൊഴിലാളികൾക്കും 2018 മാർച്ച് മാസം വരെയുള്ള മാസങ്ങളിലെ പെൻഷൻ തുക പൂർണ്ണ മായും വിതരണം ചെയ്തുകഴിഞ്ഞു.

ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള തൊഴി ലാളികൾക്ക് തന്റെ ജോലി തുടരാനോ കായികാ ദ്ധ്വാനം ചെയ്യാനോ കഴിയാത്തവിധം ദീർഘകാലം അസുഖമായിരിക്കുകയോ സ്ഥിരമായ അവശത സംഭവിക്കുകയോ ചെയ്യുന്നപക്ഷം ക്ഷേമനിധി ഫണ്ടിൽ നിന്നും 10000 രൂപ വരെ എക്സ്ഗ്രേഷ്യാ ധനസഹായമായി നൽകും.

തുടർച്ചയായി രണ്ട് വർഷത്തെ അംഗത്വം പൂർത്തിയാക്കിയ വനിതാ അംഗങ്ങൾക്ക് വിവാഹ ധനസഹായമായി 2000 രൂപ അനുവദിക്കും. 2 വർഷത്തെ അംഗത്വം പൂർത്തിയാക്കിയ തൊഴിലാ ളികളുടെ പെൺമക്കളുടെ വിവാഹത്തിന് 2000 രൂപ വിവാഹ ധനസഹായമായി അനുവദിച്ചുവരുന്നു. പദ്ധതിയിൽ ഒരു വർഷത്തെ അംഗത്വം പൂർത്തി യായ സ്ത്രീതൊഴിലാളികൾക്ക് 15000 രൂപ വീതം പ്രസവാനുകൂല്യമായി അനുവദിക്കാനും വ്യവസ്ഥ യുണ്ട്.

3 ലക്ഷത്തോളം തൊഴിലാളികൾ ജോലിചെ യ്തിരുന്ന മേഖലയാണ് ബീഡി വ്യവസായം. എന്നാൽ പൊതുഇടങ്ങളിൽ പുകവലി നിരോധി ച്ചിട്ടുള്ള കോടതിവിധികൾ, പുകവലിക്കെതിരായി ഉയർന്നുവന്നിട്ടുള്ള പ്രചരണം, പുകവലിയോട് ജന ങ്ങൾക്കുണ്ടായിട്ടുള്ള താൽപര്യക്കുറവ്, ഇതര സംസ്ഥാനങ്ങളിൽ നിന്ന് നിലവാരം കുറഞ്ഞ ബീഡി ഉൽപ്പന്നങ്ങൾ സംസ്ഥാനത്ത് വിറ്റഴിക്കുന്നത് കേന്ദ്ര സർക്കാർ നടപ്പിലാക്കിയ ജി.എസ്.ടി തുടങ്ങി വിവിധ കാരണങ്ങളാൽ ഈ മേഖല അനുദിനം തകർച്ചയെ നേരിടുകയാണ്. നിലവിൽ 11000 അംഗ ങ്ങളാണ് ബോർഡിനുള്ളത്. 10442 തൊഴിലാളികൾ മാത്രമാണ് നിലവിൽ കൃത്യമായി അംശദായം അട യ്ക്കുന്നവരായുള്ളത്. ഇത് ക്ഷേമനിധി ബോർഡിന്റെ ദൈനംദിന പ്രവർത്തനങ്ങളെ പ്രതി സന്ധിയിലാഴ്ത്തുന്നു. ബീഡിയുടെ വിപണനം തുടർന്നും ഗണ്യമായി കുറയുന്ന സാഹചര്യ മാണ് ഇന്നുള്ളത്. ഇത് ഈ വ്യവസായത്തെ കൂടു തൽ പ്രതിസന്ധിയിലാഴ്ത്തും. ഈ സാഹചര്യം തിരിച്ചറിഞ്ഞുകൊണ്ട് വിവിധ ബീഡി വ്യവ സായസ്ഥാപനങ്ങൾ വൈവിദ്ധ്യവൽക്കരണത്തി ലൂടെ തങ്ങളുടെ സ്ഥാപനത്തെ ശക്തിപ്പെടുത്തി തൊഴിലാളികളുടെ താൽപര്യ വും ക്ഷേമവും സംരക്ഷിക്കാൻ ശ്രമിച്ചുവരുന്നുണ്ട്. ഇക്കാര്യത്തിൽ അനുകരണീയമായ മാതൃകയാണ് കേരള ദിനേശ് ബീഡിയുടേത്. ഭക്ഷ്യസംസ്കരണം, സോഫ്റ്റ്‌വെയർ ഡവലപ്മെന്റ്, കുടനിർമ്മാണം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം തുടങ്ങി വിവിധ മേഖലകളിൽ ദിനേശ് ബീഡി കമ്പനി ഇന്ന് ശക്ത മായ സാന്നിദ്ധ്യമായി നിലനിൽക്കുന്നു.

ഈ മാതൃക പിന്തുടർന്ന് വൈവിദ്ധ്യപൂർണ്ണ മായ പ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ട് ക്ഷേമ നിധി ബോർഡിനെ ശക്തമായി നിലനിർത്താനും ക്ഷേമനിധി ബോർഡ് അംഗങ്ങളുടെ താൽപര്യം സംരക്ഷിക്കുന്നതിനുമുള്ള ശ്രമമാണ് ഇകഠഡ സംസ്ഥാന കമ്മറ്റിയംഗം കെ. ബാലകൃഷ്ണന്റെ നേതൃത്വത്തിലുള്ള ഭരണസമിതി നടത്തിവരുന്ന ത്. ഇതിന്റെ ഭാഗമായി ബ്രോയിലർ ചിക്കൻ ഫാം, മിനി പൗൾട്രി ഫാം, ക്വയിൽ ഫാം, ഡയറി ഫാം, ഗോട്ട് ഫാം, ഗാർമെന്റ് യൂണിറ്റ്, ഫാൻസി ഷോപ്പ്, മൊബൈൽ ഫോൺ അക്സസറീസ് & റീചാർജ് ഷോപ്പ്, മൊബൈൽ ടീ ഷോപ്പ്, ഹൗസ് ഹോൾഡ് ഫുഡ് പ്രൊസസ്സിംഗ് യൂണിറ്റ്, വെൽഡിംഗ് യൂണി റ്റ്, ബ്യൂട്ടി പാർലർ തുടങ്ങി വ്യത്യസ്തങ്ങളായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ക്ഷേമനിധി ബോർഡ് മുഖേന അർഹരായ തൊഴിലാളികൾക്ക് ധനസഹായം നൽകുന്ന വിപുലമായ ഒരു പദ്ധ തിക്ക് ബോർഡ് രൂപം നൽകിയിരുന്നു. 4000-ഓളം പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കുന്നതാണ് ഈ പദ്ധതി. കൂടാതെ തൊഴിലാളികളുടെ വിദ്യാർത്ഥി കളായ മക്കൾക്ക് ലാപ്ടോപ്പ്, ഫർണിച്ചർ, സൈക്കിൾ, അംഗപരിമിതരായ കുട്ടികൾക്ക് ട്രൈസിക്കിൾ എന്നിവ വിതരണം ചെയ്യാനും പദ്ധ തിയുണ്ട്. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് ബോർഡ് സമർപ്പിച്ച 20 കോടി രൂപയുടെ പദ്ധതിക്ക് സർക്കാർ അനുമതി നൽകിക്കഴിഞ്ഞു. കൂടാതെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നശേഷം പെൻഷൻ വിതരണത്തിനായി 5.41 കോടി രൂപ ക്ഷേമനിധി ബോർഡിന് വിതരണം ചെയ്തു.

കേന്ദ്ര ഭരണാധികാരികൾ തുടർന്നുവരുന്ന നയത്തിന്റെ കെടുതികളെ സ്വന്തം ഇച്ഛാശക്തി കൊണ്ട് മറികടക്കുന്നതിന് ക്ഷേമനിധി ബോർഡ് നടത്തുന്ന ശ്രമങ്ങൾക്ക് നൽകിവരുന്ന പിന്തുണയും സഹായവും തുടർന്നും ലഭ്യമാക്കാൻ എൽ.ഡി. എഫ് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ■

## ഇറാൻ ആണവകരാർ അമേരിക്കൻ പ്രസിഡന്റ് ട്രമ്പ് തള്ളിക്കളഞ്ഞു





# ലോക രാഷ്ട്രങ്ങൾ പുതിയ സംഘർഷങ്ങളിലേക്ക്

**അമേരിക്കയെ പിൻതുടർന്ന് കരാർ ലംഘിക്കാൻ മറ്റുള്ളവരും ശ്രമിച്ചാൽ ആണവോർജ്ജ സമതിയോട് വ്യവസായതലത്തിൽ യുറേനിയം സംമ്പുഷ്ഠികരണത്തിന് തയ്യാറെടുക്കാൻ ഉത്തരവ് നൽകുമെന്ന് ഇറാനിയൻ പ്രസിഡന്റ് ഹസ്സൽ റുഹാനി യുറോപ്യൻ സഖ്യകക്ഷികളെ അറിയിച്ചിട്ടുണ്ട്. ചൈനയും റഷ്യയും കരാറിൽ ഉറച്ചുതന്നെ നില്ക്കുകയാണ്.**



**എൻ. പത്മലോചനൻ**

അമേരിക്കയുടെ മുൻ പ്രസിഡന്റ് ബാരക് ഒബാമയുടെ ഏറെ പ്രകീർത്തിക്കപ്പെട്ട നേട്ടങ്ങളിലൊന്നായിരുന്നു ഇറാനുമായുണ്ടാക്കിയ ആണവക്കരാർ. 2018 ജൂലൈയിൽ ഇറാൻ, അമേരിക്ക, ബ്രിട്ടൺ, ഫ്രാൻസ്, ജർമ്മനി, ചൈന, റഷ്യ എന്നീ വൻശക്തികളും തമ്മിൽ ഒപ്പുവച്ചതാണ് ഇറാൻ ആണവ കരാർ. യുറേപ്യൻ യൂണിയനും പുറകെ ഇതംഗീകരിച്ചു. കരാറിലെ വ്യവസ്ഥ പ്രകാരം ആണവ സമ്പൂഷ്ടീകരണം നടത്തിയിരുന്ന മൂന്നു സെൻട്രൽ ഫ്യൂജുകളിൽ രണ്ടിന്റെ പ്രവർത്തനം ഇറാൻ നിറുത്തിവച്ചു. 98% സമ്പുഷ്ടികൃത യുറേനിയം രാജ്യത്തു നിന്നും നീക്കം ചെയ്തു. പ്ലൂട്ടോണിയം ഉല്പാദിപ്പിക്കുന്ന റിയാക്ടർ പൂട്ടി. കരാർ നിലവിൽ വന്നശേഷം അന്താരാഷ്ട്ര അണവോർജ്ജ ഏജൻസി ഇതിനകം 10 തവണ പരിശോധന നടത്തി കരാർ പാലിക്കുന്നുയെന്ന് സാക്ഷ്യപ്പെടുത്തി.

2016 –ൽ യു.എസ് പ്രസിഡന്റ് തിരഞ്ഞെടുപ്പു പ്രചരണ കാലത്ത് ട്രംമ്പ് നൽകിയ വാഗ്ദാനങ്ങ

ളിൽ ഒന്നായിരുന്നു ഇറാനുമായുള്ള ആണവക്കരാറിൽ നിന്നുമുള്ള പിൻമാറ്റം. 08.05.2018 –ൽ ട്രംമ്പ് ആണവക്കരാറിൽ നിന്നുമുള്ള പിൻമാറ്റം പ്രഖ്യാപിക്കുമ്പോൾ അദ്ദേഹം പറഞ്ഞു:- എന്റെ പ്രവർത്തി നിർണ്ണായകമായ സന്ദേശം നൽകുന്നു. യു.എസ് ഒരിക്കലും പൊള്ളയായ ഭീഷണിമുഴക്കില്ല. ഞാൻ വാഗ്ദാനങ്ങൾ നൽകുന്നത് പാലിക്കാനാണ്. ആഗോള താപനം നിയന്ത്രിക്കുന്നതിനുള്ള പാരീസ് ഉടമ്പടിയിൽ നിന്നും പിൻമാറിയപ്പോൾ പറഞ്ഞ അതേ ന്യായങ്ങൾ തന്നെയാണ് ഈ പ്രശ്നത്തിലും ട്രംമ്പിന് പറയാനുള്ളത്. ആണവക്കരാറിൽ നിന്നും യു.എസ്സിന് ഒന്നും തന്നെ കിട്ടിയില്ല. തന്മൂലം തിരഞ്ഞെടുപ്പ് വാഗ്ദാനം പാലിക്കാനും അതേസമയം ഇറാന്റെ ശത്രുക്കളും യു.എസ്സിന്റെ മിത്രങ്ങളുമായ ഇസ്രയേലിനെയും സൗദി അറേബ്യയേയും പ്രീതിപ്പെടുത്താനുമാണ് അമേരിക്ക ആണവക്കരാറിൽ നിന്നും പിൻമാറിയതെന്നതാണ് വസ്തുത. മുമ്പ് പലപ്പോഴും കരാർ റദ്ദ് ചെയ്യാൻ ട്രംമ്പ് തുനിഞ്ഞെങ്കിലും പ്രതിരോധ സെക്രട്ടറി ജെയിസ് മാറ്റിസ് അടക്കമുള്ള ഉന്നതർ അതിനനുവദിച്ചില്ല. ഇത്തവണ ട്രംമ്പ് എതിർപ്പുകൾ വകവച്ചില്ല. ഇറാൻ വിരുദ്ധരും യുദ്ധ മോഹികളുമായ വിദേശകാര്യ സെക്രട്ടറി മൈക്ക് പോംപിയോയും ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ജോൺ ബോൾട്ടനും ട്രംമ്പിന് ശക്തമായ പിൻതുണ നൽകി.

പല പ്രശ്നങ്ങളിലും ട്രമ്പിന്റെ ഏക പക്ഷീയത തെളിഞ്ഞുകാണാം. താല്പര്യാനുസരണം പല മേഖലകളിലും സംഘർഷം സൃഷ്ടിക്കുക എന്നതാണ് ലക്ഷ്യം. ജറുസലേമിനെ ഇസ്രയേലിന്റെ തലസ്ഥാനമായി അംഗീകരിച്ച് പശ്ചിമേഷ്യയിൽ തീപ്പൊരി വീഴ്ത്തി. സിറിയയിലെയും യെമനിലെയും യു.എസ് സൈനിക നടപടികളും ഇറാക്കിലെ സംഘർഷവും ഈ മേഖലയെ അസ്വസ്ഥമാക്കുന്നുണ്ട്. ഇറാൻ ആണവക്കരാറിൽ നിന്നുള്ള പിൻമാറ്റം കൂടി ആകുമ്പോൾ പശ്ചിമേഷ്യ സൈനിക ബലപരീക്ഷണ മേഖലയാകും. ഇതേ നിലയിലുള്ള മറ്റൊരു നടപടിയാണ് ജറുസലേമിലേക്കുള്ള യു.എസ് എംമ്പസി മാറ്റം. ഇസ്രയേൽ രൂപീകരിച്ചതിന്റെ 70–ാം വാർഷിക ദിനമായ മേയ് 14 –നാണ് അമേരിക്കൻ കാൺസുലേറ്റ് കെട്ടിടത്തിനകത്ത് 50 ജീവനക്കാരുമായി എംബസി താല്ക്കാലികമായി പ്രവർത്തനം ആരംഭിച്ചത്. വിശാലമായ സ്ഥലം കണ്ടെത്തി പുതിയ എംബസി സ്ഥാപിക്കും എന്നും പ്രഖ്യാപിച്ചു. അതുപോലെതന്നെ കഴിഞ്ഞ ഡിസംബറിലാണ് ഇസ്രയേലിന്റെ തലസ്ഥാനമായി ജറുസലേമിനെ അംഗീകരിക്കുന്നു എന്ന് ട്രംമ്പ് പ്രഖ്യാപിച്ചത്. എന്നാൽ ഇസ്രേയൽ – പാലസ്തീൻ സംഘർഷത്തിൽ നിഷ്പക്ഷത പാലിക്കുന്നതുമൂലം മറ്റു ലോക രാഷ്ട്രങ്ങളുടെ എംബസികൾ 72 കിലോമീറ്റർ അകലത്തിലുള്ള ടെൽ അവീവിലാണ് പ്രവർത്തിക്കുന്നത്. 1948 –ൽ പടിഞ്ഞാറൻ ജറുസലേമിന്റെ നിയന്ത്രണം ഏറ്റെടുത്ത ഇസ്രേയൽ 1967 –ലെ യുദ്ധത്തിലാണ് ജോർഡാന്റെ അധീനതയിലുണ്ടായിരുന്ന കിഴക്കൻ ജറുസലം കൈവശപ്പെടുത്തിയത്. 1980–ൽ ഐക്യ ജറുസലേമിനെ രാജ്യതലസ്ഥാനമായി ഇസ്രേയൽ നിയമം പാസ്സാക്കുക ഉണ്ടായി എങ്കിലും യു.എൻ രക്ഷാസമിതി ആ തീരുമാനം തള്ളിക്കളഞ്ഞു. രാജ്യാന്തര സമൂഹം ആ നടപടി സർവ്വാത്മനാ അംഗീകരിക്കുകയും ചെയ്തു.

ആണവക്കരാർ അംഗീകാരത്തിൽ നിന്നും പിൻമാറിയതിനെ തുടർന്ന് ട്രംമ്പ് ഇറാനുമായി ഇടപാടുനടത്തുന്ന ബാങ്കുകൾക്കും കമ്പനികൾക്കും ഉപരോധം ബാധകമാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇറാനുമായി ഇപ്പോഴുള്ള ബന്ധങ്ങൾ മുറിക്കുവാൻ മൂന്നു മുതൽ ആറുമാസം വരെയുള്ള സമയമാണ് ട്രംമ്പ് നൽകിയിരിക്കുന്നത്. യുറോപ്യൻ രാജ്യങ്ങളിലെ കൂറ്റൻ കമ്പനികൾ അമേരിക്കയിലെ വലിയ കമ്പോളം ഉപേക്ഷിച്ച് ഇറാനുവേണ്ടി നിലകൊള്ളാനും സാദ്ധ്യത വിരളമാണ്. കരാർ നിലവിൽ വന്ന് രണ്ടര കൊല്ലമായിട്ടും വലിയ ബാങ്കുകളൊന്നും തന്നെ ഇറാനുമായി ബന്ധപ്പെടാൻ തയ്യാറായിട്ടില്ല. ഇറാനുമായുള്ള വ്യാപാര ബന്ധം ഉപേക്ഷിക്കുന്നതിൽ നിന്നും യൂറോപ്യൻ കമ്പനികളെ തടയാൻ ഫ്രാൻസിനും, ബ്രിട്ടനും, ജർമ്മനിക്കും കഴിഞ്ഞാലെ ഇറാനുമായുള്ള ആണവക്കരാർ നിലനിറുത്താൻ കഴിയൂ. ആണവക്കരാർ നിലനിറുത്താൻ സഹായിക്കുമെന്നാണ് ഈ രാജ്യങ്ങളും ചൈനയും, റഷ്യയും യുറോപ്യൻ രാജ്യങ്ങളോട് പറയുന്നത്.

ഫ്രഞ്ച് പ്രസിഡന്റ് ഇമാനുവൽ മാക്രോൺ 2018 ഏപ്രിൽ 4 –ന് മൂന്നു ദിവസത്തെ അമേരിക്കൻ സന്ദർശനത്തിനെടുവിൽ ട്രംമ്പുമായി കൂടികാഴ്ച നടത്തിയതിനുശേഷം മാധ്യമങ്ങളോട് പറഞ്ഞത് – ട്രംമ്പ് അവസാനമായും എന്താണു തീരുമാനിക്കുക എന്ന് പറയാനാവില്ല. പക്ഷേ അമേരിക്കൻ പ്രസിഡന്റ് ആണവക്കരാറിൽ നിന്നും സ്വയം തല ഊരും, അമേരിക്കൻ ആഭ്യന്തര പ്രശ്നങ്ങളുടെ പേരിൽ ട്രംമ്പിന്റെ അഭിപ്രായത്തിൽ ഇറാനുമായുള്ള ആണവക്കരാർ ഒരു ഭ്രാന്താണ്. ചരിത്രത്തിലെ ഏറ്റവും വൃത്തികെട്ട കരാറാണ് എന്നാണ്. ഈ നിലയ്ക്ക് ട്രംമ്പ് എന്തുചെയ്യുമെന്നു പറയാൻ കഴിയില്ലന്നും മക്രോൺ പത്ര പ്രതിനികളികളോട് പറഞ്ഞു.

ഇറാനുമായുള്ള ആണവക്കരാറിൽ നിന്നും ഏകപക്ഷീയമായി പിൻമാറിയ അമേരിക്കയ്ക്കെതിരെ യുറോപ്യൻ യൂണിയൻ ശക്തമായി രംഗത്തു വരണമെന്ന് ഫ്രഞ്ച് പ്രധാനമന്ത്രി ബ്ലൂണോ അഭിപ്രായപ്പെട്ടു. അമേരിക്കയുടെ അടിമരാജ്യങ്ങളായി യുറോപ്യൻ യൂണിയൻ ഒരിക്കലും പ്രവർത്തിക്കരുതെന്നും, അമേരിക്ക ലോകപോലീസ് ആണെന്നഭാവം യൂറോപ്പിന് അംഗീകരിക്കാൻ കഴിയില്ലെന്നും, അമേരിക്ക എടുക്കുന്ന തീരുമാനങ്ങൾ അതേപടി അംഗീകരിക്കുന്ന അവരുടെ ട്രൗസർ ചരടിൽ തൂങ്ങി നില്ക്കുന്ന അടിമയായി യുറോപ്പ് മാ




റേണ്ടതുണ്ടോ എന്നും അദ്ദേഹം ചോദിച്ചു. ഇറാനുമായുള്ള വാണിജ്യബന്ധം തുടരണ്ടതുണ്ടോ എന്ന് ആലോചിക്കണ്ടത് തങ്ങളാണന്നും അദ്ദേഹം പറഞ്ഞു. ഇറാനുമായി വൻ തോതിലുള്ള വാണിജ്യ ബന്ധമാണ് ഫ്രാൻസിനുള്ളത്.

ട്രംപ് കരാർ വിട്ടുപോകരുതെന്നു ഫ്രാൻസും, ജർമ്മനിയും, ബ്രിട്ടനും ട്രംപിനോട് ആവശ്യപ്പെട്ടിരിക്കുന്നു. എന്നിട്ടും അമേരിക്കയുമായി ദീർഘകാലത്തെ സാമ്പത്തികവും സൈനികവും രാഷ്ട്രീയവുമായ ദീർഘകാലത്തെ ബന്ധം ഉപേക്ഷിച്ചാണ് സൗദിഅറേബ്യയുടെയും യു.എ ഇ. യുടെയും ഇസ്രേയേലിന്റെയും താല്പര്യങ്ങൾക്ക് പറ്റിയ നിലപാടാണ് ട്രംപ് സ്വീകരിച്ചിരിക്കുന്നത്. അതിനു കാരണമായി പറയുന്നത് സിറിയയിലെ അസദ് സർക്കാരിനെയും യമനിലെ വിമതരെയും ലബണനിലെ ഹിസ്ബുള്ളയേയും ഇറാൻ സഹായിക്കുന്നു എന്നാണ്. ഇറാൻ ആണവശക്തി ആകാൻ ശ്രമിച്ചാൽ നോക്കിനിൽക്കാൻ ആവില്ലന്നാണ് സൗദി അറേബ്യയുടെയും അഭിപ്രായം. ഫലത്തിൽ ഇറാൻ ആണവക്കരാർ ഇല്ലായ്മചെയ്യുന്ന അമേരിക്കൻ നടപടി പശ്ചിമേഷ്യയെ ഒരു യുദ്ധത്തിലേക്ക് നയിച്ചേക്കാം. ട്രംപിന്റെ പ്രഖ്യാപനം വരും മുമ്പുതന്നെ ഈ മേഖലയിൽ ഇറാൻ ഇസ്രേയൽ സംഘർഷം വർദ്ധിച്ചിട്ടുണ്ട്.

ഇറാൻ പ്രസിഡന്റ് ഹസൻ റുഹാനി സർക്കാരിലെ മൗലിക വാദികളും തീവ്രവാദികളും എടുത്ത നിലപാടിനെ അവഗണിച്ചാണ് ആണവക്കരാറിന് തയ്യാറായത്. തന്മൂലം കരാറിലെ തകർച്ച റുഹാനിയ്ക്ക് തിരിച്ചടിയാകും. പുതിയ സാഹചര്യത്തിൽ അണുവായുധ നിർമ്മാണത്തിന് റുഹാനിയ്ക് മേൽ സമ്മർദ്ദം ഏറും എന്ന വിപത്തുകാണേണ്ടതാണ്.

**ഇന്ത്യ പ്രതിസന്ധിയിലേക്ക്**

ട്രംപിന്റെ കരാറിൽ നിന്നും പിൻമാറുന്ന പ്രഖ്യാപനം ക്രൂഡോയിലിന്റെ വില വർദ്ധനവിന് വഴി ഒരുക്കുന്നു. ചെവ്വാഴ്ച ട്രംപിന്റെ കരാറിൽ നിന്നുള്ള പിൻമാറ്റ പ്രഖ്യാപത്തെ തുടർന്ന് ബുധനാഴ്ച എണ്ണവിലയും എണ്ണകമ്പനി ഓഹരി വിലയും വർദ്ധിച്ചു. യു.എസ് പ്രഖ്യാപനത്തെ തുടർന്ന് ചൊവ്വാഴ്ച എണ്ണവില 75 ഡോളറായി. ബുധനാഴ്ച 77 ഡോളറായി. സമീപഭാവിയിൽ 80 ഡോളറിന് മുകളിലാകാൻ വഴിയൊരുങ്ങും. 2014 ന് ശേഷമുള്ള ഏറ്റവും ഉയർന്ന വിലനിലവാരത്തിൽ എത്തി. എണ്ണ ഉല്പാദക രാജ്യ കൂട്ടായ്മയായ ഓപെക്സിലെ മൂന്നാമത്തെ വലിയ എണ്ണ ഉല്പാദക രാജ്യമാണ് ഇറാൻ. ഉപരോധം പൂർണ്ണമായി നിലവിൽ വന്നാൽ എനർജി വിഷയത്തിൽ 6 മാസത്തെ കാലാവധി ആണ് ട്രംപ് പ്രഖ്യാപിച്ചിരിക്കുന്നത്. ഉപരോധം നിലവിൽ വന്നാൽ എണ്ണ വില കുതിച്ചുയരും എന്നതിൽ സംശയം വേണ്ട. ഇറാനുമായി ഇന്ത്യയ്ക്ക് നയതന്ത്ര ബന്ധവും സാമ്പത്തിക ബന്ധവും ഉണ്ട്. ആണവക്കരാറിനെ തുടർന്ന് ഉപരോധം നീങ്ങിയതിനെ തുടർന്ന് ഇറാനുമായുള്ള ബന്ധം ശക്തിപ്പെട്ടു. ഛബഹാറിലെ തുറമുഖം ഇന്ത്യയ്ക്ക് പാട്ടത്തിനു നൽകുന്നതടക്കം 9 സാമ്പത്തിക കരാറുകൾ ഇരു രാജ്യങ്ങളും ഒപ്പിട്ടു. ബൽറ്റ് ആന്റ് റോഡ് ഇനിഷേറ്റ്യൂവിന്റെ ഭാഗമായി ഷിൻജിയാങ്ങിൽ നിന്നും പാകിസ്ഥാനിലെ ഖാദർ തുറമുഖത്തിലേക്ക് ചൈന ഇടനാഴി ഉണ്ടാക്കുന്ന സാഹചര്യത്തിൽ തുറമുഖം ഇന്ത്യയ്ക്ക് വളരെ പ്രധാനമാണ്.

അഫ്നാഗിസ്ഥാനിലേയ്ക്കും മദ്ധ്യ ഏഷ്യായിലേക്കും കടക്കാനുള്ള ഏക വഴിയാണിത്. ഛബഹാർ തുറമുഖത്തിന്റെ വികസനത്തിന് 50 കോടി ഡോളർ (3250 കോടി രൂപ) നല്കാമെന്ന് ഇന്ത്യ സമ്മതിച്ചിട്ടുണ്ട്.

യു.എസ്. പിൻമാറുന്നതോടുകൂടി പാകിസ്ഥാൻ ഇറാനുമായി അടുക്കാൻ ശ്രമിക്കും. ഇറാനിൽ നി

ന്നും ഏറ്റവും അധികം എണ്ണ ഇറക്കുമതി ചെയ്യുന്ന ചൈന ഈ സന്ദർഭത്തിൽ ബൽറ്റ് -റോഡ് വികസന പദ്ധതിയുടെ ഭാഗമായി ഇറാന് സാമ്പത്തിക സഹായം നൽകാൻ സാദ്ധ്യത ഉണ്ട്. ഇതു സംഭവിച്ചാൽ ഛബഹാർ തുറമുഖത്തിന്റെ പ്രാദാന്യം കുറയും. ഇതും ഇന്ത്യക്ക് ഉൽകണ്ഠ ഉണ്ടാക്കുന്ന വിഷയമാണ്. ഇന്ത്യയുടെ ഊർജ്ജ ആവശ്യങ്ങളിലും പശ്ചിമ-മദ്ധ്യ ഏഷ്യയുമായുള്ള വ്യാപാര ബന്ധങ്ങളിലും ഗതാഗത ബന്ധങ്ങളിലും കഴിഞ്ഞ ഏതാനും വർഷങ്ങളായി ആ മേഖലയിലെ രാജ്യങ്ങളുമായും ഉള്ള പരസ്പര ബന്ധങ്ങളെയും വെല്ലുവിളിക്കപ്പെടും. സൗദി അറേബ്യയും ഇറാക്കും കഴിഞ്ഞാൽ ഇന്ത്യക്ക് കൂടുതൽ എണ്ണ നൽകുന്ന മൂന്നാമത്തെ രാജ്യമാണ് ഇറാൻ. ഇന്ത്യയ്ക്കാവശ്യമായ എണ്ണയുടെയും 3/4 ഉം മുകളിൽ സൂചിപ്പിച്ച രാജ്യങ്ങളിൽ നിന്നുമാണ്.

ഇറാൻ പ്രസിഡന്റ് ഹസൻ റുഹാൻ ഈ വർഷം ഫെബ്രുവരിയിൽ ഇന്ത്യ സന്ദർശിച്ചപ്പോൾ പരസ്പരം സമ്മതിച്ചതാണ് റുപ്പിയ - റിയാൽ ബന്ധപ്പെടത്തലിനെപ്പറ്റി. അങ്ങനെ വന്നാൽ ഇന്ത്യ ഇറാനിൽ നിന്നും ഇറക്കുമതി ചെയ്യുന്ന എണ്ണയ്ക്ക് ഇന്ത്യൻ ഉറുപ്പികയിൽ വില നൽകിയാൽ മതി എന്ന വലിയമെച്ചമുണ്ടാകും. കൂടാതെ വിഭവ സമർദ്ധമായ മധ്യ ഏഷ്യയിലേക്കുള്ള പാതയാണ് ഛബഹാർ തുറുമുഖ ബന്ധം. സമീപകാലത്ത് ചൈനയുമായി സഹകരിച്ച് അഫ്ഗാനിസ്ഥാന്റെ പശ്ചാത്തല പദ്ധതികൾ നടപ്പാക്കാനുള്ള നീക്കവും ഉണ്ട്.

ഇസ്രേയലും, സൗദി അറേബ്യയും, അമേരിക്കയും ആയുള്ള നല്ല ബന്ധം തുടരുകയും അതേസമയം ഇറാനും റഷ്യയുമായുള്ള ബന്ധവും, സമാനമായി ബ്രിട്ടൺ, ഫ്രാൻസ്, റഷ്യ, ജർമ്മനി, ചൈനയുമായി ബന്ധപ്പെട്ട് ഇറാനുമായുള്ള ആണവക്കരാർ തുടരുന്നതിനുള്ള നീക്കവും ഇന്ത്യ നടത്തേണ്ടതുണ്ട്. ഈ പുതിയ സമീപനം യു.എസ് പ്രതിരോധ ശാസനകളെ നേരിടാൻ ഇന്ത്യയ്ക്ക് കരുത്തുനൽകും എന്നു പ്രതീക്ഷിക്കാം.

ഈയിടെ സിറിയയിൽ അമേരിക്കയും അവരുടെ പ്രദേശിക സഖ്യകക്ഷിയായ സൗദി അറേബ്യയും ചേർന്ന് സിറിയയിൽ നടത്താനിരുന്ന സായുധ കലാപം ബാഷൽ അൽസാദ് സർക്കാർ റഷ്യയുടെയും ഇറാന്റെയും സഹായത്തോടെ തടഞ്ഞു. ഇതാണ് ഏറ്റവും ഒടുവിൽ അമേരിക്കയ്ക്ക് ഇറാനോട് ഭ്രാന്തമായ എതിർപ്പ് ശക്തിപ്പെടുത്താൻ ഇടയാക്കിതെന്ന വസ്തുതയും കാണേണ്ടതാണ്.

അമേരിക്കയെ പിൻതുടർന്ന് കരാർ ലംഘിക്കാൻ മറ്റുള്ളവരും ശ്രമിച്ചാൽ ആണവോർജ്ജ സമതിയോട് വ്യവസായതലത്തിൽ യുറേനിയം സംമ്പുഷ്ഠികരണത്തിന് തയ്യാറെടുക്കാൻ ഉത്തരവ് നൽകുമെന്ന് ഇറാനിയൻ പ്രസിഡന്റ് ഹസ്സൽ റുഹാനി യുറോപ്യൻ സഖ്യകക്ഷികളെ അറിയിച്ചിട്ടുണ്ട്. ചൈനയും റഷ്യും കരാറിൽ ഉറച്ചുതന്നെ നില്ക്കുകയാണ്.

മൻമോഹൻസിങ് സർക്കാർ 2007 -ൽ അമേരിക്കൻ താല്പര്യത്തിനുവിധേയമായി ആണവവിഷയത്തിൽ അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസിയിൽ ഇറാനെതിരെ വോട്ട് ചെയ്തത് ഈ സന്ദർഭത്തിൽ ഓർക്കുന്നതു നല്ലതാണ്. തുടർന്ന് അമേരിക്കയുടെ ആവശ്യപ്രകാരം ഇറാനിൽ നിന്നുമുള്ള എണ്ണ ഇറക്കുമതി വൻതോതിൽ വെട്ടികുറയ്ക്കുകയും ചെയ്തു. മോഡീ ഭരണം ഇതാവർത്തിക്കില്ലെന്നു പ്രതീക്ഷിച്ചിക്കാം. അതാവർത്തിച്ചു കൂടാ എന്നതാണ് ഇന്നത്തെ സാഹചര്യത്തിൽ രാജ്യതാല്പര്യത്തിന് അത്യന്താപേക്ഷിതം.

യു.എസ് പ്രസിഡന്റിന്റെ തിരഞ്ഞെടുപ്പുകാലത്ത് തന്നെ ട്രംമ്പ് കരാർ ഏക പക്ഷീയമാണെന്നു നിലപാട് സ്വീകരിച്ചിരുന്നു. ഇറാന്റെ ബാലിസ്റ്റിക്ക് മിസൈൽ പദ്ധതി തടയാനും 2025 നു ശേഷം ആണവായുധ നിർമ്മാണം തുടങ്ങില്ലെന്ന് ഉറപ്പാക്കാനും കരാറിൽ വ്യവസ്ഥ ഇല്ലെന്ന് ട്രംമ്പ് ചൂണ്ടിക്കാട്ടി. എന്നാൽ ലോകത്തെ കൂടുതൽ സുരക്ഷിതമാക്കുന്നതിനു സഹായകരമാണ് കരാർ എന്നും കരാറിൽ നിന്നും യു.എസ് പിന്നോട്ട് പോകുന്നത് ആശങ്കാജനകമാണെന്നും ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ, ജർമ്മൻ ചാൻസിലർ ആംഗലാ മെർക്കൽ, ബ്രിട്ടിഷ് പ്രധാനമന്ത്രി തെരേസ മേ എന്നിവർ സംയുക്ത പ്രസ്താവനയിൽ പറഞ്ഞു. കരാർ ഇല്ലാതാക്കരുതെന്നും കരാറിലെ പ്രധാനവ്യവസ്ഥകൾ യാഥാർത്ഥ്യമാക്കാൻ വിട്ടുവീഴ്ച ചെയ്യണമെന്നും നേതാക്കൾ അമേരിക്കയോട് ആവശ്യപ്പെട്ടു. യു.എസ് തീരുമാനത്തെ റഷ്യയും ശക്തമായി അപലപിച്ചു. രാജ്യാന്തര നിയമങ്ങളെ നഗ്നമായി ചവിട്ടിമെതിക്കുയാണ് യു.എസ് എന്നും റഷ്യൻ വിദേശമന്ത്രാലയം പ്രതികരിച്ചു. ബാറക്ക് ഒബാമ ഇറാനുമായുള്ള യു.എസ് തീരുമാനം ഗുരുതരമാണെന്നും തെറ്റാണെന്നും അമേരിക്കയുടെ വിശ്വസ്തത തകർക്കുന്നതാണെന്നും അഭിപ്രായപ്പെട്ടു. അയത്തുള്ള അലി ഖുമേനി (ഇറാക്കിന്റെ പരമോന്നത നേതാവ്) ട്രംമ്പ് നുണ പറയുകയാണെന്നും ഇറാനിലെ ജനങ്ങൾക്ക് വേണ്ടി ഞാൻ ട്രംമ്പിനോട് പറയട്ടെ - നിങ്ങൾ ചെയ്തത് തെറ്റാണ്. ആന്റെണി യോഹുട്ടെറസ് (യു.എസ് സെക്രട്ടറി ജനറൽ) പറഞ്ഞത് - യു.എസ് തീരുമാനം അങ്ങേയറ്റം വേദനകരമാണ്. മറ്റ് രാജ്യങ്ങൾ കരാർ സംരക്ഷിക്കണം. യാങ്‌ലി ഡ്രിയർ (ഫ്രഞ്ച് വിദേശകാര്യമന്ത്രി) പറഞ്ഞു കരാർ മരിച്ചിട്ടില്ല. കരാർ ഇപ്പോഴും നിലവിലുണ്ട് എന്നാണ്. എന്നാൽ ഇസ്രേയൽ പ്രധാനമന്ത്രി ബഞ്ചമിൻ നെതുതാഹ്യൂ പറഞ്ഞതാകട്ടെ - വിനാശകരമായ കരാറിൽ നിന്നും പിൻമാറാനുള്ള തീരുമാനമെടുത്ത ധീരമായ യു.എസ് നേതൃത്വത്തെ അഭിനന്ദിക്കുന്നു. ഇന്ത്യൻ പ്രധാനമന്ത്രി മോഡി ഇസ്രയേലിന്റെ വഴിക്കു പോകില്ലെന്നു വിശ്വസിക്കാം. ബാക്കി കാത്തിരുന്നു കാണുക. ■

## കൊച്ചിൻ ഷിപ്പ്‌യാർഡ് യൂണിയൻ

# സംഘടനാരേഖ പ്രയോഗവൽക്കരണത്തിന്റെ അനുഭവങ്ങൾ

**എ.ജി. ഉദയകുമാർ** (സെക്രട്ടറി, കൊച്ചിൻ ഷിപ്പ് യാർഡ് വർക്കേഴ്സ് യൂണിയൻ (സിഐടിയു)

കൊച്ചിൻ ഷിപ്പ്‌യാർഡ് വർക്കേഴ്സ് യൂണിയൻ (സിഐടിയു) 1972 ൽ രൂപീകരിച്ച യൂണിയനാണ്. രണ്ടായിരത്തോളം അംഗങ്ങളുള്ള കരാർ തൊഴിലാളികളുടെ ഏക സംഘടനയാണ്. കാഷ്വൽ തൊഴിലാളികൾ, കരാർ തൊഴിലാളികൾ ഹൗസ് കീപ്പിംഗ്, മെറ്റിമെസ്, ഓഫീസ്‌മെസ്, ഗാർഡനിംഗ് റോഡ് സ്വീപ്പിംഗ്,, ഗ്രാസ് കട്ടിംഗ്, സ്റ്റേജിംഗ് തുടങ്ങി വിവിധ മേഖലയിൽ കരാർ വ്യവസ്ഥയിൽ തൊഴിലാളികൾ തൊഴിലെടുക്കുന്നു. ആദ്യ ഘട്ടങ്ങളിൽ കേവല കൂലിയോടുകൂടി തൊഴിലെടുത്തിരുന്ന തൊഴിലാളികൾക്ക് യൂണിയൻ രൂപീകരണത്തിനുശേഷം നേതൃത്വം നൽകിയ പ്രക്ഷോഭങ്ങൾക്കുശേഷമാണ് മെച്ചപ്പെട്ട കൂലി വർദ്ധനവും, ആനുകൂല്യങ്ങളും ലഭ്യമായത്. കപ്പൽ നിർമ്മാണ-റിപ്പയർ മേഖലകളിൽ കരാർ തൊഴിലാളികളാണ് മുഖ്യമായും തൊഴിലെടുക്കുന്നത്. വർഷങ്ങളായി തൊഴിൽ എടുക്കുന്നതിന്റെ ഭാഗമായി വിദഗ്ദ്ധതൊഴിലാളികളുടെ നിലവാരത്തിലേക്ക് ഉയർന്നുവരാൻ കരാർ തൊഴിലാളികൾക്ക് കഴിയുന്നുണ്ട്. കൊച്ചി കപ്പൽശാലയുടെ മർമ്മപ്രധാനമായ മേഖലകളിൽ കരാർ തൊഴിലാളികളുടെ സേവനം അതുല്യമാണ്.

കരാർ മേഖലയിലെ തൊഴിലാളികളുടെ സാമ്പത്തിക നേട്ടങ്ങൾക്കുവേണ്ടിയുള്ള പോരാട്ടങ്ങൾക്കൊപ്പം അവരെ ട്രേഡ് യൂണിയന്റെ രാഷ്ട്രീയ ഉള്ളടക്കത്തെക്കുറിച്ചും ബോധവാന്മാരാക്കാനുള്ള ഇടപെടലുകളുടെ സാധ്യതയും പരമാവധി പ്രയോജനപ്പെടുത്തുകയെന്നത് യൂണിയന്റെ ഉത്തരവാദിത്തമാണെന്നും തിരിച്ചറിയുന്നു. ഈ ലക്ഷ്യം പ്രാവർത്തികമാകാനുള്ള പരിശ്രമങ്ങൾക്കാണ് കഴിഞ്ഞവർഷം യൂണിയൻ നേതൃത്വം നൽകിയത്.

### വികേന്ദ്രീകൃതമായ പ്രവർത്തനം

ഒന്നാമതായി തൊഴിലാളികളും, യൂണിയൻ നേതൃത്വവും തമ്മിലുള്ള അകലം കുറയ്ക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായി സിഐടിയു സംഘടനാ രേഖയിൽ നിർദ്ദേശിച്ച മാർഗ്ഗരേഖകൾ നടപ്പിലാക്കുക എന്നത് യൂണിയൻ ഗൗരവമായി ചർച്ചചെയ്തു. വികേന്ദ്രീകൃതമായ പ്രവർത്തനങ്ങളിലൂടെ മുഴുവൻ തൊഴിലാളികളിലേക്കും ഇറങ്ങി ചെല്ലുകയെന്നതായിരുന്നു പരിപാടി. ഇതിന്റെ അടിസ്ഥാനത്തിൽ യൂണിയൻ കമ്മിറ്റിയംഗങ്ങൾക്കെല്ലാം നിശ്ചിത സൈറ്റിന്റെ ചുമതല വിഭജിച്ചു നൽകി. എല്ലാ സൈറ്റുകളിലും (ഏകദേശം 200 ഓളം) സൈറ്റ് കമ്മിറ്റിയും, സൈറ്റ് കൺവീനറെയും തീരുമാനിച്ചു.

### തൊഴിലാളികളുടെ വിവര ശേഖരണം

രണ്ടാമതായി മുഴുവൻ തൊഴിലാളികളുടേയും വിവരങ്ങൾ ശേഖരിക്കുകയെന്നതായിരുന്നു പദ്ധതി. ഇതിന്റെ ഭാഗമായി മുഴുവൻ സൈറ്റ് ജനറൽ ബോഡികൾ ചേർന്നു.വിവരശേഖരണത്തിനായി ഒരു ഫോറം തയ്യാറാക്കി മുഴുവൻ തൊഴിലാളികൾക്കും വിതരണം ചെയ്തു. പേര്, മേൽവിലാസം, ജനന തീയതി, തസ്തിക, വിദ്യാഭ്യാസ യോഗ്യത ടെക്നിക്കൽ യോഗ്യത, ബ്ലഡ് ഗ്രൂപ്പ്, ഇ.എസ്.ഐ. നമ്പർ, പി.എഫ്.നമ്പർ, പി.സി. നമ്പർ, ആധാർ നമ്പർ, താമസിക്കുന്ന പാർലമെന്റ് അസംബ്ലി, പഞ്ചായത്ത് തുടങ്ങിയവ അടങ്ങുന്നതായിരുന്നു ഫോറം. വലിയ കഠിന പ്രയത്നമായിരുന്നു ഇത് പൂരിപ്പിച്ച് വാങ്ങുകയെന്നത്. എങ്കിലും യൂണിയന്റെ നിരന്തര ഇടപെടലിന്റെ ഭാഗമായി 6 മാസംകൊണ്ട് ഫോറം തിരിച്ചുവാങ്ങി.

### ഓഫീസ് പ്രവർത്തനം

മൂന്നാമതായി ശേഖരിച്ച വിവരങ്ങൾ സൂക്ഷിക്കാനായി ഒരു സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കി. ഈ വിവരങ്ങളെല്ലാം ഓഫീസിൽ കമ്പ്യൂട്ടറടക്കം വാങ്ങി സോഫ്റ്റ്‌വെയർ അപ്‌ലോഡ് ചെയ്തു. പ്രിന്റർ അടക്കം വാങ്ങി ഇന്റർനെറ്റ് സംവിധാനത്തോടെ ഓഫീസ് സജ്ജീകരിച്ചു. ഈ സംവിധാനം നിലവിൽ വന്നതോടെ ഏതൊരു തൊഴിലാളിയുടെ വിവരം ഫോറത്തിൽ കാണുന്ന ഏതൊരു വിവരത്തിന്റെ അടിസ്ഥാനത്തിൽ എളുപ്പത്തിൽ തെരെഞ്ഞുപിടിക്കാൻ കഴിയും. ഇതോടെ മെമ്പർഷിപ്പ് വരിസംഖ്യയുടെ പ്രവർത്തനം കൂടുതൽ എളുപ്പമാക്കാൻ കഴിഞ്ഞു. അതോടൊപ്പംതന്നെ യൂണിയന്റെ വരവ്-ചിലവ് കണക്കുകളും ഇതേ സോഫ്റ്റ്‌വെയറിൽതന്നെ സജ്ജീകരിച്ചു.

### ജനാധിപത്യ ഇടപെടൽ

നാലാമതായി തൊഴിലാളികളുടെ ജനാധിപത്യപരമായ ഇടപെടലുകൾക്ക് ശക്തമായ ഊന്നൽ നൽകുകയെന്നതായിരുന്നു. ഏതൊരു തീരുമാനവും എടുക്കുന്നതിന് മുമ്പ് യൂണിയൻ കമ്മിറ്റി-സൈറ്റ് ജനറൽ ബോഡിയിൽ റിപ്പോർട്ട് ചെയ്ത് അവരുടെ അഭിപ്രായങ്ങൾകൂടി ആരാഞ്ഞതിനുശേഷം നടപ്പി

ലാക്കുക എന്ന നിലപാട് സ്വീകരിച്ചു. തൊഴിലാളികൾക്ക് മനസ്സുതുറന്ന് അഭിപ്രായങ്ങൾ പറയാൻ അവസരം ഒരുക്കുകവഴി നിരവധിപ്രശ്നങ്ങൾ യൂണിയൻ നേതൃത്വത്തിന് തിരിച്ചറിയാൻ കഴിഞ്ഞു. 2015-ൽ അവസാനിച്ചകരാർ പുതുക്കുന്നതിനുള്ള നോട്ടീസ് നൽകുന്നതിനുമുമ്പ് തൊഴിലാളികളുടെ കൂടി അഭിപ്രായം കേൾക്കാൻ യൂണിയൻ നേതൃത്വം തീരുമാനിച്ചു. മുഴുവൻ സൈറ്റ് യോഗങ്ങളും ചേർന്നു. ഒന്നരമാസമെടുത്തു യോഗങ്ങൾ മുഴുവൻ ചേരുന്നതിന് എങ്കിലും ഇതിലൂടെ നിരവധി പ്രശ്നങ്ങൾ ഡിമാന്റ് നോട്ടീസിൽ ഉൾപ്പെടുത്താൻ യൂണിയന് കഴിഞ്ഞു. ഈ പ്രവർത്തനം തൊഴിലാളികളുടെ അംഗീകാരം നേടിയെടുത്തു. ഇതിന്റെ ഭാഗമായി വേരിയബിൾ ഡി.എ., മെച്ചപ്പെട്ട അടിസ്ഥാന വേതനം, തൊഴിലാളികളുടെ സുരക്ഷ പദ്ധതി, ഹൈജീൻ സെന്റർ, ശുചിത്വപൂർണ്ണമായ കാന്റീൻ, പെയിന്റിംഗ് തൊഴിലാളികൾ അനുഭവിക്കുന്ന പ്രത്യേക പ്രശ്നങ്ങൾ എന്നിവ ഉയർത്തിയാണ് 2017 ൽ യൂണിയൻ സമര രംഗത്തേക്ക് കടന്ന് വന്നത്. വിവിധ പ്രക്ഷോഭങ്ങൾക്കു ശേഷം കമ്പനി ഗേറ്റിനു മുന്നിൽ രാവിലെ 8 മണി മുതൽ 12 മണിവരെ അനിശ്ചിതകാല ധർണ്ണാസമരം ആരംഭിച്ചു. 41 ദിവസം സമരം നീണ്ടുനിന്നു. സിഐടിയുവിന്റെയും മറ്റ് ട്രേഡ് യൂണിയൻ നേതാക്കളുടേയും 41 ദിവസത്തെ ഉദ്ഘാടന പ്രസംഗങ്ങൾക്ക് ഒരു രാഷ്ട്രീയ വിദ്യാഭ്യാസ പദ്ധതിയായി മാറി. ഈ സമരത്തിന്റെ മറ്റൊരു പ്രത്യേകതയായി മാറിയത് കൊച്ചി കപ്പൽശാലയിലെ സ്ഥിരം തൊഴിലാളി സംഘടനയുടെയാകെ പിന്തുണയാർ ജ്ജിക്കാൻ കഴിഞ്ഞതാണ്. കരാർ തൊഴിലാളികളുടെ സമരത്തിൽ സ്ഥിരം തൊഴിലാളി ശക്തമായ പിന്തുണനൽകിയത് കോൺട്രാക്ടർമാരെയും, മാനേജ്മെന്റിനെയും കുറച്ചല്ല ഭയപ്പെടുത്തിയത്.

### ഇതര സംസ്ഥാന തൊഴിലാളികൾ

ഒരു ദിവസം ധർണ്ണാസമരം നയിച്ചത് ഇതര സംസ്ഥാന തൊഴിലാളികളായിരുന്നു. ഇതിന്റെ കാരണം യൂണിയൻ സ്വീകരിച്ച കരാർ മേഖലയിൽ എല്ലാവർക്കും ഒരേ കൂലിയെന്ന മുദ്രാവാക്യമായിരുന്നു. കരാർ മേഖലയിൽ കോൺട്രാക്ടർമാർ ഇതര സംസ്ഥാന തൊഴിലാളികൊണ്ടുവന്നു കുറഞ്ഞ കൂലിക്ക് തൊഴിലെടുപ്പിച്ച് ചൂഷണം ചെയ്യുകയായിരുന്നു. ഇതരസംസ്ഥാന തൊഴിലാളികളുടെ കൺവെൻഷൻ വിളിച്ചുചേർത്ത് ഒരു കമ്മിറ്റിയുണ്ടാക്കി ഒരു കൺവീനറെയും, ജോയിന്റെ കൺവീനറെയും കമ്മിറ്റിയിലേക്ക് കോ-ഓപ്റ്റ് ചെയ്തു. കൺവെൻഷൻ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ യൂണിയൻ നേതൃത്വം ഇടപെട്ട് ഇതര സംസ്ഥാന തൊഴിലാളികൾക്കും കരാർ വ്യവസ്ഥയിൽ കൂലി നൽകണമെന്ന് സമ്മർദ്ദം കുറെയൊക്കെ വിജയിപ്പിക്കാൻ സാധിച്ചത് ഇതര സംസ്ഥാന തൊഴിലാളികളെ യൂണിയനിലേക്ക് അടുപ്പിച്ചു ഏകദേശം 400 ഓളം ഇതരസംസ്ഥാന തൊഴിലാളികൾ യൂണിയൻ അംഗങ്ങളാണ്.

### രാഷ്ട്രീയ വിദ്യാഭ്യാസം

അഞ്ചാമതായി യൂണിയൻ നടത്തിയ ഇടപെടൽ തൊഴിലാളികളുടെ രാഷ്ട്രീയ വിദ്യാഭ്യാസ നിലവാരം ഉയർത്താനുള്ള പരിപാടിയാണ്. ഇതിന്റെ ഭാഗമായി യൂണിയന്റെ നേതൃത്വത്തിൽ ഗ്രാന്മപഠനകളരി ആരംഭിച്ചു. ഗ്രാന്മയുടെ പഠനപരിപാടിയുടെ ഭാഗമായി 30 പേരെ സ്ഥിരം പഠിതാക്കളായി തെരഞ്ഞെടുത്തു. ഒരു കൺവീനർ വർഷത്തിൽ 3 ക്ലാസ്സിൽ പങ്കെടുക്കുക എന്നതിന്റെ അടിസ്ഥാനത്തിൽ കൺവീനർമാരും അടങ്ങുന്നതായിരുന്നു. ഒരു മാസത്തിൽ ഒരു ദിവസത്തെ പഠന കളരി. ഏകദേശം 60 പേർ മാസത്തിൽ ഒരു ദിവസത്തെ ക്ലാസ്സിൽ പങ്കെടുക്കും. ജോലി കഴിഞ്ഞതിനുശേഷം വൈകീട്ട് 5 മണിമുതൽ 7.30 വരെയാണ് പഠനകളരി. കഴിഞ്ഞ വർഷം വിവിധ വിഷയങ്ങളെ അധികരിച്ച് 12 പഠന ക്ലാസ്സുകൾ സംഘടിപ്പിച്ചു.

തൊഴിലാളികളെ സാമ്പത്തിക നേട്ടങ്ങളിൽ മാത്രം ചിന്തിക്കാതെ വർഗപരമായ രാഷ്ട്രീയ ഉള്ളടക്കത്തിലേക്ക് നയിക്കാനും പുതിയ കേഡർമാരെ ഉയർത്തിക്കൊണ്ടുവരാനും ഇതുവഴി സാധിക്കുന്നുണ്ട്. ഗ്രാന്മയുടെ നേതൃത്വത്തിൽ മാസത്തിൽ ഒരു കൈയെഴുത്ത് മാഗസിൻ ഇറക്കാനും തീരുമാനിച്ചിട്ടുണ്ട്. നവമാധ്യമരംഗത്ത് ഫേസ്ബുക്കും, വാട്ട്സ് ഗ്രൂപ്പും സജീവമായി പ്രവർത്തിക്കുന്നുണ്ട്.

### സജീവമായ സബ്കമ്മിറ്റികൾ

ഏഴാമതായി യൂണിയൻ തീരുമാനിച്ചത് സബ്കമ്മിറ്റികളുടെ പ്രവർത്തനം ക്രിയാത്മകമാക്കുകയെന്നതായിരുന്നു. പി.എഫ്., ഇ.എസ്.ഐ., സി.ഐ.ടി.യു സന്ദേശം, കലാ-കായികരംഗം, വിദ്യാഭ്യാസം തുടങ്ങി നിരവധി സബ്കമ്മിറ്റികൾ തനതായി തൊഴിലാളി പങ്കാളിത്തത്തോടെ വിപുലീകരിക്കാൻ തീരുമാനിച്ചു. തൊഴിലാളികളെ ഉൾപ്പെടുത്തി സ്വതന്ത്രമായ നിലയിൽ ഇടപെടാൻ അവസരം ഒരുക്കി. പരമ്പരാഗത രീതിയിൽ നിന്ന് പ്രവർത്തനം നവീകരിക്കാനുള്ള സഹായം യൂണിയൻ നേതൃത്വം നൽകിയത് ഏറെകുറെ വിജയിച്ചിട്ടുണ്ട്. കലാപരിപാടികൾ സ്ഥിരം അവതരിപ്പിക്കാൻ കഴിയുന്നവിധം ട്രൂപ്പ് ഉദ്ഘാടനം ചെയ്യാനുള്ള തയ്യാറെടുപ്പിലാണ് കല് സബ്കമ്മിറ്റി.

കഴിഞ്ഞ 2017 ഒക്ടോബറിൽ നടന്ന വാർഷിക സമ്മേളനത്തിലെ തൊഴിലാളി പങ്കാളിത്തം അടയാളപ്പെടുത്തുന്നത് സംഘാടന രേഖയുടെ പ്രയോഗവൽക്കരണത്തിന്റെ പരിശ്രമത്തിന്റെ വിജയമായിരുന്നു. 1100 തൊഴിലാളികൾ വാർഷിക സമ്മേളത്തിൽ പങ്കെടുത്തു. വാർഷിക റിപ്പോർട്ട് ഒരാഴ്ചയ്ക്കു മുമ്പുതന്നെ തൊഴിലാളികളുടെ വിവിധ സൈറ്റുകളിൽ വിതരണം ചെയ്തു. തൊഴിലാളികൾക്ക് മതിയായ സമയം റിപ്പോർട്ട് ചർച്ചയ്ക്കു നൽകിയതും പുതിയൊരു അനുഭവമായിരുന്നു. ■

## തൊഴിൽനഷ്ടത്തിന് എഡിബിയുടെ പരിഹാരം

# സമ്പന്നർക്ക് റോബോട്ട് നികുതി

**ഗിരീഷ് ചന്ദ്ര പ്രസാദ്**

റോബോട്ടുകൾ വന്നതോടെ തൊഴിൽ നഷ്ടപ്പെട്ട കുറഞ്ഞ നൈപുണ്യമുള്ള തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതിന് സമ്പന്നർക്കുമേൽ കൂടുതൽ നികുതി ചുമത്താൻ ഏഷ്യയിലെയും പസിഫിക് മേഖലയിലെയും ദേശീയ സർക്കാരുകൾ തയ്യാറാകണമെന്ന് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് ശക്തമായി ആവശ്യമുന്നയിച്ചു.

കുറഞ്ഞ വരുമാനമുള്ളവരെ അപേക്ഷിച്ച് കൂടുതൽ വരുമാനമുണ്ടാക്കുന്നവർക്ക് ഉയർന്ന നിരക്കിലുള്ള നികുതി ചുമത്തേണ്ടത് സുപ്രധാനമാണെന്നാണ് പുരോഗമനപരമായ നികുതി സംവിധാനത്തിനുവേണ്ടി വാദിച്ചുകൊണ്ട് എഡിബി പ്രസിഡന്റ് താകേഹികോ നാകാവോ പറഞ്ഞത്. സാങ്കേതിക മുന്നേറ്റത്തിൽ അവഗണിക്കപ്പെട്ട ജനങ്ങളെ സർക്കാരുകൾ പിന്തുണയ്ക്കേണ്ടതും അവരെ സാമൂഹിക സുരക്ഷാ വലയത്തിലാക്കേണ്ടതും സുപ്രധാനമാണെന്നും അദ്ദേഹം പറഞ്ഞു. എഡിബി ഗവർണമാരുടെ ബോർഡിന്റെ വാർഷിക സമ്മേളനത്തിന്റെ ആദ്യദിനത്തിൽ വാർത്താലേഖകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സാങ്കേതിക മുന്നേറ്റത്തിൽ അവഗണിക്കപ്പെട്ട ജനങ്ങളെ പിന്തുണയ്ക്കുന്നതിനുള്ള നയങ്ങൾ നമുക്കാവശ്യമുണ്ട്. തൊഴിൽ നഷ്ടമാകുന്ന പലർക്കും പരിശീലനത്തിന്റെ അഭാവം മൂലം പുതിയ തൊഴിൽ കണ്ടെത്താനാകുന്നില്ല. ആരോഗ്യരക്ഷയുടെയും മക്കളുടെ വിദ്യാഭ്യാസത്തിന്റെയും കാര്യങ്ങളിൽ അവർക്ക് കുറഞ്ഞ നിലവാരത്തിലെങ്കിലുമുള്ള പരിരക്ഷ ഉറപ്പാക്കേണ്ടതുണ്ട്.

സാങ്കേതിക വിദ്യയുടെ മുന്നേറ്റം എങ്ങനെയാണ് തൊഴിലിനെ ബാധിച്ചതെന്ന് എടുത്തു പറയുന്ന 2018 ഔട്ട്ലുക്കിലെ കണ്ടെത്തലുകളാണ് എഡിബി വാർഷിക യോഗത്തിൽ വിവിധ രാജ്യങ്ങളിലെ നയരൂപീകരണകർത്താക്കൾ ചർച്ച ചെയ്തത്. പുതിയ സാങ്കേതിക മുന്നേറ്റം കൂടുതൽ നൈപുണ്യമുള്ള തൊഴിൽശക്തി ആവശ്യപ്പെടുന്നുവെന്നും ഇത് പല സ്ഥാപനങ്ങളേയും അടച്ചു പൂട്ടലിലേക്കും തൊഴിലാളികളെ വെട്ടിക്കുറയ്ക്കുന്നതിലേക്കും നിർബന്ധിതമാക്കിയിരിക്കയാണെന്നുമാണ് ഏപ്രിലിൽ പ്രകാശനംചെയ്ത 2018 ഔട്ട്ലുക്ക് എടുത്തു പറയുന്നത്. കുറഞ്ഞ നൈപുണ്യമുള്ള തൊഴിലാളികളുടെ വേതനവളർച്ചയുടെ തോത് കുറയാനും വരുമാനത്തിലെ അസമത്വം രൂക്ഷമാക്കാനും ഇത് കാരണമാകുന്നു. അതിനാൽ സർക്കാരുകൾ ഉചിതമായ നയപരിപാടികളുമായി ദ മുന്നോട്ടുവരേണ്ടത് അനിവാര്യമാണ്.

കമ്പോള കേന്ദ്രീകൃതമായ വികസന മാതൃകകളുമായി സർക്കാരുകൾ മുന്നോട്ടുവരുന്നുണ്ടെങ്കിലും എല്ലാം കമ്പോളം നിയന്ത്രിക്കുന്ന സ്ഥിതി അനുവദിച്ചുകൂടാ. നമുക്ക് വരുമാനം ഉചിതമായി പുനർവിതരണം ചെയ്യുന്ന സംവിധാനമുണ്ടാകണം.

വ്യക്തിഗത നികുതിയുടെയും പാരമ്പര്യസ്വത്തു നികുതിയുടെയും അടക്കം കാര്യത്തിൽ നാം കുറേക്കൂടി പുരോഗമനപരമാകണം. വർധിക്കുന്ന അസമത്വം എന്ന യാഥാർഥ്യത്തെ ഒരു സുപ്രധാന പ്രശ്നമെന്ന നിലയ്ക്ക് നേരിടേണ്ടതുണ്ട്- അദ്ദേഹം പറഞ്ഞു.

ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്ക് ധനിക-ദരിദ്ര ഭേദമില്ലാതെ പരോക്ഷ നികുതി ചുമത്തുന്നതിൽനിന്ന് ഭിന്നമാണ് ആദായനികുതി. നികുതി അടക്കാനുള്ള വ്യക്തിഗത ശേഷിയുടെ അടിസ്ഥാനത്തിലുള്ള ഈ നികുതി വരുമാനം വർധിക്കുന്നതിനുസരിച്ച് നികുതി നിരക്ക് വർധിക്കുമെന്നതിനാൽ പുരോഗമനപരമാണ്. അതിനിടെ ഇന്ത്യ 2017-18 ബജറ്റിൽ വ്യക്തിഗത ആദായനികുതിയുടെ കുറഞ്ഞ പരിധി 2.5-5 ലക്ഷം എന്ന സ്ലാബിൽ അഞ്ചു ശതമാനം കുറവു വരുത്തി. 2018-2019 ബജറ്റിൽ ഇക്വിറ്റികളിൽനിന്നുള്ള ഒരു ലക്ഷം രൂപയിലധികം ദീർഘകാല മൂലധനം ആർജിക്കുമ്പോൾ അതിനു നികുതി ചുമത്തി.

ഇന്ത്യയിൽ വ്യക്തിഗത നികുതികൾ ഏറ്റവും ഉയർന്ന നിലയിലാണെന്നും നികുതി ചുമത്തിലിലെ പുരോഗമന സ്വഭാവം രാജ്യത്തിന് നിലനിൽക്കുന്നുണ്ടെന്ന് കോർപറേറ്റ് ആന്റ് ഇന്റർനാഷണൽ ടാക്സ്, പിഡബ്ല്യുസി ഇന്ത്യ തലവൻ അഭിഷേക് ഗോയങ്ക പറഞ്ഞു. പരമ്പരാഗത സ്വത്തിനുള്ള നികുതിയുടെ കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കേണ്ടതുണ്ടെന്ന് ഗോയങ്ക പറഞ്ഞു. ആഗോളമായി നടപ്പാക്കപ്പെടുന്ന മികച്ച നികുതി സംവിധാനങ്ങൾ പിന്തുടരുന്നതിനായി ആദായനികുതി നിയമം പരിഷ്കരിക്കുന്ന പ്രക്രിയയാണ് ഇന്ത്യയിൽ നടക്കുന്നത്. ശാരീരികാധ്വാനമുള്ള പതിവു തൊഴിലെടുക്കുന്നവരും ഉയർന്ന വിദ്യാഭ്യാസമുള്ളവർക്ക് ലഭിക്കുന്ന തൊഴിലെടുക്കുന്നവരും തമ്മിലുള്ള വേതനത്തിലെ അന്തരം വർധിക്കുന്ന സാഹചര്യത്തിലാണ് നികുതി സമ്പ്രദായം പുരോഗമനപരമാക്കണമെന്ന് എഡിബി ആവശ്യപ്പെടുന്നത്. ■

# ചെങ്കോട്ടയുൾപ്പെടെയുള്ള ചരിത്രസ്മാരകങ്ങൾ സ്വകാര്യകമ്പനികൾക്ക്




**ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കേണ്ട ബാധ്യതയിൽ നിന്ന് കേന്ദ്ര സർക്കാർ പിന്മാറുകയാണ്. സ്മാരകങ്ങളും ചരിത്രവസ്തുതകളും മാത്രമല്ല ചരിത്രത്തെ തന്നെ നശിപ്പിച്ച് പുതുചരിത്രം മെനയാനുള്ള പടപ്പുറപ്പാടിലാണ് ബിജെപിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാർ.**

രാജ്യത്തിന്റെ ചരിത്ര സ്മാരകങ്ങൾ നാല് ഘട്ടമായി സ്വകാര്യ കുത്തകകൾക്ക് കൈമാറാൻ കേന്ദ്രസർക്കാർ പദ്ധതിയായി. 95 സ്മാരകം ഏറ്റെടുക്കാൻ 31 സ്ഥാപനങ്ങൾ രംഗത്തുണ്ട്. കേന്ദ്രം തയാറാക്കിയ ആദ്യഘട്ട പട്ടികയിൽ തന്നെ മട്ടാഞ്ചേരി കൊട്ടാരം മ്യൂസിയത്തെ ഉൾപ്പെടുത്തി. രണ്ടാം ഘട്ട പട്ടികയിൽ ഉൾപ്പെട്ട ബേക്കൽ കോട്ട ഏറ്റെടുക്കാൻ താൽപര്യമറിയിച്ചത് ദൃഷ്ടി ലൈഫ് സേവിങ് എന്ന സ്വകാര്യ സ്ഥാപനമാണ്. സ്വകാര്യ കമ്പനികളെ ഏൽപിക്കുന്നതിനായി കേന്ദ്രം തയാറാക്കിയ പട്ടികയിൽ രാജ്യത്തെ പ്രമുഖമായ പൗരാണിക ക്ഷേത്രങ്ങളും തീർഥാടന കേന്ദ്രങ്ങളും പള്ളികളുമെല്ലാം ഉൾപ്പെടുന്നു.

സ്മാരകങ്ങളും തീർഥാടനകേന്ദ്രങ്ങളും വിനോദ സഞ്ചാര കേന്ദ്രങ്ങളും മറ്റും കോർപറേറ്റുകൾ ഏറ്റെടുക്കുന്ന 'പൈതൃക കേന്ദ്രങ്ങൾ ഏറ്റെടുക്കൽ' പദ്ധതിക്ക് 2017 ലെ ലോക വിനോദ സഞ്ചാര ദിനത്തിലാണ് തുടക്കമായത്. ടൂറിസം മന്ത്രാലയം മുൻകൈയെടുത്തുള്ള പദ്ധതി സാംസ്കാരിക മന്ത്രാലയം, ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ എന്നിവയുമായി സഹകരിച്ചാണ് നടപ്പാക്കുന്നത്. ഓരോ പൈതൃക കേന്ദ്രവും തൽക്കാലം അഞ്ചുവർഷത്തേക്കാണ് സ്വകാര്യ സ്ഥാപനങ്ങൾക്ക് കൈമാറുന്നത്.

പൈതൃക കേന്ദ്രങ്ങൾ കോർപറേറ്റുകളെ ഏൽപ്പിക്കുന്നതിനെ ടൂറിസം മന്ത്രി അൽഫോൺസ് കണ്ണന്താനം ന്യായീകരിച്ചു.

**പൈതൃക കേന്ദ്രങ്ങളും ഏറ്റെടുക്കുന്നവരും**

ജന്തർമന്ദർ ഡൽഹി (എസ്ബിഐ ഫൗണ്ടേഷൻ), കൊണാർക്ക് സൂര്യക്ഷേത്രം (ടി കെ ഇന്റർനാഷണൽ), ഭുവനേശ്വർ രാജറാണി ക്ഷേത്രം (ടി കെ ഇന്റർനാഷണൽ), ഹംപി കർണാടക (യാത്ര ഓൺലൈൻ), ലെ കൊട്ടാരം ജമ്മു കാശ്മീർ (യാത്ര ഓൺലൈൻ), കുത്തബ്മിനാർ (യാത്ര), അജന്ത ഗുഹകൾ (യാത്ര), സഫ്ദർജങ് കുടീരം (ട്രാവൽ കോർപറേഷൻ), ഗംഗോത്രി ക്ഷേത്രവും ഗോമുഖ് പാതയും (അഡ്വഞ്ചർ ടൂർ ഓപറേറ്റൽ അസോസിയേഷൻ), പുരാണകില ഡൽഹി (എൻബിസിസി), താജ്മഹൽ- ആഗ്ര ചെങ്കോട്ട ഇടനാഴി (ജിഎംആർ സ്പോർട്സ്), ഫിറോസ്ഷാ കോട്ല ഡൽഹി (ജിഎംആർ), ഗോൾ കൊണ്ട കോട്ട ഹൈദരാബാദ് (ജിഎംആർ), റോക്ക് കട്ട് ഹിന്ദു ക്ഷേത്രം ഗുണ്ടൂർ (ജിഎംആർ), രാമപ്പ ക്ഷോത്രം തെലങ്കാന (ജിഎംആർ), ഖജുരാഹോ ക്ഷേത്രം (ജിഎംആർ), എലിഫന്റാ ഗുഹ മഹാരാഷ്ട്ര (ദൃഷ്ടി) കൊളാബാ പോർട്ട് (ദൃഷ്ടി), ഓൾഡ് ഗോവ ചർച്ച് ക്ലസ്റ്റർ ഗോവ (ദൃഷ്ടി), മോർജിം ബീച്ച് ഗോവ (ദൃഷ്ടി), ചപുര ഫോർട്ട് ഗോവ (ദൃഷ്ടി), ചാർമിനാർ ഹൈദരാബാദ് (ഐടിസി ഹോട്ടൽസ്), ജയ്സാൽമീർ കോട്ട (ഐ ലവ് ഫൗണ്ടേഷൻ), മഹാബോധി ക്ഷേത്രം ബുദ്ധഗയ (യെസ് ബാങ്ക്), സാഞ്ചി സ്തൂപം മധ്യപ്രദേശ് (യെസ് ബാങ്ക്), നളന്ദ പൗരാണികാവശിഷ്ടങ്ങൾ (യെസ് ബാങ്ക്), അംബർ കോട്ട ജയ്പൂർ (വി റിസോർട്സ്), നഹർഗഡ്

കോട്ട ജയ്പുർ (വി റിസോർട്സ്), കും ഭൽഗഡ് കോട്ട രാജസ്ഥാൻ (വി റിസോർട്സ്), ടിപ്പു കൊട്ടാരം ബംഗളുരു (വി റിസോർട്സ്), ബസലിക്ക ബോം ജീസസ് ഗോവ (വി റിസോർട്സ്), മഹാബലിപുരം ക്ഷേത്രം തമിഴ്നാട് (ഇന്ത്യൻ അസോസിയേഷൻ ഓഫ് ടൂർ ഓപ്പറേറ്റേഴ്സ് ഐഎടിഒ), എല്ലോറ ഗുഹ (ഐഎടിഒ), ചത്തോർഗഡ് കോട്ട രാജസ്ഥാൻ (പദ്മിനി ഹവേലി).

**ചെങ്കോട്ട ഡാൽമിയക്ക്**

ഡൽഹിയിലെ ഐതിഹാസിക സ്മാരകമായ ചെങ്കോട്ട സ്വകാര്യ കോർപറേറ്റ് ഗ്രൂപ്പായ ഡാൽമിയ ഭാരത് ലിമിറ്റഡിന് കേന്ദ്ര സർക്കാർ കൈമാറി. ടൂറിസം മന്ത്രാലയം, സാംസ്കാരിക മന്ത്രാലയം, ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ എന്നിവയും ഡാൽമിയ ഗ്രൂപ്പും തമ്മിലാണ് ഇത് സംബന്ധിച്ച കരാറൊപ്പിട്ടത്. 25 കോടി രൂപയ്ക്ക് അഞ്ചു വർഷത്തേക്കാണ് ചെങ്കോട്ടയുടെ പരിപാലന അവകാശം നൽകിയത്. കരാർ പ്രകാരം ഡാൽമിയ ഗ്രൂപ്പിന്റെ പേര് ചെങ്കോട്ടയുടെ പേരിനൊപ്പം പ്രാധാന്യത്തോടെ പ്രദർശിപ്പിക്കാം. ചെങ്കോട്ടയിൽ നടത്തുന്ന പരിപാടികളുടെ എല്ലാ പ്രചരണ സാമഗ്രികളിലും ഡാൽമിയ എന്ന പേര് ഉപയോഗിക്കാം. അഞ്ചു വർഷത്തേക്കാണ് ആദ്യഘട്ട കരാറെങ്കിലും പരസ്പര ധാരണയിൽ ഇത് പുതുക്കാമെന്ന് ഡാൽമിയ ഗ്രൂപ്പ് അറിയിച്ചു.

ആദ്യമായാണ് രാജ്യത്തെ ഒരു ചരിത്രസ്മാരകം സ്വകാര്യവൽക്കരിക്കുന്നത്. 17-ാം നൂറ്റാണ്ടിൽ മുഗൾ ഭരണാധികാരി ഷാജഹാനാണ് ഭരണതല സ്ഥാനമായി ചെങ്കോട്ട നിർമിച്ചത്. ബ്രിട്ടീഷ് വാഴ്ചക്ക് അന്ത്യം കുറിച്ചതോടെ ദേശീയ പതാക ഉയർന്നതും ചെങ്കോട്ടയിലായിരുന്നു. എല്ലാ സ്വാതന്ത്ര്യ ദിനത്തിലും പ്രധാനമന്ത്രിമാർ ദേശീയ പതാക ഉയർത്തി രാജ്യത്തെ അഭിസംബോധന ചെയ്യുന്നത് ചെങ്കോട്ടയിൽ നിന്നാണ്. രാജ്യ ചരിത്രത്തിൽ ഇത്രയേറെ പ്രാധാന്യമുള്ള സ്മാരകമാണ് സ്വകാര്യ കോർപറേറ്റ് ഗ്രൂപ്പിന് കേന്ദ്ര സർക്കാർ വിട്ടു കൊടുത്തത്.

ടൂറിസം മന്ത്രി അൽഫോൺസ് കണ്ണന്താനത്തിന് പുറമെ, ടൂറിസം മന്ത്രാലയം, സാംസ്കാരിക മന്ത്രാലയം, ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ എന്നിവയിലെ ഉന്നത ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ ഏപ്രിൽ ഒമ്പതിനാണ് കരാറൊപ്പിട്ടത്. ജിഎംആർ സ്പോർട്സ്, ഇൻഡിഗോ എയർലൈൻസ് എന്നിവയെ ലേലത്തിൽ പിന്തള്ളിയാണ് ഡാൽമിയ ഗ്രൂപ്പ് കരാർ നേടിയത്. ഡാൽമിയ ഗ്രൂപ്പ് ചെങ്കോട്ട സ്വന്തമാക്കിയ വിവരം 25 നാണ് പുറത്തറിഞ്ഞത്. മെയ് 23 ചെങ്കോട്ടയിലെ പ്രവർത്തനങ്ങൾ തുടങ്ങുമെന്ന് ഡാൽമിയ ഗ്രൂപ്പ് വ്യക്തമാക്കി.

നിർമാണ പ്രവർത്തനത്തിനടക്കം അനുമതി നൽകുന്ന കരാർ ചെങ്കോട്ടയുടെ പ്രാചീന പ്രൗഡി തകർക്കുന്ന ഇടപെടലുകളിലേക്ക് നയിക്കുമെന്ന ആശങ്ക ഉയർന്നിട്ടുണ്ട്.

സന്ദർശകരിൽ നിന്ന് ഫീസീടാക്കുന്നതിനും ലൈറ്റ് ആൻഡ് സൗണ്ട് ഷോയും സാംസ്കാരിക പരിപാടികളും മറ്റും നടത്തുന്നതിന്റെ ചുമതല ഗ്രൂപ്പിനാണ്. പദ്ധതിയിൽപ്പെടുത്തി താജ്മഹൽ, രാജസ്ഥാനിലെ ചിത്തോർഗഡ് കോട്ട, ഡൽഹിയിലെ മൊഹറോഡി ആർക്കിയോളജിക്കൽ പാർക്ക്, ഗോൾ ഗുംബാദ് തുടങ്ങി 22 ചരിത്ര സ്മാരകം ഏറ്റെടുക്കാൻ രംഗത്തുള്ള ഒമ്പത് വ്യവസായ ഗ്രൂപ്പുകളുടെ നീക്കത്തെ ടൂറിസം മന്ത്രാലയം ചൊവ്വാഴ്ച സ്വാഗതം ചെയ്തു.

ചരിത്ര സ്മാരകങ്ങൾ സ്വകാര്യ ഗ്രൂപ്പുകൾക്ക് കൈമാറുന്ന കേന്ദ്ര സർക്കാരിന്റെ നടപടിയിൽ വ്യാപക പ്രതിഷേധം ഉയർന്നിട്ടുണ്ട്. സ്വാതന്ത്ര്യ സമരത്തിൽ ഒരു പങ്കുമില്ലാത്ത ആർഎസ്സ്എസും അവരാൽ നയിക്കപ്പെടുന്ന ബിജെപി സർക്കാരുമാണ് ഇപ്പോൾ കേന്ദ്രം ഭരിക്കുന്നത്. രാഷ്ട്ര പിതാവിനു നേരെ പോലും നിറയൊഴിക്കുകയും അതിൽ അഭിമാനം കൊള്ളുകയും ചെയ്യുന്ന ഹിന്ദുത്വ രാഷ്ട്രീയത്തിന്റെ കൊടി ഉയർത്തുന്നവരാണ് അധികാരത്തിലുള്ളത്. അതുകൊണ്ടു തന്നെ ചെങ്കോട്ട വിൽക്കാൻ അവർക്ക് ഒരു മടിയും ഉണ്ടായിട്ടില്ല. ഒരു മുസ്ലീം രാജാവ് നിർമിച്ച കെട്ടിടം മാത്രമാണ് അവർക്ക് ചെങ്കോട്ട. പിന്നെ അത് വിൽക്കുന്നതിന് എന്തിന് മടിക്കണം.

ഇത് ഒരു തുടക്കം മാത്രമാണ്. വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കാനായി നൽകുന്ന 'അവിശ്വസനീയ ഇന്ത്യ' എന്ന പരസ്യത്തിൽ പറയുന്നത് ഇന്ത്യയിൽ 3686 പുരാവസ്തു കേന്ദ്രവും 36 ലോക പൈതൃക കേന്ദ്രവും 116 പുരാവസ്തു സ്മാരകവും ഉണ്ടെന്നാണ്. ഇതിൽ ലോക പൈതൃക കേന്ദ്രത്തിൽപെട്ട ചെങ്കോട്ടയാണ് ഇപ്പോൾ സ്വകാര്യമേഖലയ്ക്ക് കൈമാറിയിച്ചുള്ളത്. കോർപറേറ്റ് മുതലാളിത്തത്തിന്റെ ലാഭക്കണ്ണുകൾ നമ്മുടെ ചരിത്ര സ്മാരകങ്ങളെയും തേടിയെത്തിയിരിക്കുന്നു. അതിൽ വിലപിടിപ്പുള്ളതെന്തും കടത്താനുള്ള ഒരവസരം കൂടി ഈ നടത്തിപ്പുകാർക്ക് ലഭിച്ചിരിക്കുന്നുവെന്നർത്ഥം. കൊള്ള ലാഭം കിട്ടിയാൽ ഏത് ചരിത്രസ്മാരകവും അപ്രത്യക്ഷമാകും. കോർപറേറ്റുകളുടെ സാമൂഹ്യ ബാധ്യത ലാഭം വർധിപ്പിക്കലല്ലാതെ മറ്റൊന്നുമല്ലെന്നു പറഞ്ഞത് തോമസ് എൽ ഫ്രീഡ്മാനാണ്. ചരിത്രസംരക്ഷണമല്ല ലാഭമാണ് കോർപറേറ്റുകളെ നയിക്കുന്നതെന്നർത്ഥം. 'പാരമ്പര്യത്തെ സ്വീകരിക്കുക' എന്ന മോഡി സർക്കാരിന്റെ പദ്ധതിയുടെ കീഴിലാണ് ഈ വിൽപ്പന നടന്നിട്ടുള്ളത്. കഴിഞ്ഞ വർഷം വിനോദ സഞ്ചാര ദിനത്തിൽ രാഷ്ട്രപതി രാംനാഥ് കോവിന്ദാണ് ഈ പദ്ധതിക്ക് തുടക്കമിട്ടത്. ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കേണ്ട ബാധ്യതയിൽ നിന്ന് സർക്കാർ പിന്മാറുകയാണെന്നർത്ഥം. സ്മാരകങ്ങളും ചരിത്രവസ്തുതകളും മാത്രമല്ല ചരിത്രത്തെ തന്നെ നശിപ്പിച്ച് പുതുചരിത്രം മെനയാനുള്ള പടപ്പുറപ്പാടിലാണ് ബിജെപിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാർ.■

## എച്ച്ഡിഎഫ്സി സമര വിജയം

# ന്യൂജൻ തൊഴിൽ മേഖലയിലെ പുത്തനുണർവ്

**സുമേഷ് പത്മൻ**

എച്ച്ഡിഎഫ്സി സ്റ്റാന്റേർഡ് ലൈഫ് ഇൻഷുറൻസ് എന്ന കമ്പനി എച്ച്ഡിഎഫ്സി ക്ക് മേജർ ഷെയറുള്ള കമ്പനിയാണ്. ഏകദേശം 25000 ത്തോളം ജീവനക്കാർ ഈ സ്ഥാപനത്തിൽ ജോലി നോക്കുന്നുണ്ട്. കോസ്റ്റ് ടു കമ്പനി (CTC) വ്യവസ്ഥയിൽ വാർഷിക ശമ്പളം നിശ്ചയിച്ച് അതിനെ 12 ആയി വിഭജിച്ച് പ്രതിമാസ ശമ്പളം എന്ന നിലയിലാണ് വേതനം നൽകി വരുന്നത്. റിട്ടയർമെന്റ് ആനുകൂല്യം പരമാവധി കുറച്ചു നിർത്തി, അലവൻസുകൾ കൂട്ടിക്കാണിക്കുന്ന ശമ്പളഘടനയാണിത്. കഴിഞ്ഞ കുറേ വർഷങ്ങളായി ജീവനക്കാർക്ക് തുടക്കത്തിൽ നൽകി വന്ന പല ആനുകൂല്യങ്ങളും കമ്പനി പിൻവലിക്കുകയായിരുന്നു.

കേന്ദ്ര സർക്കാർ ബോണസ് വ്യവസ്ഥ മാറ്റിയതിനെ തുടർന്ന് ബോണസിന് ഒരുവിഭാഗം ജീവനക്കാർക്ക് അർഹത ലഭിച്ചു. ബോണസ് ബാധ്യതയിൽ നിന്ന് ഒഴിഞ്ഞു മാറാൻ കമ്പനി തന്ത്രപൂർവ്വം അലവൻസ് തുക വെട്ടിക്കുറച്ച് ആ തുക ബോണസ് കോളത്തിൽ എഴുതി ഓരോ ജീവനക്കാരനും നോട്ടീസ് നൽകിയാണ് കേന്ദ്ര സർക്കാരിന്റെ ബോണസ് അമെന്റ്മെന്റ് ആക്ട് നടപ്പിലാക്കിയത്. ഇതിനെ യൂണിയൻ ചോദ്യം ചെയ്തു.

തൊഴിലാളികളുടെ ശമ്പളത്തിൽ കൈയ്യിട്ടു വാരാൻ കമ്പനി പ്രയോഗിച്ച മറ്റൊരടവാണ് സേവനത്തിനു വേണ്ട ഉപകരണം ജീവനക്കാരൻ വാങ്ങണമെന്ന വ്യവസ്ഥ. ഇതിനേയും യൂണിയൻ ചോദ്യം ചെയ്തു. മാനേജ്മെന്റ് യൂണിയൻ മുൻനിര പ്രവർത്തകർക്കെതിരെ ഇതര കാരണങ്ങൾ പറഞ്ഞ് നടപടികൾ സ്വീകരിക്കുവാൻ തുടങ്ങി.

ഏതാനും മാസങ്ങൾക്കു മുൻപ് രണ്ടാമത് വീണ്ടും ഒരു ഉത്തരവുമായി മാനേജ്മെന്റ് രംഗത്തു വന്നു. പോളിസി ആധാറുമായി ലിങ്ക് ചെയ്യുവാനുള്ള ബയോമെട്രിക് യന്ത്രം ജീവനക്കാർ സ്വന്തം പണം മുടക്കി വാങ്ങണമെന്നായിരുന്നു ഉത്തരവ്. യൂണിയൻ സ്വീകരിച്ച ശക്തിയായ നിലപാട് മൂലം കേരളത്തിലെ ഒരു വലിയ വിഭാഗം ജീവനക്കാർ ഈ ഉത്തരവ് അംഗീകരിക്കാൻ തയ്യാറായില്ല. യന്ത്രം വാങ്ങാത്തവരുടെ ശമ്പളം നിഷേധിച്ചുകൊണ്ടായിരുന്നു ഇതിനോട് മാനേജ്മെന്റ് പ്രതികരിച്ചത്. സംഘടനയുടെ പ്രതിഷേധം ശക്തിയാർജ്ജിച്ചപ്പോൾ ശമ്പളം നൽകിയെങ്കിലും ജനുവരി-ഫെബ്രുവരി മാസങ്ങളിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും 1000 രൂപ വീതം മാനേജ്മെന്റ് പിടിച്ചു വെച്ചു. യൂണിയൻ, കേന്ദ്ര ലേബർ കമ്മീഷണറുടെ മുന്നിൽ വ്യവസായ തർക്കം ഉന്നയിച്ചു. ലേബർ കമ്മീഷണറുടെ നോട്ടീസ് കിട്ടിയ ഉടനെ, ബയോമെട്രിക് യന്ത്രം വാങ്ങാൻ തയ്യാറാകാത്ത ജീവനക്കാരുടെ ഹാജർ സിസ്റ്റം ബ്ലോക്ക് ചെയ്ത് കമ്പനി ഫലത്തിൽ അവരുടെ ജോലി ചെയ്യാനുള്ള അവകാശം നിഷേധിച്ചു. ഇതിൽ പ്രതിഷേധിച്ച് സംഘടനയുടെ നേതൃത്വത്തിൽ ജീവനക്കാർ കമ്പനിയുടെ എറണാകുളം റീജിയണൽ ഓഫീസിനു മുന്നിൽ ഉപരോധം സംഘടിപ്പിച്ചു. പോലീസിൽ പരാതിപ്പെട്ടതിനെ തുടർന്ന് ജീവനക്കാരെ വൈകുന്നേരത്തോടെ അറസ്റ്റ് ചെയ്തു നീക്കി. ഉപരോധത്തിൽ പങ്കെടുത്ത 10 ജീവനക്കാരേയും ഇതിലൊന്നും പങ്കെടുക്കാത്ത ഇതര ജില്ലകളിലെ 3 ബ്രാഞ്ച് മാനേജർമാരടക്കം 13 പേരെയും വൈകീട്ട് 4.30 മണിയോടെ ഒരു ഇമെയിൽ ഉത്തരവിലൂടെ തൊട്ടടുത്ത ദിവസം തന്നെ കമ്പനി പിരിച്ചുവിട്ടു.

ലേബർ കമ്മീഷണർ വിളിച്ചു കൂട്ടിയ അനുരഞ്ജന യോഗത്തിൽ ഒരു കാരണവശാലും ജീവനക്കാരെ തിരിച്ചെടുക്കില്ലെന്ന നിലപാടാണ് കമ്പനി സ്വീകരിച്ചത്. അനുരഞ്ജനത്തിന്റെ ഘട്ടത്തിൽ ഏകപക്ഷീയമായി കമ്പനി സ്വീകരിച്ച നടപടിയും കാരണം ബോധിപ്പിക്കാൻ അവസരം പോലും നൽകാതെ നടത്തിയ പിരിച്ചുവിടലും രാജ്യത്തെ നിയമവ്യവസ്ഥകൾക്കു വിരുദ്ധമാണെന്ന വസ്തുത പോലും അംഗീകരിക്കാൻ മാനേജ്മെന്റ് തയ്യാറായില്ല. പ്രകോപനം സൃഷ്ടിച്ച മാനേജ്മെന്റ് നടപടികൾക്കെതിരെ പണിമുടക്ക് സമരവുമായി മുന്നോട്ടു പോകാൻ യൂണിയൻ തീരുമാനിച്ചു. എച്ച്ഡിഎഫ്സി ലൈഫ് ഇൻഷുറൻസിന്റെ കേരളത്തിലെ എല്ലാ ഓഫീസുകളും പൂട്ടി. പ്രക്ഷോഭത്തെ അടിച്ചമർത്താൻ നടത്തിയ മാനേജ്മെന്റിന്റെ എല്ലാ ശ്രമങ്ങളും സിഐടിയു വിന്റെ സഹായത്തോടെ യൂണിയൻ പരാജയപ്പെടുത്തി. 11 ദിവസം സമരം നീണ്ടു നിന്നു. യൂണിയനും മാനേജ്മെന്റും ആയി നടന്ന ഉഭയകക്ഷി ചർച്ചക്കൊടുവിൽ പിരിച്ചു വിട്ട 13 ജീവനക്കാരേയും ഉപാധികളൊന്നും കൂടാതെ തിരിച്ചെടുക്കാമെന്നും പ്രതികാര നടപടികൾ ഉണ്ടാകില്ല എന്ന് ഉറപ്പിനെ തുടർന്ന് ഏപ്രിൽ 26-ന് പ്രക്ഷോഭം പിൻവലിച്ചു.

മാനേജ്മെന്റുമായുള്ള ചർച്ചയിൽ സിഐടിയു ദേശീയ സെക്രട്ടറി സ.കെ.ചന്ദ്രൻപിള്ളയും, സംസ്ഥാന സെക്രട്ടറി കെ.എൻ.ഗോപിനാഥ്, യൂണിയൻ സംസ്ഥാന പ്രസിഡന്റ് എ.സിയാവുദ്ദീൻ, യൂണിയൻ വൈസ് പ്രസിഡന്റ് എസ്.കൃഷ്ണമൂർത്തി, യൂണിയൻ ജനറൽ സെക്രട്ടറി സുമേഷ് പത്മൻ എന്നിവർ പങ്കെടുത്തു. 27-ാം തീയതി എച്ച്ഡിഎഫ്സി സ്ഥാപനങ്ങളുടെ സോണൽ ഓഫീസായ എറണാകുളം എസ് എൽ പ്ലാസ്സയ്ക്കു മുന്നിൽ നടന്ന വിശദീകരണ യോഗം സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി സ. എളമരം കരീം ഉദ്ഘാടനം ചെയ്തു.

# 2018 മെയ്ദിന കായികമേള ചരിത്ര വിജയം

കെ എൻ ഗോപിനാഥ്

**മെയ്ദിനത്തോടനുബന്ധിച്ച് സിഐടിയു സംഘടിപ്പിക്കുന്ന സംസ്ഥാന കായികമേള തുടർച്ച യായ രണ്ടാം വർഷവും വിജയകരമായി. തൊഴിലാളിവർഗത്തിന്റെ വിശാലമായ ഐക്യത്തിന്റെ പാത കൂടുതൽ ശക്തമാകണം. ഇതിന് സഹായകമാകുന്ന ഒരു ആവേശമാണ് കായിക വിനോദം വഴി ഉൽപാദിപ്പിക്കുന്നത്. സ്പോർട്സിൽ -ജാതിയോ മതമോ മറ്റ് ഭിന്നതകളോ ഇല്ല. ഈ ലക്ഷ്യ ത്തിലാണ് ഏറെ വൈകിയാണെങ്കിലും സിഐടിയു സംസ്ഥാന കമ്മിറ്റി കായിക- കലാ മേള കൾ സംഘടിപ്പിക്കുവാൻ എല്ലാ യൂണിയനുകളോടും അഭ്യർത്ഥിച്ചത്.**

മെയ്ദിനത്തോടനുബന്ധിച്ച് സിഐടിയു സംഘ ടിപ്പിക്കുന്ന സംസ്ഥാന കായികമേള തുടർച്ച യായ രണ്ടാം വർഷവും വിജയകരമായി. വൻ തൊഴിലാളി പങ്കാളിത്തമാണ് മേളയ്ക്കുണ്ടായ ത്. പ്രസിദ്ധമായ കൊല്ലം ലാൽബഹദൂർ ശാസ്ത്രി സ്റ്റേഡിയത്തിൽ 2018 മെയ് 2, 3 തീയ തികളിലായാണ് മേള സംഘടിപ്പിച്ചത്. കായിക മേളയുടെ പ്രത്യേകത സിഐടിയുവാണ് സംഘടിപ്പിക്കുന്നത് എങ്കിലും യൂണിയൻ നോക്കാതെ തന്നെ എല്ലാവിഭാഗം തൊഴിലാളി കൾക്കും ഇതര ജീവനക്കാർക്കും മത്സരങ്ങളിൽ പങ്കെടുക്കുവാൻ അവസരം ലഭിക്കുന്നു എന്നു ള്ളതാണ്. സ്ഥിരം, കരാർ, കാഷ്വൽ, സ്കീം, അപ്രന്റീസ്, ട്രെയിനി തൊഴിലാളികൾ മത്സര ങ്ങളിൽ പങ്കെടുത്തു.

വിദ്യാർത്ഥികളായിരിക്കെ ജില്ലാ സംസ്ഥാന ദേശീയ തലങ്ങളിൽ പങ്കെടുത്ത പലരും തൊഴി ലാളികളായി മാറിയതോടെ അവരുടെ കായിക വാസനകൾക്ക് മതിയായ പ്രോത്സാഹനം ലഭി ക്കാതായി. ആദ്യകാലത്ത് അപ്പോളോ ടയേഴ്സ്, എഫ്എസിടി, ഹിന്റാൽക്കോ, വൈദ്യുതി ബോർഡ്, കസ്റ്റംസ്, തുറമുഖം, റെയിൽവെ, പോലീസ്, തുടങ്ങിയ സ്ഥാപനങ്ങൾ സ്പോർട്സിന് പ്രത്യേകമായ പ്രോത്സാഹനം നൽകുമായിരുന്നു. ഇന്ന് ഉൽപാദനച്ചെലവ് കുറ യ്ക്കുവാനായി പല സ്ഥാപനങ്ങളും സ്പോർട്സ് പരിശീലനത്തിന് നിലവിൽ ഉണ്ടാ യിരുന്ന സൗകര്യങ്ങൾ മത്സരങ്ങളിൽ പങ്കെടു ക്കുവാനുള്ള സഹായം ഇവയെല്ലാം വെട്ടിക്കുറ ച്ചു. തൊഴിലാളികൾക്ക് അവസരങ്ങൾ നിഷേ ധിക്കുന്ന നിലയാണ്. സംസ്ഥാന സർക്കാരിന്റെ മെയ്ദിന കായികമേള തന്നെ ആചാരം പോലെ നടക്കുന്നതല്ലാതെ, ഇതര സ്ഥാപനങ്ങളുടെ താൽപര്യക്കുറവ്മൂലം ശുഷ്കമായ പങ്കാളിത്ത ത്തിലാണ് നടന്നു പോകുന്നത്.

ഈ സ്ഥിതിവിശേഷത്തിന് അല്പമെങ്കിലും മാറ്റം ഉണ്ടാക്കുവാൻ മെയ്ദിന കായികമേള സംഘടിപ്പിക്കുന്നതിലൂടെ സിഐടിയുവിന് സാധിക്കുന്നു എന്ന് വേണം കണക്കാക്കുവാൻ. എന്നാൽ മഹാഭൂരിപക്ഷം തൊഴിലാളി സംഘ ടനകളും ഇപ്പോഴും അവരുടെ അജണ്ടയായി കായികമേളയെ കണക്കാക്കി തുടങ്ങിയിട്ടില്ല. വഴിയെ മാറ്റം ഉണ്ടാകും എന്ന് പ്രത്യാശിക്കാം.

തീർച്ചയായും തൊഴിലാളികളുടെ പോരാ ട്ടങ്ങൾക്കായുള്ള വഴിവിളക്കാണ് മെയ്ദിനം. സാമ്രാജ്യത്വത്തിനും, അതിന്റെ സാർവദേശീയ മായ പ്രാകൃത മൂലധന സ്വരൂപണ നയങ്ങൾക്കു മെതിരെയുള്ള ചെറുത്ത് നിൽപ്പിന്റെ സന്ദേശം കൂടിയാണ് മെയ്ദിനം. 1886 ൽ ചിക്കാഗോയിലെ തെരുവുകളിൽ വീണ തൊഴിലാളികളുടെ രക്തം നമ്മെ വർത്തമാനത്തിന്റെ ഉത്തരവാദി ത്വങ്ങളെക്കുറിച്ച് കൂടി ഓർമിപ്പിക്കുന്നു. ഒന്നും ഔദാര്യമായി ലഭിച്ചതല്ലെന്നും, ഓരോ അവകാ ശവും, സ്വാതന്ത്ര്യവും തൊഴിലാളി വർഗം ത്യാഗങ്ങളിലൂടെയും ഏറ്റുമുട്ടലുകളിലൂടെയും സംഘടിത പോരാട്ടങ്ങളിലൂടെയും നേടിയെടു ത്തതാണെന്നും മെയ്ദിനം നമ്മെ ഓർമ്മപ്പെടു ത്തുന്നു. "എട്ടുമണിക്കൂർ ജോലി, എട്ടുമണിക്കൂർ വിശ്രമം, എട്ടുമണിക്കൂർ വിനോദം" എന്ന സമയ ക്ലിപ്തത മെയ്ദിന പോരാട്ടത്തിലൂടെ നൂറ്റാണ്ടു കൾക്ക് മുമ്പ് തൊഴിലാളി വർഗം നേടിയെടുത്ത താണ്. ഈ അവകാശത്തെക്കുറിച്ചുള്ള ഓർമയും ഇത്തരം അവകാശങ്ങൾ ആർക്കും അടിയറവയ്ക്കാനാകില്ല എന്ന നിശ്ചയദാർഢ്യ വുമാണ് ഭാവിയെ സംബന്ധിച്ച പ്രതീക്ഷ കരു പ്പിടിപ്പിക്കുന്നത്. തൊഴിലാളിക്കന്യമായ ലോകത്ത് ഒരു രംഗവുമില്ല എന്ന അറിയാവുന്ന സമൂഹം ഇന്നും മുതലാളി തൊഴിലാളി എന്ന വേർതിരിവ് ഇതിൽ കെട്ടി ശക്തിപ്പെടുത്തിക്കൊ ണ്ടിരിക്കുന്ന കാഴ്ചയാണെവിടെയും. ഇതിനെ

തിരെ പോരാടുവാൻ ഒരു മടിയുമില്ല. എന്ന് ഉച്ചൈസ്ഥരം വിളിച്ച് പറയുന്ന തൊഴിലാളി അടർക്കളത്തിൽ നിന്നും അവന്റെ കായികക്ഷമത മാറ്റുരക്കുവാൻ ലഭിക്കുന്ന അവസരം ഒന്നും പാഴാക്കിക്കളയരുത്. ആരോഗ്യവാനായ തൊഴിലാളി നാടിന്റെ അഭിമാനമാണ്. അവൻ സകലകലാ വല്ലഭനാണ്.

ലാഭത്തിന്റെ തേർവാഴ്ച ബോധപൂർവം പടുത്തുയർത്തുന്ന കോട്ടകൊത്തളങ്ങൾ തകർത്തെറിയുന്ന തൊഴിലാളിക്ക് സങ്കുചിത ചിന്താഗതികളെയും, മത- ജാതി- വർണ - ലിംഗ- ഭാഷ ഭിന്നതകളെയും അതിജീവിച്ച് വിശാലമായി നെഞ്ചുവിരിച്ച് ഏതൊരു പ്രതിബന്ധങ്ങളെയും അതിജീവിക്കാനുള്ള കരുത്ത് ആർജിക്കേണ്ടിയിരിക്കുന്നു. തൊഴിലാളിവർഗത്തിന്റെ വിശാലമായ ഐക്യത്തിന്റെ പാത കൂടുതൽ ശക്തമാകേണ്ടിയിരിക്കുന്നു. ഇതിന് സഹായകമാകുന്ന ഒരു ആവേശമാണ് കായിക വിനോദം വഴി ഉൽപാദിപ്പിക്കുന്നത്. സ്പോർട്സിൽ -ജാതിയോ മതമോ മറ്റ് ഭിന്നതകളോ ഇല്ല. ഈ ലക്ഷ്യത്തിലാണ് ഏറെ വൈകിയാണെങ്കിലും സിഐടിയു സംസ്ഥാന കമ്മിറ്റി കായിക- കലാ മേളകൾ സംഘടിപ്പിക്കുവാൻ എല്ലാ യൂണിയനുകളോടും അഭ്യർത്ഥിച്ചത്. യൂണിയനുകളുടെ വാർഷിക സമ്മേളനങ്ങളോടനുബന്ധിച്ച് കലാ- കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നത് നല്ലതായിരിക്കും. മത്സരാർത്ഥികളെ സെലക്ട് ചെയ്ത് ജില്ലാ തലത്തിലേക്കും സംസ്ഥാന തലത്തിലേക്കും എത്തിക്കുവാൻ സാധിക്കും.

മെയ് 2 ന് രാവിലെ 10 ന് എൽബിഎസ് സ്റ്റേഡിയത്തിൽ മാർച്ച്പാസ്റ്റോടെയാണ് കായികമേളക്ക് തുടക്കമായത്. സിഐടിയു അഖിലേന്ത്യാ പ്രസിഡന്റ് ഡോ കെ ഹേമലത മാർച്ച് പാസ്റ്റിന് സല്യൂട്ട് സ്വീകരിച്ച് ഉത്ഘാടനം ചെയ്തു. ഓരോ ജില്ലകൾക്കും നിശ്ചയിച്ച് കളർ ജേഴ്സി അണിഞ്ഞ അഞ്ഞൂറോളം പേർ പങ്കെടുത്ത മാർച്ച്പാസ്റ്റ് വർണശബളമായി. മാർച്ച്പാസ്റ്റിന് ഒന്നും രണ്ടും സ്ഥാനം യഥാക്രമം തിരുവനന്തപുരം, എറണാകുളം ജില്ലകൾ നേടി. സിഐടിയു സംസ്ഥാന സെക്രട്ടറി സ: എൻ പത്മലോചൻ പതാക ഉയർത്തി.

168 പോയിന്റുകൾ കരസ്ഥമാക്കി തുടർച്ചയായ രണ്ടാം വർഷവും ഓവറോൾ ചാമ്പ്യൻഷിപ്പ് കണ്ണൂർജില്ല നേടി. കെഎസ്ഇബി വർക്കേഴ്സ് അസോസിയേഷൻ സ്പോൺസർ ചെയ്ത 50,000 രൂപയുടെ ക്യാഷ് പ്രൈസും ഇ ബാലാനന്ദൻ മെമ്മോറിയൽ എവർ റോളിംഗ് ട്രോഫിയും കണ്ണൂർ ജില്ലയ്ക്ക് ലഭിച്ചു. 104 പോയിന്റുകളോടെ ആതിഥേയ ജില്ലയായ കൊല്ലം ജില്ല രണ്ടാം സ്ഥാനത്ത് വന്നു. ഹെഡ്ലോഡ് & ജനറൽ വർക്കേഴ്സ് യൂണിയൻ സ്പോൺസർ ചെയ്ത പി ടി രാജൻ എവർറോളിംഗ് ട്രോഫിയും 25,000 രൂപയും കൊല്ലത്തിന് ലഭിച്ചു. 96 പോയിന്റോടെ തൃശൂർ ജില്ല മൂന്നാം സ്ഥാനത്ത് വന്നു. കേരളാ ആർടിസാൻസ് യൂണിയൻ സ്പോൺസർ ചെയ്ത 15,000 രൂപയും പി സരസപ്പൻ മെമ്മോറിയൽ ട്രോഫിയും തൃശൂർ ജില്ലക്ക് ലഭിച്ചു. എറണാകുളം 53 പോയിന്റും, മലപ്പുറം 49 പോയിന്റും കോഴിക്കോട് 41 പോയിന്റും കരസ്ഥമാക്കി. മറ്റ് ജില്ലകൾക്ക് 40 ൽ താഴെ പോയിന്റുകൾ നേടാനെ സാധിച്ചുള്ളൂ.

45 വയസിൽ താഴെ വ്യക്തിഗത ചാമ്പ്യൻ (പുരുഷൻ) ആയത് മലപ്പുറത്ത് നിന്നുള്ള പി ബിഷിൻ ആണ്. 45 വയസിന് മുകളിൽ (പുരുഷൻ) വ്യക്തിഗത ചാമ്പ്യൻ പി ഭാർഗവൻ- കണ്ണൂർ. 45 വയസിന് താഴെ (സ്ത്രീകൾ) വ്യക്തിഗത ചാമ്പ്യൻ കാസർഗോട്ടെ പി വസന്തകുമാരിയും 45 വയസിന് മുകളിൽ (സ്ത്രീകൾ) വ്യക്തിഗത ചാമ്പ്യൻ രമണി സി - കണ്ണൂർ.

കൊല്ലത്ത് വിവിധ ഗ്രൗണ്ടുകളിലായി സംഘടിപ്പിച്ച കായിക മേളക്ക് മെയ് 3 ന് വൈകിട്ട് വൻ റാലിയോടെ സമാപനമായി. ചിന്നക്കടയിൽ നിന്ന് നൂറ്കണക്കിന് തൊഴിലാളികൾ റാലിയിൽ അണിനിരന്നു. കൊല്ലം ജില്ലാ ഫുട്ബാൾ അക്കാദമിയിൽ നിന്നും 300 ഓളം അണ്ടർ 20 കളിക്കാർ റാലിയിൽ ജേഴ്സിയണിഞ്ഞ് പങ്കെടുത്തത് ആവേശകരമായി. 2018 ലെ സന്തോഷ്ട്രോഫി ജേതാക്കൾക്ക് കോച്ച് സതീവൻ ഉൾപ്പെടെ കളിക്കാർക്ക് അത്യുജ്ജ്വലമായ വരവേൽപ് നൽകി. തുറന്ന വാഹനത്തിൽ അവരെ നഗരം ചുറ്റി എൽബിഎസ് ഗ്രൗണ്ടിലേക്ക് സ്വീകരിച്ചു. സിഐടിയു കൊല്ലം ജില്ലാ കമ്മിറ്റി കേരളത്തിന്റെ അഭിമാനമായ ഫുട്ബോൾ താരങ്ങൾക്ക് ഉപഹാരങ്ങൾ നൽകി ആദരിച്ചു. മന്ത്രി ജെ മെഴ്സിക്കുട്ടിയമ്മ മുഖ്യാതിഥിയായി. മന്ത്രി എ കെ ബാലൻ സമ്മാനദാനം നിർവഹിച്ചു. സിഐടിയു ജനറൽ സെക്രട്ടറി എളമരം കരീം സമാപന സമ്മേളനത്തെ അഭിവാദ്യം ചെയ്തു. സംഘാടക സമിതി ചെയർമാൻ സമാപനത്തിന് അധ്യക്ഷം വഹിച്ചു. സിഐടിയു കൊല്ലം ജില്ലാ സെക്രട്ടറി എസ് സുദേവൻ സ്വാഗതവും ജനറൽ കൺവീനർ വേണുഗോപൻ നന്ദിയും പറഞ്ഞു. കായികമേളക്ക് സിഐടിയു സംസ്ഥാന സെക്രട്ടറി കെ എൻ ഗോപിനാഥ്, വി ശിവൻകുട്ടി സംസ്ഥാന കമ്മിറ്റി അംഗങ്ങളായ ബി തുളസീധരക്കുറുപ്പ്, ഇ കാസിം, എ സഫറുള്ള, എൽ ഗീത, ബീമാബീവി, പുല്ലുവിള സ്റ്റാൻലി, ക്ലൈനസ് റൊസാരിയോ, പ്രകാശ്ബാബു, സി കെ മണിശങ്കർ, യുപി ജോസഫ്, കെഎഫ് ഡേവിസ്, വി പി സോമസുന്ദരം, കെ മനോഹരൻ, മേരി ജോബ്, യു തമ്പാൻ തുടങ്ങിയവർ കായികമേളക്ക് നേതൃത്വം നൽകി. കൊല്ലം ജില്ലയിലെ സിഐടിയു യൂണിയനുകൾ ട്രോഫികൾ സംഭാവന ചെയ്തു. കൊല്ലം സിഐടിയു സംഘടാക സമിതിയും സ്പോർട്സ് കൗൺ സിലും കായിക മത്സരങ്ങളെ മികവുറ്റതാക്കി.■

# സിവിൽ സർവ്വീസിനെ ജനകീയമാക്കാൻ കൂടുതൽ യോജിപ്പോടെ

**ടി.സി. മാത്തുക്കുട്ടി (ജനറൽ സെക്രട്ടറി, കേരള എൻ.ജി.ഒ. യൂണിയൻ)**

ജനവിരുദ്ധനയങ്ങൾക്കും വർഗ്ഗീയതയ്ക്കുമെതിരായ പോരാട്ടങ്ങളിൽ അണിചേരാനും ബദൽനയങ്ങൾ സംരക്ഷിക്കുവാനും 2018 ഏപ്രിൽ 29, 30 മേയ് 1 വരെ അടിമാലിയിൽ നടന്ന കേരള എൻ.ജി.ഒ. യൂണിയൻ 55-ാം സംസ്ഥാന സമ്മേളനം ആഹ്വാനം ചെയ്തു. അടിച്ചമർത്തപ്പെട്ടവരുടേയും അധ്വാനിക്കുന്നവരുടേയും ജീവിക്കാനുള്ള അവകാശത്തിനുവേണ്ടി ത്യാഗനിർഭരമായ ഒട്ടേറെ സമരപോരാട്ടങ്ങൾ നടന്ന മണ്ണായ ഇടുക്കിയിൽ തികഞ്ഞ അഭിമാനത്തോടെയും ആത്മവിശ്വാസത്തോടെയുമാണ് സമ്മേളനപ്രതിനിധികൾ അടിമാലിയിൽ ഒത്തുചേർന്നത്.

29 ന് ബഹു. കേരളമുഖ്യമന്ത്രി പിണറായി വിജയൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. കാര്യക്ഷമവും അഴിമതിരഹിതവുമായ സിവിൽ സർവ്വീസിനായി എൻ.ജി.ഒ. യൂണിയന്റെ നേതൃത്വത്തിൽ എല്ലാ സർവ്വീസ് സംഘടനകളും നടത്തുന്ന കൂട്ടായ പ്രവർത്തനത്തെ മുഖ്യമന്ത്രി അഭിനന്ദിച്ചു. രാജ്യത്ത് അഴിമതി ഏറ്റവും കുറഞ്ഞ സംസ്ഥാനമാണ് കേരളമെന്നും, അഴിമതി അവസാനിപ്പിക്കുവാൻ ജീവനക്കാരെ വിശ്വാസത്തിലെടുത്ത് സംതൃപ്തമായ സിവിൽസർവ്വീസ് യാഥാർത്ഥ്യമാക്കുക എന്നതും സർക്കാർ ലക്ഷ്യവെക്കുന്നുവെന്ന് മുഖ്യമന്ത്രി പറഞ്ഞു. നവലിബറൽ നയങ്ങളുടെ ഭാഗമായി സ്വകാര്യവൽക്കരണം അതിവേഗം നടപ്പാക്കുന്ന കേന്ദ്രസർക്കാരിൽ നിന്നും വ്യത്യസ്തമായി ജനപക്ഷത്തുനിന്നുള്ള ബദൽനയങ്ങളാണ് കേരളത്തിൽ നടപ്പിലാക്കുന്നത്. നവകേരളം പരിപാടിയുടെ മിഷൻ പ്രവർത്തനങ്ങൾ കേരളത്തിന്റെ ജനകീയ വികസനപദ്ധതികളുടെ വേഗം വർദ്ധിപ്പിക്കുന്നതാണെന്ന് മുഖ്യമന്ത്രി എടുത്തു പറഞ്ഞു. ഉദ്ഘാടനസമ്മേളനത്തിൽ സി.ഐ.ടി.യു. സംസ്ഥാന വൈസ് പ്രസിഡന്റ് കെ.കെ. ജയചന്ദ്രൻ, എഫ്.എസ്.ഇ.ടി.ഒ. പ്രസിഡന്റ് കെ.സി. ഹരികൃഷ്ണൻ, കേന്ദ്ര ജീവനക്കാരുടെ കോൺഫെഡറേഷൻ ജനറൽ സെക്രട്ടറി പി.വി. രാജേന്ദ്രൻ എന്നിവർ സംസാരിച്ചു.

ജനവിരുദ്ധ നയങ്ങൾക്കെതിരെ ഐക്യനിര ശക്തിപ്പെടുത്തണമെന്ന് സി.ഐ.ടി.യു. സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരീം ട്രേഡ്‌യൂണിയൻ പ്രഭാഷണത്തിലൂടെ ആവശ്യപ്പെട്ടു. ലോകത്തെമ്പാടും തൊഴിൽമേഖലയിൽ ധനമൂലധനശക്തികളുടെ കടന്നുകയറ്റം, ചൂഷണം എന്നിവയെക്കുറിച്ചും അതിനെതിരെ ഉയർന്നുവരുന്ന തൊഴിലാളി പ്രക്ഷോഭങ്ങളെക്കുറിച്ചും പ്രതിപാദിച്ചു.



**ഇ. പ്രേംകുമാർ**
(പ്രസിഡന്റ്)



**ടി.സി. മാത്തുക്കുട്ടി**
(ജനറൽ സെക്രട്ടറി)

കേന്ദ്രസർക്കാരിന്റെ കോർപ്പറേറ്റ് പ്രീണനത്തിനും തൊഴിലാളിവിരുദ്ധ നയങ്ങൾക്കുമെതിരായ യോജിച്ച പോരാട്ടങ്ങൾ ശക്തിപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിന്റെ ബദൽ നയങ്ങൾ സംരക്ഷിക്കാൻ ഒന്നിച്ചണിനിരക്കണമെന്ന് സുഹൃദ് സമ്മേളനം ഉത്ഘാടനം ചെയ്തുകൊണ്ട് വിദ്യുച്ഛക്തിവകുപ്പുമന്ത്രി എം.എം. മണി പറഞ്ഞു. സുഹൃദ് സമ്മേളനത്തിൽ കേന്ദ്ര-സംസ്ഥാന-പൊതുമേഖലാ ജീവനക്കാരുടെ സംഘടനാ നേതാക്കൾ പങ്കെടുത്തു.

ബദൽവികസനത്തിന്റേയും സമ്പദ് സമാഹരണത്തിന്റേയും ശാസ്ത്രീയ സമീപനങ്ങൾ വ്യക്തമാക്കുന്നതായിരുന്നു ധനകാര്യ വകുപ്പ്മന്ത്രി ഡോ: ടി.എം. തോമസ് ഐസക് നടത്തിയ പ്രഭാഷണം. കേരളത്തിന്റെ രണ്ടാം തലമുറ വികസനത്തിന്റെ അനിവാര്യതയും അതിൽ കിഫ്ബിയുടെ സാധ്യതയും ധനമന്ത്രി വിശദീകരിച്ചു.

"അഴിമതി മുക്തവും കാര്യക്ഷമവുമായ ജനപക്ഷ സിവിൽസർവ്വീസ്" എന്ന വിഷയത്തെ അധികരിച്ച് നടന്ന സെമിനാർ ജോയ്സ് ജോർജ് എം.പി. ഉത്ഘാടനം ചെയ്തു. ജനോന്മുഖവും കാര്യക്ഷമവുമായ സിവിൽസർവ്വീസ് കെട്ടിപ്പടുക്കുന്നതിന് യൂണിയൻ നടത്തിയ പ്രവർത്തനങ്ങളെ ശ്ലാഘിച്ചും, സിവിൽസർവ്വീസിൽ ചെറു ന്യൂനപക്ഷം സ്വീകരിക്കുന്ന അനഭലഷണീയമായ പ്രവർത്തനങ്ങളെ തുറന്ന് കാണിക്കുന്നതുമായിരുന്നു ജോയ്സ് ജോർജ് എം.പി. യുടെ വിഷയാവതരണം. ജോയിന്റ് കൗൺസിൽ ജനറൽ സെക്രട്ടറി എസ്. വിജയകുമാരൻ നായർ, കെ.ജി.ഒ.എ. ജനറൽ സെക്രട്ടറി ടി.എസ്. രഘുലാൽ എന്നിവർ വിഷയത്തെ സമഗ്രമായി വിലയിരുത്തി.

ഭാവി പ്രക്ഷോഭങ്ങളുടെ മാർഗ്ഗരേഖയായ "ജന വിരുദ്ധനയങ്ങൾക്കും വർഗ്ഗീയതയ്ക്കും എതിരായ പോരാട്ടങ്ങളിൽ അണിചേരുക, ബദൽ നയങ്ങളെ സംരക്ഷിക്കുക" എന്ന പരിപാടി പ്രമേയത്തിൽ കേന്ദ്രസർക്കാർ നടപ്പിലാക്കിവരുന്ന നവലിബറൽ നയങ്ങൾക്കെതിരായ പ്രക്ഷോഭം ശക്തിപ്പെടുത്തേണ്ടതിന്റെയും കേരള സർക്കാർ നടപ്പാക്കുന്ന ബദൽ നയങ്ങളെ വിജയിപ്പിക്കേണ്ടതിന്റെ അനിവാര്യതയും എടുത്ത് പറഞ്ഞിട്ടുണ്ട്. തൊഴിലാളിക്കനുകൂലമായ തൊഴിൽ നിയമങ്ങളെല്ലാം കോർപ്പറേറ്റ് താൽപര്യാർത്ഥം ഭേദഗതി ചെയ്യുന്ന നടപടികളാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. അന്താരാഷ്ട വിപണിയിൽ എണ്ണവിലയിൽ ഇടിവുണ്ടായിട്ടും ആനുപാതികമായി ഇന്ധനവില കുറയ്ക്കാൻ തയ്യാറാവുന്നില്ല. നികുതിവരുമാനത്തിന്റെ കേന്ദ്ര -സംസ്ഥാന വിഹിതം സംസ്ഥാനങ്ങൾക്ക് കൂടി സ്വീകാര്യമാകുന്ന വിധം നിശ്ചയിക്കാനുള്ള ജനാധിപത്യ മര്യാദ പാലിക്കേണ്ട ധനകാര്യകമ്മീഷൻ ഏകപക്ഷീയ നടപടികളുമായി മുന്നോട്ട് പോവുകയാണ്.

കേന്ദ്രസർക്കാർ നടപ്പാക്കുന്ന വർഗ്ഗീയവൽക്കരണനയങ്ങൾ മതനിരപേക്ഷ, ബഹുസ്വരതയെ തകർത്തെറിയുകയാണ്. രാജ്യത്ത് ദളിതർക്കെതിരെ നടക്കുന്ന അതിക്രമങ്ങളെ തടയിടുന്നതിനും നിയമപരമായ സംരക്ഷണം ഉറപ്പാക്കുന്നതിനും ബിജെപി സർക്കാരുകൾ തയ്യാറാവുന്നില്ല. വർഗ്ഗീയ ചേരിതിരിവുകൾ ശക്തിപ്പെടുത്തി, വെറുപ്പിന്റെയും അസഹിഷ്ണുതയുടെയും വികാരം ആളിക്കത്തിച്ച് ഹിന്ദുരാഷ്ട്രം യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുകയാണ് കേന്ദ്ര സർക്കാർ.

കേന്ദ്രസർക്കാർ നയങ്ങളിൽ നിന്നും വ്യത്യസ്തമായി സമൂഹത്തിന്റെ സമസ്ത മേഖലകളിലും സർക്കാർ ഇടപെടൽ വ്യാപിപ്പിക്കുന്ന സംസ്ഥാന സർക്കാരിന്റെ ബദൽ നയങ്ങൾ സംരക്ഷിക്കണമെന്നത് പ്രമേയത്തിലെ പ്രധാന സൂചനയാണ്. ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം, കൃഷി, ശുചിത്വം, ജലസംരക്ഷണം തുടങ്ങിയ മേഖലകളിൽ കേരളത്തിന്റെ ഭാവിവികസനം ലക്ഷ്യമിട്ട് രൂപം നൽകിയ നാലു മിഷനുകളിലൂടെ സൃഷ്ടിക്കപ്പെടുന്ന നേട്ടങ്ങളെ സ്ഥായിയാക്കിമാറ്റുന്നതിന് എല്ലാവിഭാഗം ജനങ്ങളുടേയും ജീവനക്കാരുടെയും ആത്മാർത്ഥമായ ഇടപെടൽ അനിവാര്യമാണ്.

നൂറ്റാണ്ടുകളായി നിലനിന്ന ജാതി-ജന്മി-നാടുവാഴി വ്യവസ്ഥിതിക്കെതിരെ പോരാട്ടത്തിന്റെ പുതുചരിത്രം സൃഷ്ടിച്ച്, തൊഴിലാളി-കർഷക പ്രസ്ഥാനങ്ങളുടെയും പുരോഗമന പ്രസ്ഥാനങ്ങളുടെയും മുന്നേറ്റത്തിന് ഇടയാക്കുന്ന സാമൂഹ്യചിന്തകൾ കേരളജനതയിൽ സൃഷ്ടിക്കപ്പെട്ടതിന്റെ ഫലമായി, ജാതിനിഷേധം, മതനിരപേക്ഷത, സമത്വം, യുക്തിചിന്ത, ശാസ്ത്ര ചിന്ത, ജനാധിപത്യപരമായ പൊതു ഇടങ്ങൾ തുടങ്ങിയവ കേരളീയരുടെ പൊതുബോധമായി വളർന്നു. നവോത്ഥാന മൂല്യങ്ങളെ മുന്നോട്ടു കൊണ്ട്പോകുന്നതിന് എൽ.ഡി.എഫ് സർക്കാർ നടത്തുന്ന പ്രവർത്തനങ്ങളെ വിജയിപ്പിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുകയും തുടർ പ്രക്ഷോഭങ്ങളും സമ്മേളനം തീരുമാനിച്ചു.

അന്താരാഷ്ട്ര നാണയനിധിയുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് നടപ്പിലാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതി രാജ്യത്ത് നടപ്പിലാക്കിയിട്ട് 14 വർഷങ്ങൾ പിന്നിട്ടു. ജീവനക്കാരുടെ ശമ്പള വിഹിതം കോർപ്പറേറ്റുകളുടെ കൈകളിലെത്തിക്കുന്ന സാമ്രാജ്യത്വ താൽപര്യമാണ് സർക്കാരിനുള്ളത്. ഈ പദ്ധതിക്കെതിരെ ദേശവ്യാപകമായി കേന്ദ്ര ജീവനക്കാരും സംസ്ഥാന സർക്കാർ ജീവനക്കാരും പ്രക്ഷോഭത്തിലാണ്. പി.എഫ്.ആർ.ഡി.എ നിയമം പിൻവലിക്കുന്നതിനാവശ്യമായ നിരന്തര പോരാട്ടങ്ങൾ നടത്തേണ്ടതിന്റെ പ്രാധാന്യം സമ്മേളനത്തിന്റെ ഭാഗമായി ചർച്ച ചെയ്തു.

കേരള എൻ.ജി.ഒ. യൂണിയൻ ചാരിറ്റബിൾ ട്രസ്റ്റിന്റെ കീഴിൽ തിരുവനന്തപുരത്തും കോഴിക്കോടും ഷോർട്ട് സ്റ്റേ ഹോമുകൾ പ്രവർത്തിക്കുന്നു. 54-ാം സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ആദിവാസി കോളനികൾ ഏറ്റെടുക്കാൻ യൂണിയൻ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ ചാവശ്ശേരി ആദിവാസി കോളനി, കാസർഗോഡ് ജില്ലയിൽ പാണ്ടിക്കണ്ടം ആദിവാസി കോളനി, പാലക്കാട് ജില്ലയിൽ പുതൂർ പഞ്ചായത്തിലെ പ്രാക്തന ഗോത്രവിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന പാലൂർ മേഖല, തിരുവനന്തപുരം ജില്ലയിൽ പുളിമാത്ത് ഗ്രാമപഞ്ചായത്തിലെ പന്നിക്കുഴി പച്ച കോളനി – വിതുര പഞ്ചായത്തിലെ ആറ്റുമൺപുറം പട്ടികവർഗ്ഗകോളനി, കോട്ടയം ജില്ലയിൽ പാറത്തോട് പഞ്ചായത്തിൽ കുളപ്പുറം മിച്ചഭൂമി കോളനി, വയനാട് ജില്ലയിൽ വെങ്ങപ്പള്ളി പഞ്ചായത്തിലെ നാരോക്കണ്ടി പട്ടികവർഗ്ഗ കോളനി, തൃശൂർ ജില്ലയിലെ അതിരപ്പിള്ളി പഞ്ചായത്തിലെ അടിച്ചിൽതൊട്ടി ആദിവാസി കോളനി, കോഴിക്കോട് ജില്ലയിൽ പുതുപ്പാടി ഗ്രാമ പഞ്ചായത്തിലെ കരിമ്പിലോട് പാറശ്ശേരി കോളനി, കൊല്ലം ജില്ലയിൽ ഉമ്മന്നൂർ പഞ്ചായത്തിലെ കൊടുവന്നൂർ പട്ടികവർഗ്ഗ കോളനി, എറണാകുളം ജില്ലയിൽ കുട്ടമ്പുഴ പഞ്ചായത്തിലെ കുഞ്ചിപ്പാറ പട്ടികവർഗ്ഗ കോളനി, ആലപ്പുഴ ജില്ലയിൽ പാണ്ടനാട് പഞ്ചായത്തിൽ പൂപ്പറത്തിൽ കോളനി, മലപ്പുറം ജില്ലയിൽ ചാലിയാർ പഞ്ചായത്തിലെ മൊടവണ്ണ പട്ടികവർഗ്ഗ കോളനി, പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കിൽ പെരിനാട് ഗ്രാമപഞ്ചായത്തിലെ അട്ടത്തോട് പട്ടികവർഗ്ഗ കോളനി, ഇടുക്കി ജില്ലയിൽ അടിമാലി പഞ്ചായത്തിലെ കട്ടമുടി പട്ടിഗവർഗ്ഗ കോളനി എന്നിവ യൂണിയൻ ഏറ്റെടുത്തു.

ബഹുമുഖ പോരാട്ടങ്ങൾക്കു രൂപംനൽകിയും ഭാവിപ്രക്ഷോഭങ്ങളിൽ തൊഴിലാളികളുടെ ഐക്യം വളർത്തിയെടുക്കേണ്ടതിന്റെ അനിവാര്യത ആവർത്തിച്ചുറപ്പിച്ചുമാണ് 55-ാം സംസ്ഥാന സമ്മേളനത്തിനു കൊടിയിറങ്ങിയത്. ■

# ഫ്ളിപ്കാർട്ട് ഇനി വാൾമാർട്ടിന്റെ സ്വന്തം

പ്രമുഖ ഇന്ത്യൻ ഓൺലൈൻ വ്യാപാര ശൃംഖലയായ ഫ്ളിപ്കാർട്ടിനെ അമേരിക്കൻ ആഗോള ബിസിനസ് ഭീമൻ വാൾമാർട്ട് ഏറ്റെടുത്തു. ഫ്ളിപ്കാർട്ടിന്റെ 75 ശതമാനം ഓഹരി വാങ്ങാനുള്ള കരാറിലാണ് വാൾമാർട്ട് ഒപ്പിട്ടിരിക്കുന്നത്. 1600 കോടി ഡോളറിനാണ് (ഏകദേശം 1,05,600 കോടി രൂപയ്ക്ക്) ഏറ്റെടുക്കൽ എന്നാണ് വിവരം, ഫ്ളിപ്കാർട്ടിൽ നിലവിൽ ഏറ്റവും കൂടുതൽ ഓഹരിയുള്ള സോഫ്റ്റ് ബാങ്ക് സിഇഒ മസായേഷി സോൺ വാൾമാർട്ട് കരാർ ഒപ്പിട്ട വിവരം സ്ഥിരീകരിച്ചു. എന്നാൽ ടൈഗർ ഗ്ലോബൽ മാനേജ്മെന്റ്, ടെൻസന്റ് ഹോൾഡിങ്, മൈക്രോസോഫ്റ്റ് കോർപറേഷൻ എന്നിവർ നിലവിലുള്ള ഓഹരി പങ്കാളിത്തം തുടരുമെന്നാണ് സൂചന, വാൾമാർട്ട് ഏറ്റെടുത്തെങ്കിലും ഫ്ളിപ്കാൾട്ട് അതേ പേരിൽ മറ്റൊരു കമ്പനിയായി തന്നെ പ്രവർത്തനം തുടരും. വാൾമാർട്ടിന്റെയും ഇന്ത്യൻ ഇ കൊമേഴ്സ് രംഗത്തെയും ഏറ്റവും വലിയ ഏറ്റെടുക്കലാണിത്. ഫ്ളിപ്കാർട്ടിന്റെ പ്രവർത്തനം വ്യാപിപ്പിക്കാൻ 13,000 കോടി രൂപ ചെലവിടാനും വാൾമാർട്ടിന് പദ്ധതിയുണ്ട്.

ഫ്ളിപ്കാർട്ടിന്റെ 60 ശതമാനം ഓഹരി ഏറ്റെടുക്കാൻ ആമസോൺ താൽപര്യം പ്രകടിപ്പിച്ചിരുന്നെങ്കിലും അത് നിരാകരിച്ച് വാൾമാർട്ടിന്റെ ഓഫർ ഫ്ളിപ്കാർട്ട് സ്വീകരിക്കുകയായിരുന്നു.

വാൾമാർട്ട് ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ഫ്ളിപ്കാർട്ടിന്റെ സ്ഥാപകരിൽ ഒരാളായ സച്ചിൻ ബൻസാൽ കഴിഞ്ഞ ദിവസം രാജി പ്രഖ്യാപിച്ചിരുന്നു. സച്ചിന്റെ കൈവശമുണ്ടായിരുന്ന 5.5 ശതമാനം ഓഹരികളും വാൾമാർട്ടിന് നൽകിയാണ് സച്ചിൻ ഫ്ളിപ്കാർട്ട് വിട്ടത്. വാൾമാർട്ട് പണം മുടക്കുന്നതിനു മുന്നോടിയായി വച്ച നിബന്ധനകളിൽ ഒന്ന് ഫ്ളിപ്കാർട്ടിന്റെ സ്ഥാപകരിൽ ഒരാൾ പുറത്തുപോകണം എന്നാണ്. ഡൽഹി ഐഐടിയിൽ നിന്ന് പുറത്തിറങ്ങിയ സച്ചിൻ ബൻസാലും ബിന്നി ബൻസാലും ചേർന്നാണ് 2007 ഒക്ടോബറിൽ ഫ്ളിപ്കാർട്ട് ആരംഭിച്ചത്

### തൊഴിലാവകാശങ്ങളും ഉയർന്ന വേതനവും ആവശ്യപ്പെട്ട്

# ലണ്ടനിൽ ആയിരക്കണക്കിനു തൊഴിലാളികളുടെ പ്രകടനം

ട്രേഡ് യൂണിയൻ കോൺഗ്രസിന്റെ (ടിയുസി) നേതൃത്വത്തിൽ ഉയർന്ന വേതനവും ന്യായമായ തൊഴിലവകാശങ്ങളും ആവശ്യപ്പെട്ട് ആയിരക്കണക്കിന് തൊഴിലാളികൾ ലണ്ടൻ നഗരത്തിൽ പ്രകടനം നടത്തി. ആധുനിക കാലത്തെ ഏറ്റവും ഭീകരമായ വേതന ചുരുക്കമാണ് തൊഴിലാളികൾ നേരിടുന്നതെന്നാണ് ടിയുസിയുടെ പഠനം വ്യക്തമാക്കുന്നത്. മെയ് 12-ാം തീയതി നടന്ന തൊഴിലാളികളുടെ പ്രകടനം ആവശ്യപ്പെട്ടത് ഒരു മണിക്കൂറിന് 10 പൗണ്ട് മിനിമം വേതനം നൽകണമെന്നാണ്. നാഷണൽ ഹെൽത്ത് സർവീസ് വിദ്യാഭ്യാസം തുടങ്ങി മറ്റ് സേവനങ്ങൾക്കും കൂടുതൽ ഫണ്ട് അനുവദിക്കണമെന്നും തൊഴിലാളികൾ ആവശ്യപ്പെട്ടു. ലണ്ടനിലെ ഹൈഡ്പാർക്കിൽ ലേബർ പാർടി നേതാവ് ജെർമി കോർബിൻ തൊഴിലാളി റാലിയെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞത് ലേബർ പാർടി അധികാരത്തിൽ വന്നാൽ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഒരു വകുപ്പു തന്നെ രൂപീകരിക്കുമെന്നാണ്.

തൊഴിലാളികൾക്ക് സംഘടിക്കാനും അവരുടെ അവകാശങ്ങൾ നേടാനും ജീവിതം സുരക്ഷിതമാക്കാനും കഴിയുന്ന തരത്തിൽ നിയമങ്ങൾ ഭേദഗതി ചെയ്യുമെന്ന് അദ്ദേഹം പറഞ്ഞു. കഴിഞ്ഞ 8 വർഷത്തെ ചെലവു ചുരുക്കൽ നടപടികളാണ് തൊഴിലാളികൾക്ക് പ്രധാനമായും ദുരിതം വരുത്തി വച്ചതെന്ന് അദ്ദേഹം പറഞ്ഞു. യാഥാസ്ഥിതിക സർക്കാർ നികുതി വെട്ടിക്കാൻ സഹായിക്കുകയും സേവന മേഖലയിലെ ചെലവ് ചുരുക്കുകയും ചെയ്യുന്നു. ടിയുസി ജനറൽ സെക്രട്ടറി ഫ്രാൻസിസ് ഒ ഗ്രാഡി റാലിയെ അഭിസംബോധന ചെയ്ത് പറഞ്ഞു "ജനങ്ങൾ ഇതുവരെ ക്ഷമയോടെ ഇരിക്കുകയായിരുന്നു. എന്നാൽ ഇപ്പോളവർ ഒരു പുതിയ ജീവിതത്തിനായി പോരടിക്കാൻ തീരുമാനിച്ചിരിക്കുകയാണ്."

ടിയുസിയുടെ പഠനം കാണിക്കുന്നത് 2008 നു ശേഷം തൊഴിലാളികളുടെ യഥാർത്ഥ വേതനം 24 പൗണ്ടു വരെ ഇടിഞ്ഞുവെന്നാണ്. ഇനിയും 2025 വരെ യഥാർത്ഥ വേതനം ഉയരാനും സാധ്യതയില്ല. ഈ രൂപത്തിൽ പരിശോധിച്ചാൽ ഒരു തൊഴിലാളിക്ക് ശരാശരി ഒരു വർഷം 18500 പൗണ്ടിന്റെ നഷ്ടം ഒരു വർഷത്തിൽ ഉണ്ടാവുന്നുണ്ട്. കഴിഞ്ഞ 8 വർഷത്തെ സ്ഥിതി പരിശോധിച്ചാൽ തൊഴിലാളി കുടുംബത്തിൽ പത്തുലക്ഷത്തിലധികം കുട്ടികൾ ആവശ്യത്തിന് പോഷകാഹാരമില്ലാതെ ജീവിച്ചിട്ടുണ്ട്. പബ്ലിക് & കൊമേഴ്സ്യൽ സർവ്വീസസ് യൂണിയൻ ജനറൽ സെക്രട്ടറി മാർക്ക് സെർവോട്ക പറഞ്ഞത് 5 ശതമാനം വേതന വർധനവിനായി സിവിൽ സർവീസ് ജീവനക്കാർ സമരത്തിന് തയാറാണെന്നാണ്. സമരത്തിൽ നഴ്സുമാരും ആംബുലൻസ് ജീവനക്കാരും പോസ്റ്റൽ ജീവനക്കാരും അധ്യാപകരും സിവിൽ സർവീസ് ജീവനക്കാരും എല്ലാം ഒറ്റക്കെട്ടായി അണിനിരന്നു.■